1 ദൈവശാസ്ത്രദർശനം

# ആദിയിൽ ദൈവം

(ഉല്പത്തി. 1_12)

230

ഡോ. എം. എം. തോമസ്

# ആദിയിൽ ദൈവം

(ഉത്പത്തി 1 മുതൽ 12 വരെ ആധാരമാക്കി
ഒരു ദൈവശാസ്ത്ര വിചിന്തനം)

8520

ഡോ. എം. എം. തോമസ്

PC Library & Research Center

ELS

ക്രൈസ്തവ സാഹിത്യ സമിതി
തിരുവല്ല

THE CHRISTIAN LITERATURE SOCIETY
Post Box 501, Park Town, Madras-3.
Branch: Tiruvalla

**AADIYIL DAIVAM**
(Malayalam)

230

By DR. M. M. THOMAS

Second Impression—May 1979

No. of Copies: 1000

Printed in India at
The Ashram Press,
Manganam, Kottayam-18

Price: Rs. 5/-

# ഉള്ളടക്കം


പേജ്

പ്രസ്താവന

ഒന്നാം ഭാഗം: ആമുഖോപന്യാസങ്ങൾ

(1) ഉത്പത്തി 1–12 4ന്റെ രചന 9
(2) സൃഷ്ടികർത്താവിനു് ഒരു സ്തുതിഗീതം 13
(3) സൃഷ്ടിവൃത്താന്തം യിസ്രായേലിന്റെ ദൈവശാസ്ത്രചരിത്രത്തിൽ 19
(4) മനുഷ്യന്റെ സൃഷ്ടിസംഹാരശക്തികൾ 30
(5) യിസ്രായേലും ജാതീയ സംസ്കാരങ്ങളും 37
(6) ചില പ്രപഞ്ചദർശനങ്ങൾ—സൃഷ്ടി ദൈവശാസ്ത്രത്തിന്റെ പ്രകാശത്തിൽ 47
(7) ഉത്പത്തി 1–11 പുതിയ നിയമത്തിൽ 56

രണ്ടാം ഭാഗം: വേദവാക്യ ചർച്ചകൾ

(1) സ്രഷ്ടാവായ ദൈവവും സൃഷ്ടിയുടെ ദൈവോദ്ദേശ്യവും 75
(2) മനുഷ്യന്റെ സ്വഭാവവും ഘടനയും 100
(3) സംഘടിത സമൂഹങ്ങളുടെ സ്വഭാവം 147
(4) മാനവ ചരിത്രത്തിന്റെ ദൈവിക വ്യാഖ്യാനം 164
(5) മനുഷ്യനഗരവും ദൈവനഗരവും 194

ഉപസംഹാരം 202

To

The Memory of

APPACHEN & PENNAMMA

## ഒന്നാം പതിപ്പിൻെറ

# പ്രസ്താവന

വേദപുസ്തകത്തിൻെറ മൂലഭാഷകരം വശമില്ലാത്ത എനിക്ക വേദപുസ്തക വ്യാഖ്യാനങ്ങളിൽ പ്രവേശിക്കാൻ അവകാശമുണ്ടോ എന്ന സംശയമാണ്. എന്നാൽ ഒരു വേദവ്യാഖ്യാന ഗ്രന്ഥമായി ഇതു ഞാൻ കരുതുന്നില്ല. അങ്ങനെ ഈ ഗ്രന്ഥം വായിക്കുന്നവർ കരുതണമെന്ന ഞാൻ ആവശ്യപ്പെടുന്നുമില്ല. എൻെറ ജീവിതത്തിൽ എന്നെ ആകർഷിച്ച ഒരു വേദഭാഗം ആധാരമാക്കി ഒരു ദൈവശാസ്ത്ര വിചിന്തനമായി ഇതു പരിഗണിച്ചാൽ മതിയാവും. ദൈവശാസ്ത്രവും മനുഷ്യശാസ്ത്രങ്ങളും തമ്മിലുള്ള ബന്ധമായിരുന്നു പൊതുവേ പറഞ്ഞാൽ എൻെറ പഠനവിഷയം. ആ കാഴ്ചപ്പാടിൽ കൂടിയാണ് ഉത്പ. 1–12 ഗ്രഹിക്കാൻ ഞാൻ ശ്രമിച്ചിട്ടുള്ളതു്.

ഈ ഭാഗത്തെ സംബന്ധിച്ച് ഇംഗ്ലീഷിലും മലയാളത്തിലും ലഭിക്കാവുന്ന പല വ്യാഖ്യാനഗ്രന്ഥങ്ങളും ഞാൻ പരിശോധിച്ചിട്ടുണ്ട്. എന്നാൽ അവയിൽ ഒന്നിനേയും ഈ ലഘുഗ്രന്ഥത്തിൽ ഞാൻ അനുകരിച്ചിട്ടില്ല. ഭാരതത്തിൽ പൊതുവേയും കേരളത്തിൽ പ്രത്യേകിച്ചും ക്രൈസ്തവസഭകരം അഭിമുഖീകരിക്കുന്ന ദൈവശാസ്ത്രപ്രശ്നങ്ങരം മനസ്സിൽ വച്ചുകൊണ്ടാണ് ഈ ദൈവശാസ്ത്രവിചിന്തനം ഞാൻ ചെയ്തിട്ടുള്ളതു്. തികച്ചും ഭാരതീയമായി എന്നവകാശപ്പെടുന്നില്ല താനും. ഇതേ തുടർന്നു മററുചില വേദഭാഗങ്ങരം ആധാരമാക്കി ഇമ്മാതിരി ദൈവശാസ്ത്രപഠനങ്ങരം രചിക്കണമെന്നാശിക്കുന്നു. കൊലൊസ്സ്യ ലേഖനം ആസ്പദമാക്കിയുള്ള പഠനം രചനയിലിരിക്കുകയാണ്. അതും ഈ വർഷംതന്നെ പ്രസിദ്ധപ്പെടുത്താമെന്നു വിചാരിക്കുന്നു.

ഈ ഉദ്യമത്തിനു് എനിക്കു പ്രചോദനമായിരുന്നതു മരിച്ചുപോയ എൻെറ പിതാവിൻെറയും എൻെറ ഭാര്യയുടെയും ഓർമ്മയാണു്. വേദപുസ്തകം പഠിച്ചു കുറിപ്പുകളും ധ്യാനങ്ങളും എഴുതുന്നതു് എൻെറ പിതാവിൻെറ പതിവായിരുന്നു. ഞാൻ എൻെറ മതസാമൂഹ്യ ഗവേഷണങ്ങളിൽനിന്നു വിരമിച്ചാൽ വേദപഠനത്തിലും വേദവ്യാഖ്യാന പ്രസിദ്ധീകരണത്തിലും ജാഗരൂകനായിരിക്കണമെന്നതു് എൻെറ പ്രിയ ഭാര്യയുടെ അഭിലാഷമായിരുന്നു. അവർ രണ്ടുപേരുടെയും സ്മരണയ്ക്കു ഞാൻ എൻെറ ഈ എളിയ പ്രയത്നഫലം സമർപ്പിക്കുകയാണു്.

ഈ ഗ്രന്ഥത്തിൻെറ കൈയെഴുത്തുപ്രതി വായിച്ചു ഭാഷ തിരുത്തുകയും ആശയ വിശദീകരണത്തിനു നിർദേശങ്ങൾ നല്കുകയും ചെയ്തു ദിവ്യ ശ്രീ. എൻ. കെ. യോഹന്നാൻ കശ്ശീശായോടും എൻെറ ഉദ്യമത്തെ ആദിമുതൽ പ്രോത്സാഹിപ്പിച്ച റവ. പി. ടി. തോമസിനോടും എൻെറ കൃതജ്ഞത ഞാൻ രേഖപ്പെടുത്തുന്നു.

തിരുവല്ല. എം. എം. തോമസ്

10–7–1977.

## രണ്ടാം പതിപ്പിൻെറ

# മുഖവുര

1977 ജൂലൈ മാസത്തിൽ പ്രസിദ്ധീകരണമാരംഭിച്ച ദൈവശാസ്ത്രദർശനഗ്രന്ഥാവലിയിൽ അഞ്ചുപുസ്തകങ്ങൾ ഇതിനകം പ്രസിദ്ധീകരിച്ചു കഴിഞ്ഞു. ഒന്നാമത്തെ ഗ്രന്ഥമായ 'ആദിയിൽ ദൈവം' ഏകദേശം ഒന്നര വർഷംകൊണ്ടു വിററു തീർന്നു വേദപുസ്തക പഠിതാക്കളുടെഇടയിൽ ഈ ഗ്രന്ഥത്തിനു ലഭിച്ച ഹൃദ്യമായ സ്വീകരണത്തിൻെറ പ്രകടമായ തെളിവാണിതു്. കൂടെക്കൂടെ ലഭിച്ചുകൊണ്ടിരിക്കുന്ന ഓർഡറുകൾ കണക്കിലെടുത്തു് ഈ ഗ്രന്ഥം വീണ്ടും പ്രസിദ്ധീകരിക്കയാണു്.

സുപ്രസിദ്ധ ക്രൈസ്തവചിന്തകനായി ലോകമൊട്ടുക്കു് അറിയപ്പെടുന്ന ഡോ. എം. എം. തോമസിൻെറ മലയാളത്തിലുള്ള ദൈവശാസ്ത്രദർശനഗ്രന്ഥങ്ങൾ ജർമ്മനിയിലെ ഫ്രാങ്കു്ഫർട്ടിൽ ഈവർഷം നടക്കുന്ന ലോകപുസ്തകമേളയിൽ പ്രദർശിപ്പിക്കാൻ തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. ഗ്രന്ഥകാരനിലൂടെ മലയാളഭാഷയ്ക്കും, മലയാളത്തിലെ ക്രൈസ്തവസാഹിത്യമേഖലയ്ക്കും ലഭിക്കുന്ന വലിയ ഒരു അംഗീകാരമായിരിക്കുമിതു്. മലയാളക്രൈസ്തവസാഹിത്യത്തിനു് ഒരു മുതൽക്കൂട്ടായിത്തീർന്നിരിക്കുന്ന ഈ ഗ്രന്ഥങ്ങൾ സംഭാവനചെയ്യുന്ന ഡോ. തോമസിനോടു് ഞങ്ങൾ അതീവ കൃതജ്ഞതയുള്ളവരാണു്. മലയാളത്തിലെ വേദപുസ്തകപഠിതാക്കളുടെയിടയിൽ ഈ ഗ്രന്ഥങ്ങൾക്കു ലഭിച്ചുകൊണ്ടിരിക്കുന്ന ഹൃദ്യമായ സ്വീകരണം തുടർന്നുമുണ്ടാകുമെന്നു പ്രതീക്ഷിക്കുന്നു.

തിരുവല്ല,
25–6–1979

പ്രസാധകർ.

# ഒന്നാം ഭാഗം

# 1

## ഉത്പത്തി 1-12ൻെറ രചന

ഉത്പ. 1 മുതൽ 12.4 വരെയുള്ള വേദഭാഗത്തിലെ ദൈവശാസ്ത്രതത്ത്വങ്ങളാണ് ഈ ലഘു ഗ്രന്ഥത്തിൽ പ്രതിപാദിക്കുന്നതു്. ഇതിൻെറ പശ്ചാത്തലമായി പ്രസ്തുത വേദഭാഗത്തിൻെറ രചനാചരിത്രം സംബന്ധിച്ച ചില കാര്യങ്ങഠം സംക്ഷിപ്തമായി ഗ്രഹിച്ചിരിക്കേണ്ടതാണ്. അതു നമ്മുടെ പ്രധാന പഠനവിഷയമല്ലെങ്കിൽ തന്നെയും ദൈവശാസ്ത്രചർച്ചയിൽ രചനാചരിത്രജ്ഞാനം ആവശ്യമായി വരും. വിശദവിവരങ്ങഠംക്കു വി. വില്യം: *പഞ്ചഗ്രന്ഥങ്ങൾ* (ദൈവശാസ്ത്ര ഗ്രന്ഥാവലി) 'പൊതു അവതാരിക' നോക്കുക.

ബി. സി. 13-ാം ശതകത്തിലാണു യിസ്രായേൽ ഗോത്രങ്ങഠം കനാൻപ്രദേശം യോശുവായുടെ നേതൃത്വത്തിൽ യുദ്ധംചെയ്തു കീഴടക്കുന്നതും കൈവശമാക്കുന്നതും (വില്യം പു. 34). അക്കാലംമുതൽ തന്നെ ഇതരജാതികളുമായി അവക്കുണ്ടായ സമ്പക്ക്ംമൂലം വിവിധതരത്തിലുള്ള ലോകോത്പത്തി കഥകഠം അവരുടെ ഇടയിൽ വാക്കാൽ പ്രചരിച്ചി

രുന്നു എന്നു് അനുമാനിക്കാം. ഇവയ്ക്കു യിസ്രായേൽ ജനങ്ങൾ അവരുടേതായ രൂപങ്ങളും കൊടുത്തുകാണും. ശൗൽ, ദാവീദ്, ശലോമോൻ എന്നിവരുടെ രാജവാഴ്ച കാലം 11-ം 10-ം ശതകങ്ങളാണു്. അതിന്റെ അവസാനഘട്ടത്തിലോ അതുകഴിഞ്ഞോ ആയിരിക്കണം അതുവരെ പല സ്ഥലങ്ങളിൽ വിവിധങ്ങളായി പ്രചരിച്ചിരുന്ന സൃഷ്ടികഥകൾ ഒരുമിച്ചു ചേർത്തു് ഒരു രേഖ രചിക്കപ്പെട്ടതു്. ഒററ ഒരാളാണെന്നർത്ഥമില്ല. എന്നാൽ 'യാഹ്‌വേ' എന്ന ദൈവനാമം ഉപയോഗിച്ചിരിക്കുന്നതുകൊണ്ടു 'യാഹ്‌വിസ്‌ററു' എന്നാണു പ്രസ്തുതരേഖയ്ക്കു പണ്ഡിതന്മാർ നല്കിയിരിക്കുന്ന പേരു്.

ബി. സി. 937-ൽ യിസ്രാഭയൽജനത യെഹൂദാ, യിസ്രായേൽ എന്നു രണ്ടു രാഷ്ട്രങ്ങളായി വിഭജിക്കപ്പെട്ടു. ശമര്യായുടെ പതനവും യിസ്രായേൽ രാഷ്ട്രത്തിന്റെ അന്തവും 721-ൽ. അതിനിടയിലുള്ള കാലത്താണു് ആമോസ്, ഹോശേയ, ഒന്നാം യെശയ്യാ, മീഖാ എന്നിവരുടെ പ്രവചനങ്ങൾ. 8-ാം ശതകത്തിൽ ഒരു സംഘം എഴുത്തുകാർ യിസ്രായേൽ ജനതയുടെ ചരിത്രപാരമ്പര്യങ്ങൾ രചിച്ചു. എന്നാൽ ഉത്പ. 1-11 സംബന്ധിച്ചിടത്തോളം അവർ രേഖപ്പെടുത്തിയ ചില കാര്യങ്ങൾ വേർതിരിക്കാൻ പാടില്ലാത്തതുപോലെ 'യാഹ്‌വിസ്‌ററു' രേഖയിൽ ലയിച്ചിരിക്കയാണു്. അതുകൊണ്ടു് അവ നമ്മുടെ പഠനത്തിൽ പ്രധാനമല്ല.

പിന്നീടുള്ള പ്രധാന ചരിത്രസംഭവം ബി. സി. 586-ൽ നടന്ന യെരുശലേമിന്റെ പതനവും യിസ്രായേൽ ജനതയുടെ ബാബിലോൺപ്രവാസവുമാണു്. 537-ൽ പേഷ്യൻസാമ്രാജ്യഭരണകാലത്തു് അവർ യരുശലേമിലേക്കു തിരിച്ചുവന്നു. ആ കാലഘട്ടം കഴിഞ്ഞു് യെരുശലേം ദേവാലയം ചുററിപ്പററി ഒരു കൂട്ടം ദൈവശാസ്ത്രജ്ഞന്മാർ പരമ്പരാഗതമായ സൃഷ്ടിപുരാണങ്ങൾ വീണ്ടും ശേഖരിച്ചു ലേഖനം ചെയ്തു.

ഇവർ പുരോഹിതവൃന്ദത്തിൽപ്പെട്ടവരായിരിക്കണമെന്നത്രെ അനുമാനം. അതുകൊണ്ടാണ 'പൗരോഹിത്യ' രേഖയെന്നു് അവരുടെ എഴുത്തുകാരക പണ്ഡിതലോകം നാമകരണം ചെയ്തിരിക്കുന്നതു്.

10–ാം ശതകത്തിലെ 'യാഹ്വിസ്ററു' രേഖകളും 6–ാം നൂററാണ്ടിലെ 'പൗരോഹിത്യ' രേഖകളും ഒരുമിച്ചുകൂട്ടിച്ചേർത്താണു് ഇന്നു നമുക്കു ലഭിച്ചിരിക്കുന്ന ഉത്പ. 1–12 അദ്ധ്യായങ്ങരം ഉണ്ടായതു്. ബി.സി. 4–ാം നൂററാണ്ടിലാണു് ഇപ്രകാരം കൂട്ടിച്ചേർത്തതു് എന്നാണു് അനുമാനം. പൊതുവെ രണ്ടു രേഖകളും വ്യതിയാനം കൂടാതെ നിലകൊള്ളുന്നു. ജലപ്രളയകഥയ്ക്കുമാത്രം ഒരു സങ്കലനരൂപം അവർ കൊടുത്തു.

മുകളിൽ പ്രസ്താവിച്ച ഉത്പ. 1–12: 4ലെ 'യാഹ്വിസ്ററു' 'പൗരോഹിത്യ' രേഖകരം താഴെക്കൊടുക്കും പ്രകാരം തരം തിരിക്കാം.

| 'യാഹ്വിസ്റ്റ്'രചന (ബി. സി. 10–ാം ശതകം) | 'പൗരോഹിത്യ'രചന (ബി. സി. ആറാം ശതകം) |
|---|---|
| (1) ഉത്പ. 2. 4b–25. മനുഷ്യന്റെയും മൃഗങ്ങളുടെയും ഉത്ഭവം. | (2) ഉത്പ. 1. 1–2:4a. ആറു ദിവസങ്ങളിലെ സൃഷ്ടി. |
| ഉത്പ. 3. വീഴ്ചയുടെയും ഏദൻതോട്ടത്തിൽ നിന്നു പുറംതള്ളപ്പെട്ടതിന്റെയും കഥ. | |
| ഉത്പ. 4. കായിന്റെയും ഹാബേലിന്റെയും കഥ. | ഉത്പ. 5. ആദാം മുതൽ നോഹ വരെയുള്ള വംശാവലി. |
| ഉത്പ. 6. 1–7. ദൈവപുത്രന്മാരെയും മനുഷ്യപുത്രന്മാരെയും സംബന്ധിച്ച ഐതിഹ്യം. | |

(3)

''യാഹ്വിസ്റ്റ്, പൗരോഹിത്യ''

രേഖകളുടെ സങ്കലനം

ഉത്പ. 6: 9, 8: 22.

ജലപ്രളയ കഥ.

ഉത്പ. 9. 18–27.
കൃഷിയുടെ ഉത്ഭവം
സംബന്ധിച്ച കഥ.

ഉത്പ. 9: 1–17.
നോഹയുമായി ദൈവം
ചെയ്ത നിയമം.

ഉത്പ. 10.
ജലപ്രളയത്തിനുശേഷം
ഭൂമിയിലെ ജാതികൾ.

ഉത്പ. 11. 1–9.
ബാബേൽഗോപുര
വൃത്താന്തം.

ഉത്പ. 11. 10–27, 31–32.
പൂർവ്വ പിതാക്കന്മാരുടെ
വംശാവലി.

ഉത്പ. 11: 28–30.
അബ്രാമും സാറായും

ഉത്പ. 12. 1–4.
അബ്രാമിൻെറ വിളി.

# 2

## സൃഷ്ടികർത്താവിനു് ഒരു സ്തുതിഗീതം

ഉത്പത്തി. 1–11 ദൈവത്തിൻെറ സൃഷ്ടികർത്തൃത്വം ഘോഷിക്കുന്നു. ആരംഭം പൗരോഹിത്യരേഖയിൽ നിന്നു് ഒരു സ്തുതിഗീതമാണു് (1:1–2:4). സൃഷ്ടി ശാസ്ത്രമോ, സൃഷ്ടിയുടെ ചരിത്രമോ എന്നതിനെക്കാൾ ആകാശവും ഭൂമിയും ജീവജാലങ്ങളും മനുഷ്യജാതിയും ഉൾക്കൊള്ളുന്ന സൃഷ്ടിയുടെ കർത്താവെന്ന നിലയ്ക്കു ദൈവത്തെ ദൈവജനം മഹത്വപ്പെടുത്തുന്ന ഒരു നമസ്കാരക്രമത്തിൻെറ രൂപമാണിതിനുള്ളതു്. 104–ാം സങ്കീർത്തനത്തിൻെറ ഒരു പ്രതീതിയാണു വായിക്കുന്നവർക്കു ലഭിക്കുക. മററു സങ്കീർത്തനങ്ങൾ പോലെതന്നെ യെരുശലേം ദേവാലയത്തിലൊ വേറെ ഏതെങ്കിലും യെഹൂദപള്ളിയിലൊ ഉപയോഗത്തിലിരുന്ന ഒരു കീർത്തനമാണിതെന്നു് അനുമാനിക്കുന്നതിൽ തെററില്ല. അങ്ങനെ ദൈവവിശ്വാസികളുടെ ആരാധനയ്ക്കുതകുന്ന ഒരു രൂപമാണിതിനുള്ളതു്. സൃഷ്ടികർത്താവിൽ ദൈവജനം വിശ്വാസം പ്രഖ്യാപിക്കുന്ന ഒരു സ്തുതിഗീതം എന്ന നിലയ്ക്കു നാം ഈ പ്രാരംഭവേദഭാഗം സമീപിച്ചാൽ അവയുടെ സ്വഭാവം നമുക്കു കൂടുതൽ വ്യക്തമാകുന്നതാണു്. വിശ്വാസപ്രമാണം നമസ്കാരക്രമത്തിനുതകുന്ന കവിതയിലാണു് ഉള്ളടക്കം ചെയ്തിരിക്കുന്നതു്. ഉദാഹരണമായി പ്രാരംഭഗീതത്തിൻെറ രൂപം താഴെ കൊടുക്കുന്ന പ്രകാരം ആരാധനയിൽ നായകനും ജനവിഭാഗങ്ങളും വാക്യം പ്രതിവാക്യമായി ചൊല്ലത്തക്കവണ്ണം ക്രമീകരിച്ചിരിക്കുന്നതു ശ്രദ്ധിക്കുക. ആശയങ്ങളിലും വാക്യങ്ങളിലും ആവർത്തനം പ്രത്യേകം ശ്രദ്ധിക്കണം.

നായകൻ: ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു.

വലത്തെ ജനക്കൂട്ടം: ഭൂമി പാഴായും ശൂന്യമായും ഇരുന്നു; ആഴത്തിന്മീതെ ഇരുട്ടു ഉണ്ടായിരുന്നു. ദൈവത്തിന്റെ ആത്മാവു വെള്ളത്തിന്മീതെ പരിവർത്തിച്ചുകൊണ്ടിരുന്നു.

ഇടത്തെ ജനക്കൂട്ടം: വെളിച്ചം ഉണ്ടാകട്ടെ എന്നു ദൈവം കല്പിച്ചു, വെളിച്ചം ഉണ്ടായി.

വ: വെളിച്ചം നല്ലതു് എന്നു ദൈവം കണ്ടു.

ഇ: ദൈവം വെളിച്ചവും ഇരുളും തമ്മിൽ വേർപിരിച്ചു. ദൈവം വെളിച്ചത്തിന്നു പകൽ എന്നും ഇരുളിന്നു രാത്രി എന്നും പേരിട്ടു.

നാ: സന്ധ്യയായി ഉഷസ്സുമായി ഒന്നാം ദിവസം.

വ: ദൈവം വെള്ളങ്ങളുടെ മദ്ധ്യേ ഒരു വിതാനം ഉണ്ടാകട്ടെ, അതു വെള്ളത്തിന്നും വെള്ളത്തിന്നും തമ്മിൽ വേർപിരിവായിരിക്കട്ടെ എന്നു കല്പിച്ചു.

ഇ: വിതാനം ഉണ്ടാക്കീട്ടു ദൈവം വിതാനത്തിൻ കീഴുള്ള വെള്ളവും വിതാനത്തിൻ മീതെയുള്ള വെള്ളവും തമ്മിൽ വേർപിരിച്ചു.

വ: അങ്ങനെ സംഭവിച്ചു.

ഇ: ദൈവം വിതാനത്തിന്നു് ആകാശം എന്നു പേരിട്ടു.

നാ: സന്ധ്യയായി ഉഷസ്സുമായി രണ്ടാം ദിവസം.

വ: ദൈവം, ആകാശത്തിൻ കീഴുള്ള വെള്ളം ഒരു സ്ഥലത്തു കൂടട്ടെ, ഉണങ്ങിയ നിലം കാണട്ടെ എന്നു കല്പിച്ചു.

ഇ: അങ്ങനെ സംഭവിച്ചു.

വ: ഉണങ്ങിയ നിലത്തിന്നു ദൈവം ഭൂമി എന്നും വെള്ളത്തിന്റെ കൂട്ടത്തിന്നു സമുദ്രം എന്നും പേരിട്ടു.

ഇ: നല്ലതു് എന്നു ദൈവം കണ്ടു.

വ: ഭൂമിയിൽനിന്നു പുല്ലും വിത്തുള്ള സസ്യങ്ങളും ഭൂമിയിൽ അതതുതരം വിത്തുള്ള ഫലം കായി

ക്കുന്ന വൃക്ഷങ്ങളും മുളച്ചുവരട്ടെ എന്നു ദൈവം കല്പിച്ചു.

ഇ: അങ്ങനെ സംഭവിച്ചു.

വ: ഭൂമിയിൽനിന്നു പുല്ലും അതതുതരം വിത്തുള്ള ഫലം കായ്ക്കുന്ന വൃക്ഷങ്ങളും മുളച്ചുവന്നു.

ഇ: നല്ലതു് എന്നു ദൈവം കണ്ടു.

നാ: സന്ധ്യയായി ഉഷസ്സുമായി മൂന്നാം ദിവസം.

വ: പകലും രാവും തമ്മിൽ വേർപിരിവാൻ ആകാശ വിതാനത്തിൽ വെളിച്ചങ്ങൾ ഉണ്ടാകട്ടെ. അവ അടയാളങ്ങളായും കാലം, ദിവസം, സംവത്സരം എന്നിവ തിരിച്ചറിവാനായും ഉതകട്ടെ; ഭൂമിയെ പ്രകാശിപ്പിപ്പാൻ ആകാശത്തിൽ അവ വെളിച്ച ങ്ങളായിരിക്കട്ടെ എന്നു ദൈവം കല്പിച്ചു.

ഇ: അങ്ങനെ സംഭവിച്ചു.

വ: പകൽ വാഴേണ്ടതിനു വലിപ്പമേറിയ വെളിച്ചവും, രാത്രി വാഴേണ്ടതിനു വലിപ്പം കുറഞ്ഞ വെളിച്ച വുമായി രണ്ടു വലിയ വെളിച്ചങ്ങളെ ദൈവം ഉണ്ടാക്കി; നക്ഷത്രങ്ങളെയും ഉണ്ടാക്കി.

ഇ: ഭൂമിയെ പ്രകാശിപ്പിപ്പാനും പകലും രാത്രിയും വാഴുവാനും വെളിച്ചത്തെയും ഇരുളിനെയും ത മ്മിൽ വേർപിരിപ്പാനുമായി ദൈവം അവയെ ആകാശ വിതാനത്തിൽ നിർത്തി.

വ: നല്ലതു് എന്നു ദൈവം കണ്ടു.

നാ: സന്ധ്യയായി ഉഷസ്സുമായി നാലാം ദിവസം.

വ: വെള്ളത്തിൽ ജലജന്തുക്കൾ കൂട്ടമായി ജനിക്കട്ടെ; ഭൂമിയുടെ മീതെ ആകാശവിതാനത്തിൽ പറവ ജാതി പറക്കട്ടെ എന്നു ദൈവം കല്പിച്ചു.

ഇ: ദൈവം വലിയ തിമിംഗലങ്ങളെയും വെള്ള ത്തിൽ കൂട്ടമായി ജനിച്ചു ചരിക്കുന്ന അതതുതരം

ജീവജന്തുക്കളെയും അതതുതരം പറവജാതികളെയും സൃഷ്ടിച്ചു.

വ: നല്ലതു് എന്നു ദൈവം കണ്ടു.

ഇ: നിങ്ങൾ വർദ്ധിച്ചു പെരുകി സമുദ്രത്തിലെ വെള്ളത്തിൽ നിറവിൻ; പറവജാതി ഭൂമിയിൽ പെരുകട്ടെ എന്നു കല്പിച്ചു, ദൈവം അവയെ അനുഗ്രഹിച്ചു.

നാ: സന്ധ്യയായി ഉഷസ്സുമായി അഞ്ചാം ദിവസം.

വ: അതതുതരം കന്നുകാലി, ഇഴജാതി, കാട്ടുമൃഗം ഇങ്ങനെ അതതുതരം ജീവജന്തുക്കൾ ഭൂമിയിൽ ഉളവാകട്ടെ എന്നു ദൈവം കല്പ്പിച്ചു.

ഇ: അങ്ങനെ സംഭവിച്ചു.

വ: ഇങ്ങനെ ദൈവം അതതുതരം കാട്ടുമൃഗങ്ങളെയും അതതുതരം കന്നുകാലികളെയും അതതുതരം ഭൂചരജന്തുക്കളെയും ഉണ്ടാക്കി.

ഇ: നല്ലതു് എന്നു ദൈവം കണ്ടു.

വ: അനന്തരം ദൈവം, നാം നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക, അവർ സമുദ്രത്തിലുള്ള മത്സ്യത്തിന്മേലും ആകാശത്തിലുള്ള പറവജാതിയിന്മേലും മൃഗങ്ങളിന്മേലും സർവ്വഭൂമിയിന്മേലും ഭൂമിയിൽ ഇഴയുന്ന എല്ലാ ഇഴജാതിയിന്മേലും വാഴട്ടെ എന്നു കല്പ്പിച്ചു.

ഇ: ഇങ്ങനെ ദൈവം തൻെറ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു, ദൈവത്തിൻെറ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു. ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു.

നാ: ദൈവം അവരെ അനുഗ്രഹിച്ചു.

നാ: നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറഞ്ഞു്, അതിനെ അടക്കി സമുദ്രത്തിലെ മത്സ്യത്തിന്മേലും ആകാശത്തിലെ പറവ

ജാതിയിന്മേലും സകല ഭൂചരജന്തുവിന്മേലും വാഴുവിൻ എന്നു് അവരോടു കല്പിച്ചു.

ഇ: ഭൂമിയിൽ എങ്ങും വിത്തുള്ള സസ്യങ്ങളും വൃക്ഷത്തിന്റെ വിത്തുള്ള ഫലം കായ്ക്കുന്ന സകല വൃക്ഷങ്ങളും ഇതാ ഞാൻ നിങ്ങൾക്കു തന്നിരിക്കുന്നു; അവ നിങ്ങൾക്കു് ആഹാരമായിരിക്കട്ടെ.

വ: ഭൂമിയിലെ സകല മൃഗങ്ങൾക്കും ആകാശത്തിലെ എല്ലാ പറവകൾക്കും ഭൂമിയിൽ ചരിക്കുന്ന സകല ഭൂചരജന്തുക്കൾക്കും ആഹാരമായിട്ടു പച്ചസസ്യം ഒക്കെയും ഞാൻ കൊടുത്തിരിക്കുന്നു എന്നു ദൈവം കല്പിച്ചു.

ഇ: അങ്ങനെ സംഭവിച്ചു.

വ: താൻ ഉണ്ടാക്കിയതിനെ ഒക്കെയും ദൈവം നോക്കി. അതു് എത്രയും നല്ലതു് എന്നു കണ്ടു.

നാ: സന്ധ്യയായി ഉഷസ്സുമായി ആറാം ദിവസം. ഇങ്ങനെ ആകാശവും ഭൂമിയും അവയിലുള്ള ചരാചരങ്ങളൊക്കെയും തികഞ്ഞു.

വ: താൻ ചെയ്ത പ്രവൃത്തി ഒക്കെയും ദൈവം തീർത്ത ശേഷംതാൻ ചെയ്ത സകല പ്രവൃത്തിയിൽ നിന്നും ഏഴാംദിവസം നിവൃത്തനായി.

ഇ: താൻ സൃഷ്ടിച്ചുണ്ടാക്കിയ സകല പ്രവൃത്തിയിൽ നിന്നും അന്നു നിവൃത്തനായതു കൊണ്ടു ദൈവം ഏഴാം ദിവസത്തെ അനുഗ്രഹിച്ചു.

നാ: ഇതു ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചതിന്റെ ഉൽപത്തി വിവരം.

ജനം: രാജ്യവും ശക്തിയും മഹത്വവും എന്നെന്നേക്കും, ദൈവത്തിനുള്ളതു തന്നെ. ആമെൻ.

സങ്കീ. 136:1–9, 8:3–9 ഒരുമിച്ചുചേർത്തു് ആലപിച്ചാൽ ഇതേ സ്തുതിഗീതത്തിന്റെ വേറൊരു രൂപമായി തോന്നും.

പൗരോഹിത്യരേഖയായ ഉത്പത്തി1 ന് നമസ്കാരക്രമത്തിൻെറ രൂപഗുണമുണ്ടെങ്കിൽ, യാഹ്വിസ്ററു രേഖ കൂടുതൽ ഭാവനാസമ്പന്നമാണ്. അഗാധമായ ദൈവശാസ്ത്രസത്യങ്ങൾ ഭാവനാസമ്പന്നമായ കഥാരൂപത്തിൽ വ്യക്തമാക്കാൻ യാഹ്വിസ്റ്റിൻെറ വൈഭവം ഒന്നു പ്രത്യേകമാണ്. ഉത്പ.2,3അദ്ധ്യായങ്ങൾ ഇതിലേയ്ക്ക് ഉപോൽബലകമത്രെ. ഉത്പ.1–11ലെ സൃഷ്ടി, പ്രളയ വൃത്താന്തങ്ങൾ മുഴുവനും തന്നെ ഗദ്യമായിട്ടല്ല പദ്യമായിട്ടാണ് നാം കാണേണ്ടതു്. ചരിത്രരേഖകളായിട്ടല്ല, പൗരാണികദൃശ്യങ്ങൾ ഉപയോഗിച്ച സൃഷ്ടികർത്താവിൽ വിശ്വാസം പ്രഖ്യാപിക്കുന്ന കവിതയായിട്ടത്രെ വ്യാഖ്യാനിക്കേണ്ടതു്. അപ്പോഴാണ് നമ്മുടെ സമീപനം ഈ വേദഭാഗത്തിനനുയോജ്യമായിത്തീരുന്നതു്.

# 3

# സൃഷ്ടിവൃത്താന്തം യിസ്രായേലിൻെറ ദൈവശാസ്ത്ര ചരിത്രത്തിൽ

ഫറവോൻെറ അടിമത്തത്തിൽ നിന്നു യിസ്രായേല്യരെ വിമോചിപ്പിച്ചു മരുഭൂമിയിൽകൂടി കനാനിലേയ്ക്കു നടത്തിയ വിമോചകനായിട്ടത്രെ യഹോവയെ യിസ്രായേൽ ജനത അവരുടെ ജാതീയചരിത്രത്തിൽ ആദ്യമായി അനുഭവത്തിലറിയുന്നതു്. അതുകൊണ്ടു് ആദിമകാലങ്ങളിൽ യിസ്രായേൽ ജനതയുടെ ആരാധനക്രമങ്ങളിലും ആചാരാനുഷ്ഠാനങ്ങളിലും ഉപയോഗിച്ചു പോന്ന വിശ്വാസപ്രമാണങ്ങൾ യഹോവ വിമോചകൻ എന്നു മാത്രം പ്രഖ്യാപിച്ചു. യഹോവ സകല ലോകത്തിൻെറയും മാനവജാതി മുഴുവൻെറയും സൃഷ്ടികർത്താവു് എന്ന തത്വം അവയിലെങ്ങും കാണുന്നില്ല. ഉദാഹരണമായി ആവർത്തനം 26. 1–11 കനാൻദേശത്തു വർഷംതോറും നടത്തിപ്പോന്ന ഒരു ആദ്യഫല സ്തോത്രശുശ്രൂഷയാണു വിവരിക്കുന്നതു്. അവിടെ നൽകിയിരിക്കുന്ന വിശ്വാസപ്രമാണം ഇപ്രകാരമാണു്: 'പിന്നെ നിൻെറ ദൈവമായ യഹോവയുടെ സന്നിധിയിൽ നീ പ്രസ്താവിക്കേണ്ടതു് എന്തെന്നാൽ എൻെറ പിതാവു ദേശാന്തരിയായൊരു അരാമ്യനായിരുന്നു. ചുരുക്കം പേരോടുകൂടി അവൻ മിസ്രയീമിലേയ്ക്കു് ഇറങ്ങിച്ചെന്നു പരദേശിയായി പാർത്തു. അവിടെ വലിപ്പവും ബലവും പെരുപ്പവുമുള്ള ജനമായിത്തീർന്നു. എന്നാൽ മിസ്രയീമ്യർ ഞങ്ങളോടു തിന്മചെയ്തു ഞങ്ങളെ പീഡിപ്പിച്ചു ഞങ്ങളെക്കൊണ്ടു കഠിനവേല ചെയ്യിച്ചു. അപ്പോൾ ഞങ്ങൾ ഞങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ യഹോവയോടു നിലവിളിച്ചു. യഹോവ ഞങ്ങളുടെ നിലവിളി കേട്ടു. ഞങ്ങ

ളുടെ കഷ്ടതയും പ്രയാസവും ഞെരുക്കവും കണ്ടു. യഹോവ ബലമുള്ള കൈയാലും നീട്ടിയ ഭുജത്താലും മഹാഭയങ്കര പ്രവൃത്തിയോടും അടയാളങ്ങളോടുംകൂടി ഞങ്ങളെ മിസ്രയീമിൽ നിന്നു പുറപ്പെടുവിച്ചു. ഞങ്ങളെ ഈ സ്ഥലത്തേയ്ക്കു കൂട്ടിക്കൊണ്ടുവന്നു. പാലും തേനും ഒഴുകുന്ന ഈ ദേശം ഞങ്ങൾക്കു തന്നുമിരിക്കുന്നു. ഇതാ യഹോവേ, നീ എനിക്കു തന്നിട്ടുള്ള നിലത്തിലെ ആദ്യഫലം ഞാൻ ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നു' (ആവ. 26:5–10). ഇവിടെ യഹോവ സർവ്വലോകത്തിന്റെയും സ്രഷ്ടാവെന്ന ആശയം സ്ഫുരിക്കുന്ന ഒരു വാക്കുമില്ല. ഇപ്രകാരം യിസ്രായേൽ ജാതിയുടെ മാത്രം വീണ്ടെടുപ്പുകാരനായി യഹോവയെ കീർത്തിക്കുന്ന വിശ്വാസാചാരങ്ങൾ യിസ്രായേൽജനത കനാൻ ദേശത്തു പ്രവേശിച്ചു കനാന്യരെ കീഴടക്കിക്കൊണ്ടിരുന്ന ആദികാലങ്ങളെ (ക്രിസ്തുവിനു മുമ്പുള്ള 13,12,11 ശതകങ്ങളെ) കുറിക്കുന്നതായി അനുമാനിക്കാം. ഉല്പ. 2–ാം അദ്ധ്യായത്തിൽ കൊടുക്കുന്ന സൃഷ്ടിപ്പിന്റെ ഏററവും പുരാതന കഥ എഴുതപ്പെട്ടതു 10–ാം നൂററാണ്ടിന്റെ മദ്ധ്യത്തിലാണെന്നത്രെ അനുമാനം. 8–ാം ശതകം മുതലുണ്ടായിരുന്ന പ്രവാചകന്മാരുടെ എഴുത്തുകളിലും 6–ാം ശതകത്തിൽ ബാബിലോണ്യ പ്രവാസത്തിനു ശേഷമുള്ള പ്രവചനങ്ങളിലും യഹോവ വിമോചകൻ മാത്രമല്ല സർവ്വപ്രപഞ്ചത്തിന്റെയും സകല ജാതികളുടെയും സൃഷ്ടികർത്താവും കൂടിയാണെന്ന ആശയം സ്പഷ്ടമായി കാണാം. ഈ ചരിത്രപശ്ചാത്തലം ഒന്നു വ്യക്തമാക്കുന്നു: കനാൻദേശത്തു സ്ഥിരവാസക്കാരായി ജീവിക്കാൻ ആരംഭിച്ചപ്പോൾ യിസ്രായേൽ ജാതി അഭിമുഖീകരിച്ച ചില പ്രശ്നങ്ങളുടെയും അവർ കടന്നുപോയ ചില അനുഭവങ്ങളുടെയും വെളിച്ചത്തിലാണു യിസ്രായേലിന്റെ ചരിത്രത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന യഹോവ സൃഷ്ടികർത്താവും കൂടിയാണ് എന്ന നിഗമനത്തിൽ അവർ എത്തിച്ചേർന്നതു്.

ഇപ്രകാരം കനാൻ ദേശത്തു യിസ്രായേൽജനത അനുഭവിച്ച പ്രശ്നങ്ങളിൽ രണ്ടെണ്ണം വിശേഷാൽ എടുത്തുപറയേണ്ടതുണ്ട്.

## സാമൂഹ്യക്ഷേമത്തിൻെറ ദൈവശാസ്ത്രം

ഒന്നാമത്, സാമൂഹ്യക്ഷേമത്തിൻെറ ഒരു ദൈവശാസ്ത്രം യിസ്രായേൽ ജനതയ്ക്കു് ആവശ്യമായിവന്നു. മരുഭൂമിയിൽകൂടി യാത്രയും ഇതര സമൂഹങ്ങളുമായി നിരന്തരം സമരവും കഴിഞ്ഞു് യിസ്രായേൽമക്കൾ കനാനിൽ സ്ഥിരവാസക്കാരായി കൃഷി, കച്ചവടം, തുടങ്ങിയ ജീവിത വ്യാപാരങ്ങളിൽ വ്യാപൃതരാകുന്നു. അപ്പോഴാണ് കുടുംബജീവിതത്തിൻെറ സാമ്പത്തിക ഭദ്രത, കർഷക പ്രധാനങ്ങളായ ഭൂമി, ഭൂമിയുടെ ഫലഭൂയിഷ്ഠത, കൃഷിക്കാവശ്യമായമഴയും വെയിലും തുടങ്ങിയ കാര്യങ്ങളിൽ യിസ്രായേൽ ജനതയുടെ ശ്രദ്ധ കേന്ദ്രീകരിക്കുന്നതു്. കാർഷിക പ്രയത്നങ്ങളെ അനുഗ്രഹിച്ച വിളകൾ വർദ്ധിപ്പിക്കുന്ന ഫലഭൂയിഷ്ഠതയുടെ ദേവനാണ് ബാൽ. യഹോവ അവരെ അടിമത്തത്തിൽനിന്നു വിമോചിപ്പിച്ചു എന്നതു വിശ്വസനീയമെങ്കിലും യഹോവയ്ക്കു കാർഷികവൃത്തിയിൽ താൽപര്യമോ കൃഷിക്കു സംഭരിക്കേണ്ട പ്രകൃതിശക്തികളിന്മേൽ ആധിപത്യമോ ഇല്ലെങ്കിൽ സാധാരണ ജീവിതാവശ്യങ്ങൾക്കു് അവർ മററു സമൂഹങ്ങളോടു ചേർന്നു ബാൽദേവന്മാർക്കു യാഗംകഴിച്ചു് അവരെ പ്രസാദിപ്പിക്കേണ്ടതായിവരും. ഇങ്ങനെ ബാൽ ആരാധന യിസ്രായേൽ മക്കളുടെ ഇടയിൽ തന്നെ പ്രചരിച്ചതോടെയാണ്, യഹോവ പ്രകൃതിയെ മുഴവൻ സൃഷ്ടിച്ചു നിയന്ത്രിക്കുന്നവനാണെന്ന ആശയം അവരുടെ ദൈവശാസ്ത്രത്തിൽ ശക്തി പ്രാപിച്ചതു്. ചരിത്രത്തിലെ ദുർഘടസന്ധിയിൽ മനുഷ്യരുടെ നിലവിളി കേൾക്കുന്നവൻ മാത്രമല്ല യഹോവ. അവൻ ലോകത്തിൽ മനുഷ്യരുടെ ദൈനംദിന ക്ഷേമത്തിലും അതിനാവശ്യമായജീവിതവ്യാപാരങ്ങളിലും തത്പരനാണെന്നും, അക്കാര്യത്തിൽ മററു

ദേവന്മാരെക്കാരം ശക്തനാണെന്നുമുള്ള ആശയങ്ങരം രൂപം പ്രാപിക്കുന്നു. ഇപ്രകാരം ജീവിതാനുഭവങ്ങളിൽ നിന്നു് ഉടലെടുത്ത വിശ്വാസമാണു് യഹോവ പ്രപഞ്ചത്തെ 'സൃഷ്ടിച്ചു്' സൃഷ്ടിയുടെ വ്യവസ്ഥയിൽത്തന്നെ മനുഷ്യരെ സംരക്ഷിച്ചു്, അവരുടെ ലൗകികക്ഷേമം പുലർത്തുന്ന അനുഗ്രഹങ്ങളും നിയമങ്ങളും സ്ഥാപിച്ചിരിക്കുന്നു എന്നുള്ളതു് സന്താനപുഷ്ടി, ഭൂമിയുടെയും ചരാചരജീവജാലങ്ങളുടെയും മേൽ ആധിപത്യം ഇവ മനുഷ്യർക്കു കൊടുത്ത അനുഗ്രഹങ്ങളുടെ കൂട്ടത്തിലുരപ്പെടുന്നു(ഉത്പ.1: 22, 26–28;9:7). 'ഭൂമിയുള്ള കാലത്തോളം വിതയും കൊയ്ത്തും, ശീതവും ഉഷ്ണവും. വേനലും വർഷവും രാവും പകലും നിന്നുപോകയുമില്ല' (8:22) എന്നുള്ളതു് സകലമനുഷ്യജാതിയോടും ചെയ്തിരിക്കുന്ന യഹോവയുടെ നിയമമാകുന്നു. മനുഷ്യജീവിതത്തിനു് അത്യന്താപേക്ഷിതമായ ആഹാരം മനുഷ്യരുടെ അവകാശമായി നൽകിയിരിക്കുന്നു (1.11–12, 29–30; 2. 16; 9.3)

ഭാരതത്തിൽ ഗ്രാമീണ ക്രിസ്ത്യാനികരം പട്ടിണി, വസന്ത, കൃഷിപ്പിഴ മുതലായവയുടെ പരിഹാരത്തിനായി ഗ്രാമദേവതകളെ ആശ്രയിക്കുന്നതു സാധാരണ കണ്ടുവരുന്നുണ്ടു്. ഇതിൻെറ കാരണം, ക്രൈസ്തവസഭയുടെ ഉപദേശത്തിലും പഠിപ്പിക്കലിലും ക്രിസ്തുവിൽ ലഭിക്കുന്ന ആത്മവിമോചനത്തോടൊപ്പം യേശുക്രിസ്തുവിൻെറ പിതാവായ ദൈവത്തിൻെറ സാർവ്വലൗകികകർത്തൃത്വത്തിനു വേണ്ടത്ര പ്രാധാന്യം നല്കാത്തതാണെന്നത്രെ ആന്ധ്രാ വൈദികസെമനാരി പ്രിൻസിപ്പൽ വിക്ടർ പ്രേമസാഗറിൻെറ അഭിപ്രായം. അദ്ദേഹം ആന്ധ്റായിലെ ഗ്രാമീണ സഭകളുടെ അനുഭവം മുൻനിർത്തിയാണു് ഈ അഭിപ്രായം ഉന്നയിക്കുന്നതു്. എന്നാൽ ഇതു് ഗ്രാമീണർക്കു മാത്രമുള്ള പ്രശ്നമല്ല. ഗ്രാമങ്ങളിലും പട്ടണങ്ങളിലും പട്ടിണി, അനാരോഗ്യം, അജ്ഞത, അനീതി ഇവ നീക്കി സാമൂഹ്യക്ഷേമവും നീതിയും കൈവരുത്തുവാനുള്ള അഭിലാഷം ജന

ങ്ങളുടെ ആത്മീയപ്രശ്നമായിത്തന്നെ ഇന്നു രൂപം പ്രാപിച്ചിരിക്കുന്നു. ആ നിലയിൽ ആത്മരക്ഷയുടെ സന്ദേശത്തിൽ തന്നെ ശരീരാരോഗ്യം, സാമ്പത്തികക്ഷേമം സാമൂഹ്യനീതി എന്നിവയുടെ ദൂതും ഉൾക്കൊണ്ടിരിക്കണം. 'വിവാഹം വിലക്കുകയും സത്യം ഗ്രഹിച്ചിരിക്കുന്ന വിശ്വാസികൾ സ്തോത്രത്തോടെ അനുഭവിപ്പാൻ ദൈവം സൃഷ്ടിച്ച ഭോജ്യങ്ങൾ വർജ്ജിക്കേണം' എന്നു നിർദ്ദേശിക്കുകയും ചെയ്യുന്ന ദുരുപദേശത്തിനെതിരായി വി. പൗലൊസ് പറയുന്നതു്: 'ദൈവത്തിൻെറ സൃഷ്ടി എല്ലാം നല്ലതു്. സ്തോത്രത്തോടെ അനുഭവിക്കുന്നു എങ്കിൽ ഒന്നും വർജ്ജിക്കേണ്ടതല്ല. ദൈവവചനത്താലും പ്രാർത്ഥനയാലും വിശുദ്ധീകരിക്കപ്പെടുന്നുവല്ലൊ (1 തിമൊ. 4. 3–4). അതായതു്, വിവാഹവും കുടുംബജീവിതവും ആഹാരഭോജ്യങ്ങളും അവയുടെ പിമ്പിലുള്ള അദ്ധ്വാനവും സൃഷ്ടിവ്യവസ്ഥയിലെ മാനവ കൂദാശകളാണു്. സഭയ്ക്കു പ്രത്യേകമായി സുവിശേഷത്തിൻെറ അടിസ്ഥാനത്തിൽ ക്രിസ്തു നിയമിച്ചിരിക്കുന്ന മാമോദീസാ, കർത്താവിൻെറ അത്താഴം എന്നീ കൂദാശകൾപോലെയല്ല. എന്നാൽ ദൈവോദ്ദേശ്യം പ്രഖ്യാപിക്കുന്ന ദൈവവചനത്താലുംപ്രാർത്ഥനയാലും സമൂഹത്തിലെ എല്ലാ മനുഷ്യരുടെയും വിവാഹവും ആഹാരവും ക്രമീകരിക്കുന്നതിലും ശുദ്ധീകരിക്കുന്നതിലും സൃഷ്ടി കർത്താവിനോടുള്ള ഭക്തിയിൽ ക്രൈസ്തവസഭയ്ക്കു കടമയുണ്ടു്. സഭയും സമൂഹവും, സഭയും രാഷ്ട്രവും തമ്മിലുള്ള ബന്ധം പ്രസ്തുത കടപ്പാടിലാണു് കാണേണ്ടതു്. രക്ഷയുടെ ദൈവശാസ്ത്രത്തിൻെറ അവിഭാജ്യബന്ധത്തിൽ തന്നെ സാമൂഹ്യക്ഷേമത്തിൻെറ ദൈവശാസ്ത്രം നിലകൊള്ളണം.

## രക്ഷാചരിത്രത്തിൻെറ പശ്ചാത്തലം

രണ്ടാമതു് യിസ്രായേൽ ജാതിയും ഇതരജാതികളും തമ്മിലുള്ള ബന്ധത്തിൻെറ ഒരു ദൈവശാസ്ത്രം യിസ്രായേൽ ജനതയ്ക്കു് ആവശ്യമായി വന്നു. കനാൻ

ദേശത്തു സ്ഥിരവാസം ആരംഭിച്ച യിസ്രായേൽജനം അഭിമുഖീകരിച്ച ഒരു പ്രധാനപ്രശ്നം അവരെ യഹോവ തെരഞ്ഞെടുത്തതിൻെറ അന്തിമലക്ഷ്യം സംബന്ധിച്ചായിരുന്നു. കനാൻ ദേശത്തിനുവേണ്ടി ഇതര ജാതികളുമായി പടവെട്ടിക്കൊണ്ടിരുന്ന കാലത്തു് എല്ലാജാതികൾക്കും അവരവരുടേതായ ദൈവങ്ങൾ ഉണ്ടു് എന്നും, യിസ്രായേലിൻെറ ദൈവം മററെല്ലാ ദേവന്മാരെക്കാളും ശക്തൻ എന്നുമുള്ള ചിന്തയാണു് യിസ്രായേൽ ജനങ്ങൾക്കുണ്ടായിരുന്നതു്. വിവിധ സമൂഹങ്ങൾക്കു് അവരവരുടേതായ ദൈവങ്ങൾ ഉണ്ടെങ്കിലും യിസ്രായേൽ സേവിക്കുന്നതു സൈന്യങ്ങളുടെ യഹോവയെ മാത്രമെന്നു് അവർ അഭിമാനിച്ചു. എന്നാൽ കാലാന്തരത്തിൽ യഹോവ സകല ഭൂവാസികൾക്കും മേൽ ഏകദൈവം; അവൻെറ ഉദ്ദേശ്യം സകല ജാതികളെയും ഭരിക്കുന്നു; അവൻ യിസ്രായേലിനെ പ്രത്യേകം വിളിച്ചു തിരഞ്ഞെടുത്തിരിക്കുന്നതു തന്നെ, മനുഷ്യജാതിയെ സംബന്ധിച്ചു് ആകമാനമുള്ള തൻെറ ലക്ഷ്യത്തിനു മുഖാന്തരമായിട്ടാണു് എന്നിങ്ങനെയുള്ള ചിന്താഗതികൾ പ്രവാചകപാരമ്പര്യത്തിൽ പൊന്തിവന്നു. അതായതു്, മനുഷ്യജാതിയുടെ അനുഗ്രഹമാണു് ദൈവത്തിൻെറ ആത്യന്തിക ലക്ഷ്യം; പ്രസ്തുത അന്തത്തിലാണു യിസ്രായേൽ ജാതിക്കു പ്രത്യേകമായ ഒരു അസ്തിത്വവും ദൗത്യവും യഹോവ നൽകിയിരിക്കുന്നതു്. ലോകചരിത്രത്തിൻെറ നിത്യമായ അന്തം സാർവ്വത്രികമാണെങ്കിൽ അതിൻെറ ആദിയും സാർവ്വത്രികമായിരിക്കണം, സകല മനുഷ്യജാതിയെയും ഉൾക്കൊള്ളുന്നതായിരിക്കണം. യിസ്രായേൽ ജാതിയുമായി യഹോവ ചെയ്ത ഉടമ്പടിയുടെയും അവക്കു നൽകിയ വാഗ്ദാനത്തിൻെറയും പശ്ചാത്തലമായി യഹോവ മനുഷ്യജാതിയോടു ചെയ്യുന്ന ഒരു ഉടമ്പടിയും വാഗ്ദാനവും ഉണ്ടു് എന്നു് ഇവിടെ വിവക്ഷ. ഉത്പ. 12—ൽ ദൈവം അബ്രാഹാമിനെ വിളിച്ചു് അവനോടും അവൻെറ സന്തതിയോടും ചെയ്യുന്ന ഉടമ്പടിക്കും വാഗ്ദാന

ങ്ങരംക്കം പശ്ചാത്തലമായിട്ടാണ് ഉത്പ. 1–11 ലെ മനുഷ്യജാതിയോട്ട് ആകമാനമുള്ള ദൈവത്തിൻെറ ബന്ധവും സൃഷ്ടിപ്പിലും ന്യായവിധിയിലും ഉടമ്പടിയിലുമുള്ള പ്രവൎത്തനങ്ങളും ചിത്രീകരിച്ചിരിക്കുന്നതു്. ദൈവത്തിൻെറ സ്വരൂപത്തിൽ ദൈവം സൃഷ്ടിച്ച മനുഷ്യലോകം ദൈവോദ്ദേശ്യത്തിൽനിന്നു വ്യതിചലിച്ചുപോയതിനാൽ ആ ലോകം പുനഃസൃസ്ടി ചെയ്യുന്നതിനു മുഖാന്തരമായി മനുഷ്യകുലത്തിൽനിന്നു് ഒരു പ്രത്യേകവിഭാഗത്തെ ദൈവം തെരഞ്ഞെടുത്തു നയിക്കുന്നതാണു് യിസ്രായേലിൻെറ ചരിത്രമെന്നു സാരം.

ഉത്പ. 12. 1–3. 'യഹോവ അബ്രാഹാമിനോട്ട് അരുളിച്ചെയ്തതെന്തന്നാൽ: നീ നിൻെറ ദേശത്തെയും ചാർച്ചക്കാരെയും പിതൃഭവനത്തെയും വിട്ടുപുറപ്പെട്ടു ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേക്കു പോക. ഞാൻ നിന്നെ വലിയൊരു ജാതിയാക്കും. നിന്നെ അനുഗ്രഹിച്ചു നിൻെറ പേർ വലുതാക്കും. നീ ഒരനുഗ്രഹമായിത്തീരും.....നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും.' അബ്രാഹാമിൻെറ വംശത്തിൽക്കൂടി ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടുന്ന ദർശനത്താൽ പ്രേരിതമായിട്ടാണു് ഉത്പത്തി പുസ്തകം സംവിധാനം ചെയ്തവർ 12–ാം അദ്ധ്യായത്തിൻെറ മുഖവുരയായി 1–11 അദ്ധ്യായങ്ങരം ചേർത്തതു്. അതിൽ മനുഷ്യകുലത്തിൻെറ ചരിത്രത്തിലാകമാനം സ്രഷ്ടാവു്, വിധികൎത്താവു്, പരിപാലകൻ, രക്ഷ വാഗ്ദാനം ചെയ്യുന്നവൻ എന്ന നാലു വിധങ്ങളിലും നിരന്തരം പ്രവൎത്തിച്ചുകൊണ്ടിരിക്കുന്ന ദൈവമാണു് പ്രതിപാദനവിഷയം. ഈ ചട്ടക്കൂട്ടിൽ മാത്രമേ ദൈവത്തിൻെറ മാനവ പുനഃസൃഷ്ടിക്കു്, അഥവാ രക്ഷികപ്രവർത്തനചരിത്രത്തിനു് അൎത്ഥമുള്ളൂ.

ഈ വീക്ഷണത്തിൽ ഉത്പ. 1–11–ൽ ദൈവം ഇടപെടുന്ന വ്യക്തികളും സമൂഹങ്ങളും മനുഷ്യകുലത്തെ, മനുഷ്യത്വത്തെ, ആകമാനം വിവിധ നിലകളിൽ പ്രതിനിധാനം ചെയ്യുന്നവരാണു്. അവരുടെ വ്യക്തിപ

രമായ നാമങ്ങരം അപ്രധാനമത്രെ. ദൈവം സാർവ്വത്രികമായി മനുഷ്യനോട്ട്, മനുഷ്യത്വത്തോട്ട് ബന്ധിക്കപ്പെട്ടിരിക്കുന്നതെങ്ങനെയെന്നു് ഈ വേദഭാഗങ്ങരം വ്യക്തമാക്കുന്നു.

—ദൈവത്തിനു ലോകത്തെപ്പററിയുള്ള ഉദ്ദേശ്യം ഗ്രഹിച്ച് പ്രത്യുത്തരം നല്കുവാൻ കഴിവുള്ള മനുഷ്യത്വം, ദൈവം സ്വന്തസ്വരൂപത്തിൽ സൃഷ്ടിക്കുന്നു (1. 27; 2. 7, 22, 5. 1–3, 24; 6. 9; 9.6).

—ദൈവോദ്ദേശ്യത്തിനു വിരോധമായി ദൈവത്തോടും സഹോദരനോടുമുള്ള ഉത്തരവാദിത്വം നിഷേധിച്ചു ജീവിക്കുന്ന മനുഷ്യവർഗ്ഗത്തെ ദൈവം ശിക്ഷ വിധിക്കുന്നു (3. 16–19, 23–24; 4. 1–13; 7. 21; 11. 8).

—ദൈവസംസർഗ്ഗത്തിൽനിന്നും ദൈവിക മാർഗ്ഗത്തിൽനിന്നും വീണുപോയ മനുഷ്യത്വം ദൈവം ദീർഘക്ഷമയോടെ സംരക്ഷിച്ചു പരിപാലിക്കുന്നു (3. 21; 4. 15; 8. 21; 9. 8–17).

—ദൈവം മനുഷ്യജാതിയെ തന്നോടു വീണ്ടും നിരപ്പിച്ച് സൃഷ്ടിയെ പുതുക്കാമെന്നുള്ള വാഗ്ദാനത്തിൻെറ സൂചനകരം വീണുപോയ മനുഷ്യനു നല്കുന്നു (3. 15; 4. 25; 5. 24; 7. 1–3; 23 b; 8. 1).

—മനുഷ്യത്വത്തിൻെറ വിമോചനം ലക്ഷ്യമാക്കി ദൈവം ചരിത്രത്തിൽ സ്വജനമായി ഒരു ജനതയെ തെരഞ്ഞെടുക്കുന്നു (11: 31; 12: 1–3).

ദൈവശാസ്ത്രപരമായി പ്രാധാന്യം അർഹിക്കുന്ന പ്രശ്നം ദൈവം സകല സൃഷ്ടിയുടെയും മനുഷ്യവർഗ്ഗത്തിൻെറയും പ്രതിവിധി എന്ന നിലയ്ക്കു നോഹയുമായി ചെയ്യുന്ന നിയമവും (9. 8–17) യിസ്രായേൽ ജാതിയുടെ പിതാവെന്ന നിലയ്ക്കു് അബ്രാഹാമിനോട്ട് ചെയ്യുന്ന നിയമവും (12. 1–4) തമ്മിലുള്ള ബന്ധമാണു്. മനുഷ്യവർഗ്ഗത്തെ ആകമാനം സംരക്ഷിക്കുമെന്നു

ദൈവത്തിൻെറ ഉടമ്പടിയുടെ പശ്ചാത്തലത്തിലാണ് മനുഷ്യവർഗ്ഗം പുനർസൃഷ്ടി ചെയ്തു തന്നോടു വീണ്ടും നിരപ്പിക്കാൻ യിസ്രായേൽ ജാതിയിൽക്കൂടിയുള്ള ദൈവത്തിൻെറ പ്രത്യേക പ്രവർത്തനചരിത്രം അനവർത്ഥമാക്കുന്നതു്.

ലോക രക്ഷാമാർഗ്ഗമായി സാക്ഷാൽ യിസ്രായേലായ യേശുക്രിസ്തുവിനെ ദൈവം തെരഞ്ഞെടുക്കുന്നു. ക്രിസ്തു മുഖാന്തരം ലോകരക്ഷ എന്ന സുവിശേഷത്തിനു സാക്ഷിയും മാദ്ധ്യമവുമായി ദൈവം പുതിയ യിസ്രായേലായ ക്രൈസ്തവസഭയെ തെരഞ്ഞെടുക്കുന്നു. ഇതു പുതിയനിയമത്തിലെ കാതലായ സത്യങ്ങളാണ്. പഴയനിയമ ചരിത്രം അപേക്ഷിച്ച് ഇവിടെ സഭയുടെ അന്തം പൂർവാധികം സാർവത്രികമാണ്. 'ഇതാ ഞാൻ സകലവും പുതുതാക്കുന്നു' (വെളി. 21. 5). എന്നാൽ പുതിയനിയമ എഴുത്തുകാർ അന്തം മാത്രമല്ല ആദിയും സാർവത്രികമായിട്ടാണു ചിത്രീകരിച്ചിരിക്കുന്നതു്. സകലത്തിൻെറയും സ്രഷ്ടാവായ ദൈവം, ദൈവോദ്ദേശ്യത്തിൽനിന്നു വ്യതിചലിച്ച സൃഷ്ടി —ഉൽപ. 1-12 ലെപ്പോലെതന്നെ—ഇവയാണ് ക്രിസ്തീയ സുവിശേഷത്തിനു പ്രാരംഭമായി, പശ്ചാത്തലമായി പുതിയ നിയമ എഴുത്തുകളിൽ പലേടങ്ങളിലും കാണുന്നതു്. യേശുവിൻെറ വംശാവലി യിസ്രായേൽ ഗോത്രപിതാവായ അബ്രാഹാം വരെ മാത്രമല്ല, ശേത്തിൽക്കൂടി സാർവത്രിക മനുഷ്യത്വത്തിൻെറ പ്രതീകമായ ആദാംവരെ വി. ലൂക്കോസ് കൊടുത്തിരിക്കുന്നതു ശ്രദ്ധേയമാണ് (ലൂക്കോ. 3. 38). ആദിയിൽ ദൈവവചനം സകലവും ഉണ്ടാക്കി. സകല മനുഷ്യർക്കും ജീവനും വെളിച്ചവും പ്രദാനം ചെയ്യുന്നു; സത്യവെളിച്ചം ഏതു മനുഷ്യനെയും പ്രകാശിപ്പിക്കുന്നതിനു ലോകത്തിലേക്കു വന്നുകൊണ്ടിരുന്നു; ലോകത്തിലുണ്ടായിരുന്നു—ഇതു് ഒരുവശത്തു്, മറുവശത്തു് വെളിച്ചത്തിനു വിപരീതമായ ഇരുട്ടു; വെളിച്ചം അറിയാതെയും കൈക്കൊള്ളാതെയും ഇരിക്കുന്ന ലോകം (യോഹ. 1.

1—5, 9—14). ഇപ്രകാരമത്രെ വചനം ജഡം ധരിച്ച ക്രിസ്തുവിൻെറ സുവിശേഷത്തിനു പശ്ചാത്തലം വി. യോഹന്നാൻ വിവരിക്കുന്നതു്. ലോകം സൃഷ്ടിച്ച വെളിച്ചം നല്കി നിരന്തരം പരിപാലിക്കുന്ന വചനവും ലോകത്തെ ഇരുളിൽനിന്നു രക്ഷിക്കുന്ന വചനവും ഒന്നുതന്നെയാണു്. ദൈവസൃഷ്ടിയിൽ തെളിവായിരിക്കുന്ന ദൈവത്തിൻെറ 'നിത്യശക്തിയും ദിവ്യത്വവും' അറിഞ്ഞിട്ടും 'അവനെ ദൈവമെന്നോർത്തു മഹത്വീകരിക്കയോ നന്ദി കാണിക്കയോ ചെയ്യാതെ സകല മനുഷ്യജാതിയും സൃഷ്ടിച്ചവനെക്കാൾ സൃഷ്ടിയെ ഭജിച്ചാരാധിച്ചു' (റോമ. 1.19—21, 25). യെഹൂദർക്കു ന്യായപ്രമാണം നല്കിയും ഇതരജാതികൾക്കു ന്യായപ്രമാണത്തിനു തുല്യമായ പ്രമാണങ്ങൾ മനസ്സാക്ഷിയിലും ഹൃദയത്തിലും എഴുതിയും ദൈവം സകല മനുഷ്യവർഗ്ഗത്തോടും മുഖപക്ഷം കൂടാതെ സംവാദം ചെയ്യുന്നു (റോമ. 2. 11—16). 'യെഹൂദന്മാരും യവനന്മാരും ഒരുപോലെ പാപത്തിൻകീഴാകുന്നു' 'ഒരു വ്യത്യാസവുമില്ല, എല്ലാവരും പാപം ചെയ്തു ദൈവതേജസ്സു് ഇല്ലാത്തവരായിത്തീർന്നു (റോമ. 3. 9, 23). ഇപ്രകാരം മനുഷ്യവർഗ്ഗത്തെ മുഴുവൻ സൃഷ്ടിച്ചു്, മനുഷ്യവർഗ്ഗത്തിനു മുഴുവനും തൻെറ ദിവ്യത്വവും നിയമവും സംബന്ധിച്ച അറിവു നല്കിയ ദൈവത്തെ തിരസ്കരിച്ച മനുഷ്യജാതിയാണു ക്രിസ്തുവിൽ സൗജന്യകൃപയുടെ സുവിശേഷത്തിനു പശ്ചാത്തലമായി വി. പൌലോസും കാണുന്നതു്.

മനുഷ്യരുടെ ആത്മരക്ഷകനായ ക്രിസ്തു ലോകസ്രഷ്ടാവായ ദൈവത്തിൻെറ ശത്രുവായിട്ടാണു ജ്ഞാനവാദികളും മാർഷിയനും വ്യാഖ്യാനിച്ചതു്. ഈ പാഷണ്ഡസിദ്ധാന്തം എതിർക്കുന്നതിനത്രെ സ്രഷ്ടാവായ ദൈവത്തിലുള്ള വിശ്വാസപ്രഖ്യാപനം ക്രിസ്തീയ വിശ്വാസപ്രമാണത്തിൽ ചേർത്തതു്. രണ്ടു ഭാഗങ്ങളാണു് സൃഷ്ടിപ്പിനെപ്പററി നാം ഇന്നുപയോഗിക്കുന്ന വിശ്വാസപ്രമാണത്തിൽ അടങ്ങിയിരിക്കുന്നതു്. ഒന്നു്,

'പിതാവായി സർവശക്തനായി ആകാശത്തിൻെറയും ഭൂമിയുടെയും കാണപ്പെടുന്നവയും കാണപ്പെടാത്തവയുമായ സകലത്ത്യൻെറയും സ്രഷ്ടാവായ സത്യൈക ദൈവത്തിൽ ഞങ്ങൾ വിശ്വസിക്കുന്നു.' രണ്ട്, 'പിതാവിനോട് ഏകത്വമുള്ളവനും സകല സൃഷ്ടികളും മുഖാന്തരമായവനും.....ആയ യേശുമശിഹാ ആയ ഏക കർത്താവിലും ഞങ്ങൾ വിശ്വസിക്കുന്നു.' സകല ലോകത്തിൻെറയും മനുഷ്യജാതിയുടെയും സൃഷ്ടി ക്രിസ്തു മുഖാന്തരം; അവൻതന്നെ സകലസൃഷ്ടിയുടെയും രക്ഷകനുമാകുന്നു. ദൈവം സൃഷ്ടിച്ചു നയിക്കുന്ന സാർവ്വത്രിക പ്രപഞ്ചവും ചരിത്രവും അവയുടെ യഥാർത്ഥ ലക്ഷ്യത്തിലെത്തിക്കയാണു ക്രിസ്തുവിലും സഭയിലുംകൂടിയുള്ള രക്ഷാചരിത്രത്തിൽ ദൈവത്തിൻെറ പരമോദ്ദേശ്യം. സാർവത്രിക സൃഷ്ടിയുടെ പശ്ചാത്തലത്തിലാണു പ്രത്യേക രക്ഷാചരിത്രം വ്യാഖ്യാനിക്കപ്പെടേണ്ടതു്.

# 4

# മനുഷ്യൻെറ സൃഷ്ടിസംഹാര ശക്തികൾ

ഉത്പ. 1–12 ദൈവത്തിൻെറ വിവിധ പ്രവർത്തനങ്ങൾ തമ്മിലുള്ള ബന്ധം വ്യക്തമാക്കുന്നതുപോലെ തന്നെ അതു മനുഷ്യൻെറ സ്വഭാവവും ആ സ്വഭാവത്തിൽ അന്തർലീനമായ സൃഷ്ടിസംഹാര ശക്തികൾ തമ്മിലുള്ള ബന്ധവും പ്രകാശിപ്പിക്കുന്നു.

## ആത്മബോധം—ആശ്രയവും ഉത്തരവാദിത്വവും

ദൈവത്തിൻെറ ഇതരസൃഷ്ടികളെ അപേക്ഷിച്ച് മനുഷ്യൻെറ സവിശേഷത അവൻെറ ആത്മബോധം അഥവാ അഹംബോധമാണ്. പ്രസ്തുത ആത്മബോധത്തിൻെറ ആന്തരിക സ്വഭാവമെന്ത്? അതിനുത്തരം സൃഷ്ടിയെന്ന നിലയിൽ ദൈവാശ്രയവും സൃഷ്ടിയോടും സഹോദരനോടും ദൈവത്തോടുമുള്ള ഉത്തരവാദിത്വവും മനുഷ്യാത്മബോധത്തിൻെറ ഘടനയിൽ അന്തർലീനമാണെന്നത്രെ. സകല സൃഷ്ടിയും ദൈവവചനത്താൽ ഉളവായി, ദൈവോദ്ദേശ്യം അലംഘനീയ നിയമത്തിലൂടെ അവയെ ഭരിച്ചുനടത്തുന്നു. എന്നാൽ മനുഷ്യനോ, ദൈവവചനത്താലുളവായി എന്നുമാത്രമല്ല, ദൈവവചനത്തിനു പ്രത്യുത്തരം നല്കി ദൈവവുമായി സംസർഗ്ഗത്തിൽ പ്രവേശിക്കാനുള്ള തന്മയോടുകൂടി സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. ദൈവം മനുഷ്യനു് ഒരളവിൽ ദൈവത്തിൽനിന്നും പ്രകൃതിയിൽനിന്നും സ്വതന്ത്രമായ അഹന്തയും ദൈവഹിതം ഗ്രഹിച്ചു ദൈവത്തോടു സഹകരിക്കാനുള്ള ആത്മശക്തിയും പ്രദാനം ചെയ്തിരിക്കുന്നു. മനുഷ്യനെ 'ദൈവത്തെക്കാൾ അല്പം മാത്രം താഴ്ത്തി' സൃഷ്ടിയുടെ മകുടമാക്കി അവ

രോധിച്ച 'തേജസ്സും ബഹുമാനവും അണിയിച്ചിരിക്കുന്നു' (സങ്കീ. 8). മനുഷ്യന്റെ ആത്മത്തിൽ മൂന്നു് ഉത്തരവാദിത്വങ്ങൾ ദൈവം നട്ടിട്ടുണ്ടു്.

'നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽനിറഞ്ഞു് അതിനെ അടക്കി....വാഴുവിൻ' (1.28). മനുഷ്യവർഗത്തിന്റെ ഭാവി സംരക്ഷിക്കാനും പ്രകൃതിയുടെമേൽ ആധിപത്യം സ്ഥാപിച്ച പ്രപഞ്ചത്തെ പൂർണതയിലേക്കു നടത്തുവാനും മനുഷ്യനു് ഉത്തരവാദിത്വമുണ്ടു്.

മനുഷ്യർ പരസ്പരം ആശ്രയിച്ച സ്നേഹത്തിൽ ജീവിക്കുവാൻ ഉത്തരവാദികളാണു്. മനുഷ്യനു മനുഷ്യന്റെമേൽ ആധിപത്യം ദൈവം കൊടുത്തിട്ടില്ല. കൂട്ടായജീവിതത്തിനു വിളിക്കപ്പെട്ടിരിക്കുന്നതു കൊണ്ടു കൂട്ടായ്മയിലാണു മനുഷ്യർ മനുഷ്യത്വമുള്ളവരായിത്തീരുന്നതു്. 'തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു. ദൈവത്തിന്റെ സ്വരൂപത്തിൽ അവനെ സൃഷ്ടിച്ചു. ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു' (1. 27). 'മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല' (2. 18). മനുഷ്യന്റെ ആത്മബോധത്തോടനുബന്ധിച്ചാണു് ഏകാന്തതയുടെ അനുഭൂതി ഉദിക്കുക. ഏകാകിയുടെ മനുഷ്യത്വം അപൂർണമാണെന്ന ഉൾബോധംമൂലം മനുഷ്യൻ സഖിയെ, സഹകാരിണിയെ, തേടുന്നു. സ്ത്രീപുരുഷബന്ധം മനുഷ്യരുടെ സാമൂഹ്യസ്വഭാവത്തിനു ദൃഷ്ടാന്തവും കേന്ദ്രവുമാണു് (2. 20–25). അന്യോന്യം സ്നേഹിച്ചും ശുശ്രൂഷിച്ചും പരസ്പരസംഭാഷണത്തിലും സംസർഗത്തിലും മാത്രമേ മനുഷ്യർ യഥാർത്ഥ മനുഷ്യത്വം പ്രാപിക്കു. സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ സ്വാതന്ത്ര്യത്തിനു പരിധിയുണ്ടു്. പ്രസ്തുത പരിധി ദൈവഹിതമാണു് (2. 16–17). ദൈവത്തോടു മനുഷ്യൻ ഉത്തരവാദിയത്രെ. ദൈവാശ്രയത്തിലും ദൈവാനുസരണത്തിലുമാണു് യഥാർഥമായി മനുഷ്യർ മനുഷ്യത്വത്തിന്റെ സത്തായ സ്വാതന്ത്ര്യം പ്രാപിക്കുന്നതു്. 'നിന്നെ സേവിക്കുന്നതു പൂർണ

സ്വാതന്ത്ര്യമാകുന്നു.' മനുഷ്യനു് ആത്യന്തിക ഉത്തരവാദിത്വമുള്ളതു ദൈവത്തോടാണു്. ദൈവത്തെ അറിഞ്ഞു്, ആരാധിച്ചു് ദൈവഹിതം ചെയ്യുന്നതിനായി മനുഷ്യർ സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അതിൽ മനുഷ്യന്റെ ജന്മസാഫല്യം ഇരിക്കുന്നു.

## ആദിപാപം–അഹങ്കാരവും സ്വാശ്രയവും

ആത്മബോധത്തിൽ നൈസർഗികമാണു് ഉത്തരവാദിത്വനിർവഹണം. എന്നാൽ അഹംബോധം അഹങ്കാരത്തിനു വഴിതെളിക്കുന്നു എന്നുള്ളതു് ഒരു ജീവിതയാഥാർത്ഥ്യം മാത്രമാണു്. ദൈവദത്തമായ അഹംബോധം എങ്ങനെ അഹങ്കാരമായി മാറുന്നു എന്ന പ്രശ്നം വേദപുസ്തകം കൈകാര്യം ചെയ്യുന്നില്ല. പ്രസ്തുത യാഥാർത്ഥ്യവും മനുഷ്യസ്വഭാവത്തിലും ചരിത്രത്തിലും അതുമൂലമുളവായിരിക്കുന്ന വികലതയും വേദപുസ്തകം വ്യക്തമാക്കുകമാത്രമാണു ചെയ്യുന്നതു്. മനുഷ്യൻ സൃഷ്ടിയാണു്, സ്രഷ്ടാവല്ലെന്നു് അവനറിയാം. ദൈവാശ്രയത്തിലും പരാശ്രയത്തിലും ജീവിക്കാനുദ്ദേശിക്കപ്പെട്ടതാണു മനുഷ്യനെന്നു് അവന്റെ ആത്മബോധത്തിൽ ജ്ഞാനമുണ്ടു്. സ്വാതന്ത്ര്യം ഉത്തരവാദിത്വങ്ങളാൽ പരിമിതമാണെന്ന ഉൾക്കാഴ്ച, അവന്റെ അന്തഃകരണത്തിലുണ്ടു്. അങ്ങനെയിരിക്കെ ദൈവത്തിന്റെ സ്ഥാനത്തു തന്നെത്തന്നെ അവരോധിക്കാനുള്ള ആത്മീയാഹങ്കാരത്തിന്റെയും സ്വാശ്രയത്തിന്റെയും പ്രലോഭനങ്ങൾക്കു് അവൻ വഴങ്ങുന്നു. 'അതു തിന്നുന്ന നാളിൽ നിങ്ങളുടെ കണ്ണു തുറക്കയും നിങ്ങൾ നന്മതിന്മകളെ അറിയുന്നവരായി ദൈവത്തെപ്പോലെ ആകയും ചെയ്യും' (3.5). ദൈവത്തെപ്പോലെ സർവജ്ഞനാകാനുള്ള മോഹം, ഉത്തരവാദിത്വങ്ങളുടെ പരിമിതി തീണ്ടാത്ത തനിക്കു താൻ പോരുന്ന സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള തൃഷ്ണ; അതിന്റെ ഫലം ദൈവത്തിൽനിന്നും സമൂഹത്തിൽനിന്നും സ്വന്തം അന്തസ്സത്തയിൽനിന്നും മനുഷ്യൻ അന്യപ്പെടുകയാണു്. എല്ലാ ഉത്തരവാ-

ദിത്വബന്ധങ്ങളിലും വൈരുദ്ധ്യപ്രമാണം പ്രവേശിക്കയാണു്.

—ദൈവത്തോടുള്ള മനുഷ്യൻെറ ബന്ധം മുറിക്കാൻ പാടില്ലാത്തവിധം മനുഷ്യത്വത്തിൻെറ ഘടകമാണു്. ദൈവത്തെ തിരസ്കരിച്ച മനുഷ്യാത്മബോധത്തിൽ സ്നേഹധനനായ ദൈവം ഭയങ്കരരൂപിയായി മാറുന്നു. നൈസർഗികസ്നേഹം കല്പനാരൂപം പ്രാപിച്ചു വിധി നടത്തുന്നു. മനുഷ്യൻ ദൈവസന്നിധിയിൽനിന്നു് ഒളിച്ചോടാൻ ഉദ്യമിക്കുന്നു. സാദ്ധ്യമല്ലതാനും (3.8—10).

—അതോടൊപ്പം മനുഷ്യൻെറ അന്തഃകരണത്തിലെ കുററബോധം ആത്മസത്തയിൽ വൈരുദ്ധ്യപ്രമാണം വ്യാപിപ്പിച്ചു മനുഷ്യൻ തന്നിൽനിന്നു തന്നെ അന്യനായിത്തീരുന്നു. സ്വന്തം അഹന്തയുടെ സത്തയിൽനിന്നു ഒളിക്കാൻ മനുഷ്യൻ ഉദ്യമിക്കുന്നു. സാദ്ധ്യമല്ലതാനും (3.7)

—ഇനി പ്രകൃതിയും സമൂഹവും ഭാര്യഭർത്തൃബന്ധവും സഹോദരനും, മതം തന്നെയും മനുഷ്യനു ദൈവസന്നിധിയിൽനിന്നും സ്വന്തം ആത്മസത്തയിൽനിന്നും ഒളിച്ചുനില്ക്കുന്നതിനും താൻ ചെയ്ത ഉത്തരവാദിത്വലംഘനം നേരിട്ടഭിമുഖീകരിക്കാതെ, സ്വയം നീതികരിക്കുന്നതിനും മാർഗ്ഗങ്ങളായി ഭവിക്കുന്നു. പ്രകൃതിയാണു് നഗ്നത മറയ്ക്കാൻ ഉപകരണം (3.7—8). ആദാമും ഹവ്വയും മററുള്ളവരെ പഴി ചാരി സ്വയം നീതികരിക്കുന്നു (3. 12—13). കയീനു മതം സ്വയം നീതീകരണത്തിനുള്ള ആയുധമത്രെ; അതിലുണ്ടായ മോഹഭംഗം സഹോദരനെ കൊലപ്പെടുത്തിത്തീർക്കാമെന്നു വ്യാമോഹിക്കുന്നു (4. 3—8). അങ്ങനെ പ്രകൃതിയും സമൂഹവും മതവും ദൈവോദ്ദേശ്യത്തിൽനിന്നു വ്യതിചലിക്കുന്നു.

## മനുഷ്യൻെറ സൃഷ്ടിവൈഭവവും സംഹാരശക്തിയും

ഉത്പ. 1–11. മുഴുവനുംതന്നെ മനുഷ്യവർഗ്ഗത്തിൻെറ സൃഷ്ടിവൈഭവം പ്രകീർത്തിക്കുന്നു. പാപം എന്ന ആത്മവൈരുദ്ധ്യംമൂലം മനുഷ്യൻെറ സൃഷ്ടിശക്തികൾ നശിക്കുന്നില്ല; എത്രതന്നെ ദോഷശക്തികൾക്കടിമയായാലും മനുഷ്യൻെറ സൃഷ്ടിപരമായ കഴിവുകൾക്കു കോട്ടമില്ലതന്നെ. എന്നാൽ അവ ശാപഗ്രസ്തമായി, ലക്ഷ്യം തെററി ചരിച്ച്, നശീകരണമുഖാന്തരങ്ങളാകുന്നു.

മനുഷ്യവർഗ്ഗത്തിൻെറ സൃഷ്ടിവൈഭവം എത്ര തന്മയത്വത്തോടെയാണ് ഈ വേദാദ്ധ്യായങ്ങളിൽ വർണ്ണിച്ചിരിക്കുന്നത്. ദൈവം മനുഷ്യനെ 'ഏദൻതോട്ടത്തിൽ വേലചെയ്യാനും അതിനെ കാപ്പാനും അവിടെ ആക്കി' (2.15). പ്രകൃതിയെ രൂപാന്തരപ്പെടുത്തുന്ന സൃഷ്ടി ശക്തിയാണു വേല. മനുഷ്യൻ സകല ജീവജാലങ്ങൾക്കും പേരിട്ട് പ്രകൃതിശക്തികളുടെ ആസൂത്രണം നടത്തുന്നു (2. 19–20). ആട്ടിടയനായ ഹാബേലും കൃഷിക്കാരനായ കയീനും (4.2) വിവിധ വേലകളുടെ അടിസ്ഥാനത്തിൽ ലോകം സൃഷ്ടിച്ച രണ്ടു സംസ്കാരപാരമ്പര്യങ്ങൾ പ്രതിനിധാനം ചെയ്യുന്നു. കയീൻ 'ഒരു പട്ടണം പണിതു' മനുഷ്യനാഗരികതത്തിനടിസ്ഥാനമിട്ടു (4. 17). അവൻെറ പിൻഗാമികളിലൊരാളായ യാബാൽ 'കൂടാരവാസികൾക്കും പശുപാലകന്മാർക്കും പിതാവായിത്തീൗന്നു' (4. 20). വേറൊരാൾ യൂബാൽ ലളിതകലകളുടെ പാരമ്പര്യം സൃഷ്ടിച്ചു; 'ഇവൻ കിന്നരവും വേണുവും പ്രയോഗിക്കുന്ന എല്ലാവർക്കും പിതാവായിത്തീർന്നു' (4. 21). ഇനിയൊരാൾ, തുബൽ കയീൻ, 'ചെമ്പുകൊണ്ടും ഇരുമ്പുകൊണ്ടുമുള്ള ആയുധങ്ങളെ തീർക്കുന്നവനായിത്തീർന്നു' (4. 22). ആധുനിക ശാസ്ത്രസാങ്കേതിക വിപ്ളവങ്ങളുടെ ജനയിതാവ്. പുരാതനകാലത്തെ മല്ലന്മാരുടെ മക്കൾ 'വീരന്മാർ, കീർത്തിപ്പെട്ട പുരുഷന്മാർ' ആയി

രുന്നു (6. 4). ജലപ്രളയകാലത്തുപോലും ജലാശയത്തിൻെറ മുകൾപ്പരപ്പിൽ അനേകം ദിവസങ്ങൾ കേട്കൂടാതെ സഞ്ചരിക്കത്തക്കവണ്ണം 'ഗോഫർ മരംകൊണ്ടു് ഒരു പെട്ടകം' (6. 15) ഉണ്ടാക്കാൻ നോഹയ്ക്കും നോഹയുടെ കാലത്തെ മനുഷ്യർക്കും കഴിഞ്ഞു. നോഹയുടെ പെട്ടകത്തിൽ ഉണ്ടായിരുന്ന ജനങ്ങൾക്കും ജീവജാലങ്ങൾക്കും ഒരനിശ്ചിത കാലത്തേക്കു് ആവശ്യമായിരുന്ന വാസസ്ഥലവും ഭക്ഷണവും പെട്ടകത്തിൽ കൊട്ടക്കത്തക്കവണ്ണം നോഹ സംവിധാനശക്തി പ്രദർശിപ്പിച്ചു (6. 21). നോഹയാണു് ആദ്യമായി മുന്തിരിത്തോട്ടം നട്ടുണ്ടാക്കി ഒരു കാർഷികവിപ്ളവം ചരിത്രത്തിലുണ്ടാക്കിയതു് (9.20). നിമ്രോദ് 'നായാട്ടുവീരനായിരുന്നു' (10:9). മനുഷ്യസമൂഹം ശീനാർ പ്രദേശത്തു 'ഇഷ്ടിക കല്ലായും പശമണ്ണുകുമ്മായമായും ഉപയോഗിച്ചു്' ഒരു പട്ടണവും ആകാശത്തോളം എത്തുന്നൊരു ഗോപുരവും പണിതു് അവരുടെ 'ഒരുമ' പ്രകാശിപ്പിക്കുന്നതിനും അവർക്കുതന്നെ ഒരു 'പേരു'ണ്ടാക്കുന്നതിനും മുതിരുന്നു (11. 3–4). മനുഷ്യവർഗത്തിൻെറ സാങ്കേതികജ്ഞാനം മാത്രമല്ല ആദർശശക്തിയും ഇവിടെ പ്രകടമാകുന്നു. ജലപ്രളയം കാരണമുണ്ടായ മനുഷ്യവർഗ്ഗത്തിൻെറ നാശവും ബാബേൽ കോട്ടയുടെ തകർച്ചയും മനുഷ്യവർഗ്ഗത്തിൻെറ സൃഷ്ടിവൈഭത്തെ വെല്ലുവിളിക്കുക മാത്രമാണു്. അവർ 'ജാതി ജാതിയായും കുലം കുലമായും' (10. 32) വിവിധ ഭാഷാസംസ്കാരങ്ങളായും (11.9) മാനവചരിത്രം പിന്നെയും സൃഷ്ടിക്കയാണു്. ഇങ്ങനെയുള്ള ഒരിക്കലും തീരാത്ത സൃഷ്ടിതൃഷ്ണ മനുഷ്യനു ദൈവദത്തമാണു്.

അതോടൊപ്പംതന്നെ പാപം സൃഷ്ടിശക്തികളെ ശാപഗ്രസ്തമാക്കുന്ന ചരിത്രവും ഇവിടെ കാണാം. സൃഷ്ടിശക്തിയായ അദ്ധ്വാനം ദാരിദ്ര്യവും ക്ഷാമവും തടഞ്ഞുനിർത്തുന്നതിനു മാത്രം ഉതകുന്ന ഉപാധിയായി മാറുന്നു (3.17). കയീൻഗോത്രത്തിൻെറ സൃഷ്ടിശക്തികൾ പ്രത്യേകം എടുത്തു പ്രസ്താവിക്കുന്നതിൽ ദൈവ

ശാസ്ത്രജ്ഞനു പ്രത്യേകം ഉദ്ദേശ്യമുള്ളതുപോലെ തോന്നുന്നു. കയീന്റെ കൊലപാതകാത്മാവു മനുഷ്യന്റെ നാഗരികത്വങ്ങളെയും സംസ്കാരങ്ങളെയും സങ്കേതങ്ങളെയും ഭരിക്കുന്നു എന്നല്ലേ ഇവിടെ സൂചന. കയീൻഗോത്രത്തിന്റെ ശക്തി വർദ്ധിച്ചതോടുകൂടി ലാമേക്കിന്റെ പ്രതികാരബുദ്ധിയും ഏഴെഴുപതിരട്ടി വർദ്ധിക്കുന്നു (4. 23–24). സൃഷ്ടിശക്തിയോടൊപ്പം സംഹാരശക്തിയും പുരോഗമിക്കുന്നു. മുന്തിരി കൃഷിയുടെ ജനയിതാവായ നോഹ അമിതമായി വീഞ്ഞു കുടിച്ചു 'ലഹരിപിടിച്ചു തന്റെ കൂടാരത്തിൽ വസ്ത്രം നീങ്ങിക്കിടന്നു' (9.21). അതിന്റെ അനന്തര ഫലമായി മനുഷ്യജാതികളുടെ ബന്ധത്തിൽ അടിമത്തവും ദുഷ്പ്രഭുത്വവും മാനവചരിത്രത്തിൽ ഉളവാകുന്നു (9. 25–27). മനുഷ്യവർഗ്ഗത്തിന്റെ ഐക്യം മുൻനിർത്തി, മനുഷ്യന്റെ സാങ്കേതിക കഴിവുകൾ ഉപയോഗിച്ച്, ഒരു നാഗരീകത്വം കെട്ടിപ്പണിയുന്നതിനുള്ള മനുഷ്യന്റെ ഉദ്യമം ശ്ലാഘനീയമാണ്. പക്ഷേ സ്വയാശ്രയത്തിന്റെയും അഹങ്കാരത്തിന്റെയും ആത്മാവു വ്യാപരിച്ചതുകൊണ്ടു ഭാഷ കലക്കപ്പെട്ടു, മത്സരം ഉണ്ടായി, 'അവർ പട്ടണം പണിയുന്നതു വിട്ടുകളഞ്ഞു' (11. 7–9). മനുഷ്യന്റെ സുന്ദരങ്ങളായ സാമൂഹ്യാദർശങ്ങൾ പ്രാപിച്ചുകഴിഞ്ഞു എന്നു തോന്നുന്ന വേളയിൽതന്നെ വൈരുദ്ധ്യശക്തികൾ സമൂഹം ഛിന്നഭിന്നമാക്കുന്നതു് ആവർത്തിച്ചുകൊണ്ടിരിക്കുന്ന മനുഷ്യചരിത്രമാണ്.

മനുഷ്യവർഗ്ഗത്തിന്റെ എല്ലാ സൃഷ്ടിശക്തികളെയും ആദർശ സാക്ഷാത്കാരങ്ങളെയും സംഹാരശക്തികളായി മാററുന്ന ഒരു ശാപമാണു മനുഷ്യന്റെ അഹന്തയെ വിരൂപമാക്കുന്ന ആദിപാപം. മനുഷ്യന്റെ അടിസ്ഥാനപ്രശ്നം പ്രസ്തുത ശാപത്തിൽനിന്നുള്ള വിമോചനമത്രെ.

# 5

# യിസ്രായേലും ജാതീയ സംസ്ക്കാരങ്ങളും

എബ്രായ ജാതി അവരുമായി സമ്പർക്കത്തിൽ വന്ന ഇതരജാതികളുടെ മതങ്ങളും, സംസ്കാരങ്ങളും, ശാസ്ത്രങ്ങളും എന്നിവയെ എങ്ങനെ സമീപിച്ചു? പ്രസ്തുത സമീപനത്തിന്റെ ദൈവശാസ്ത്രം എന്തായിരുന്നു?

ദേവലോകം, ലോകോത്പത്തി, ജലപ്രളയം, ആകാശം മുട്ടുന്ന ഗോപുരങ്ങളുടെ തകർച്ച ഇവ സംബന്ധിച്ച കഥകൾ യിസ്രായേൽ ജനത ജീവിക്കയും സഞ്ചരിക്കയും ചെയ്ത പൂർവ്വേഷ്യൻ പ്രദേശങ്ങളിലെ ജനങ്ങളുടെ ഇടയിൽ പൊതുവെ പ്രചാരത്തിലിരുന്നു. അവയെല്ലാം പൗരാണിക സ്വഭാവമുള്ള ഇതിഹാസങ്ങളായിരുന്നു. ഉത്പ. 1–11 അദ്ധ്യായങ്ങളിൽ യിസ്രായേൽ ദൈവശാസ്ത്രജ്ഞന്മാർ അവയിൽ പലതും ഉപയോഗിച്ചിട്ടുണ്ട് എന്നു ഇന്നു പണ്ഡിതലോകം പൊതുവെ അംഗീകരിക്കുന്നു. (വിശദാംശങ്ങൾക്കു വി. വില്യം, പഞ്ചഗ്രന്ഥങ്ങൾ). അവയെ കൈകാര്യം ചെയ്ത വിധത്തിലാണു യിസ്രായേലിന്റെ പ്രത്യേക വിശ്വാസപ്രമാണം പ്രകടമാകുന്നതു്.

ക്രൈസ്തവ സഭയിൽ ഭാരതവൽക്കരണം എന്ന ആശയം, അതായതു ഭാരതത്തിൽ സഭയുടെ ക്രിസ്തീയ ദൗത്യനിർവഹണത്തിനു് ഭാരത സംസ്കാരത്തിൽ വേരുറച്ച ഒരു ഭാരത സഭയ്ക്കു സംവിധാനം നല്കണമെന്ന തത്ത്വം, ഇന്നു മുന്നിട്ടുവരികയാണല്ലോ. അതുപോലെതന്നെ പ്രകൃതിശാസ്ത്രങ്ങളുടെയും സാമൂഹ്യശാസ്ത്രങ്ങളുടെയും പുരോഗതിയിൽ ഉരുത്തിരിയുന്ന ആധുനിക പ്രത്യയശാസ്ത്രങ്ങളും സഭ അഭിമുഖീകരിച്ചു

കൊണ്ടിരിക്കുന്നു. ഇവയോടെല്ലാം സഭ സ്വീകരിക്കേണ്ട നിലപാടെന്തു്, പ്രസ്തുത നിലപാടിനടിസ്ഥാനമായ ദൈവശാസ്ത്രം എന്തു്, എന്നിങ്ങനെയുള്ള ചോദ്യങ്ങൾ ഉന്നയിക്കപ്പെടുന്നു. ഉത്പ. 1–11 ഭാഗത്തിന്റെ പിമ്പിലുള്ള പാരമ്പര്യങ്ങളുടെയും രേഖകളുടെയും വളർച്ചയിൽ യിസ്രായേലും ഇതരജാതീയ സംസ്കാരങ്ങളും തമ്മിൽ എങ്ങനെ ബന്ധിപ്പിക്കപ്പെട്ടിരിക്കുന്നു എന്നാലോചിക്കുമ്പോൾ ഈ ചോദ്യങ്ങൾക്കു യിസ്രായേൽ ദൈവശാസ്ത്രം എന്തുത്തരമാണു നല്കിയതെന്നു നമുക്കു ഗ്രഹിക്കാം. അതു സഭയ്ക്കു വിവിധ സംസ്കാരങ്ങളോടും പ്രത്യയശാസ്ത്രങ്ങളോടും സൃഷ്ടിപരമായി ഉണ്ടാകാൻ കഴിയുന്ന ബന്ധം രൂപവൽക്കരിക്കുന്നതിനു സഹായമായിരിക്കും.

പ്രപഞ്ചോത്പത്തിയുടെ പുരാണവൃത്താന്തം ലോകത്തിലുള്ള എല്ലാ മതങ്ങളിലുമുണ്ടു്. അവയ്ക്കെല്ലാം സാമ്യങ്ങളുമുണ്ടു്. പ്രപഞ്ചത്തിൽ സംഘട്ടനങ്ങളും ക്രമരാഹിത്യവും കലാപങ്ങളും വരുത്തുന്ന ശക്തികളുടെമേൽ വിജയമുണ്ടാവുന്നതിനാണു് നവവത്സര ഉത്സവങ്ങളിലെ ആചാരാനുഷ്ഠാനങ്ങളുടെ ഭാഗമായി പലപ്പോഴും സൃഷ്ടിപുരാണങ്ങൾ ഉരുവിടുന്നതു്. മെഴ്സാ ഏലിയാഡേ പോലെയുള്ള മതപണ്ഡിതരുടെ അഭിപ്രായത്തിൽ മനുഷ്യനു ചരിത്രത്തെയും ഭാവിയെയും സംബന്ധിച്ച ഭയമാണു് ഈ ആചാരങ്ങളുടെ അടിസ്ഥാനം. ഭാവി അന്ധകാരവും അനിശ്ചിതവുമായതിനാൽ ജീവിതത്തിൽ ഭദ്രതാബോധം വളർത്തുന്നതിനു ശാശ്വതമായ നിയമക്രമങ്ങളിന്മേൽ വ്യവസ്ഥാപിതമായ പ്രപഞ്ചസംവിധാനത്തോടും ലോകോത്പത്തിയോടും ബന്ധപ്പെടുകയാണു് ഈ ചടങ്ങിൽ അന്തർലീനമായ ആത്മീയ ലക്ഷ്യം.

മിസ്രയിമ്യരും ബാബിലോണ്യരും കനാന്യരും പുതുവത്സരോത്സവത്തിൽ ലോകോത്പത്തി ആചരിക്കുക പതിവായിരുന്നു. ബാബിലോണിൽ പുരോഹിതന്മാർ ഏനുമാ എലിഷ് എന്ന ഗീതം ചൊല്ലും.

ജലപ്രളയാധിപനായ തിയാമത്ത്ൂ് എന്ന സർപ്പത്തെ സൃഷ്ടിയുടെ ആരംഭത്തിൽ മർദൂക്ക് കീഴടക്കിയ പുരാണമാണു സാരം. കഥ പാടുമ്പോഠം മർദൂക്കിനെ പ്രതിനിധാനംചെയ്യു രാജാവു സന്നിഹിതനായി സർപ്പത്തെ കീഴടക്കുന്ന ഭാഗം അഭിനയിക്കും. ഐതിഹ്യവും അഭിനയവും ഒന്നിച്ചുചേർന്നാൽ രാജാവിനും ജനങ്ങാംക്കും സുരക്ഷിതത്വം കൈവരുമെന്നായിരുന്നു വിശ്വാസം. യിസ്രായേല്യർ കനാൻദേശത്തു പിടിച്ചെടുത്ത പൂജാഗിരികളിലും ഇമ്മാതിരി ഉത്സവാചാരങ്ങാം ഉണ്ടായിരുന്നിരിക്കണം. ഏതായാലും യിസ്രായേലിലെ രാജവാഴ്ചയുടെ കാലത്ത്ൂ്, ഒരുപക്ഷെ യെരുശലേം ദേവാലയത്തിൽതന്നെ, പുതുവത്സരോത്സവങ്ങാം പതിവായിരുന്നുവെന്നും, ആ അവസരങ്ങളിൽ ലോകോത്പത്തിവൃത്താന്തം പാടിയിരുന്നേക്കാമെന്നും പഴയനിയമചരിത്ര ഗവേഷകർ അനുമാനിക്കുന്നു. എന്നാൽ യിസ്രായേൽ ജനതയെ സംബന്ധിച്ചിടത്തോളം അതിൻെറ അത്ഥവും ലക്ഷ്യവും ഇതരമതങ്ങളുടെ ലക്ഷ്യങ്ങളിൽനിന്നു തികച്ചും വിഭിന്നമായിരുന്നു. അവർക്കു് യഹോവ വാഗ്ദാനത്തിൻെറ കർത്താവായിരുന്നു. അതുകൊണ്ടു് ചരിത്രത്തെയും ഭാവിയെയും ഭയത്തോടെയല്ല പ്രതീക്ഷയോടെയാണു് അവർ വീക്ഷിച്ചതു്. ആദിയെക്കാഠം അന്തമായിരുന്നു എബ്രായർക്കു പ്രധാനം. അവർക്കു സൃഷ്ടിവൃത്താന്തം ചരിത്രത്തിൽനിന്നുള്ള ഒളിച്ചോട്ടമല്ലായിരുന്നു; പ്രത്യുത മുമ്പു വ്യക്തമാക്കിയിട്ടുള്ളതുപോലെ, ചരിത്രത്തിലെ ദിവ്യപ്രവർത്തനത്തിനും വാഗ്ദത്തനിവൃത്തിക്കും കളം ഒരുക്കലായിരുന്നു. ഉത്പ. 1—ലെ സൃഷ്ടിപ്പിൻകഥയിൽ കാലത്തിനു നല്കിയിരിക്കുന്ന സ്ഥാനം അദ്വിതീയമാണു്; അതായതു ചരിത്രമാണു് യഹോവയുടെ പ്രഥമ യാഥാർത്ഥ്യമെന്നുള്ള വസ്തുത. സൃഷ്ടിപ്പ്് ആറു ദിവസങ്ങാംകൊണ്ടു നടക്കുന്നു; കാലമാണു് (1. 3—5) എല്ലാററിലും ആദ്യം ഉണ്ടാക്കപ്പെടുന്നതു്. പിന്നീടാണു് ആകാശവും ഭൂമിയും. 'കാലം, ദിവസം, സംവത്സരം' എന്നിവയുടെ നിർണ്ണയം കഴിഞ്ഞാണു്

(1. 14–15) ജീവജാലങ്ങളും മനുഷ്യനും സൃഷ്ടക്കപ്പെട്ടന്നതു്; മനുഷ്യൻ മുഴുവനായി ചരിത്രജീവിയാണെന്നു സാരം. ചരിത്രത്തിനതീതനായ ദൈവത്തോടുള്ള ബന്ധംതന്നെ ചരിത്രജീവിതത്തിലാണു മനുഷ്യൻ പ്രകാശിപ്പിക്കേണ്ടതു്. ഉത്പ. 1–11 ലെ എല്ലാ സൃഷ്ടിപുരാണങ്ങളും ദൈവം ചരിത്രത്തിൽ നടത്തുന്ന രക്ഷാകപ്രവർത്തനങ്ങൾക്കു തയ്യാറെടുപ്പാണെന്നും നാം മുമ്പു കണ്ടുവല്ലൊ.

പഴയനിയമഗ്രന്ഥങ്ങളുടെ മററു ഭാഗങ്ങളിലും സൃഷ്ടിവൃത്താന്തം വിമോചന ചരിത്രത്തിനു മുഖവുരയാണു്. 'യഹോവയുടെ ഭുജമേ, ഉണരുക. ശക്തി ധരിച്ചുകൊൾക, പൂർവ്വകാലത്തും പണ്ടത്തെ തലമുറകളിലും എന്നപോലെ ഉണരുക. രഹബിനെ വെട്ടി മഹാസർപ്പത്തെ കുത്തിക്കളഞ്ഞതു് നീ അല്ലയോ? സമുദ്രത്തെ വലിയ ആഴിയിലെ വെള്ളങ്ങളെതന്നെ, വററിച്ചുകളയുകയും വീണ്ടെടുക്കപ്പെട്ടവർ കടന്നുപോകേണ്ടതിനു സമുദ്രത്തിൻെറ ആഴത്തെ വഴിയാക്കുകയും ചെയ്തതു നീയല്ലയോ' (യെശ. 51. 9–10). ഇവിടെ ആദ്യഭാഗം ബാബിലോണിൽ പ്രചാരത്തിൽ ഇരുന്ന സൃഷ്ടിപുരാണശൈലിയിൽ പ്രപഞ്ചത്തിൻെറ ഉത്പത്തി കുറിക്കുന്നു. സൃഷ്ടിപ്പിൻ പ്രവർത്തനത്തിൻെറ തുടർച്ചയായിട്ടാണു് യിസ്രായേലിൻെറ ചരിത്രത്തിൽ യഹോവയുടെ വിമോചനപ്രവർത്തനം രണ്ടാം ഭാഗത്തു പ്രവാചകൻ വിവരിക്കുന്നതു്. പൂർവ്വകാലത്തു സൃഷ്ടിയിലും വീണ്ടെടുപ്പുചരിത്രത്തിലും ഒരുപോലെ ദർശിച്ച യഹോവയുടെ ഭുജബലം ഇനിയുള്ള യിസ്രായേൽചരിത്രത്തിൽ ദൃശ്യമാകണമെന്നുള്ള പ്രാർത്ഥനയാണതു്. ഭൂതകാലം ഭാവിയുടെപ്രത്യാശയ്ക്കു് അടിത്തറഎന്നർത്ഥം. നെഹെമിയായിലും ദൈവം പ്രപഞ്ചസൃഷ്ടിയിൽ കൂടി ചരിത്രത്തിൽ പ്രവേശിക്കുന്നു. 'നീ മാത്രം യഹോവ ആകുന്നു. നീ ആകാശത്തെയും ഭൂമിയെയും അതിലുള്ള സകലത്തെയും സമുദ്രങ്ങളെയും അവയിലുള്ള സകലത്തെയും ഉണ്ടാക്കി. നീ അവയെഒക്കെയും

രക്ഷിക്കുന്നു. ആകാശത്തിലെ സൈന്യം നിന്നെ നമസ്കരിക്കുന്നു. അബ്രാമിനെ തെരഞ്ഞെടുത്തതു് അവനെ കൽദയ പട്ടണമായ ഊരിൽനിന്നു കൊണ്ടുവന്നു് അവനു് അബ്രാഹാം എന്നു പേരിട്ട ദൈവമായ യഹോവ നീ തന്നെ' (നെഹെ. 9: 6–7)

പുതുവത്സരാചരണത്തിൽ യിസ്രായേലും ഇതര ജാതികളും തമ്മിൽ വേറെയും അന്തരമുണ്ടായിരുന്നു. രാജാവിന്റെ ദിവ്യത്വം പ്രകടമാക്കുന്ന ഇതര ജാതികളുടെ പുതുവത്സരപ്പെരുനാളാചാരങ്ങൾ യിസ്രായേൽ ജനത സ്വീകരിക്കുമ്പോൾ ദൈവത്തിന്റെ രാജത്വം പ്രഖ്യാപിക്കുന്ന മുഖാന്തരങ്ങളായി അവയെ രൂപാന്തരപ്പെടുത്തുന്നു. 'ദൈവം പുരാതനമേ എന്റെ രാജാവാകുന്നു. ഭൂമിയുടെ മദ്ധ്യേ അവർ രക്ഷ പ്രവർത്തിക്കുന്നു. നിന്റെ ശക്തികൊണ്ടു നീ സമുദ്രത്തെ വിഭാഗിച്ചു. വെള്ളത്തിലുള്ള തിമിംഗലങ്ങളുടെ തലകളെ ഉടെച്ചു കളഞ്ഞു. ലിവ്യാഥാന്റെ തലകളെ നീ തകർത്തു. മരുവാസികളായ ജനത്തിനു് അതിനെ ആഹാരമായി കൊടുത്തു' (സങ്കീ. 74: 12–14). ഇവിടെ ചരിത്രത്തിൽ ദൈവം ചെയ്ത വീണ്ടെടുപ്പിൻ പ്രവൃത്തി ഒന്നാമതു പ്രസ്താവിക്കപ്പെടുന്നു. രണ്ടാമതാണു സൃഷ്ടി പ്രവൎത്തനം സൂചിപ്പിക്കുന്നതു്.

ഇപ്രകാരം അവർക്കു യഹോവയെക്കുറിച്ചു് അവരുടെ ചരിത്രത്തിൽ ലഭിച്ച വെളിപ്പാടിനനുയോജ്യമായി ഇതര ജാതികളുടെ സൃഷ്ടിപുരാണങ്ങളുടെ ലക്ഷ്യവും സ്വഭാവവും രൂപാന്തരപ്പെടുത്തിയാണു യിസ്രായേൽജനത അവ സ്വീകരിച്ചു സ്വന്തമാക്കിയതു്. യിസ്രായേൽ ദൈവത്തിന്റെ രക്ഷികപ്രവർത്തനത്തിനു ചരിത്രത്തിൽ കേന്ദ്രസ്ഥാനം നല്കിയതുപോലെ, ഉത്പ. 1–11 ലെ സൃഷ്ടികഥകളിൽ പ്രഖ്യാപിക്കപ്പെടുന്ന വിശ്വാസപ്രമാണത്തിനു കാതലായ മററു വ്യത്യാസങ്ങളുമുണ്ടായിരുന്നു. അവയിൽ ചിലതു താഴെ കൊടുക്കുന്നു.

1. ഏകദൈവവിശ്വാസം. മറെറല്ലാ സൃഷ്ടികളിലും ദേവന്മാരുടെ ബഹളമാണ്. എന്നുമാത്രമല്ല ലോകസൃഷ്ടി ദേവന്മാർ തമ്മിൽ സംഘട്ടനം ഉണ്ടായതിൻെറ ഫലവുമാണ്. ചില ദേവന്മാരെ കൊന്ന് അവരുടെ മാംസമോ രക്തമോ സൃഷ്ടിപ്രക്രിയയിൽ സൃഷ്ടിദേവൻ ഉപയോഗിക്കുന്നു. ജലപ്രളയം വരുത്തുന്നതിനു ദേവലോകം തീരുമാനിക്കുമ്പോൾ ചിലദേവന്മാർ എതിർക്കയും അവർ രഹസ്യമായി മനുഷ്യരിൽ ചിലർക്ക് അറിവുകൊടുക്കയും ചെയ്യുന്നു. ജലപ്രളയം കഴിഞ്ഞു നടക്കുന്ന യാഗത്തിൻെറ സൗരഭ്യം അനുഭവിക്കുന്നതിനു 'ദേവന്മാർ പാററകളെപ്പോലെ പറന്നു എന്നാണ് ബാബിലോണിയപുരാണം പ്രസ്താവിക്കുന്നതു്.

2. പ്രപഞ്ചത്തിനോ മനുഷ്യനോ ദിവ്യത്വമില്ല. സർഗ്ഗശക്തിയുള്ള പ്രപഞ്ചശക്തികൾ, മനുഷ്യരുടെജീവിതം അപകടപ്പെടുത്താൻ കഴിവുള്ളപ്രകൃതിഭാവങ്ങൾ ഇവയ്ക്കെല്ലാം ദിവ്യത്വം ആരോപിക്കുന്ന പതിവു സാർവ്വലൗകികമാണ്. ഈജിപ്ത്, ബാബിലോൺ മുതലായ രാജ്യങ്ങളിൽ വെളിച്ചം സൂര്യചന്ദ്രന്മാർ, ഗ്രഹങ്ങൾ ഇവയ്ക്കു മതപാരമ്പര്യം ദിവ്യത്വം നല്കി. ഈജിപ്തിൽ മൃഗദേവന്മാരെ ആരാധിക്കുന്നമതങ്ങൾ ഉണ്ടായിരുന്നു. മണ്ണിനു ഫലഭൂയിഷ്ഠതയും മനുഷ്യനു സന്താനഭാഗ്യവും നല്കുന്ന സർഗശക്തികൾക്കു ദിവ്യത്വം നല്കി അവയെ പ്രസാദിപ്പിക്കുന്നതിനു ബലികർമങ്ങൾ നടത്തുകയാണു കനാനിലെ ജനങ്ങൾ ബാൽപൂജാഗിരികളിൽ ചെയ്തുകൊണ്ടിരുന്നതു്. വലിയ വൃക്ഷങ്ങളും മലകളും വെള്ളച്ചാട്ടങ്ങളും ദേവന്മാരുടെയോ അസുരന്മാരുടെയോ നിവാസസ്ഥാനങ്ങളായിക്കാണുന്ന പ്രാകൃതവിശ്വാസവും എക്കാലത്തും നിലനിന്നുപോന്നു. എന്നാൽ സൃഷ്ടിയുടെ ഏതു ദിവ്യത്വത്തെയും തികച്ചും തിരസ്കരിക്കുന്ന ഒരു പ്രമാണമാണ് ഉത്പത്തിയിലെ സൃഷ്ടിവൃത്താന്തങ്ങൾ. ഇവിടെ സകലവും ദൈവത്താൽ ഉണ്ടാക്കപ്പെട്ടതു്

സ്ഥലകാലപരിധിയും മർത്ത്യതയുമുള്ളതു്; പരിമിതങ്ങളായ ഭൗതികധർമ്മങ്ങൾ നിറവേററാൻമാത്രം നിയോഗിക്കപ്പെട്ടവ.

ആധുനിക ശാസ്ത്രം ഉടലെടുക്കുന്നതിനു മുമ്പുണ്ടായിരുന്ന പ്രാകൃതശാസ്ത്രം നാലു ദൃശ്യങ്ങളിലാണു ലോകോത്പത്തി വ്യാഖ്യാനിച്ചിരുന്നതു്. ഒന്നു്, ദൈവത്തിൽനിന്നു ജനിച്ചു. രണ്ടു്, ദേവലോകത്തെ സംഘട്ടനത്തിൻെറ ഫലമായി ഉളവായി. മൂന്നു്, ദൈവം കുശവനെപ്പോലെ മെനഞ്ഞു. നാലു്, ദൈവകല്പന മൂലം സംഭവിച്ചു. ഇവയിൽ ഒന്നും രണ്ടും സൃഷ്ടികൾക്കു ദൈവാംശം നല്കി അവയുടെ ദിവ്യത്വത്തിനു വഴിതെളിച്ചുകൊണ്ടു് അങ്ങുമിങ്ങും ഇവ രണ്ടിൻെറയും പ്രതീതികൾ വേദപുസ്തകത്തിലുണ്ടെങ്കിലും, യിസ്രായേൽ ദൈവശാസ്ത്രം പൊതുവെ അവ തള്ളിക്കളഞ്ഞു. പകരം മൂന്നും നാലും ദൃശ്യങ്ങളാണു സ്വീകരിച്ചതു്. ദൈവശാസ്ത്രം പുരോഗതി പ്രാപിച്ചശേഷം രൂപപ്പെട്ട പൗരോഹിത്യ പാരമ്പര്യത്തിൽ വചനത്താലുള്ള സൃഷ്ടിയാണു ശക്തിപ്പെടുത്തിയിരിക്കുന്നതു്.

3. സൃഷ്ടികളെയെല്ലാം നല്ലതും ദൈവോദ്ദേശ്യനിവൃത്തിക്കായി സവിശേഷങ്ങളായ ധർമ്മങ്ങളോടുകൂടി, ദൈവം പരിപാലിക്കുന്ന യാഥാർത്ഥ്യങ്ങളുമാണു്. വചനത്താലുള്ള ദൈവസൃഷ്ടിയും വചനത്തിൻെറ അടിസ്ഥാനത്തിൽ അവയുടെ നിലനില്പും ഈ സത്യം പ്രഖ്യാപിക്കുന്നു.

യിസ്രായേൽ ബാബിലോണ്യ പ്രവാസത്തിൽനിന്നു യെരുശലേമിലേക്കു തിരിച്ചുപോകുന്നതു പേർഷ്യൻ സാമ്രാജ്യത്തിൻെറ ഉയർച്ചയോടുകൂടിയായിരുന്നുവല്ലൊ. പേഷ്യൻ മതതത്ത്വപ്രകാരം സൃഷ്ടി അനന്തമായ രണ്ടു വിരുദ്ധപ്രമാണങ്ങളുടെ സമരതലമാണു്. വെളിച്ചമായ ദൈവത്തിൻെറ സൃഷ്ടിയല്ലാത്തതും, ദൈവത്തിനു് ഒരു കാലത്തും വിധേയമാവാത്തതുമായ ഇരുളിൻെറ ശക്തിനിലനില്ക്കുന്നു. എന്നാൽ ഉത്പത്തി

വൃത്താന്തത്തിൽ ഈ തത്വം യിസ്രായേൽ ദൈവശാസ്ത്രം നിഷേധിക്കുന്നു. വെളിച്ചത്തോടുകൂടി ഇരുളിനെ സൃഷ്ടിച്ചു പരിധി കല്പിച്ച് രാത്രി എന്നു പേരിട്ടതു ദൈവമാണ് (1. 3–4). ദൈവത്തിനു വിരോധമായി മനുഷ്യനെ നയിക്കുന്ന പാമ്പുതന്നെയും 'യഹോവ ഉണ്ടാക്കിയ' കാട്ടുമൃഗങ്ങളിലൊന്നുതന്നെ (3. 1). പൈശാചികശക്തിയുടെ പ്രതീകമായി കണ്ടിരുന്ന ആഴിയിലെ 'വലിയ തിമിംഗലങ്ങൾ' ദൈവസൃഷ്ടികളാണ് (1. 21).

സൃഷ്ടിക്കപ്പെട്ട ലോകം ഭൗതികമായതിനാൽ മുഴുവനും ദോഷപൂർണമാണ്, പൈശാചികമാണ്, ദൈവികർ അയഥാർത്ഥമായ ഭൗതിക പ്രപഞ്ചവും ഭൗതിക ലോകവ്യാപാരങ്ങളും ത്യജിച്ചു സന്യസിച്ച് ആത്മരക്ഷനേടണം എന്നു സാർവ്വത്രികമായ വേറൊരു മതപാരമ്പര്യമുണ്ട്. ഈജിപ്റ്റിൽ എന്നു മാത്രമല്ല എല്ലാ മതങ്ങളിലും നിലനിന്നുപോരുന്ന ശക്തമായ ഒരൊഴുക്കാണിതു്. പ്രാചീനകാലം മുതല്ക്കേ യവനരും ഹൈന്ദവരും അവരുടെ മതബോധത്തിലും തത്വശാസ്ത്രങ്ങളിലും ലോകം മായയെന്ന തത്വത്തിനു പ്രാമാണ്യം കൊടുത്തിരുന്നു. ഇപ്രകാരം ദൈവമല്ലാത്ത സൃഷ്ടിയുടെ അസ്തിത്വം ചോദ്യം ചെയ്യുന്ന സിദ്ധാന്തങ്ങൾ തിരസ്കരിച്ച്, സൃഷ്ടിക്കപ്പെട്ട ലോകത്തിന്റെ അസ്തിത്വവും അവയ്ക്കു ദൈവോദ്ദേശ്യത്തിൽ നല്കിയിരുന്ന അർത്ഥവും പ്രഖ്യാപിക്കുന്ന യിസ്രായേൽ ജനതയുടെ വിശ്വാസപ്രമാണമാണ് ഉത്പത്തിയിലെ സൃഷ്ടിചരിത്രം. ഓരോ ദിവസവും കഴിഞ്ഞു ദൈവം തന്റെ സൃഷ്ടി നല്ലതെന്നുകണ്ടു; സൃഷ്ടി മുഴുവനും 'ഏററം നല്ലതു്' എന്നു ദൈവം പ്രഖ്യാപിച്ചു (1. 4, 11, 12, 18, 25, 31). നല്ലതെന്നു ദൈവം കണ്ട സൃഷ്ടിയിൽ വസ്തുമയമായ ഭൂമിയും ഭൗതിക മനുഷ്യശരീരവും ആഹാരത്തിനുവേണ്ടിയുള്ള മനുഷ്യശരീരത്തിന്റെ വിശപ്പും, ശരീരാദ്ധ്വാനവും, സ്ത്രീപുരുഷബന്ധവും ലൈംഗികദാഹവും എല്ലാം ഉൾപ്പെടുന്നു. ദോഷത്തിന്റെ ഉത്ഭവം ശരീരത്തിലല്ല, ദൈവം നല്ലതും സ്വാതന്ത്ര്യ

മായി സൃഷ്ടിച്ച മനുഷ്യൻെറ ആത്മബോധത്തിലുദി ക്കുന്ന അഹങ്കാരത്തിലാണ്.

4. ശരീരം, സമൂഹം, ചരിത്രം ഇവയോടും മനു ഷ്യൻെറ ആളത്തം അഥവാ ആത്മം അഭേദ്യമായി ബ ന്ധിക്കപ്പെട്ടിരിക്കുന്നു. മനുഷ്യൻ ശരീരാത്മ ദേഹിക ളുടെ ഭിന്നതയില്ലാത്ത സമ്മേളനമാണ്, ഏകത്വമാണ് (2. 7). ശാരീരികമർത്യത, സാമൂഹ്യപരാധീനത(2. 24.)ചരിത്രപ്രാരാബ്ധങ്ങൾ (1. 28) ഇവ മനുഷ്യത്വത്തി ൻെറ തന്നെ യഥാർത്ഥ സ്വഭാവമാണ്. പരിധികളോടു കൂടിയ പ്രസ്തുത മനുഷ്യത്വം ദൈവദത്തമായതിനാൽ നല്ലതുമാണ്. അമരത്വവും സർവ്വജ്ഞതയും മോഹിക്കു ന്നതു പാപത്തിൻെറ ഫലമത്രെ (3. 22). നേരെമ റിച്ച്, ഇവ മനുഷ്യനില്ലാത്തതിനാൽ മനുഷ്യത്വത്തി ന് ഏതോ ന്യൂനതയുണ്ടെന്നുള്ള ബോധമാണു മററു ജാ തികളുടെ സൃഷ്ടി പ്രളയകഥകളെ ഭരിക്കുന്നതു്. ജലപ്രളയത്തിൽനിന്നു രക്ഷപ്പെട്ടു ദേവന്മാർക്കു യാഗം കഴിക്കുന്ന മനുഷ്യർക്കു പ്രതിഫലമായി അവരെ അമര ത്വമുള്ള ദേവന്മാരാക്കുന്നു.

5. മനുഷ്യസൃഷ്ടിയുടെ ദൈവോദ്ദേശ്യം മനു ഷ്യൻെറ നന്മയും മനുഷ്യത്വത്തിൻെറതന്നെ വികസന വുമാണ്. മററു പല മദ്ധ്യേഷ്യൻ സൃഷ്ടികഥകളിലും ദേവന്മാർ മനുഷ്യനെ സൃഷ്ടിക്കുന്നതു് അടിമവേല ചെയ്തു ദേവന്മാരുടെ ജീവിതഭാരം ലഘൂകരിക്കുന്നതി നത്രെ. ദേവന്മാർക്കു പ്രസാദമുണ്ടായാൽ മനുഷ്യരെ ദേവന്മാരാക്കും. അടിമത്തവും ദിവ്യത്വവുമല്ല, വേദ പുസ്തകത്തിൽ മനുഷ്യനെ സംബന്ധിച്ച ഉദ്ദേശ്യം യ ഥാർത്ഥ മാനവികതയാണ്. ദൈവം മനുഷ്യനെ സൃ ഷ്ടിച്ചതു് തോട്ടത്തിൽ വേലചെയ്തു് (2. 15) പ്രകൃതി യെ കീഴടക്കി (1. 24), സമൂഹത്തിൽ കൂട്ടായജീവിതം ചെയ്തു് (1. 27, 2. 24) മനുഷ്യത്വത്തിൽ വളരുന്ന തിനും, ദൈവം ഏഴാം ദിവസം വിശ്രമിച്ചതുപോലെ (2. 2–3) ദൈവസഖിത്വത്തിലും സംസർഗത്തിലും വിശ്രമിക്കുന്നതിനുമാണ്.

ഉത്പ. 1–11 ലെ സൃഷ്ടിപ്രളയകഥകൾക്ക മദ്ധ്യേഷ്യൻ ജനതകളുടെ സൃഷ്ടിപ്രളയ പുരാണങ്ങളോടു വളരെ കടപ്പാടുണ്ട്. അവയുടെ ദൃശ്യങ്ങളും ഭാഷാശൈലികളും ഏകമോ തുല്യമോ ആയിരുന്നു. എന്നാൽ യിസ്രായേൽ അവയുടെ രൂപത്തിലും ലക്ഷ്യത്തിലും വരുത്തിയ വ്യതിയാനങ്ങൾക്ക് അടിസ്ഥാനമായിരുന്ന ദൈവശാസ്ത്രം തികച്ചും നിസ്തുലവും ഇതരവുമായിരുന്നു. പ്രസ്തുത ദൈവശാസ്ത്രത്തിൽ പുനർ നിർവചനം ചെയ്യാവുന്നിടത്തോളം ഏതു ജാതീയ സംസ്ക്കാര ദൃശ്യവും സ്വീകരിക്കുന്നതിനു യിസ്രായേൽ ശങ്കിച്ചില്ല.

പുതിയനിയമം പരിശോധിച്ചാലും ആദിമസഭയുടെ ചരിത്രം പഠിച്ചാലും ദൈവം ക്രിസ്തുവിൽ നിവത്തിച്ച വീണ്ടെടുപ്പിൻ പ്രവർത്തനത്തിൻെറ ആത്യന്തിക സ്വഭാവത്തിൻെറ പ്രകാശത്തിൽ യെഹൂദ, യവന, റോമൻ സംസ്കാരദൃശ്യങ്ങൾ സ്വീകരിച്ചു ക്രിയാത്മകമായി പുനർവിർവചനം ചെയ്തു സ്വീകരിക്കുന്നതിനു ക്രൈസ്തവസഭ തയ്യാറായി എന്നു കാണാം. ആധുനികകാലത്തു പ്രകൃതിശാസ്ത്രം, സാമൂഹ്യശാസ്ത്രം, മനഃശാസ്ത്രം, പ്രത്യയശാസ്ത്രം ആദിയായ ശാസ്ത്രവീക്ഷണങ്ങളെയും ക്രിസ്തുവിൻെറ വെളിച്ചത്തിൽ വിമർശിച്ചു രൂപാന്തരം നല്കി അംഗീകരിക്കുന്നതിനു സഭ മടിക്കുന്നില്ല. ഭാരതസംസ്കാരത്തോടനുബന്ധിച്ച ക്രിസ്തുകേന്ദ്രമായ ദൈവശാസ്ത്രവും സഭാഘടനയും ആരാധനാരീതിയും രൂപപ്പെടുത്തുന്നതിനുള്ള ഉദ്യമങ്ങൾ പ്രസ്തുത ചരിത്രത്തിൻെറ തുടർച്ചയാണു്.

# 6

## ചില പ്രപഞ്ചദർശനങ്ങൾ—സൃഷ്ടി ദൈവശാസ്ത്രത്തിൻെറ പ്രകാശത്തിൽ

ഉത്പ. 1–11 ലെ സൃഷ്ടിപ്രളയ പുരാണങ്ങളിൽ വ്യക്തമാക്കപ്പെട്ടിരിക്കുന്ന ദൈവശാസ്ത്രത്തിൻെറ പ്രധാനഘടകങ്ങളാണല്ലോ കഴിഞ്ഞ അദ്ധ്യായങ്ങളിൽ അവതരിപ്പിച്ചത്. പ്രകൃതിയിലും ചരിത്രത്തിലും നിരന്തരം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ദൈവം; മനുഷ്യകുലത്തിൻെറ സംരക്ഷണം മുൻനിർത്തി മനുഷ്യവർഗ്ഗത്തോടാകമാനം ഉടമ്പടിയിൽ പ്രവേശിക്കുന്ന ദൈവം; മനുഷ്യൻെറ സ്വാതന്ത്ര്യ ആളത്തം, സാമൂഹ്യജീവിതം, സാംസ്കാരികമണ്ഡലം തുടങ്ങിയ അനുഗ്രഹങ്ങൾക്കെല്ലാം ഹേതുവായ ആത്മബോധത്തിനും അവയെ ശാപഗ്രസ്തമാക്കുന്ന അഹങ്കാരത്തിനും ആസ്ഥാനമായ മനുഷ്യൻ, പ്രപഞ്ചത്തിനും മനുഷ്യനും ദിവ്യത്വം നല്കാതെ അസ്തിത്വം പ്രദാനം ചെയ്യുന്ന ദൈവവചനം; മനുഷ്യനെ മനുഷ്യത്വത്തിൽ തികഞ്ഞവനാക്കുന്ന ദൈവത്തിൻെറ സൃഷ്ടി, രക്ഷാകപ്രവർത്തനങ്ങളുടെ രംഗമായ ചരിത്രം; മനുഷ്യൻെറ ജന്മസാഫല്യമായ ശാബത്ത് സ്വസ്ഥത—യിസ്രായേലിൻെറ വിശ്വാസപ്രഖ്യാപനത്തിലെ പ്രമാണങ്ങളാണിവ. ഇതര സൃഷ്ടിപുരാണങ്ങളുടെ ദൃശ്യങ്ങൾ വിനിയോഗിച്ചും അവയിൽ അന്തർലീനമായിരുന്ന വിശ്വാസസംഹിതകളോടനുബന്ധിച്ചുമാണ് യിസ്രായേൽ അവരുടെ വിശ്വാസം ഉൾക്കൊള്ളുന്ന സൃഷ്ടിപ്രളയ വൃത്താന്തങ്ങൾ രൂപവൽക്കരിച്ചത്. യിസ്രായേൽ ദൈവശാസ്ത്രവും അതു് ഇതര സമൂഹങ്ങളോടു സംവാദത്തിൽ പ്രകടമാക്കുന്ന വിധവും ഭാരത ക്രൈസ്തവസഭകൾക്കു മാതൃകയാണെന്നും നാം

ഗ്രഹിച്ചു. ഈ പ്രകാശത്തിൽ ഭാരതസഭകൾ ഭാരതത്തിലെ ഹൈന്ദവസൃഷ്ടിതത്ത്വശാസ്ത്രം, ആധുനികപ്രകൃതിശാസ്ത്രം, സാമൂഹ്യ പ്രത്യയശാസ്ത്രങ്ങൾ ഇവയെ ദൈവശാസ്ത്രരീത്യാ എങ്ങനെയാണു കൈകാര്യം ചെയ്യേണ്ടതു് എന്നു പരിശോധിക്കുകയാണ് അനന്തരപരിപാടി.

## ഹൈന്ദവ തത്ത്വശാസ്ത്രം

ഹൈന്ദവ മതത്തിന്റെ ഏററം പൗരാണിക പാരമ്പര്യം പ്രകാശിപ്പിക്കുന്ന ഋഗ്വേദത്തിന്റെ ആദിഭാഗങ്ങളിൽ പ്രകൃതിശക്തികളെ കുറെയൊക്കെ ആളത്തമുള്ള ദേവീദേവന്മാരായിട്ടാണു ഭാവന ചെയ്തിരിക്കുന്നതു്. എന്നാൽ അവസാനഭാഗത്തു് ഈ ഭാവന വ്യത്യാസപ്പെടുന്നു. ഇവിടെ മഹാ ജലാശയത്തിൽനിന്നു പൊങ്ങിവന്ന ഹിരണ്യഗർഭം ലോകോത്പത്തിക്കു കാരണമായിത്തീരുന്നു. വെള്ളമാണു സകലലോകത്തിന്റെയും അടിസ്ഥാനവസ്തു; അതിൽനിന്നു സ്രഷ്ടാവും ലോകവും പിറക്കുന്നു. ഹിരണ്യഗർഭത്തിനു തുല്യമാണ് ഹൈന്ദവപുരാണങ്ങളിൽ കാണുന്ന ബ്രഹ്മാവു്. ബ്രഹ്മാ വിഷ്ണു മഹേശ്വരന്മാർക്കു സൃഷ്ടിസ്ഥിതിസംഹാരകർത്തവ്യങ്ങളാണ്. ബ്രഹ്മാവു സൃഷ്ടിക്കുന്നു, വിഷ്ണു രക്ഷിക്കുന്നു, ശിവൻ സംഹരിക്കുന്നു എന്നു്.

ഹൈന്ദവ തത്വശാസ്ത്രം ഉപനിഷത്തുകളിലാണുവികാസം പ്രാപിക്കുന്നതു്. ആചാര്യന്മാർ അവയുടെ വ്യാഖ്യാതാക്കൾ, ബ്രഹ്മം, ആത്മം, ലോകം ഇവ മൂന്നും തമ്മിലുള്ള ബന്ധമാണു പ്രതിപാദനവിഷയം. ശ്രീ ശങ്കരാചാര്യരുടെ അദ്വൈതവേദാന്തം സൃഷ്ടിയെ വിവർത്തവാദത്തിലാണു ഗ്രഹിക്കുന്നതു്. അതനുസരിച്ചു നിർഗ്ഗുണബ്റഹ്മം മാത്രമാണ് ഏകസത്യം. മനുഷ്യനിലെ ബ്രഹ്മപ്രതിഭാസമാണ് ആത്മം. 'തത്ത്വമസി' (നീ അതുതന്നെ). ലൗകികവ്യാപാരങ്ങളിൽ വ്യാപൃതരായിരിക്കുന്ന മനുഷ്യവ്യക്തിത്വ (ജീവാത്മാവു്)ത്തിനോ ഗുണദോഷവിവേച-

നങ്ങളംക്കോ വ്യാവഹാരിക യാഥാർത്ഥ്യമല്ലാതെ പാരമാർത്ഥിക യാഥാർത്ഥ്യമില്ല. വഴിയിൽ കിടക്കുന്ന കയർ പാമ്പാണെന്നു തെററിദ്ധരിച്ചു ഭ്രമിക്കുന്ന മനുഷ്യനു പാമ്പ് ഒരുവിധത്തിൽ യാഥാർത്ഥ്യമായിത്തോന്നുന്നതുപോലെ അജ്ഞതയിൽ ജീവാത്മാക്കാംക്കു ലോകം യഥാർത്ഥത്തിൽ മിഥ്യയെങ്കിലും സത്യമായിതോന്നും. അതനുസരിച്ച് അവൻ വ്യാവഹാരിക ലോകത്തിൽ പെരുമാറും. സത്യാസത്യങ്ങളം കൂട്ടിച്ചേർന്ന മായയാണ് അനേക പദാർത്ഥങ്ങളും ജീവാത്മാക്കളുമുാംക്കൊള്ളുന്ന ലോകം. ബ്രഹ്മം ഏക പരമസത്യം. സ്രഷ്ടാവായ ഈശ്വരൻതന്നെ മായാലോകത്തിന്റെ ഭാഗമാണ്. മായയിൽകൂടി ബ്രഹ്മത്തിന്റെ വിവർത്തനമാണു സൃഷ്ടി. ബ്രഹ്മലീല. അജ്ഞത നിലനില്ക്കുന്നിടത്തോളം ജീവാത്മാക്കാം സംസാര ലോകത്തു ജനന മരണ ചക്രത്തിൽ കുടുങ്ങിയിരിക്കും. തത്ത്വമസി എന്ന ആത്മബ്രഹ്മ ഏകതാജ്ഞാനം ഉദിക്കുമ്പോാം ചക്രത്തിൽനിന്നു വിമുക്തമായി. ഈശ്വരവിശ്വാസവും ഈശ്വരഭക്തിയും സൽക്കർമ്മങ്ങളും ഈ ജ്ഞാനോദയത്തിലേക്കു പോകാൻ താഴത്തെ ചവിട്ടുപടികളായിത്തീരാം. എന്നാൽ ആത്മജ്ഞാനത്തോടുകൂടി അവയും അയഥാർത്ഥങ്ങളായി മാറും. ഈ തത്ത്വസംഹിതയിൽ ജീവാത്മാവ് ആത്മത്തിന്റെ ഒരു വീഴ്ചയാണ്. മനുഷ്യനോ ലോകചരിത്രത്തിനോ സ്രഷ്ടാവിനോ രക്ഷിതാവിനോ പാരമാർത്ഥികസത്തയിൽ അസ്ഥിത്വമോ അർത്ഥമോ ഇല്ലെന്നു വ്യക്തമാണല്ലൊ.

നിരീശ്വരത്വം പ്രഖ്യാപിച്ച സാംഖ്യാ ദർശനവും ഈശ്വരഭക്തിക്കു സ്ഥാനം നല്കിയ ശ്രീരാമാനുജാചാര്യരുടെ വിശിഷ്ടാദ്വൈതവും വിവർത്തവാദത്തിലല്ല പരിണാമവാദത്തിലാണ് സൃഷ്ടി വ്യാഖ്യാനിക്കുന്നതു്. സാംഖ്യാതത്ത്വപ്രകാരം പുരുഷൻ (ചിത്തം), പ്രകൃതി (അചിത്തം) എന്നീ രണ്ടു അന്ത്യസത്യങ്ങളുണ്ടു്. പുരുഷൻ നിത്യാത്മാക്കളുടെ സമൂഹമാണ്. പ്രകൃതി നിരന്തരപരിണാമത്തിൽ ശരീര

ങ്ങൾ സൃഷ്ടിക്കുന്നു. യുഗാന്ത്യത്തിൽ നശിപ്പിക്കുന്നു. പിന്നെയും പരിണാമത്തിൽ പ്രവേശിക്കുന്നു. ആത്മാക്കൾ ശരീരങ്ങളിൽ ബന്ധിക്കപ്പെട്ട ജീവാത്മാക്കളാവുമ്പോൾ അവ സ്വന്ത ആത്മീയ സ്വഭാവം മറന്നു്, ജനന മരണ ചക്രത്തിലടിപ്പെടുന്നു. വിശിഷ്ടാദ്വൈത ദർശനത്തിൽ പുരുഷൻ. പ്രകൃതി ഇവയുടെ കാരണം പരമപുരുഷൻ (ബ്രഹ്മം) അത്രെ. രണ്ടും പരമപുരുഷനിൽ സ്ഥിതിചെയ്യുന്നു. അവയുടെ അന്തർയാമിയായിരുന്ന പരമപുരുഷൻ അവയുടെ പരിണാമപ്രതിഭാസങ്ങൾ നിയന്ത്രിക്കുന്നു. നിരന്തരപരിണാമത്തിലിരിക്കുന്ന ജീവാത്മാവും ലോകവും അന്തർയാമിയായ പരമപുരുഷൻെറ ശരീരം അഥവാ വിശിഷ്ടത എന്നു നിർവചിക്കാം. അവ ഈശ്വരൻെറ അംശമായും വ്യാഖ്യാനിക്കാം. ഒരുവിധത്തിൽ ആലോചിച്ചാൽ വിശിഷ്ടാദ്വൈതം ജീവാത്മാക്കൾക്കും ലോകത്തിനും ഒരളവിൽ സത്യസത്തയിൽ അസ്തിത്വം നല്കുന്നു. എന്നാൽ സൃഷ്ടിയുടെ പരിണാമത്തിലിരിക്കുന്ന പുരുഷനും പ്രകൃതിയും ഉത്പ. 1–11 ലെ ഭാഷാശൈലിയിൽ വ്യാഖ്യാനിച്ചാൽ, ദൈവത്തിൽനിന്നു ജനിച്ചതാണു്. ദൈവത്താൽ സൃഷ്ടിക്കപ്പെട്ടതല്ല, അവസ്ഥ്യ് ആദിയന്തങ്ങൾ ഇല്ലതന്നെ. കൂടാതെ അവയുടെ പരിണാമഫലമായി ജീവാത്മക്കളും ലോകസമൂഹവും ഉളവാകുന്നതു പരമേശ്വര നിയന്ത്രണത്തിലാണെങ്കിൽതന്നെ ആത്മത്തിൻെറ അജ്ഞതയും ജനനമരണ ചക്രത്തിൽ അടിമത്വവുമാണു ഫലം. സൃഷ്ടി നല്ലതല്ല. കർമ്മ സംസാരത്തിൽനിന്നു വിമുക്തിയാണു് അന്തിമനന്മ. ലോകചരിത്രം യുഗായുഗങ്ങളുടെ പരിണാമത്തിൻെറ ഒരു ഭാഗമെന്ന നിലയ്ക്കു സത്യത്തിൽ അർഥശൂന്യമാണു്.

വേദാന്ത ചട്ടക്കൂട്ട ത്യജിക്കാതെ ലോകത്തിനും ചരിത്രത്തിനും അർഥവും ലക്ഷ്യവും ഉണ്ടാക്കുന്നതിനാണു സ്വാമി വിവേകാനന്ദൻ, ഡോ. രാധകൃഷ്ണൻ, ശ്രീ. അരവിന്ദഘോഷ് ആദിയായവരുടെ ഹൈന്ദവധർമ്മദർശന വ്യാഖ്യാനങ്ങൾ ഉദ്യമിച്ചിട്ടുള്ളതു്. മനുഷ്യ

ജീവികാംക്കം അവരുടെ സാമൂഹ്യബന്ധങ്ങാംക്കം മാനവചരിത്രത്തിനും ആത്മീയ അത്ഥവും ലക്ഷ്യവും ലഭിക്കത്തക്കവണ്ണം മായയ്ക്കും സൃഷ്ടിപ്രമാണമായ ഈശ്വരനും ബ്രഹ്മസത്തയിൽതന്നെ ഒരു സ്വതന്ത്ര നിലനില്പ്പ നല്കുകയാണു രാധാകൃഷ്ണൻ. മനുഷ്യമൂല്യങ്ങളുടെ നാശമല്ല, പൂർണ്ണതയാണു ബ്രഹ്മജ്ഞാനവും മോക്ഷവും എന്നു്. ബ്രഹ്മം ഏക യാഥാർത്ഥ്യ സർവ്വം ബ്രഹ്മം—ഈ രണ്ടു സത്യങ്ങളും യോജിപ്പിച്ചു് അന്ത്യ യാഥാർത്ഥ്യമായ ബ്രഹ്മം പ്രകൃതിയിലും ചരിത്രത്തിൻെറ വിവിധ പടികളിലുംകൂടി ജ്ഞാനികളുടെ സമൂഹം എന്ന പരമലക്ഷ്യത്തിലേക്കു പ്രയാണം ചെയ്യുന്നു എന്നാണു് അരവിന്ദഘോഷ് സമർത്ഥിക്കുന്നതു്. ഈ മാർഗ്ഗത്തിൽ ചരിക്കുന്ന ഹൈന്ദവധർമ്മത്തിൻെറ പുനർവ്യാഖ്യാനങ്ങളെല്ലാം സ്വാഗതാർഹങ്ങളാണു്. ശ്രീ ആഞ്ഞിലിവേലിൽ വി. മാത്യു രചിച്ച ഉപനിഷത്തു ചിന്തകാം ക്രിസ്തീയ വേദശാസ്ത്രത്തിനു യോജിച്ചവിധം ഹൈന്ദവദർശനങ്ങളിലെ ബ്രഹ്മം—ഈശ്വരൻ—ലോകം ബന്ധങ്ങാം എന്തുമാത്രം പുനർനിർവചനം ചെയ്യാൻ സാധിക്കുമെന്നു തെളിയിക്കുന്നു. ഈശ്വരൻ ബ്രഹ്മത്തോടു തത്ത്വത്തിൽ ഏകമാണെന്ന സിദ്ധാന്തത്തിൻെറ അടിസ്ഥാനത്തിൽ മാത്രമേ ലോകത്തിനു യഥാത്ഥത്തിൽ അസ്തിത്വം ഉളവാകൂ. ഈ വഴിക്കാണു റെയ്മണ്ടു പണിക്കർ എന്ന ദൈവശാസ്ത്രജ്ഞൻെറ നീക്കം.

## ആധുനിക പ്രകൃതിശാസ്ത്രം

ആധുനിക പ്രകൃതിശാസ്ത്രത്തിൽ ഡാർവിൻ പരിണാമവാദം ഉന്നയിച്ചപ്പോാം ദൈവശാസ്ത്രജ്ഞന്മാരും പ്രകൃതിശാസ്ത്രജ്ഞന്മാരും തമ്മിൽ ഒരു സംഘട്ടനം തന്നെയുണ്ടായി. ഉത്പ. 1, 2 അദ്ധ്യായങ്ങാം പ്രകൃതിശാസ്ത്രമായി ദൈവശാസ്ത്രജ്ഞാർ രൂപാന്തരപ്പെടുത്തുകയും പ്രകൃതിശാസ്ത്രങ്ങളെ പ്രകൃതിശാസ്ത്രജ്ഞന്മാർ ദൈവശാസ്ത്രമായി അവരോധിക്കയും ചെയ്തതിൻെറ

ദ്ദഷ്ഫലമായിരുന്ന പ്രസ്തുത സംഘർഷം എന്ന് ഇന്ന് എല്ലാവരും സമ്മതിക്കും. ലോകവും മനുഷ്യനും ദൈവോദ്ദേശ്യത്തിൽ ഉളവായി. പ്രസ്തുത ഉദ്ദേശ്യസാക്ഷാത്കാരം അവയുടെ അന്തമാണ് എന്നത്രെ വേദപുസ്തകം പ്രസ്താവിക്കുന്നത്. അതു സൃഷ്ടിയുടെ ആത്മീയാർത്ഥവും ലക്ഷ്യവും പ്രഖ്യാപിക്കുന്നു. ലോകം എങ്ങനെ സൃഷ്ടിക്കപ്പെട്ടു, എപ്പോൾ സൃഷ്ടിക്കപ്പെട്ടു എന്നും മററുമുള്ള ചോദ്യങ്ങൾക്ക് ഉത്പത്തിപുസ്തകം ഉത്തരം നല്കുന്നില്ല, എന്നു മാത്രമല്ല, വേദപുസ്തകത്തിൽ ലോകോത്പത്തിയുടെ രണ്ടു ഭിന്നവിവരണങ്ങൾ ഉത്പ. 1, 2 ഈ ഭാഗങ്ങളിൽ ഒരുമിച്ചുചേർത്തിരിക്കുന്നതിനാൽ, പ്രസ്തുത ചോദ്യങ്ങളിലല്ല വേദപുസ്തക രചനാകർത്താക്കൾക്കും സംവിധായകർക്കും താൽപര്യമെന്നു നിശ്ചയമാണ്. അവർ ജീവിച്ചകാലത്തു പ്രചാരത്തിലിരുന്ന വിവിധ ശാസ്ത്രതത്ത്വങ്ങൾ സ്വീകരിച്ചു പ്രകൃതിയും മനുഷ്യനും ദൈവവും തമ്മിലുള്ള ആത്മീയബന്ധം നിർവചിക്കുന്ന ഉപാധികളാക്കി മാററുകയായിരുന്നു. ക്രിസ്തീയ വിശ്വാസി ആധുനിക പ്രകൃതിശാസ്ത്രങ്ങളെയും സമീപിക്കുന്നതു് ഈ മാതൃകയിൽ തന്നെയായിരിക്കണം.

'നിരന്തരപരിണാമം' എന്ന സിദ്ധാന്തമാണു ലോകോത്പത്തിക്കും പുരോഗതിക്കും പിമ്പിൽ ആധുനികശാസ്ത്രം ദർശിക്കുന്നതു്. 'ഇതിൽ രണ്ടുപ്രധാന തത്ത്വങ്ങൾ അടങ്ങിയിട്ടുണ്ടു്. ഒന്നു്, ഭൗതികലോകവും ജീവജാലങ്ങളും മനുഷ്യരാശിയും ഒരേ ഒരു ധാതുവിൻെറ പരിണാമചരിത്രത്തിൽ ഉളവായ പരസ്പരബന്ധമുള്ള യാഥാർത്ഥ്യങ്ങളാണു്. അടിസ്ഥാനധാതു വസ്തുവോ ഊർജ്ജതയോ എന്നു പറവാൻ നിവ്വാഹമില്ലതാനും; രണ്ടു്, കേവലത്തിൽനിന്നു നാനാത്വത്തിലേക്കും സങ്കീർണ്ണതയിലേക്കുമാണു പരിണാമംമൂലം ലോകം പുരോഗമിക്കുന്നതു്. അതായതു വസ്തു, ജീവൻ, മനസ്സു്, ആത്മബോധം എന്നിങ്ങനെയാണു പരിണാമഗതിയെന്നു്. പ്രസ്തുതപുരോഗതിയെ ഭരിക്കുന്ന നിയമ

ങ്ങരം ഓരോ പുതിയ യാഥാർത്ഥ്യത്തിൻെറ ആവിർഭാവത്തോടുകൂടി വ്യത്യാസപ്പെട്ടുകൊണ്ടിരിക്കും. വസ്തുവിൻെറ ചലനം യാന്ത്രികമായിട്ടാണെങ്കിൽ, ജീവൻെറ ആവിർഭാവത്തോടുകൂടി പരിസരത്തോടു ചേർന്നു പോകുന്നതിനു ജീവനും പരിസരവും തമ്മിലുള്ള ജീവബന്ധമാണു് പിന്നത്തെ ഗതി തീരുമാനിക്കുന്നതു്; മനസ്സും ആത്മബോധവുമുള്ള മനുഷ്യൻ ഉണ്ടായിക്കഴിഞ്ഞതോടെ, മനുഷ്യൻെറ ഉദ്ദേശ്യശക്തിയാണു ലോകപരിണാമം നിയന്ത്രിക്കുന്നതു്. എങ്ങനെ ലോകം ഉത്ഭവിക്കുന്നു എന്ന ചോദ്യത്തിനു് ആധുനികശാസ്ത്രം നല്കുന്ന പരിണാമസിദ്ധാന്തം അംഗീകരിക്കുന്നതിനു് ഉത്പ. 1–11 ലെ ദൈവശാസ്ത്രത്തിനു യാതൊരു പ്രയാസവും ഉണ്ടാകേണ്ട കാര്യമില്ല. കാരണം, അതിൻെറ കേന്ദ്രതത്ത്വം പ്രസ്തുത പരിണാമത്തിൻെറ അടിസ്ഥാനകാരണം യാദൃച്ഛികതയല്ല, ദൈവത്തിൻെറ പരമോദ്ദേശ്യമാണെന്നത്രെ. മനുഷ്യൻെറ ഉദ്ദേശ്യശക്തിയുടെ ആവിർഭാവത്തോടുകൂടി ദൈവത്തിൻെറ പരമോദ്ദേശ്യം ഗ്രഹിച്ചു ലോകപരിണാമം മുന്നോട്ടു നയിക്കുന്ന ഉത്തരവാദിത്വം മനുഷ്യനുണ്ടെന്നുതന്നെ.

ആധുനിക ശാസ്ത്രങ്ങരം മനുഷ്യനും ലോകവും സംബന്ധിച്ച നിരീക്ഷകൻെറ പഞ്ചേന്ദ്രിയങ്ങരംക്കു് അനുഭവവേദ്യമായി അളക്കുവാൻ കഴിയുന്ന ബാഹ്യസത്യങ്ങളാണു കൈകാര്യം ചെയ്യുന്നതു്. ഒരളവിൽ പ്രകൃതിശാസ്ത്രജ്ഞൻ യുക്തിവാദിയാണു്, ഭൗതികവാദിയാണു്. അതു പ്രകൃതിയുടെമേൽ മനുഷ്യൻെറ ആധിപത്യം സ്ഥാപിക്കുന്നതിനു് ഉപാധിയത്രെ. എന്നാൽ ബാഹ്യസത്യപരിജ്ഞാനത്തിൻെറ അടിസ്ഥാനത്തിൽ മനുഷ്യൻെറ അഹന്ത സംബന്ധിച്ച ആത്മനിഷ്ഠമായ ദൈവശാസ്ത്രസത്യങ്ങരം നിഷേധിക്കയോ അവ നിർവ്വചിക്കയോ ചെയ്യുമ്പോരം പ്രകൃതിശാസ്ത്രം സ്വന്തം മേഖലവിട്ടു് അപഥസഞ്ചാരം ചെയ്യുകയാണു്. ദൈവശാസ്ത്രവും പ്രകൃതിശാസ്ത്രവും പരസ്പരം ബന്ധമില്ലെന്നു് ഇതിനർത്ഥമില്ല. വ്യക്തിയുടെയും സമൂഹത്തി

ൻെറയും മാനുഷികലക്ഷ്യങ്ങളും അവ പ്രാപിക്കുന്നതി നാവശ്യമായ മാർഗങ്ങളും തമ്മിൽ ബന്ധപ്പെടുത്തുന്ന തിനു ദൈവശാസ്ത്രവും പ്രകൃതിസാമൂഹ്യശാസ്ത്രങ്ങളും അന്യോന്യം സഹകരിച്ചെങ്കിലേ കഴിയൂ. മനുഷ്യരുടെ മനുഷ്യത്വത്തിൻെറ വിവിധവശങ്ങളോടു പൂർണ്ണമായി നീതിചെയ്യുന്ന പ്രായോഗിക മനുഷ്യാത്മകത്വങ്ങളും സാമൂഹ്യപ്രത്യയശാസ്ത്രങ്ങളും ഇമ്മാതിരി സഹകരണത്തിൻെറ ഫലമായിട്ടാണ് ഉളവാകേണ്ടതു്.

പ്രകൃതിനിയമങ്ങൾ, മനുഷ്യസ്വാതന്ത്ര്യം, ഈശ്വരോദ്ദേശ്യം ഇവ സമ്മേളിച്ചതാണു മനുഷ്യൻെറ ആളത്തവും സമൂഹവും ലോകചരിത്രവും. മനുഷ്യനെ ചലിക്കുന്ന കേവലം ഒരു പിടിമണ്ണായോ, ചിന്തിക്കുന്ന ഒരു മൃഗമായോ. ആത്യന്തികമായി ഗ്രഹിക്കുക അസാദ്ധ്യമത്രെ. അതുപോലെതന്നെ പ്രകൃതിയുമായി യാദൃച്ഛികബന്ധം മാത്രമുള്ള ഈശ്വരാംശമായ ആത്മാവായും മനുഷ്യനെ വ്യാഖ്യാനിക്കുന്നതു് അബദ്ധമാണ്. എന്തും സൃഷ്ടിക്കുന്നതിനു വൈഭവമുള്ള സ്വാതന്ത്ര്യം മനുഷ്യന് ഇല്ല. പ്രകൃതിനിയമത്തോടും ദൈവഹിതത്തോടും അഭേദ്യമായി ബന്ധിക്കപ്പെട്ട് അവയുടെ ചട്ടക്കൂട്ടിലാണ് അവൻെറ നില. പ്രകൃതിയുടെ നിർബന്ധവും ദൈവോദ്ദേശ്യത്തിൻെറ ആത്മീയ പ്രേരണയും മനുഷ്യജീവിതത്തിൻെറ പശ്ചാത്തലമത്രെ. അതിനുള്ളിൽ പ്രകൃതിയോടും സമൂഹത്തോടും സ്വന്തം ആത്മസത്തയോടും ബന്ധപ്പെട്ടുചരിത്രം സൃഷ്ടിക്കുവാൻ സ്വാതന്ത്ര്യശക്തിയുള്ള അഹന്തയാണു മനുഷ്യൻ. അഹന്തയുടെ ലക്ഷ്യങ്ങൾ നിശ്ചയിക്കുന്നതു ദൈവഹിതത്തോടു മനുഷ്യൻ സ്വീകരിക്കുന്ന നിലപാടാണ്. പ്രസ്തുത നിലപാടിൻെറ സ്വഭാവമാണ് ഉത്പത്തിയിൽ സൃഷ്ടിവീഴ്ച കഥകളുടെ പ്രതിപാദനവിഷയം. ആത്മനിഷ്ഠമായ ഈ രംഗത്തെ സത്യങ്ങളോടുബന്ധപ്പെടാതെ വന്നാൽ പ്രകൃതിസാമൂഹ്യശാസ്ത്രങ്ങൾതന്നെ മനുഷ്യസമൂഹത്തിൽ അനീതിക്കും ലോകത്തിൻെറ നാശത്തിനും വഴിതെളിക്കുന്നതും ലക്ഷ്യമില്ലാതെയോ

ലക്ഷ്യം തെററിയോ ചരിക്കുന്നതുമായ രാക്ഷസീയ ശക്തികളായി ഭവിക്കും.

പണ്ഡിത ജവഹർലാൽനെഹ്റു ഇങ്ങനെ പ്രസ്താവിക്കുന്നു: 'മനുഷ്യൻ ഒരു മൺതരിയായിരിക്കാം. എന്നാൽ കാലാന്തരത്തിൽ ഈ തരി, ഭൂമിയിൽ ആധിപത്യം സ്ഥാപിച്ച്, പ്രപഞ്ചരഹസ്യങ്ങൾ ആരാഞ്ഞറിഞ്ഞു്, പ്രകൃതിയുടെ അനിയന്ത്രിതശക്തികളെ മനുഷ്യോപയോഗമുള്ളതാക്കിത്തീർത്തു. ഭൂമി, ആകാശം ഇവയെക്കാൾ ഏറ്റം അത്ഭുതം, നിരന്തരം വളർച്ച പ്രാപിക്കുന്നതും നവംനവങ്ങളായ ലോകങ്ങൾ കീഴടക്കാൻ വെമ്പൽകൊള്ളുന്നതുമായ മനുഷ്യമനസ്സും ആത്മബോധവുമാണു്'. നെഹ്റു തുടരുന്നു: 'ശാസ്ത്രം മൂലം ലോകം മുന്നോട്ടു കുതിച്ചുചാടി. എങ്കിലും ലോകം കരുപ്പിടിപ്പിക്കാനുള്ള ശക്തി ശാസ്ത്രത്തിനു ലഭിച്ചപ്പോൾ തന്നെ, എന്തോ പ്രധാന ഘടകത്തിൻെറ അഭാവം വ്യക്തമായി. അന്ത്യലക്ഷ്യങ്ങളെപ്പററി പരിജ്ഞാനമില്ലായ്മ എന്നു മാത്രമല്ല, ഉടനേ പ്രാവർത്തികമാക്കേണ്ട ലക്ഷ്യം പോലും അറിവില്ല. കാരണം, ശാസ്ത്രം ജീവിതോദ്ദേശ്യം സംബന്ധിച്ച് ഒന്നും പറയുന്നില്ല. അതുകൊണ്ടു ശാസ്ത്രം ഒരു രാക്ഷസനുസമം കണ്ടതെല്ലാം നശിപ്പിച്ചും വിഴുങ്ങിയും ഓടുന്ന കാഴ്ചയാണു നാം കാണുക.' ശാസ്ത്രത്തിനതീതവും, എന്നാൽ ശാസ്ത്രം ആവഹിച്ച വമ്പിച്ചശക്തികൾ മാനവമൂല്യങ്ങൾക്കു വിധേയമാക്കാനാവശ്യവുമായ ആത്മബോധവും അതോടനുബന്ധിച്ച ജീവിത ലക്ഷ്യങ്ങളുമാണു്, സൃഷ്ടി, രക്ഷ, ആദിയായ ദൈവശാസ്ത്രതത്ത്വങ്ങൾ പ്രതിപാദിക്കുന്നതു്.

# 7

# ഉല്പ. 1-11 പുതിയനിയമത്തിൽ

ദൈവം ക്രിസ്തുവിൽക്കൂടി ലോകം പുതുക്കുന്നു. പുനർസൃഷ്ടി ചെയ്യുന്നു. ഇതാണു ക്രൈസ്തവ സുവിശേഷം. ഇതു പുതിയനിയമ ഗ്രന്ഥങ്ങളിലെ കേന്ദ്രപ്രതിപാദനവിഷയം. ദൈവത്തിൻെറ രക്ഷാകരപ്രവർത്തനത്തിൻെറ പശ്ചാത്തലം ദൈവത്തിനു ലോകത്തിന്മേലുള്ള സൃഷ്ടികർത്തൃത്വമാണെന്നു പുതിയ നിയമം വ്യക്തമാക്കുന്നു. ആദ്യത്തെ സൃഷ്ടിയുടെ തുടർച്ചയും ശുദ്ധീകരണവുമാണു രണ്ടാമത്തെ സൃഷ്ടി. രണ്ടിനും കേന്ദ്രം യേശുക്രിസ്തുതന്നെ. ദൈവോദ്ദേശ്യം മുൻനിർത്തി സൃഷ്ടിക്കപ്പെട്ട ലോകം പ്രസ്തുത ഉദ്ദേശ്യത്തിൽനിന്നു തെററി സഞ്ചരിക്കുമ്പോഴും സ്രഷ്ടാവിൻെറ പരിപാലനത്തിൽകീഴിലത്രെ.

## ദൈവവചനം സൃഷ്ടിക്കു് ആധാരം

രക്ഷയുടെ സുവിശേഷം സ്രഷ്ടാവിങ്കലേക്കു മനുഷ്യജാതിയുടെ തിരിച്ചുവരവായിട്ടാണു പുതിയ നിയമം വ്യാഖ്യാനിക്കുന്നതു്. പൗലോസും ബർന്നബാസും ഭൂമിയിലിറങ്ങിവന്ന ദേവന്മാർ എന്നെണ്ണി അവർക്കു യാഗം കഴിപ്പാൻ ജനം തുനിയുമ്പോഴ, അവർ ജനങ്ങളെ വിലക്കി പ്രസ്താവിക്കുന്നതു്: 'നിങ്ങൾ ഈ വ്യർത്ഥകാര്യങ്ങളെ വിട്ടു്, ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ള സകലവും ഉണ്ടാക്കിയ ജീവനുള്ള ദൈവത്തിങ്കലേക്കു തിരിയണം എന്നുള്ള സുവിശേഷം ഞങ്ങൾ നിങ്ങളോടു് അറിയിക്കുന്നു' എന്നാണു്. മനുഷ്യജാതിയെ ലൗകികമായി അനുഗ്രഹിച്ചു പോററിപ്പുലർത്തുന്നതിൽ ദൈവം തൻെറ സാക്ഷ്യവും നൽകിയിട്ടുണ്ടു്'' 'ആകാശത്തുനിന്നു മഴയും ഫലപുഷ്ടിയുള്ള

കാലങ്ങളും നിങ്ങൾക്കു തരികയും ആഹാരവും സന്തോഷവും നല്കി നിങ്ങളെ തൃപ്തരാക്കുകയും ചെയ്തുപോന്നതിനാൽ തന്നെക്കുറിച്ചുള്ള സാക്ഷ്യം തരാതിരുന്നിട്ടില്ല' (അപ്പൊ. പ്ര. 14. 15–17). ഈ സാക്ഷ്യം ആത്മനിഷ്ഠമാകയാൽ മനുഷ്യൻ 'ദൈവത്തെ ഓർത്തു മഹത്വീകരിക്ക'യും 'നന്ദി കാണിക്ക'യും ചെയ്യുന്നതിലാണ് അതു മനുഷ്യനു് അർത്ഥവത്താകുന്നതു് (റോമ. 1.21

'ഈ കാണുന്ന ലോകത്തിനു ദൃശ്യമായതല്ല കാരണം എന്നു വരുമാറു് ലോകം ദൈവത്തിൻെറ വചനത്താൽ നിർമ്മിക്കപ്പെട്ടു എന്നു നാം വിശ്വാസത്താൽ അറിയുന്നു' (എബ്രാ,11: 3). 'ലോകം ദൈവത്തിൻെറ വചനത്താൽ നിർമ്മിക്കപ്പെട്ടു' എന്ന ഉത്പ.1-ലെ ആശയം എബ്രായ ലേഖനം ആവർത്തിക്കുന്നു. ഇതു ശാസ്ത്രീയ നിരീക്ഷകനു ഗ്രഹിക്കാവുന്ന ബാഹ്യസത്യമല്ല; വിശ്വാസത്താൽ, അതായതു ദൈവവചനത്തിനു പ്രതിവചനമായ ആത്മസമർപ്പണം മുഖാന്തരം, മാത്രം ഗ്രഹിപ്പാൻ സാദ്ധ്യമായ ആത്മീയ സത്യമത്രെ. ലോകസൃഷ്ടിക്കു മുഖാന്തരമായ ദൈവവചനംതന്നെ ലോകത്തിൻെറ ന്യായവിധിക്കും (ജലപ്രളയം, അഗ്നി) ഉപാധിയാണെന്നു പത്രോസിൻെറ ലേഖനം പ്രസ്താവിക്കുമ്പോൾ, ദൈവവചനം സൃഷ്ടിയുടെ ശാശ്വതാടിസ്ഥാനമാണെന്നത്രെ വിവക്ഷ. 'ആകാശവും, വെള്ളത്തിൽനിന്നും വെള്ളത്താലും ഉളവായ ഭൂമിയും പണ്ടു ദൈവത്തിൻെറ വചനത്താൽ ഉണ്ടായി എന്നും അതിനാൽ അന്നുള്ള ലോകം ജലപ്രളയത്തിൽ മുങ്ങി നശിച്ചു എന്നും ഇപ്പോഴത്തെ ആകാശവും ഭൂമിയും അതേവചനത്താൽ തീക്കായി സൂക്ഷിച്ചു് ന്യായവിധിയും ഭക്തികെട്ട മനുഷ്യരുടെ നാശവും സംഭവിപ്പാനുള്ള ദിവസത്തേക്കു കാത്തുമിരിക്കുന്നു'(2 പത്രാ. 3.5–7). ഇവിടെ ഉത്പ. 1–11–നോടുള്ള ആശ്രയം സുവ്യക്തമാണു്.

സൃഷ്ടിക്കു മുഖാന്തരമായ ദൈവവചനം ശരീരം ധരിച്ച ചരിത്രപുരുഷനായ യേശുക്രിസ്തുവിൽ മനുഷ്യ

ജീവരൂപത്തിൽ പ്രത്യക്ഷമായി എന്നു പുതിയനിയമം നിസ്സന്ദേഹം പ്രഖ്യാപിക്കുന്നു (യോഹ. 1: 14; 1 യോഹ. 1. 1–3; 4. 1;2യോഹ. 1. 7). ഈ പശ്ചാത്തലത്തിൽ പുതിയനിയമ എഴുത്തുകളിൽ പലേടങ്ങളിലും ലോകം യേശുക്രിസ്തുമുഖാന്തരം ദൈവം സൃഷ്ടിച്ചു എന്നു പ്രസ്താവിച്ചു കാണുന്നു. 'പിതാവായ ഏകദൈവമേ നമുക്കുള്ളു; അവൻ സകലത്തിനും കാരണഭൂതനും....യേശുക്രിസ്തു എന്ന ഏക കർത്താവും നമുക്കുണ്ടു്; അവൻ മുഖാന്തരം സകലവും....ആകുന്നു' (1 കൊരി. 8.6). 'സ്വർഗ്ഗത്തിലുള്ളതും ഭൂമിയിലുള്ളതും ദൃശ്യമായതും അദൃശ്യമായതും........സകലവും അവൻ മുഖാന്തരം സൃഷ്ടിക്കപ്പെട്ടു. അവൻ മുഖാന്തരവും അനായിട്ടും സകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അവൻ സർവ്വത്തിനും മുമ്പെയുള്ളവൻ, അവൻ സകലത്തിനും ആധാരമായിരിക്കുന്നു' (കൊലോ. 1.16–17). 'അവൻ (പുത്രൻ) മുഖാന്തരം ലോകരെ്തയും ഉണ്ടാക്കി.... അവൻ.... സകലത്തെയും തന്റെ ശക്തിയുള്ള വചനത്താൽ വഹിക്കുന്നവനും ആകകൊണ്ടു്....' (ബ്രാ. 1: 3).

## ഒന്നാം ആദാം ഭൗതികമനുഷ്യൻ–രണ്ടാം ആദാം സ്വർഗ്ഗീയ മനുഷ്യൻ

വി. പൗലൊസിന്റെ ലേഖനങ്ങളിൽ പല ഭാഗങ്ങളിലും യേശുക്രിസ്തുവിനെ രണ്ടാം ആദാമായി ചിത്രീകരിച്ചിരിക്കുന്നു. ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട ഒന്നാം ആദാം പാപംമൂലം മനുഷ്യജാതിയെ മുഴുവൻ ശാപത്തിനു വിധേയമാക്കി; രണ്ടാം ആദാമായ യേശുക്രിസ്തുവിൽ ദൈവം തന്റെ പ്രതിമയിൽ മനുഷ്യജാതിയെ പുതുതായി സൃഷ്ടിക്കുന്നു. ഇവിടെ ഉത്പ. 1–11 ആണു് അപ്പൊസ്തലന്റെ ദൈവശാസ്ത്രത്തിനു് ആശ്രയം.

അഥേനയിലെ അരയോപഗ പ്രസംഗത്തിലാണു് (അപ്പൊ. പ്ര.17. 32–31) ആദാമിനു മറുപടി ക്രിസ്തു

എന്ന തത്വം വി. പൗലൊസ് ഉന്നയിക്കുന്നതു്. 'ലോകവും അതിലുള്ളതൊക്കെയും ഉണ്ടാക്കിയ ദൈവം സ്വർഗ്ഗത്തിനും ഭൂമിക്കും നാഥൻ....താൻ എല്ലാവർക്കും ജീവനും ശ്വാസവും സകലവും കൊടുക്കുന്നവൻ' എന്നാണു് പ്രസംഗം തുടങ്ങുന്നതു്. അനന്തരം മനുഷ്യസൃഷ്ടിയെപ്പററി പ്രസ്താവിക്കുന്നു. 'ഭൂതലത്തിൽ എങ്ങും കുടിയിരിപ്പാൻ അവൻ ഒരുത്തനിൽനിന്നു മനുഷ്യജാതിയെ ഒക്കെയും ഉളവാക്കി, അവരുടെ നിവാസത്തിനു് അതിരുകളും കാലങ്ങളും നിശ്ചയിച്ചു' (26). 'ഭൂതലത്തിലെങ്ങും' എന്ന പദപ്രയോഗം ഉത്പ. 11. 9 ലേതുതന്നെയാണു്. വിവിധ ജാതികളായി ചിന്നിച്ചിതറിപ്പാർക്കുന്ന മനുഷ്യർ ഏകമനുഷ്യവർഗ്ഗമാണെന്നു പൗലൊസു സമർത്ഥിക്കുന്നു. അതിനു് ഉപോൽബലകമായിട്ടാണു ദൈവം മനുഷ്യവർഗ്ഗത്തെ ഏകമനുഷ്യനിൽനിന്നു സൃഷ്ടിച്ചു്, സൃഷ്ടിയല്ലാത്ത ഏകദൈവത്തെ അറിഞ്ഞുജീവിക്കുന്നതിനു ഭൂതലമെങ്ങും നിയോഗിച്ചിരിക്കുന്നു എന്നു് അപ്പൊസ്തലൻ പ്രഖ്യാപിക്കുന്നതു് (26–29). മരിച്ചുയത്ത യേശുക്രിസ്തു എന്ന 'താൻ നിയമിച്ച പുരുഷൻ മുഖാന്തരം' ദൈവം സകല മനുഷ്യവർഗ്ഗത്തെയും രക്ഷയുടെ മാനസാന്തരത്തിലേക്കു നയിക്കുന്നു എന്ന സുവിശേഷദൂതിനു മുഖവുരയാണു്. മനുഷ്യവർഗ്ഗത്തിൻെറ സൃഷ്ടി, വീഴ്ച, രക്ഷ എന്ന ആത്മീയചരിത്രം ആദാം—മനുഷ്യവർഗ്ഗം—ക്രിസ്തു—പുതിയ മനുഷ്യവർഗ്ഗം എന്ന രൂപത്തിലാണു പൗലൊസ് കൊരിന്ത്യർക്കും റോമർക്കും എഴുതിയ ലേഖനങ്ങളിൽ വിശദീകരിക്കുന്നതു്. 'ഏകൻെറ ലംഘനത്താൽ അനേകർ മരിച്ചു എങ്കിൽ ദൈവകൃപയും ഏകമനുഷ്യനായ യേശുക്രിസ്തുവിൻെറ കൃപയാലുള്ള ദാനവും അനേകക്കുവേണ്ടി ഏററവും അധികം കവിഞ്ഞിരിക്കുന്നു...ഏകൻെറ ലംഘനത്താൽ മരണം ആ ഏകൻനിമിത്തം വാണു എങ്കിൽ കൃപയുടെയും നീതിദാനത്തിൻെറയും സമൃദ്ധിലഭിക്കുന്നവർ യേശുക്രിസ്തു എന്ന ഏകൻ നിമിത്തം ഏററവും അധികമായി ജീവനിൽ വാഴും—ഏക-

മനുഷ്യന്റെ അനുസരണക്കേടിനാൽ അനേകർ പാപികളായിത്തീർന്നതുപോലെ ഏകന്റെ അനുസരണത്താൽ അനേകംപേർ നീതിമാന്മാരായിത്തീരും റോമ. 5. 15–19). 'മനുഷ്യൻമൂലം മരണം ഉണ്ടായതുപോലെ മരിച്ചവരുടെ പുനരുത്ഥാനവും മനുഷ്യൻ മൂലം ഉണ്ടായി. ആദാമിൽ എല്ലാവരും മരിക്കുന്നതുപോലെ ക്രിസ്തുവിൽ എല്ലാവരും ജീവിപ്പിക്കപ്പെടും (1 കൊരി. 15. 21–22). എന്നാൽ ആദാമും ക്രിസ്തുവും തമ്മിലും ആദാമിലെ പഴയ മനുഷ്യവർഗ്ഗവും ക്രിസ്തുവിലെ പുതിയ മനുഷ്യവർഗ്ഗവും തമ്മിലും വളരെ അന്തരമുണ്ട്. 'ഒന്നാം മനുഷ്യനായ ആദാം ജീവനുള്ള ദേഹിയായിത്തീർന്നു എന്നു് എഴുതിയിരിക്കുന്നുവല്ലോ. ഒടുക്കത്തെ ആദാം ജീവിപ്പിക്കുന്ന ആത്മാവായി..ഒന്നാം മനുഷ്യൻ ഭൂമിയിൽനിന്നു മണ്ണുകൊണ്ടുള്ളവൻ....നാം മണ്ണുകൊണ്ടുള്ളവന്റെ പ്രതിമ ധരിച്ചതുപോലെ സ്വർഗ്ഗീയന്റെ പ്രതിമയും ധരിക്കും' (1 കൊരി.15: 45–49).

ഈ വേദഭാഗങ്ങൾ സംബന്ധിച്ച രണ്ടുമൂന്നു കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്.

1. ക്രിസ്തുവിൽ മനുഷ്യത്വം പുതുക്കപ്പെടുന്ന പ്രക്രിയയ്ക്കു് അടിസ്ഥാനമായിട്ടാണ് ആദാം മനുഷ്യവർഗ്ഗം – ക്രിസ്തു –പുതിയ മനുഷ്യവർഗ്ഗം എന്ന ചിത്രം ദൈവശാസ്ത്രത്തിൽ നിലകൊള്ളുന്നതു്. മനുഷ്യത്വത്തിന്റെ ആത്മീയപ്രശ്നം സാർവ്വത്രികമാണു്; മനുഷ്യവർഗ്ഗത്തിന്റെ ആത്യന്തികപ്രശ്നം എക്കാലവും ഒന്നുതന്നെ. ദൈവോദ്ദേശ്യത്തോടു് ഉത്തരവാദിത്വത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യത്വം ദൈവത്തിൽ നിന്നു അന്യപ്പെട്ടു പാപാവസ്ഥയിൽ നിരുത്തരവാദപരമായ ജീവിതം നയിക്കുന്നു എന്നതുതന്നെ. സൃഷ്ടിയിലും പാപത്തിലും മനുഷ്യരാശി അന്യോന്യം ബന്ധപ്പെട്ടു് ഒററക്കെട്ടായ് കിടക്കുന്നു. പ്രസ്തുത ആത്മീയ ഏകത്വമാണു് 'ആദാമിൽ സകല മനുഷ്യവർഗ്ഗവും

എന്ന പുതിയ നിയമ ചിന്തയിൽ അന്തർലീനമായിരിക്കുന്ന തത്വം. ശാസ്ത്രീയമായി മനുഷ്യവർഗ്ഗത്തിന്റെ ആവിർഭാവം ഒരു മനുഷ്യനിൽനിന്നോ പല ഭൂഖണ്ഡങ്ങളിൽ പല മനുഷ്യരിൽനിന്നോ എന്നു പ്രകൃതിശാസ്ത്രം ഇതുവരെ തീരുമാനിച്ചുകഴിഞ്ഞിട്ടില്ല. അതെങ്ങനെയായിരുന്നാലും മനുഷ്യവർഗ്ഗത്തിന്റെ ആത്മീയ ഏകത്വം എന്ന തത്വത്തിനു നീക്കമില്ല തന്നെ. അതുപോലെ, ഏതു മനുഷ്യനും പാപി, ഏതു മനുഷ്യന്റെ അഹംബോധത്തിലും അഹങ്കാരം, സ്വയംനീതി, സ്വാർത്ഥത ആദിയായ വൈരുദ്ധ്യങ്ങൾ കുടികൊള്ളുന്നു എന്ന തത്വം ശാശ്വതമാണ്. മനുഷ്യനിൽ പാപത്തിലേക്കുള്ള ഈ ചായ്‌വിന്റെ ഉത്ഭവം എന്ത്, അത് ഒരോ മനുഷ്യനിലും സമൂഹത്തിലും സ്വതസ്സിദ്ധമാണോ? അതോ പൂർവ്വികന്മാരിൽനിന്നു പരമ്പരാഗതമായി ലഭിച്ചതാണോ? പരമ്പരാഗതമാണെങ്കിൽ എങ്ങനെ കൈമാറപ്പെട്ടു എന്നും മററും ചോദ്യങ്ങൾ ഉദിക്കുന്നു. ഇവയ്ക്കെല്ലാം എന്തുത്തരം നല്കിയാലും മനുഷ്യത്വത്തിന്റെ ആത്മകേന്ദ്രത്തിൽ ആദിപാപത്തിന്റെ കോട്ടമുണ്ട് എന്ന സത്യത്തിന് ഇളക്കം തട്ടുന്നതല്ല. മനുഷ്യത്വത്തിന്റെ വൈകല്യത്തിൽനിന്നുള്ള വിമോചനം —ക്രിസ്തുവിൽ ഒരു പുതിയ മനുഷ്യവർഗ്ഗം— ക്രിസ്തുവിൽ ഒരു പുതിയ മനുഷ്യത്വം —ഇതാണ് അടിസ്ഥാന സുവിശേഷസത്യം.

2. പാപത്തിൽനിന്നു വിടുവിച്ച്, ഉത്പ. 2 ൽ ചിത്രീകരിച്ചിരിക്കുന്ന പറുദീസായുടെ നിർദ്ദോഷാവസ്ഥയിലേക്കു തിരികെ കൊണ്ടുപോവുകയല്ല യേശുക്രിസ്തു ചെയ്യുന്നത്. 'വീണ്ടെടുപ്പ്' എന്ന പദത്തിൽ ഈ അർത്ഥമാണു സ്ഫുരിക്കുന്നത്. എന്നാൽ അപ്പൊസ്തലനായ പൗലൊസിന്റെ ദർശനത്തിൽ ക്രിസ്തുവിൽ ലഭിക്കുന്ന മനുഷ്യരക്ഷയ്ക്ക് ഇതിലും വ്യാപ്തിയുണ്ട്. ഭൗതികനായിരുന്ന ഒന്നാം ആദാമിന്റെ നിഷ്പാപാവസ്ഥയല്ല ക്രിസ്തു പ്രദാനം ചെയ്യുന്നത്. പ്രത്യുത, നിഷ്പാപം. പാപം, പാപവിമോചനം എന്നീ അവ

സ്ഥാന്തരങ്ങളിൽക്കൂടി സ്വർഗ്ഗീയ മനുഷ്യനായ ക്രിസ്തുവിന്റെ തികഞ്ഞ മനുഷ്യത്വത്തിലേക്കുള്ള പ്രയാണമാണു ക്രിസ്തീയ രക്ഷ. മനുഷ്യചരിത്രത്തിന്റെ അന്തം ആദിയിലേക്കു തിരിച്ചു പോകയല്ല; പുതിയ ആകാശവും പുതിയഭൂമിയുമാണ്; ഉയിർത്തെഴുന്നേററ ക്രിസ്തുവിന്റെ 'തികഞ്ഞ പുരുഷത്വ'മാണ്, 'ക്രിസ്തുവിൽ ഒരു പുതുസൃഷ്ടി' എന്ന ആശയത്തിൽ ഉൾക്കൊണ്ടിരിക്കുന്നതു്. മനുഷ്യത്വത്തിന്റെ പ്രായപൂർത്തിയിലേക്കുള്ള പുരോഗതി, മനുഷ്യൻ ദൈവനിയമം ലംഘിച്ചു് അഹന്തയിൽ നന്മതിന്മകൾ അറിയുകയും സംഹാരശക്തികളുടെ ദുരന്ത യാഥാർത്ഥ്യങ്ങൾ അഗാധത്തിൽ ഗ്രഹിക്കുകയും ചെയ്തതിന്റെ ഫലമാണോ എന്ന പ്രശ്നം ഇവിടെ ഉദിക്കുന്നു. പാപം മനുഷ്യത്വത്തിന്റെ വളർച്ചയ്ക്കു് ആവശ്യമായിരുന്നോ? ആയിരുന്നു എന്നു ചിന്തിക്കുന്ന ദൈവശാസ്ത്രജ്ഞന്മാരുണ്ടു്. എന്നാൽ മനുഷ്യവർഗം നിഷ്പാപാവസ്ഥയിൽ തുടർന്നിരുന്നു എങ്കിൽതന്നെയും ദൈവം ക്രിസ്തുവിൽ മനുഷ്യനായി അവതരിച്ചു്, മനുഷ്യത്വത്തെ സ്വർഗീയ പൂർണതയിലേക്കു നടത്തുമായിരുന്നു എന്നുവേണം വിചാരിക്കുവാൻ. അങ്ങനെയായിരുന്നുവെങ്കിൽ ദൈവവും മനുഷ്യനിലെ പൈശാചിക ശക്തിയും തമ്മിൽ ക്രൂശിൽ നടന്ന സംഘട്ടനം ഒഴിവാക്കാമായിരുന്നു. ലോകം ക്രിസ്തു മുഖാന്തരം ക്രിസ്തുവിനായി സൃഷ്ടിക്കപ്പെട്ടു എന്ന പുതിയനിയമ ആശയം ഈ നിലപാടിനു ബലം നല്കുന്നു. അതു് ഇനി പറയുന്നതുകൊണ്ടു വിശേഷമൊന്നുമില്ലല്ലോ. ഏതായാലും ക്രിസ്തു മനുഷ്യരുടെ മുമ്പിൽ ഇന്നുവച്ചിരിക്കുന്ന ലക്ഷ്യം, പരീക്ഷിക്കപ്പെടുകയോ നന്മതിന്മകളറികയോ ചെയ്യുന്നതിനുമുമ്പു് ഏദൻതോട്ടത്തിലെ ആദാം പ്രതിനിധാനം ചെയ്യുന്ന നിഷ്കളങ്കത്വമല്ല, നമ്മെപ്പോലെ എല്ലാവിധത്തിലും പരീക്ഷിക്കപ്പെട്ടിട്ടും പാപം കൂടാതെ ജീവിച്ച ക്രിസ്തുവിന്റെ 'തികഞ്ഞ പുരുഷത്വവും ക്രിസ്തുവിന്റെ സമ്പൂർണതയായ പ്രായത്തിന്റെ അളവും' (എഫെ. 4. 12) ആകുന്നു.

## ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു

വിവാഹം, കുടുംബം, സമൂഹം ഇവയ്ക്കു് അടിസ്ഥാനമായ സ്ത്രീ പുരുഷബന്ധം പ്രതിപാദിക്കുന്ന പുതിയ നിയമ ഭാഗങ്ങളെല്ലാംതന്നെ ഉത്പത്തി ഒന്നും രണ്ടും അദ്ധ്യായങ്ങളിലെ സ്ത്രീപുരുഷ സൃഷ്ടി വിവരങ്ങളെ ആശ്രയിക്കുന്നു.

ഭാര്യാഭർത്തൃ ബന്ധത്തിൽ ലൈംഗികവേഴ്ചമൂലം ഉളവാകുന്ന ശാരീരിക ആത്മികഐക്യം വേർപെടുത്താൻ പാടില്ലാത്തതാണെന്നു യേശുക്രിസ്തു വ്യക്തമാക്കുന്നതെങ്ങനെയെന്നു നോക്കുക. 'സൃഷ്ടിച്ചവൻ ആദിയിൽ അവരെ ആണും പെണ്ണുമായി സൃഷ്ടിച്ചു എന്നും അതുനിമിത്തം മനുഷ്യൻ അപ്പനെയും അമ്മയെയും വിട്ടു ഭാര്യയോടു പററിച്ചേരും, ഇരുവരും ഒരു ദേഹമായിത്തീരും എന്നും നിങ്ങൾ വായിച്ചിട്ടില്ലയോ? അതുകൊണ്ടു് അവർ മേലാൽ രണ്ടല്ല ഒരു ദേഹമത്രെ. ആകയാൽ ദൈവം യോജിപ്പിച്ചതിനെ മനുഷ്യൻ വേർപിരിക്കരുതു്' (മത്താ . 19. 4– 6; മക്കോ. 10. 6–9; ഉത്പ 1.27; 2. 24 എന്നീ വാക്യങ്ങൾ ഉദ്ധരിച്ചു വ്യാഖ്യാനിച്ചാണു വിവാഹധർമ്മം ഇവിടെ ഉറപ്പിക്കുന്നതു്. വി.പൗലോസിൻെറ ചിന്തയിലും ലൈംഗികബന്ധംമൂലം ശരീരാത്മദേഹികളെ മുഴുവൻ ബാധിക്കുന്ന ഐക്യം സ്ത്രീ പുരുഷന്മാർ തമ്മിലുണ്ടാകുന്നുവെന്നു പ്രതിഫലിക്കുന്നു. ആ ഐക്യം കുടുംബാംഗങ്ങളുടെ പരസ്പരസ്നേഹത്തിലൂടെ അവരുടെ ആളത്തങ്ങളുടെ വളർച്ചയ്ക്കു കാരണമാകുന്നതു പോലെ വിവാഹസ്നേഹത്തിൻെറയും കുടുംബഉത്തരവാദിത്വങ്ങളുടെയും ചട്ടക്കൂട്ടിനു പുറത്തു് അതു് ആത്മീയ ശിഥിലീകരണം ഉണ്ടാക്കും. 'വേശ്യയോടു പററിച്ചേരുന്നവൻ അവളുമായി ഏക ശരീരമാകുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? ഇരുവരും ഒരു ദേഹമായിത്തീരുമെന്നുണ്ടല്ലോ.... ദുർന്നടപ്പു വിട്ടു് ഓടുവിൻ' (1കൊരി. 16. 18).

വി. പൗലോസിൻെറ ലേഖനങ്ങളിൽ ഭാര്യാ ഭർത്തൃ ബന്ധത്തിൽ സൃഷ്ടിപ്പിൻപ്രകാരം വ്യവസ്ഥ ചെയ്തിരിക്കുന്ന 'ഏകദേഹ' പ്രമാണം പല വിധത്തിൽ വിശദീകരിക്കപ്പെട്ടിട്ടുണ്ട്. ക്രിസ്തീയ വെളിച്ചത്തിൽ പ്രസ്തുത ഏകത്വം ആളത്വപരമായ സമത്വത്തിൽ അധിഷ്ഠിതമായ പരസ്പരാശ്രയമായി വ്യാഖ്യാനിക്കുന്ന ഭാഗങ്ങൾ കുറവാണെങ്കിലും അപ്രധാനമല്ല. ഉദാഹരണമായി 'എന്നാൽ കർത്താവിൽ പുരുഷനെ കൂടാതെ സ്ത്രീയുമില്ല, സ്ത്രീയെക്കൂടാതെ പുരുഷനുമില്ല. സ്ത്രീ പുരുഷനിൽനിന്നു് ഉണ്ടായതുപോലെ പുരുഷനും സ്ത്രീ മുഖാന്തരം ഉളവാകുന്നു. എന്നാൽ സകലത്തിനും ദൈവം കാരണഭൂതൻ' (1 കൊരി. 11. 11–12). 'ഭർത്താവു ഭാര്യക്കും ഭാര്യ ഭർത്താവിനും കടം പെട്ടിരിക്കുന്നതു ചെയ്യട്ടെ. ഭാര്യയുടെ ശരീരത്തിന്മേൽ അവൾക്കല്ല ഭർത്താവിനത്രെ അധികാരമുള്ളതു്; അങ്ങനെ ഭർത്താവിൻെറ ശരീരത്തിന്മേൽ അവനല്ല ഭാര്യക്കത്രെ അധികാരം. പ്രാർത്ഥനെക്കു് അവസരമുണ്ടാകുവാൻ ഒരു സമയത്തേക്കു പരസ്പര സമ്മതത്തോടെ അല്ലാതെ തമ്മിൽ വേർപെട്ടിരിക്കരുതു്'' (1 കൊരി. 7.3–5). 'ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏററിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു. അതിൽ.... ആണും പെണ്ണും എന്നുമില്ല. നിങ്ങളെല്ലാവരും ക്രിസ്തുവിൽ ഒന്നത്രെ' (ഗലാ. 3. 28). സ്ത്രീകൾ പുരുഷന്മാരോടുകൂടെ 'ജീവൻെറ കൃപെക്കു കൂട്ടവകാശികൾ' (1 പത്രൊ. 3.7).

മുകളിൽ ഉദ്ധരിച്ച എല്ലാ ഭാഗങ്ങളും സ്ത്രീപുരുഷ അസമത്വം പ്രമാണമായി പ്രഖ്യാപിക്കുന്ന വേദഭാഗങ്ങളുടെ മദ്ധ്യത്തിൽ നിന്നെടുത്തിട്ടുള്ളതാണു്. അവിടെയെല്ലാം സ്ത്രീ പുരുഷനു വിധേയമായി ജീവിക്കുമ്പോഴുണ്ടാകുന്ന ഐക്യമാണു സൃഷ്ടി വ്യവസ്ഥ ചെയ്തിരിക്കുന്നതെന്നും പ്രസ്തുത വ്യവസ്ഥതന്നെയാണു ക്രൈസ്തവധർമ്മം സ്ഥിരപ്പെടുത്തിയിരിക്കുന്നതെന്നും ശക്തമായ ഭാഷയിൽ ഉറപ്പിക്കയാണു്. 'ഏതു പുരുഷൻെറയും തല ക്രിസ്തു, സ്ത്രീയുടെ തല പുരുഷൻ,

ക്രിസ്തുവിൻെറ തല ദൈവം....പുരുഷൻ ദൈവത്തിൻെറ പ്രതിമയും തേജസ്സും....സ്ത്രീയോ പുരുഷൻെറ തേജസ്സാകുന്നു. പുരുഷൻ സ്ത്രീയിൽനിന്നത്രെ ഉണ്ടായതു്. പുരുഷൻ സ്ത്രീക്കായിട്ടല്ല സ്ത്രീ പുരുഷനായിട്ടല്ലോ സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു്'' (1 കൊരി. 11. 3, 7–9). ഭാര്യമാരേ, കർത്താവിനു് എന്നപോലെ സ്വന്തഭർത്താക്കന്മാർക്കു കീഴടങ്ങുവിൻ. ക്രിസ്തു ശരീരത്തിൻെറ രക്ഷിതാവായി സഭയ്ക്കു തലയാകുന്നതുപോലെ ഭർത്താവു ഭാര്യക്കു തലയാകുന്നു. എന്നാൽ സഭ ക്രിസ്തുവിന്നു കീഴടങ്ങിയിരിക്കുന്നതുപോലെ ഭാര്യമാരും ഭർത്താക്കന്മാർക്കു സകലത്തിലും കീഴടങ്ങിയിരിക്കണം. ക്രിസ്തുവും സഭയെ സ്നേഹിച്ചതു പോല നിങ്ങളുടെ ഭാര്യമാരെ സ്നേഹിപ്പിൻ.... നാം അവൻെറ ശരീരത്തിൻെറ അവയവങ്ങളല്ലോ. അതു നിമിത്തം ഒരു മനുഷ്യൻ അപ്പനെയും അമ്മയെയും വിട്ടു ഭാര്യയോടു പററിച്ചേരും. ഇരുവരും ഒരു ദേഹമായിത്തീരും. ഈ മർമ്മം വലിയതു്. ഞാൻ ക്രിസ്തുവിനെയും സഭയെയും ഉദ്ദേശിച്ചത്രെ പറയുന്നതു്. എന്നാൽ നിങ്ങളും അങ്ങനെതന്നെ ഓരോരുത്തൻ താന്താൻെറ ഭാര്യയെ തന്നെപ്പോലെതന്നെ സ്നേഹിക്കണം. ഭാര്യയോ ഭർത്താവിനെ ഭയപ്പെടേണ്ടതാകുന്നു' (എഫെ. 5. 22–32). 'സ്ത്രീ മൌനമായിരുന്നു പൂർണാനുസരണത്തോടുംകൂടെ പഠിക്കട്ടെ.മൌനമായിരിപ്പാനല്ലാതെ ഉപദേശിപ്പാനോ പുരുഷൻെറ മേൽ അധികാരം നടത്തുവാനോ ഞാൻ സ്ത്രീയെ അനുവദിക്കുന്നില്ല. ആദാം ആദ്യം നിർമ്മിക്കപ്പെട്ടു. പിന്നെ ഹവ്വാ. ആദാം അല്ല, സ്ത്രീ അത്രെ വഞ്ചിക്കപ്പെട്ടു ലംഘനത്തിലകപ്പെട്ടതു്. എന്നാൽ വിശ്വാസത്തിലും സ്നേഹത്തിലും വിശുദ്ധീകരണത്തിലും സുബോധത്തോടെ പാർക്കുന്നു എങ്കിൽ അവരം മക്കളെ പ്രസവിച്ചു രക്ഷ പ്രാപിക്കും' (1 തിമൊ. 2. 11–15). ഈ മൂന്നു വേദഭാഗങ്ങളും ഉത്പ. 1,2 അദ്ധ്യായങ്ങളിലെ വേദഭാഗങ്ങളുടെ വ്യാഖ്യാനങ്ങളായിട്ടാണു നില്ക്കുന്നതു്. എന്നാൽ ആ നിലയിൽ പല സ്ഖലിതങ്ങളം ചൂണ്ടിക്കാണിക്കാനുണ്ടു്.

ദൈവം തൻെറ പ്രതിമയിൽ മനുഷ്യനെ സൃഷ്ടിച്ച വൃത്താന്തം ഉത്പ. 1—ാം അദ്ധ്യായത്തിലത്രെ കാണുന്നതു്. 'ദൈവം തൻെറ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു....ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു' (1. 27). യിസ്രായേലിൻെറ ദൈവശാസ്ത്രം വളരെ പുരോഗതി പ്രാപിച്ചശേഷം എഴുതപ്പെട്ട ഭാഗമാണിതെന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലൊ. ഇവിടെ സ്ത്രീയെ അപേക്ഷിച്ചു പുരുഷനു സവിശേഷമായ ദൈവപ്രതിമയോ ദൈവതേജസോ ഉള്ളതായി ഒരു ധ്വനിപോലുമില്ല. പുരുഷനിൽനിന്നു സ്ത്രീ സൃഷ്ടിക്കപ്പെട്ടു എന്ന സിദ്ധാന്തവുമില്ല. സ്ത്രീപുരുഷഭേദത്തോടുകൂടി സൃഷ്ടിക്കപ്പെട്ട മനുഷ്യവർഗ്ഗം ദൈവപ്രതിമയും തേജസ്സും വഹിക്കുന്നു എന്നു ദൈവശാസ്ത്രവിവക്ഷ: വളരെ പുരാതനമായ ഉത്പ. 2—ലെ സൃഷ്ടിവൃത്താന്തം തന്നെയും ഇതേ അർത്ഥത്തിൽ വ്യാഖ്യാനിച്ചു കൂടെന്നില്ല. ആദ്യം 'മനുഷ്യൻ' സൃഷ്ടിക്കപ്പെടുന്നു. മനുഷ്യൻെറ വാരിയെല്ലിൽനിന്നു 'സ്ത്രീ' ഉണ്ടാക്കപ്പെട്ടശേഷമാണു 'പുരുഷൻ' എന്ന പദം മലയാള തർജ്ജമയിൽ പ്രയോഗിക്കുന്നതു്. 'മനുഷ്യനിൽനിന്നു സ്ത്രീയും പുരുഷനും ഉണ്ടാക്കപ്പെടുന്നു എന്നു വിചാരിക്കാം. അതല്ല, 'പുരുഷൻ' തന്നെ ആദ്യം സൃഷ്ടിക്കപ്പെട്ടു എന്നു ചിന്തിച്ചാൽതന്നെ അതിനു പൗലൊസ് നല്കുന്ന വ്യാഖ്യാനം നിലനില്ക്കുയില്ല. ഉത്പ. 2ൽ പുരുഷൻ, ഏദൻതോട്ടം, സ്ത്രീ, എന്നീ ക്രമത്തിലാണു സൃഷ്ടി നടക്കുന്നതു് എന്നുതന്നെ ഇരിക്കട്ടെ. ഉത്പത്തി കഥ പ്രകൃതിശാസ്ത്രമായി പരിഗണിച്ചു് അതിലെ വിശദവിവരങ്ങൾക്കു ദൈവശാസ്ത്ര വ്യാഖ്യാനം നല്കുന്നതിൽ അപകടമുണ്ടു് എന്നു മുമ്പു പ്രസ്താവിച്ചല്ലോ. അങ്ങനെയൊരു അപകടത്തിലാണു് അപ്പൊസ്തലൻ വീണിരിക്കുന്നതു്. വിശദവിവരങ്ങൾ ഉത്പ. 1 ലും 2 ലും ഭിന്നമാണു്. ഉത്പ. 1 ൽ സൃഷ്ടിക്രമം: ഭൂമി, സസ്യം, മൃഗങ്ങൾ, മനുഷ്യൻ എന്നിങ്ങനെയത്രെ. അതുകൊണ്ടു് മനുഷ്യനെക്കാൾ മേന്മ മൃഗങ്ങൾക്കുണ്ടെന്നു ശഠിക്കാമോ? പ്രത്യുത, മനുഷ്യൻ സൃഷ്ടി

യുടെ മകുടമാണെന്നു വ്യാഖ്യാനിക്കയാണു ശരി. ഈ നിലപാടിൽ ഉത്പ. 2–ൽ സ്ത്രീ ഏററം അവസാനം സൃഷ്ടിക്കപ്പെട്ടിരിക്കുന്നതിനാൽ സൃഷ്ടിയുടെ മകുടം സ്ത്രീയാണെന്നു വ്യാഖ്യാനിക്കരുതോ? ഏതായാലും ഉത്പ. 2–ലെ സൃഷ്ടികഥയിൽ ദൈവത്തിൻെറ പ്രതിമയാണു പുരുഷൻ എന്ന ആശയം കാണുന്നില്ല. കൂടാതെ പുരുഷനു 'തുണ' (2. 18–20) യായി സൃഷ്ടിക്കപ്പെട്ടതുകൊണ്ടു സ്ത്രീ പുരുഷനു വേണ്ടി, പുരുഷൻെറ അധികാരത്തിൻ കീഴിൽ ഉണ്ടാക്കപ്പെട്ടു. എന്ന വ്യാഖ്യാനവും ചോദ്യം ചെയ്യപ്പെടേണ്ടതാണ്. 'തുണ' എന്ന പദത്തിനു 'സഹായം' എന്നല്ല, 'സഖിത്വം', 'സഹകാരിത്വം' എന്നാണ് അർത്ഥം നല്കേണ്ടതു്. help എന്ന പദം മാററി prartne എന്ന പദം പുതിയ ഇംഗ്ലീഷ് പരിഭാഷയിൽ ഉപയോഗിച്ചിരിക്കുന്നതു് അർത്ഥവത്താണ്. വീഴ്ചയുടെ കഥയും ഒരു ചരിത്ര സംഭവമായി കരുതുന്നതു് എത്രയോ അബദ്ധ വ്യാഖ്യാനങ്ങളിലേക്കു അപ്പൊസ്തലനെ ആനയിക്കുന്നു. ആ കഥയിൽ സ്ത്രീമൂലമാണു താൻ ദൈവത്തോടു് അനുസരണക്കേടു കാണിക്കാൻ ഇടയായതെന്നു ദൈവമുമ്പാകെ ആദാം ചെയ്ത സ്വയം നീതീകരണം ദൈവം നിരാകരിച്ചു. പക്ഷെ പൗലൊസ് ശരിവയ്ക്കുന്നതുപോലെയാണു തോന്നുക.

സഭ ക്രിസ്തുവിൻെറ കർത്തൃത്വം സ്വീകരിക്കുന്നതുപോലെ സ്ത്രീ പുരുഷൻെറ മേധാവിത്വം അംഗീകരിക്കണമെന്ന ആശയം, വിവാഹ ഐക്യവും കുടുംബജീവിതവും സഭയുടെ ഐക്യത്തിനും കൂട്ടായ്മജീവിതത്തിനും പ്രതീകമാണ് എന്ന തത്ത്വം സ്ഥാപിക്കുന്നതിനു ആവശ്യമുള്ളതല്ല. കൃപാവരങ്ങളിൽ വ്യത്യാസം, മനുഷ്യത്വപരമായസമത്വം, ശരീരാത്മ ഐക്യം ഇവ മൂന്നും സമ്മേളിക്കുന്നതാണു സഭയുടെ ഘടനയെന്നത്രെ 1 കൊരി. 12–ാം അദ്ധ്യായത്തിൽ പൗലൊസിൻെറ സിദ്ധാന്തം. ആ നിലയിൽതന്നെ സ്ത്രീപുരുഷ വ്യത്യാസം, വ്യക്തിസമത്വം, ശരീരാത്മ ഐക്യം

ഇവ വിവാഹബന്ധത്തിൽ ഒരുമിച്ചുകൊണ്ടുപോകുന്നതിനു ദൈവശാസ്ത്രപരമായി തടസ്സമൊന്നുമുണ്ടാകേണ്ട കാര്യമില്ല.

അപ്പൊസ്തലൻ തന്റെ ലേഖനങ്ങളിൽ കർത്താവിന്റെ കല്പനയും കർത്താവിന്റെ അനുവാദവും താത്കാലികമായ സ്വാഭിപ്രായവും തമ്മിൽ വേർതിരിച്ചിട്ടുണ്ട് (1 കൊരി. 7. 10, 12, 25, 40). പൗലൊസിന്റെ ചില അഭിപ്രായങ്ങൾ അദ്ദേഹം ജീവിച്ചിരുന്ന പുരുഷമേധാവിത്വ സമൂഹത്തിന്റെയും അതിലെ പ്രശ്നങ്ങളുടെയും പ്രതിബിംബമായി കരുതപ്പെടേണ്ടതാണ്. അപ്പൊസ്തലൻ മററുവേദഭാഗങ്ങളിൽ വ്യക്തമാക്കിയിട്ടുള്ള ദൈവശാസ്ത്രപ്രമാണങ്ങളനുസരിച്ചു തന്നെ അദ്ദേഹത്തിന്റെ ചില അഭിപ്രായങ്ങൾ തിരസ്കരിക്കുന്നതിനുള്ള സ്വാതന്ത്ര്യം പരിശുദ്ധാത്മാവിൽ നമുക്കുണ്ട്. 'അക്ഷരം കൊല്ലുന്നു, ആത്മാവു ജീവിപ്പിക്കുന്നു'എന്ന സത്യം ഇവിടെയും അന്വർത്ഥമാണ്.

കൂടാതെ യേശുക്രിസ്തു ഉത്പ. 1,2 ആധാരമാക്കി വിവാഹധർമ്മം നിർവചിക്കുന്നതിനു ഉപയോഗിച്ച രീതിയും പൗലോസ് ഉപയോഗിച്ച രീതിയും തമ്മിൽ താരതമ്യപഠനം നടത്തേണ്ടതാണ്. വിവാഹബന്ധത്തിലുളവാകുന്ന സ്ത്രീപുരുഷ ഐക്യം സൃഷ്ടിയിൽ ദൈവം സ്ഥാപിച്ചിരിക്കുന്ന വ്യവസ്ഥയാണെന്നു സമർത്ഥിക്കുന്നതിനാണ് ഉത്പ.1.27; 2.25 എന്നീ വാക്യങ്ങൾ യേശുക്രിസ്തു ഉദ്ധരിക്കുന്നതു്. സ്ത്രീപുരുഷ അസമത്വം സ്ഥാപിക്കുന്നതിനു അപ്പൊസ്തലൻ നല്കിയ എല്ലാ ന്യായങ്ങളും തള്ളിക്കൊണ്ടുതന്നെ. ക്രിസ്തുയേശുവിന്റെ ജീവിതത്തിലും സ്ത്രീകളെ പുരുഷന്മാരോടോപ്പം ആദരിച്ചിരുന്നതായിട്ടത്രെ കാണുന്നതു്. സുവിശേഷങ്ങളിൽനിന്നു നിർഗമിക്കുന്ന പ്രകാശവും നമുക്കു മാർഗദർശനം നല്കേണ്ടതാണ്.

ഒരുപക്ഷെ ഇന്നു വി. പൗലൊസ് ജീവിച്ചിരുന്നുവെങ്കിൽ അദ്ദേഹം പലയിടങ്ങളിലും പ്രകാശിപ്പിച്ച ദൈവശാസ്ത്രപ്രകാരംതന്നെ, നാം വിമർശനത്തിനു

വിധേയമാക്കിയ ലേഖനഭാഗങ്ങൾക്കു നവീന രൂപം കൊടുക്കുമായിരുന്നു. ഏതാണ്ടിപ്രകാരം:—'സ്ത്രീപുരുഷ ഭേദമെന്യേ മനുഷ്യൻെറ തല ക്രിസ്തു, ക്രിസ്തുവിൻെറ തല ദൈവം. ആണും പെണ്ണുമായി സൃഷ്ടിക്കപ്പെട്ട മനുഷ്യവർഗം ദൈവത്തിൻെറ പ്രതിമയും തേജസുമാകയാൽ കർത്താവിൽ പുരുഷനെ കൂടാതെ സ്ത്രീയില്ല, സ്ത്രീയെ കൂടാതെ പുരുഷനുമില്ല. സ്ത്രീ പുരുഷനിൽ നിന്നു് ഉണ്ടായതുപോലെ പുരുഷനും സ്ത്രീ മുഖാന്തരം ഉളവാകുന്നു. എന്നാൽ സകലത്തിനും ദൈവം കാരണഭൂതൻ' (നവീകരിച്ച 1 കൊരി. 11. 3—12). കർത്താവിൽ എന്നപോലെ ഭാര്യാഭർത്താക്കന്മാർ അന്യോന്യം കീഴടങ്ങുവിൻ. ക്രിസ്തുവിൻെറ ശരീരമായ സഭയിൽ കൃപാവരങ്ങളിൽ വ്യത്യാസമുണ്ടു്, ആത്മാവു് ഒന്നത്രെ; ശുശ്രൂഷകളിൽ വ്യത്യാസമുണ്ടു്, കർത്താവു് ഒരുവൻ, എങ്കിലും എല്ലാം പ്രവർത്തിക്കുന്ന ദൈവം ഒരുവൻ തന്നെ. സ്ത്രീയോ പുരുഷനോ നാം എല്ലാവരും ഏകശരീരമാകുമാറു് ഒരേ ആത്മാവിൽ സ്നാനം ഏററു എല്ലാവരും ഒരേ ആത്മാവിനെ പാനം ചെയ്തുമിരിക്കുന്നു. ശരീരം ഒരവയവമല്ല പലതത്രെ. എന്നാൽ ശരീരത്തിൽ ഭിന്നതവരാതെ അവയവങ്ങൾ അന്യോന്യം ഒരുപോലെ കരുതേണ്ടതിനായി തലയായക്രിസ്തുവിനു കീഴിൽ എല്ലാ അവയവങ്ങളും കൂട്ടിച്ചേർത്തിരിക്കുന്നു. അതുകൊണ്ടു ഭാര്യാഭർത്താക്കന്മാർ സകലത്തിലും ക്രിസ്തുവിൻെറ ആത്മാവിൽ അന്യോന്യം കീഴടങ്ങിയിരിക്കണം. അവർ അവൻെറ ശരീരത്തിൻെറ അവയവങ്ങളല്ലോ. അതു നിമിത്തം പുരുഷൻ അപ്പനെയും അമ്മയെയും വിട്ടു് ഭാര്യയോടു പററിച്ചേരും. ഇരുവരും ഒരു ദേഹമായിത്തീരും. ഈ മർമ്മം വലിയതു്. ഞാൻ ക്രിസ്തുവിൽ സഭയുടെ ഐക്യം ഉദ്ദേശിച്ചത്രെ പറയുന്നതു്. എന്നാൽ നിങ്ങളും അങ്ങനെ തന്നെ ഓരോരുത്തൻ താന്താൻെറ ഭാര്യയെയോ ഭർത്താവിനേയോ തന്നെപ്പോലെതന്നെ സ്നേഹിക്കണം' (നവീകരിച്ച എഫെ. 5. 22—32).

## ഉത്പ. 1. 11–ലെ കഥാപാത്രങ്ങൾ–മനുഷ്യസ്വഭാവസവിശേഷതകളുടെ പ്രതിരൂപങ്ങൾ

ഏദൻതോട്ടത്തിൽനിന്നു പുറം തള്ളപ്പെട്ട ആദാം പുതിയനിയമത്തിൽ ദൈവനന്മയിൽനിന്നു വീണുപോയ മനുഷ്യസ്വഭാവത്തിൻെറ പ്രതിരൂപമാണു്. ഉത്പ. 1-11 ലെ മററു കലാപാത്രങ്ങളെയും പുതിയനിയമം ചർച്ച ചെയ്യുന്നതു മനുഷ്യസ്വഭാവത്തിൽ അന്തർലീനമായ ശിഷ്ടമോ ദുഷ്ടമോ ആയ പ്രത്യേകതകളുടെ പ്രതിനിധികളായിട്ടത്രെ.

കയീൻ ദുഷ്ടതയുടെയും സ്നേഹഹീനതയുടെയും പ്രതീകം. മൃഗതുല്യരായ വഷളന്മാർ 'കയീൻെറ വഴിയിൽ നടക്കുന്നവർ, (യൂദാ.11) സഹോദര സ്നേഹമില്ലാത്ത ജീവിതം കയീൻേറതുപോലെ. 'നിങ്ങൾ ആദിമുതൽ കേട്ട ദൂതു്: നാം അന്യോന്യം സ്നേഹിക്കേണം എന്നല്ലോ ആകുന്നു. കയീൻ ദുഷ്ടനിൽ നിന്നുള്ളവനായി സഹോദരനെ കൊന്നതുപോലെ അല്ല; അവനെ കൊല്ലുവാൻ സംഗതിയെന്തു്? തൻെറ പ്രവൃത്തി ദോഷവും സഹോദരൻേറതു നീതിയുള്ളതാകകൊണ്ടത്രെ' (1 യോഹ. 3.11–12). സഹോദരനോടു 'ഏഴല്ല എഴുപത്തേഴിരട്ടി പകരം ചെയ്യുന്ന'മനുഷ്യസ്വാഭാവം ലാമേക്കു പ്രതിനിധാനം ചെയ്യുന്നു. അതോർത്തുകൊണ്ടായിരിക്കണം ദോഷം ചെയ്യുന്ന സഹോദരനോടു് 'ഏഴുവട്ടമല്ല ഏഴ്എഴുപതുവട്ടം' ക്ഷമിക്കണമെന്നു യേശു കല്പിച്ചതു് (മത്താ.18.22).

ഹാബേൽ ലോകചരിത്രത്തിൽ തുടരെ ദുഷ്ടത ചൊരിയുന്ന നിർദ്ദോഷരക്തം കുറിക്കുന്നു. ഹാബേൽ നീതിബോധത്തിൻെറയും പ്രവചനശുശ്രൂഷയുടെയും സത്യദൈവാരാധനയുടെയും പ്രതിനിധി. 'നീതിമാനായ ഹാബേലിൻെറ രക്തം മുതൽ....സഖര്യാവിൻെറ രക്തം വരെ ഭൂമിയിൽ ചൊരിഞ്ഞ നീതിയുള്ള രക്തം' (മത്താ.23.35), ലോകസ്ഥാപനം മുതൽ ചൊരിഞ്ഞിരിക്കുന്ന സകല പ്രവാചകന്മാരുടെയും രക്തം' (ലൂക്കോ. 1.51) മനുഷ്യചരിത്രത്തിന്മേൽ

വിധിയെഴുതുന്നു എന്നു യേശു പ്രസ്താവിക്കുന്നു. എബ്രായലേഖനം യേശു ക്രൂശിൽ ചൊരിഞ്ഞ നിർദ്ദോഷരക്തത്തെ ഹാബേലിൻെറ രക്തത്തെക്കാൾ ഗുണകരമായി സംസാരിക്കുന്ന 'പുണ്യാഹരക്തം' (എബ്രാ. 12.24) എന്നു വ്യശേഷിപ്പിക്കുന്നു. വിശ്വാസികളുടെ പട്ടികയിൽ ഹാബേലിനു സ്ഥാനമുണ്ട്. 'വിശ്വാസത്താൽ ഹാബേൽ ദൈവത്തിനു കയിൻേറതിലും ഉത്തമമായ യാഗം കഴിച്ചു. അതിനാൽ അവനു നീതിമാൻ എന്ന സാക്ഷ്യം ലഭിച്ചു. ദൈവം അവൻെറ വഴിപാടിനു സാക്ഷ്യം കല്പിച്ചു. മരിച്ചശേഷവും അവൻ വിശ്വാസത്താൽ സംസാരിച്ചുകൊണ്ടിരിക്കുന്നു' (11.4). ഹനോക്കും വിശ്വാസികളുടെ പട്ടികയിൽ ഉണ്ട്. 'വിശ്വാസത്താൽ ഹനോക്കു മരണം കാണാതെ എടുക്കപ്പെട്ടു. ദൈവം അവനെ എടുത്തുകൊണ്ടതിനാൽ കാണാതെയായി. അവൻ ദൈവത്തെ പ്രസാദിപ്പിച്ചു എന്നു് അവൻ എടുക്കപ്പെട്ടതിനു മുമ്പെ സാക്ഷ്യം പ്രഖ്യാപിച്ചു' (11.5). യൂദായുടെ ലേഖനം ഹനോക്കിനെ പ്രവാചകനായി കാണുന്നു (14.15).

ജലപ്രയളത്തിനുമുമ്പുള്ള തലമുറ ആസന്നമായ ദൈവന്യായവിധിയെക്കുറിച്ചു ബോധമില്ലാതെ ജീവിതചര്യ തുടർന്നുപോകുന്ന ജനതയുടെ പ്രതിരൂപമാണെന്നു യേശു പ്രസ്താവിക്കുന്നു. 'ജലപ്രളയത്തിനു മുമ്പുള്ളകാലത്തു നോഹ പെട്ടകത്തിൽ കയറിയ നാൾ വരെ അവർ തിന്നും കുടിച്ചും വിവാഹം കഴിച്ചും വിവാഹത്തിനു കൊടുത്തും പോന്നു. ജലപ്രളയംവന്നു എല്ലാവരെയും നീക്കിക്കളയുവോളം അവർ അറിഞ്ഞതുമില്ല' മത്താ. 24. 38, 39; ലൂക്കോ. 17. 27; 1 പത്രൊ. 3. 19). ജലപ്രളയത്തിൽനിന്നു രക്ഷപ്പെട്ട നോഹയും കുടുംബവും ദൈവന്യായവിധിയിൽ നിന്നു രക്ഷപ്രാപിക്കുന്ന മനുഷ്യവർഗ്ഗത്തിനു മുൻകുറി. 'ആ പെട്ടകത്തിൽ അല്പജനം എന്നുവച്ചാൽ എട്ടുപേർ വെള്ളത്തിൽക്കൂടി രക്ഷ പ്രാപിച്ചു. അതു സ്നാനത്തിനുമുൻകുറി' (1പത്രോ.3. 20, 21).

# രണ്ടാം ഭാഗം

# 1

## സ്രഷ്ടാവായ ദൈവവും സൃഷ്ടിയുടെ ദൈവോദ്ദേശ്യവും

**1. 1. ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു.**

1. 'ആദി'യെക്കുറിച്ചു വേദപുസ്തകം നടത്തുന്ന ഈ പ്രഖ്യപനം ലോകചരിത്രത്തിൻെറ 'മദ്ധ്യ'ത്തിൽ ലോകചരിത്രത്തിൻെറ 'അന്തം' ദർശിച്ചു കൊണ്ടു ദൈവജനം ചെയ്യുന്നതാണു്. മദ്ധ്യത്തിൽ ദൈവത്തിൻെറ പരിപാലനവും ന്യായവിധിയും വിമോചനവും ഭാഗികമായി അനുഭവിച്ചുകൊണ്ടു്, അവയുടെ പൂർണ്ണത ഭാവിയിൽ ഉണ്ടാകുമെന്ന ഉറപ്പോടുകൂടിയാണു് ഈ പ്രഖ്യപനം നിലകൊള്ളുന്നതു്. പ്രസ്തുത ആത്മീയാനുഭവവും പ്രത്യാശയുമാൺ് ഈ പ്രഖ്യാപനത്തിൻെറ അടിസ്ഥാനം. അവയിൽനിന്നു വേറിട്ടു വസ്തുനിഷ്ഠമായി നിർത്താവുന്ന ഒരു സത്യമല്ല ദൈവത്തിൻെറ ലോകസൃഷ്ടി. ആദിയിൽ എന്തു സംഭവിച്ചു എന്നു രേഖപ്പെടുത്തുവാൻ എവിടെയാണു സാക്ഷികരം! ദൈവം ഇയ്യോബിനോടു പ്രതിവചിക്കുന്നതുപോലെ ലോകാരംഭം, പ്രപഞ്ചാടിസ്ഥാനം മനുഷ്യനു തികച്ചും അജ്ഞാതമാണു്. 'ഞാൻ ഭൂമിക്കു് അടിസ്ഥാനമിട്ട

പ്പോഠം നീ എവിടെയായിരുന്നു? നിനക്കു വിവേകമു ണ്ടെങ്കിൽ പ്രസ്താവിക്ക....പ്രഭാതനക്ഷത്രങ്ങഠം ഒന്നിച്ചു ഘോഷിച്ചുല്ലസിക്കയും ദൈവപുത്രന്മാരെല്ലാം സന്തോ ഷിച്ചാക്കുകയും ചെയ്തപ്പോഠം അതിൻെറ അടിസ്ഥാനം ഏതിന്മേൽ ഉറപ്പിച്ചു....? ഇതൊക്കെയും അറിയുന്നു വെങ്കിൽ പ്രസ്താവിക്ക (ഇയ്യോബ് 38: 4,6). അങ്ങ നെയുള്ള അറിവു മനുഷ്യനുണ്ടെന്നു ഭാവിക്കുന്നതു് 'അറിവില്ലാത്ത വാക്കുകളാൽ ആലോചനയെ ഇരുളാ ക്കു'കയാണ് (38 :2). എന്നാൽ ദൈവത്തിൻെറ വിമോ ചനപ്രവർത്തനം ചരിത്രത്തിൽ അനുഭവിച്ചറിഞ്ഞിരി ക്കുന്ന യിസ്രായേൽ ജനം ലേകചരിത്രംപോലെ ലോ കാരംഭവും ദൈവഹിതത്തിൽ അടിസ്ഥാനപ്പെട്ടിരി ക്കുന്നു എന്നു വിശ്വസിക്കുന്നു.

2. ക്രൈസ്തവസഭയെ സംബന്ധിച്ചും ഇതു പരമാത്ഥമാണ്. ചരിത്രത്തിൻെറ മദ്ധ്യത്തിൽ മരിച്ചു യിർത്തെഴുന്നേററ ക്രിസ്തു ലോകത്തിൻെറ കർത്താവും മനുഷ്യജീവിതലക്ഷ്യത്തിൻെറ വെളിപ്പാടുമാണെന്നു സഭ അനുഭവത്തിലറിയുന്നു. പ്രസ്തുത അനുഭവജ്ഞാനം മുൻനിർത്തി പ്രപഞ്ചത്തിൻെറയും മനുഷ്യലോകത്തി ൻെറയും അന്തം, ക്രിസ്തുവിൻെറ പ്രത്യക്ഷതയിൽ 'സ്വർഗ്ഗത്തിലും ഭൂമിയിലുമുള്ളതെല്ലാം' അവനിൽ സമ്പൂർണ്ണമായി ഏകീകരിക്കുന്ന ദൈവത്തിൻെറ പ്രക്രിയയാണെന്നു സഭ വിശ്വസിക്കുന്നു (എഫെ. 1. 10). ക്രിസ്തുവിൽ 'പുതിയ ആകാശവും പുതിയ ഭൂമിയും' കാത്തിരിക്കുന്ന സഭ, ആ പ്രത്യാശയുടെ അടിസ്ഥാനത്തിൽ, 'ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു' എന്നു പ്രഖ്യാപിക്കുന്നു. മദ്ധ്യം, ഭാവി ഇവയെ സംബന്ധിച്ച വിശ്വാസങ്ങളിൽനിന്നു മാറി ആദി സംബന്ധിച്ച പ്രഖ്യാപനത്തിനു നില നില്ക്കാനാവില്ലതന്നെ. ലോകം ദൈവം സൃഷ്ടിച്ചു എന്ന ക്രിസ്തീയോപദേശം തികച്ചും ഒരു വിശ്വാസ സത്യമാണ് (എബ്രാ. 11. 3).

3. ദൈവവും ലോകവും തമ്മിലുള്ള ബന്ധം, ദൈവം ലോകത്തിൽ ചെയ്യുന്ന പ്രവൃത്തികഠം ഇവയാണു വേദപുസ്തകത്തിൻെറ പ്രതിപാദനവിഷയങ്ങഠം. ദൈവം ലോകം സൃഷ്ടിച്ചു; ദൈവം ലോകത്തെ വിധിക്കുന്നു, പരിപാലിക്കുന്നു; ദൈവം ലോകത്തെ രക്ഷിക്കുന്നു—ഇങ്ങനെ ദൈവത്തിനു ലോകത്തോടുള്ള ബന്ധം കുറിക്കുന്ന പ്രവത്തനങ്ങഠം. 'ജീവിക്കുന്ന ദൈവം' എന്ന പദപ്രയോഗംകൊണ്ടു്, പ്രവത്തിക്കുന്ന ദൈവം എന്നത്രെ വേദപുസ്തകം അത്ഥമാക്കുന്നതു്. ദൈവത്തിൻെറ ലൗകികബന്ധവും പ്രവർത്തനങ്ങളും മാററിനിത്തി ദൈവത്തിൻെറ ആന്തരികസ്വഭാവും സാരാംശവും ചർച്ചചെയ്യുന്ന ഭാഗങ്ങഠം വേദപുസ്തകത്തിൽ വിരളമാണു്; ഇല്ലെന്നുതന്നെ പറയാം. ദൈവസ്വഭാവം സ്പഷ്ടമാക്കുന്ന ദൈവനാമങ്ങഠം എല്ലാം തന്നെ ദൈവത്തിൻെറ ലൗകികപ്രവത്തനങ്ങളുടെ വെളിച്ചത്തിൽ ദൈവത്തിൻെറ ലോകസമീപനം വ്യക്തമാക്കുന്നവയാണു്. സൃഷ്ടികർത്താവു്, പരിപാലകൻ, വിധികർത്താവു്, രക്ഷാകർത്താവു് ആദിയായവ. 'തൻെറ ഏകജാതനായ പുത്രനെ നാം അവനാൽ ജീവിക്കേണ്ടതിനു ലോകത്തിലേക്കയച്ചു എന്നുള്ളതിനാൽ ദൈവത്തിനു നമ്മോടുള്ള സ്നേഹം പ്രത്യക്ഷമായി.' ദൈവസ്നേഹത്തിൻെറ പ്രത്യക്ഷപ്രവർത്തനത്തിൽ നിന്നൊരു നിഗമനമാണു് 'ദൈവം സ്നേഹം തന്നെ' (1 യോഹ. 3:9) എന്ന ദൈവസ്വഭാവ ചിത്രീകരണം. ലോകത്തിൽ പ്രവർത്തിക്കുന്ന ദൈവം എന്ന ആശയത്തിനനുസരണമാണു മതത്തെപ്പററി വേദപുസ്തകത്തിൻെറ ചിന്താഗതി. മതം മനുഷ്യനു താത്ത്വികജ്ഞാനം പ്രദാനം ചെയ്യുന്ന തത്ത്വശാസ്ത്രമല്ല, പ്രത്യുത, ദിവ്യപ്രവർത്തനങ്ങളും അവയ്ക്കു പിന്നിലെ ദൈവഹിതവും മുൻനിർത്തി മനുഷ്യൻെറ ലൗകികജീവിതം രൂപപ്പെടുത്തുന്ന 'ജീവിതമാർഗ്ഗം' അത്രെ. ലോകത്തിൽ മനുഷ്യജീവിതത്തിൻെറ ദിവ്യ അത്ഥവും ലക്ഷ്യവും പ്രാവത്തികമാക്കുന്ന മാർഗ്ഗമാണു് യഥാ

ത്ഥമതം എന്നത്ഥം. തൻെറ ദൈവം 'ആബ്രാഹാമിൻെറ യും യിസ്ഹാക്കിൻെറയും യാക്കോബിൻെറയം ദൈ വമാണ്, തത്ത്വശാസ്ത്രജ്ഞന്മാരുടെ ദൈവമല്ല, എന്നു് പാസ്കൽ പ്രസ്താവിച്ചതിൻെറ പിമ്പിലുള്ള തത്ത്വമി താണ്. അതായതു്, വേദപുസ്തകം ലോകോത്പത്തി സംബന്ധിച്ചു ചെയ്യുന്ന പ്രഖ്യാപനങ്ങൾ ലോകചരി ത്രമദ്ധ്യത്തിൽ ലോകത്തിൻെറ ജീവൽപ്രശ്നങ്ങൾ അഭിമുഖീകരിച്ചുകൊണ്ടു്, സത്യജീവിതമാഗ്ഗം അന്വേ ഷിക്കുന്ന മനുഷ്യൻെറ ജീവൽപ്രധാനമായ അന്വേഷ ണത്തിനു ദൈവം വെളിപ്പെടുത്തുന്ന ഉത്തരത്തിൻെറ ഭാഗമായി വേണം വ്യാഖ്യാനിക്കുവാൻ. ദൈവത്തി നും മനുഷ്യനും ലോകത്തോടുള്ള ആത്മീയബന്ധമാണ് കേന്ദ്രവിഷയമെന്നു വിവക്ഷ. ലോകം ദൈവസൃഷ്ടി യാണെന്നുള്ള പ്രസ്താവന ദൈവോദ്ദേശ്യത്തിനനുയോ ജ്യമായ ലോകബന്ധത്തിലാണു മനുഷ്യൻെറ ജന്മോദ്ദേ ശ്യനിവൃത്തി എന്ന സത്യത്തിൻെറ പ്രഖ്യാപനമാ ണെന്നു സാരം.

4. ഒന്നുമില്ലായ്മയിൽനിന്നു ദൈവം പ്രപഞ്ചം ഉളവാക്കി എന്ന ആശയം ഈ വേദവാക്യത്തിൽ അട ങ്ങിയിട്ടുണ്ടോ എന്നു പണ്ഡിതലോകത്തിനു സന്ദേഹ മുണ്ടു്. 'പൗരോഹിത്യ' എഴുത്തുകാരൻെറ ദൈവശാസ്ത്രം ആലോചിച്ചാൽ ഉണ്ടെന്നു വേണം അനുമാനിക്കാൻ. ദൈവം 'മരിച്ചവരെ ജീവിപ്പിക്കയും ഇല്ലാത്തതിനെ ഉള്ളതിനെപ്പോലെ വിളിക്കയുംചെയ്യുന്നു' (റോമ. 4. 17) എന്ന പുതിയ നിയമ ഭാഗത്തു് ഈ ആശയം സ്പഷ്ടമാണ്. യേശുക്രിസ്തുവിനെ മരിച്ചവരിൽനിന്നു് ഉയിർപ്പിച്ചു എന്നതു് (4. 25) ഇതിനു ദൃഷ്ടാന്തവും അടിസ്ഥാനവുമത്രെ. ഏതായലും ഇല്ലായ്മയിൽ നിന്നു ഉണ്മയിലേക്കു വരുത്തുന്ന ദിവ്യപ്രക്രിയയ്ക്കാണു ക്രൈസ്തവസഭയുടെ ഉപദേശരൂപീകരണങ്ങളിൽ 'ദൈ വസൃഷ്ടി' എന്ന പദം ഉപയോഗിക്കുന്നതു്. പ്രസ്തുത നിർവ്വചനം മുൻനിർത്തിയാണ് ഈ വേദഭാഗം ക്രൈ സ്തവ ദൈവശാസ്ത്രം വ്യഖ്യാനിക്കുന്നതു്. ചില

പാഷണ്ഡോപദേശങ്ങളിൽനിന്നു ക്രിസ്തീയ വിശ്വാസം സംരക്ഷിക്കുക എന്ന ഉദ്ദേശ്യം അതിനു പിന്നിലുണ്ട്. ഒരുവശത്തു സൃഷ്ടി ദൈവത്തിൽനിന്നു 'ജനിച്ച'തോ 'പുറപ്പെട്ട'തോ ആണെങ്കിൽ, സൃഷ്ടി ദൈവസാരാംശമാണ്. അതു സൃഷ്ടിയും സ്രഷ്ടാവും തമ്മിൽ അന്തരം ഇല്ലാതാക്കും. മറുവശത്തു സൃഷ്ടിയിൽ ദൃശ്യമാകുന്ന കാര്യകാരണ നിയമം സ്രഷ്ടാവു—സൃഷ്ടിബന്ധത്തിനും ബാധകമാണെന്നു വരുന്നതു ദൈവത്തെ പ്രപഞ്ചത്തിന്റെ ഭാഗമാക്കുന്നതിനു തുല്യമാണ്. ഈ രണ്ടു മാർഗങ്ങളും സൃഷ്ടി കേവലം അയഥാർത്ഥമാണെന്നോ അന്ത്യയാഥാർത്ഥ്യമാണെന്നോ സ്ഥാപിക്കുന്ന തത്ത്വങ്ങൾക്കു വഴിതെളിക്കും. സൃഷ്ടിക്ക് അതീതമായ സ്രഷ്ടാവിന്റെ നിലയ്ക്കും സൃഷ്ടിയുടെ അസ്തിത്വത്തിനും ഭംഗമുണ്ടാകും. അതുപോലെ സൃഷ്ടിക്കു മുമ്പുള്ള ഏതെങ്കിലും പ്രകൃതിവസ്തുവിന്മേൽ ദൈവം വ്യാപരിച്ചതിന്റെ ഫലമാണു ലോകമെന്നു വന്നാൽ ആത്യന്തികമായി രണ്ടു യാഥാർത്ഥ്യങ്ങൾ ഉണ്ടെന്നുവരും. ദൈവത്തിന്റെ അതുല്യ ദിവ്യത്വത്തിന് ഇതും ഹാനികരമാണ്. ഇല്ലായ്മയിൽനിന്ന് ഉണ്മയിലേക്കു വരുത്തുന്ന പ്രക്രിയയാണ് സൃഷ്ടിപ്പെങ്കിൽ മുകളിൽ പ്രസ്താവിച്ച മൂന്ന് അപകടങ്ങളും ഒഴിവാക്കാം. ഇല്ലായ്മയിൽ നിന്നെന്തെങ്കിലും ഉളവാകുന്നതു് യുക്തിരഹിതമാണെന്നു സമ്മതിക്കണം. എന്നാൽ പ്രപഞ്ചത്തിന്റെ അസ്തിത്വവും അർത്ഥവും യുക്തിപരമായി വ്യാഖ്യാനിക്കാമെന്നു വന്നാൽ ദൈവം മനുഷ്യയുക്തിക്കു വിധേയനാണെന്നാണ് അർത്ഥമാകുന്നതു്. ഇതും ദൈവത്തിന്റെ ദൈവത്വത്തിനു ഹാനികരമാണ്. സൃഷ്ടിപ്പിന്റെ ക്രിസ്തീയോപദേശം എക്കാലവും യുക്തിക്കതീതമായ വിശ്വാസസത്യമായി നിലകൊള്ളും.

1. 2 ഭൂമി പാഴായും ശൂന്യമായും ഇരുന്നു. ആഴത്തിന്മീതെ ഇരുൾ ഉണ്ടായിരുന്നു. ദൈവത്തിന്റെ ആത്മാവു വെള്ളത്തിന്മീതെ പരിവർത്തിച്ചുകൊണ്ടിരുന്നു.

ആമുഖ ഉപന്യാസത്തിൽ പ്രസ്താവിച്ചതുപോലെ പ്രാചീന കാലത്തു പ്രചാരത്തിലിരുന്ന സൃഷ്ടി

പുരാണങ്ങളുടെ പ്രതിദ്ധ്വാനികരം ഈ ഭാഗത്തു ധാരാളമുണ്ടു്. മനുഷ്യരുടെ ഇടയിൽ പ്രചാരത്തിലിരിക്കുന്ന ദൃശ്യങ്ങളും ഭാഷാശൈലികളും ഉപയോഗിച്ചുവേണമല്ലോ ഏതു ദൈവശാസ്ത്രവും വ്യക്തമാക്കുവാൻ. ഇവിടെ സൃഷ്ടി രണ്ടുവിധമാണു്. ഒന്നു്, പാഴായും ശൂന്യമായും ഇരുന്ന പ്രപഞ്ചം ക്രമീകരിച്ചു വികസിപ്പിച്ചു്, സൃഷ്ടികളെ പരസ്പരം വേർപിരിച്ചു്, ദൈവം അതതിനു യോജിച്ച നാമരൂപം നല്കി അതതിന്റെ സ്ഥാനത്തു വ്യവസ്ഥചെയ്യുന്നു. രണ്ടു്, ആഴിയും ഇരുളും പ്രതിനിധാനം ചെയ്യുന്ന അക്രമാസക്തശക്തികരം നിയമത്തിനു വിധേയമാക്കി ദൈവം പ്രപഞ്ചം ക്രമീകരിക്കുന്നു. ഇല്ലായ്മയിൽനിന്നു് ഉൺമയിലേക്കു വരുത്തുന്ന പ്രക്രിയയാണു സൃഷ്ടിപ്പിന്റെ പ്രഥമ സത്യമെങ്കിലും ഈ വാക്യത്തിൽ ദൃശ്യമാകുന്ന രണ്ടു പ്രവർത്തനങ്ങളും അതിനു് അനുബന്ധങ്ങളായി പരിഗണിക്കാവുന്നത്രെ. സൃഷ്ടിയുടെ നവീകരണവും പരിപാലനവും പൂർത്തീകരണവുമാണു് ഇവിടെ സൂചിപ്പിച്ചിരിക്കുന്നതു് എന്നു ചിന്തിക്കുന്നതിലും അബദ്ധമില്ല. അവ സൃഷ്ടിപ്പിൻ ക്രിയയുടെ അഭേദ്യഭാഗങ്ങളായി നിലകൊള്ളുന്നു.

2. ദൈവിക സൃഷ്ടിക്രിയയുടെ ഈ എല്ലാ പ്രതിഭാസങ്ങളും ഭാവങ്ങളും ലോകത്തിൽ തുടർന്നുകൊണ്ടിരിക്കുന്നതിനാൽ, മനുഷ്യജീവിതത്തിനു പശ്ചാത്തലമായി ദൈവം പ്രപഞ്ചം 'സൃഷ്ടിച്ചു' എന്നു ഭൂതകാലരൂപത്തിൽമാത്രമല്ല, 'സൃഷ്ടിക്കുന്നു, സൃഷ്ടിച്ചുകൊണ്ടിരിക്കും' എന്നു വർത്തമാന ഭാവിരൂപങ്ങളിലും പ്രഖ്യാപിക്കേണ്ടതാവശ്യമാണു്. നാം ഇന്നു് അറിയുന്ന പ്രപഞ്ചം നിശ്ചലമല്ല, ചലനാത്മകമാണു്. ദൈവത്തിന്റെ ആത്മാവു് എപ്രകാരം വെള്ളത്തിന്മീതെ പരിവർത്തിച്ചു പ്രപഞ്ചം വ്യവസ്ഥചെയ്തുവോ അതുപോലെ ദൈവം വച്ചിരിക്കുന്ന നിയമങ്ങരംക്കനുസൃതമായ പ്രപഞ്ചത്തിലുണ്ടാവുന്ന എല്ലാ പരിണാമ പരിവർത്തനങ്ങരംക്കും 'മീതെ' ദൈവത്തിന്റെ ആത്മാവു പരിവർത്തിച്ചു് അവയെ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നു.

ദൈവത്തിൻെറ സൃഷ്ടികർതൃത്വം പ്രകൃതിയെയും മാനവചരിത്രത്തെയും ഭരിച്ചുനടത്തുന്ന ശക്തിയാണെന്നുള്ള ഇയ്യോബുഗ്രന്ഥകാരൻെറയും (ഇയ്യോ. 12: 15–18) പ്രവാചകന്മാരുടെയും (യെശ. 40: 12, 15) വിശ്വാസമാണ് ഉല്പ. 1–ലും പ്രതിബിംബിക്കുന്നത്. ദൈവാത്മാവിൻെറ പ്രചോദനത്തിൽ, നടത്തിപ്പിൽ, മനുഷ്യവംശത്തിൻെറ വീണ്ടെടുപ്പിൽക്കൂടി, അപൂർണതയിൽനിന്നു പൂർണതയിലേക്കു സർവ്വ സൃഷ്ടിയും പുരോഗമിക്കുന്നു എന്ന വി. പൗലോസിൻെറ വിഭാവന പ്രകൃതി, മനുഷ്യൻ, ദൈവാത്മാവ് ഇവ തമ്മിലുള്ള ചലനാത്മകബന്ധം വ്യക്തമാകുന്നതിനു കൂടുതൽ സഹായകരമത്രെ. സൃഷ്ടി ദൈവപുത്രന്മാരുടെ വെളിപ്പാടിനെ ആകാംക്ഷയോടെ കാത്തിരിക്കുന്നു. സൃഷ്ടി ദ്രവത്വത്തിൻെറ ദാസ്യത്തിൽ നിന്നു വിടുതലും ദൈവമക്കളുടെ തേജസ്സാകുന്ന സ്വാതന്ത്ര്യവും പ്രാപിക്കും എന്നുള്ള ആശയോടെ മായെക്കു കീഴ്പ്പെട്ടിരിക്കുന്നു, മനഃപൂർവ്വമായിട്ടല്ല, അതിനെ കീഴ്പ്പെടുത്തിയവൻെറ കല്പന നിമിത്തമത്രെ. സർവസൃഷ്ടിയും ഇന്നുവരെ ഒരുപോലെ ഞരങ്ങി ഈററുനോവോടിരിക്കുന്നു എന്നു നാം അറിയുന്നുവല്ലോ. ആത്മാവെന്ന ആദ്യദാനം ലഭിച്ചിരിക്കുന്ന നാമും നമ്മുടെ ശരീരത്തിൻെറ വീണ്ടെടുപ്പായ പുത്രത്വത്തിനു കാത്തുകൊണ്ടു ഉള്ളിൽ ഞരങ്ങുന്നു' (റോമ: 8. 19–23).

1. 3. വെളിച്ചം ഉണ്ടാകട്ടെ എന്നു ദൈവം കല്പിച്ചു. വെളിച്ചം ഉണ്ടായി........ 7, 9, 11. കല്പിച്ചു.... അങ്ങനെ സംഭവിച്ചു. 15, 24, 30: ദൈവം കല്പിച്ചു. അങ്ങനെ സംഭവിച്ചു.

1. 'ദൈവം കല്പിച്ചു; അങ്ങനെ സംഭവിച്ചു. മനുഷ്യജീവിതത്തിൽ കല്പനയുംസംഭവവും തമ്മിൽ, വാക്കും പ്രവൃത്തിയും തമ്മിൽ ഉദ്ദേശ്യവും പ്രാപ്യവും തമ്മിൽ എപ്പോഴും അകലമുണ്ടു്.

കാരണങ്ങൾ രണ്ടാണ്. ഒന്നാമതു്, പ്രകൃതിയുടെ നിയമങ്ങൾ മനുഷ്യൻെറ ഉദ്ദേശ്യപ്രാപ്തിക്കു പരിമിതി

കല്പിക്കുന്നു. രണ്ടാമത്, മനുഷ്യൻ അവനിൽനിന്നു തന്നെ അന്യനമാണ്. എന്നാൽ ദൈവത്തെ സംബന്ധിച്ചിടത്തോളം ദൈവകല്പന സംഭവംതന്നെയാണ് വാക്കുംപ്രവൃത്തിയും ഒന്നുതന്നെ. എന്റെ വായിൽനിന്നു പുറപ്പെടുന്ന എന്റെ വചനം....വെറുതെ എന്റെ അടുക്കലേക്കു മടങ്ങിവരാതെ എനിക്കിഷ്ടമുള്ളതു നിവർത്തിക്കയും ഞാൻ അയച്ചകാര്യം സാധിപ്പിക്കയും ചെയ്യും' (യെശ. 55: 11).

2. കല്പന, വചനം, വാക്ക്—ആളത്തത്തിന്റെ ഉദ്ദേശ്യം വെളിപ്പെടുത്തുന്ന മുഖാന്തരങ്ങളാണിവ. ലോകം ദൈവവചനത്താലുളവായി എന്നു പ്രസ്താവിക്കുമ്പോൾ, ദൃശ്യമായ പ്രപഞ്ചത്തിനും അതിന്റെ എല്ലാ പരിണാമങ്ങൾക്കും ആധാരമായിരിക്കുന്നതു പരമപുരുഷന്റെ പരമോദ്ദേശ്യമാണെന്നർത്ഥം. ദൈവത്തിന്റെ ആളത്തസ്വഭാവവും ലോകത്തിന്റെ അർത്ഥപൂർണതയും അതു വെളിപ്പെടുത്തുന്നു. യിസ്രായേൽ ജാതിയുടെ ചരിത്രം നിയന്ത്രിച്ചു നടത്തിയ അതേ ദൈവോദ്ദേശ്യം സകല സൃഷ്ടിക്കും, ആകമാന മാനവചരിത്രത്തിനും പിന്നിൽ പ്രവർത്തിക്കുന്നു. 'കീഴെ ശാശ്വതഭുജങ്ങൾ ഉണ്ടു്' (ആവ 33:27). 'സർവ്വ ഭൂമിയെയും കുറിച്ചു നിർണയിച്ചിരിക്കുന്ന നിർണയം ഇതാകുന്നു; സകല ജാതികളുടെയുംമേൽ നീട്ടിയിരിക്കുന്ന കൈ ഇതു തന്നെ' (യെശ. 14 :26). 'തന്റെ ഹിതത്തിന്റെ ആലോചനപോലെ സകലവും പ്രവർത്തിക്കുന്നവന്റെ നിർണയം' സകലത്തെയും ഭരിച്ചു നടത്തുന്നു (എഫെ. 1: 11).

3. പ്രകൃതിയിലും മനുഷ്യനിലും ദൈവ കല്പന വ്യത്യസ്തരൂപങ്ങൾ കൈക്കൊള്ളുന്നു. പ്രകൃതിയിൽ ദൈവഹിതം അലംഘനീയ നിയമങ്ങളായി പ്രത്യക്ഷപ്പെടുന്നു. മനുഷ്യനു ദൈവന്യായം ലംഘിച്ചു ജീവിക്കാൻ സാദ്ധ്യതയുണ്ടു്. 'ആകാശത്തിലെ പെരുഞാറ തന്റെ കാലം അറിയുന്നു. കുറുപ്രാവും മീവൽപക്ഷിയും കൊക്കും മടങ്ങിവരവിനുള്ള സമയം അനുസരിക്കുന്നു.

എൻെറ ജനമോ യഹോവയുടെ ന്യായം അറിയുന്നില്ല' (യിരെ: 8. 7). കാരണം പ്രകൃതിയെയും മനുഷ്യനെയും കുറിച്ചുള്ള ദൈവോദ്ദേശ്യങ്ങൾ വ്യത്യസ്തമാണു്. ഉത്പ.1, 2 അദ്ധ്യായങ്ങളിൽ പൊതുവേ പ്രകൃതി മനുഷ്യനുവേണ്ടി സൃഷ്ടിക്കപ്പെട്ടതുപോലെ തോന്നുന്നു. എന്നാൽ ഇയ്യോബിൻെറ പുസ്തകത്തിൽ പ്രകൃതി മനുഷ്യനു സുഗ്രാഹ്യമല്ലാത്ത മററു ഉദ്ദേശ്യങ്ങളും ദൈവം കൊടുത്തിട്ടുണ്ടെന്നു കാണുന്നു. 'നിർജ്ജന പ്രദേശത്തും ആൾപാർപ്പില്ലാത്ത മരുഭൂമിയിലും' മഴ പെയ്യിക്കയും 'ഇളമ്പുല്ലു മുളപ്പിക്കയും' ചെയ്യുന്നതിൻെറ രഹസ്യമെന്തെന്നറിയാമോ എന്നു യഹോവ ഇയ്യോബിനോടു ചോദിക്കുന്നു (ഇയ്യോ. 38. 25–26). 'സകലത്തിനും ലാക്കും സകലത്തിനും കാരണഭൂതനുമായ' ദൈവത്തിനു മനുഷ്യനെസംബന്ധിച്ചുള്ള ഉദ്ദേശ്യം 'അനേകം'പുത്രന്മാരെ തേജസ്സിലേക്കു നടത്തുക' എന്നതാണെന്നു് എബ്രായലേഖനം പ്രസ്താവിക്കുന്നു (എബ്രാ. 2: 10). പ്രകൃതിയിലും ചരിത്രത്തിലും പ്രവർത്തിക്കുന്ന ദൈവവചനത്തിൻെറ രൂപങ്ങളിലും ലക്ഷ്യങ്ങളിലും വ്യത്യാസമുണ്ടെങ്കിലും ദൈവത്തിൻെറ ആത്യന്തികലക്ഷ്യം ദൈവമഹത്വംതന്നെ (സങ്കീ. 19. 1; എഫെ. 1. 6, 12).

8. 'വെളിച്ചം ഉണ്ടാകട്ടെ എന്നു ദൈവം കല്പിച്ചു; വെളിച്ചം ഉണ്ടായി' (1: 3). പ്രകൃതി പ്രപഞ്ചമാണിവിടെ പ്രതിപാദനവിഷയം. എന്നാൽ പുതിയനിയമത്തിൽ ഈ ഭാഗം ഉദ്ധരിക്കുമ്പോൾ ക്രിസ്തുവിലുളവാകുന്ന പുതിയ മനുഷ്യത്വമാണു് അർത്ഥമാക്കുന്നതു്. 'ഇരുട്ടിൽനിന്നു വെളിച്ചം പ്രകാശിക്കേണം എന്നു അരുളിച്ചെയ്ത ദൈവം ക്രിസ്തുയേശുവിൻെറ മുഖത്തിലുള്ള ദൈവതേജസ്സിൻെറ പരിജ്ഞാനം വിളങ്ങേണ്ടതിനു ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രകാശിച്ചിരിക്കുന്നു' (2 കൊരി.4.6). പുതിയ നിയമത്തിൽ ഉടനീളം ആത്മപ്രകാശം എന്ന അർത്ഥത്തിൽ വെളിച്ചം എന്ന പദം പ്രയോഗിച്ചിട്ടുണ്ടെങ്കിലും ഉല്പ 1. 3 നോടു ബന്ധപ്പെടുത്തി അങ്ങനെയൊരു ഉപയോഗം ഈ

ഭാഗത്തു മാത്രമേ കാണുന്നുള്ളു എന്നതു പ്രത്യേകം പ്രസ്താവ്യമാണ്. പ്രപഞ്ചവും മനുഷ്യനും ആദി സൃഷ്ടിയും പുനർസൃഷ്ടിയും, അഭേദ്യമായി ബന്ധിക്കപ്പെട്ടിരിക്കുന്നു എന്ന തത്ത്വമാണ് ഇതിന്റെ പിന്നിലുള്ളതു്. 'പുതിയ ആകാശവും പുതിയഭൂമിയും' (വെളി. 21. 1) എന്ന പ്രയോഗത്തിൽ പുതിയ മനുഷ്യവർഗ്ഗവും അടങ്ങിയിട്ടുണ്ടല്ലോ.

1. 3–4. വെളിച്ചം നല്ലതു് എന്നു ദൈവം കണ്ടു; ദൈവം വെളിച്ചവും ഇരുളും തമ്മിൽ പേർപിരിച്ചു.

7. വിതാനം ഉണ്ടാക്കീട്ടു ദൈവം വിതാനത്തിൻ കീഴുള്ള വെള്ളവും വിതാനത്തിൻ മീതെയുള്ള വെള്ളവും തമ്മിൽ വേർപിരിച്ചു.

17– 18. ഭൂമിയെ പ്രകാശിപ്പിപ്പാനും പകലും രാത്രിയും വാഴുവാനും വെളിച്ചത്തെയും ഇരുളിനെയും തമ്മിൽ വേർപിരിപ്പാനുമായി ദൈവം അവയെ ആകാശവിതാനത്തിൽ നിർത്തി. നല്ലതു് എന്നു ദൈവം കണ്ടു.

21. ദൈവ........അതതുതരം ജീവജന്തുക്കളെയും അതതുതരം പറവജാതികളെയും സൃഷ്ടിച്ചു; നല്ലതു് എന്നു ദൈവം കണ്ടു.

25. ഇങ്ങനെ ദൈവം അതതുതരം കാട്ടുമൃഗങ്ങളെയും അതതരം കന്നുകാലികളെയും അതതുതരം ഭൂചരജന്തുക്കളെയും ഉണ്ടാക്കി; നല്ലതു് എന്നു ദൈവം കണ്ടു.

27. ഇങ്ങനെ ദൈവം........ മനുഷ്യനെ സൃഷ്ടിച്ചു;.... ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു.

31. താൻ ഉണ്ടാക്കിയതിനെ ഒക്കെയും നോക്കി, അതു് എത്രയും നല്ലതു് എന്നു കണ്ടു.

1. കേവലവും ഏകവുമായ പദാർത്ഥത്തിൽനിന്നു വേർതിരിവുകൾമൂലം കൂടുതൽ കൂടുതൽ സങ്കീർണതയും വിവിധത്വവും പ്രത്യക്ഷപ്പെടുന്നതാണു സൃഷ്ടിവൃത്താന്തം: പ്രകൃതി ശാസ്ത്രത്തിലെന്നപോലെ വേദശാസ്ത്രത്തിലും വേർതിരിവുമൂലമാണു സൃഷ്ടി പുരോഗമിക്കുന്നതു്. ഈ <u>ഭാഗത്തു</u> ദൈവം വെളിച്ചവും ഇരുളും തമ്മിൽ വേർതിരിക്കുന്നു; വെള്ളവും വെള്ളവും തമ്മിൽ വേർതിരിക്കുന്നു, ജീവജാലങ്ങൾ തമ്മിൽ വേർതിരിക്കുന്നു; മനുഷ്യവർഗത്തിൽതന്നെ പുരുഷൻ

സ്ത്രീ വേർതിരിവുണ്ടാകുന്നു; ഈ എല്ലാ വേർപിരിവുകളും അതോടനുബന്ധിച്ച വിവിധത്വവും ദൈവം 'നല്ലതു' 'എത്രയും നല്ലതു്' എന്നു കണ്ടു എന്നാണു് പ്രസ്താവന. വേർപിരിവുകളും വിവിധത്വവും മായയാണെന്നോ മിഥ്യയാണെന്നോ, അവയിൽതന്നെ ദോഷപൂർണമാണെന്നോ ഉള്ള ആശയങ്ങരം ഇവിടെ പൂർണമായി തിരസ്ക്കരിച്ചിരിക്കയാണു്. 'ഏകം' മാത്രം നന്മ, 'അനേകം' നിന്മ എന്ന ചിന്താഗതി പല മതങ്ങളിലും തത്വശാസ്ത്രങ്ങളിലും മൂലസിദ്ധാന്തമാണു്. ഭാരതത്തിലും ഈ ചിന്താഗതി ധാരാളം കാണാം. വേദപുസ്തകം ഏകീകരണം കൊണ്ടർത്ഥമാക്കുന്നതു സൃഷ്ടികളുടെ വ്യക്തിത്വവും സ്വധർമ്മവും കൂട്ടായ ജീവിതത്തിൽ പരിപാലിക്കപ്പെടുന്ന സമാധാനമാണു്. വിവിധത്വം നശിപ്പിക്കുന്ന ഏകത്വവും ഐക്യരൂപ്യവുമല്ല, ദൈവനീതിയിൽ സകലസൃഷ്ടികളും ഐക്യവും ഐകമത്യവുമാണു ലക്ഷ്യം.

2. മനുഷ്യലോകത്തിൽ മാത്രമല്ല പ്രപഞ്ചത്തിൽ ആകമാനം ദൈവനീതിയിൽ അധിഷ്ഠിതമായ ഈ സമാധാനം ഉണ്ടാകുമെന്നാണു യെശയ്യാവു പ്രവചിക്കുന്നതു്. പ്രവാചകൻെറ ഭാവന ഇപ്രകാരമാണു്: 'ചെന്നായ് കുഞ്ഞാടിനോടു കൂടെപാർക്കും; പുള്ളിപ്പുലി കോലാട്ടു കുട്ടിയോടു കൂടെ കിടക്കും ; പശുക്കിടാവും ബാലസിംഹവും തടിപ്പിച്ച മൃഗവും ഒരുമിച്ചു പാർക്കും; ഒരു ചെറിയകുട്ടി അവയെ നടത്തും; പശു കരടിയോടു കൂടെ മേയും: അവയുടെ കുട്ടികരം ഒരുമിച്ചു കിടക്കും; സിംഹം കാള എന്നപോലെ വൈക്കോൽ തിന്നും; മുലകുടിക്കുന്ന ശിശു സപ്പത്തിൻെറ പോതിൽ കളിക്കും. മുലകുടി മാറിയ പൈതൽ അണലിയുടെ പൊത്തിൽ കൈഇടും; സമുദ്രം വെള്ളം കൊണ്ടു നിറഞ്ഞിരിക്കുന്നതു പോലെ ഭൂമി യഹോവയുടെ പരിജ്ഞാനം കൊണ്ടു പൂർണമായിരിക്കയാൽ എൻെറ വിശുദ്ധ പർവ്വത്തിൽ എങ്ങും ഒരു ദോഷമോ നാശമോ ആരും ചെയ്കയില്ല (യെശ. 11. 6–9). സമാധാനം നിലനില്ക്കുന്ന

ഉത്പ. 1 ലെ സൃഷ്ടിവ്യവസ്ഥിതിയുടെ ചിത്രത്തിൽ മൃഗങ്ങളും പറവകളും മനുഷ്യരും സസ്യഭുക്കുകളാണെന്നുള്ളതു പ്രത്യേകം പ്രസ്താവ്യമാണ്. 'ഭൂമിയിൽ എങ്ങും വിത്തുള്ള സസ്യങ്ങളും വൃക്ഷത്തിൻെറ വിത്തുള്ള ഫലം കാച്ചുന്ന സകല വൃക്ഷങ്ങളും ഇതാ ഞാൻ നിങ്ങൾക്കു തന്നിരിക്കുന്നു. അവ നിങ്ങൾക്ക് ആഹാരമായിരിക്കട്ടെ. ഭൂമിയിലെ സകല മൃഗങ്ങൾക്കും ആകാശത്തിലെ എല്ലാ പറവകൾക്കും ഭൂമിയിൽ ചരിക്കുന്ന സകല ഭൂചരജന്തുക്കൾക്കും ആഹാരമായിട്ടു പച്ചസസ്യം ഒക്കെയും ഞാൻ കൊടുത്തിരിക്കുന്നു എന്നു ദൈവം കല്പിച്ചു' (ഉത്പ.1:30). ഈ വേദഭാഗങ്ങളുടെ അക്ഷരാർത്ഥമല്ല, അവയുടെ പിന്നിലുള്ള തത്ത്വമാണു പ്രധാനം. സൃഷ്ടിയെക്കുറിച്ചുള്ള ദൈവോദ്ദേശ്യം വിവിധതത്വത്തിൽ ഒരുമയാണ്.

1. 11 ഭൂമിയിൽനിന്നു പുല്ലും അതതുതരം വിത്തുള്ള ഫലം കാച്ചുന്ന വൃക്ഷങ്ങളും മുളച്ചു വരട്ടെ എന്നു ദൈവം കല്പിച്ചു. അങ്ങനെ സംഭവിച്ചു.

24. അതതുതരം ജീവജന്തുക്കൾ ഭൂമിയിൽ നിന്ന് ഉളവാകട്ടെ എന്നു ദൈവം കല്പിച്ചു. അങ്ങനെ സംഭവിച്ചു.

1. 'ഭൂമിയിൽനിന്നു' ദൈവത്തിൻെറ സൃഷ്ടിപ്രവർത്തനം രണ്ടു വിധത്തിലത്രെ. വെളിച്ചം വിതാനം, സൂര്യചന്ദ്രനക്ഷത്രങ്ങൾ ഇവയൊക്കെ പലകല്പനയാൽ ഒന്നുമില്ലായ്മയിൽനിന്നു് ഉണ്ടാക്കപ്പെട്ടു. എന്നാൽ ചില സൃഷ്ടികൾ മററു സൃഷ്ടികളിൽനിന്നു് ഉളവാകാനാണു ദൈവകല്പന. സസ്യങ്ങളും മൃഗജാലങ്ങളും ദൈവം 'ഭൂമിയിൽനിന്നു്' ഉളവാക്കി, എല്ലാം ദൈവകല്പന അനുസരിച്ചു തന്നെ. പ്രകൃതിയിലും ചരിത്രത്തിലും പ്രകൃതിനിയമമനുസരിച്ച് ഉളവാകുന്ന കാര്യങ്ങൾതന്നെ ദൈവോദ്ദേശ്യത്തോടു ബന്ധിക്കപ്പെട്ടിരിക്കുന്നു. എങ്ങനെ ഉളവായി, എന്തിനു് ഉളവായി എന്നു രണ്ടു ചോദ്യങ്ങൾ വ്യത്യസ്തമായി കാണണം. ഒന്നു പ്രകൃതിശാസ്ത്രം ഉന്നയിക്കുന്നു. മററതു ദൈവശാസ്ത്രം. പ്രകൃതിശാസ്ത്ര

പ്രകാരം, ഭൗമിക പദാൎത്ഥങ്ങളുടെ ചലനത്താലാണ് സസ്യലോകവും മൃഗലോകവും മനുഷ്യലോകം തന്നെയും ഉളവാകുന്നതു്, എന്നാൽ അതിന്റെ പിന്നിൽ ദൈവകല്പന. ദൈവോദ്ദേശ്യം ഉണ്ടു്. മനുഷ്യൻ ഉരുവാകുന്നതു പ്രകൃതിനിയമമനുസരിച്ചു സ്ത്രീ പുരുഷ ബീജങ്ങളുടെ സങ്കലനത്താലാണെന്നു് അറിഞ്ഞുകൊണ്ടു തന്നെയാണു് സങ്കീൎത്തനക്കാരൻ പാടുന്നതു്: 'എന്റെ അമ്മയുടെ ഉദരത്തിൽ നീ എന്നെ മെടഞ്ഞു. ഭയങ്കരവും അതിശയവുമായി എന്നെ സൃഷ്ടിച്ചിരിക്കയാൽ ഞാൻ നിനക്കു സ്തോത്രം ചെയ്യുന്നു....പിണ്ഡാകാരമായിരുന്നപ്പോൾ നിന്റെ കണ്ണു് എന്നെ കണ്ടു. നിയമിക്കപ്പെട്ട നാളുകളിൽ ഒന്നും ഇല്ലാതിരുന്നപ്പോൾ അവയെല്ലാം നിന്റെ പുസ്തകത്തിൽ എഴുതിയിരുന്നു' (സങ്കീ. 139. 13: 14).ദൈവോദ്ദേശ്യം സകലത്തിനും അടിസ്ഥാനമായതുകൊണ്ടു് ദൈവോദ്ദേശ്യം മാററി നിൎത്തി ഒരു സൃഷ്ടിയെയും പൂൎണ്ണമായി ഗ്രഹിക്കാനോ നിൎവചിക്കാനോ സാദ്ധ്യമല്ല. മനുഷ്യനു മാത്രമല്ല പ്രകൃതിക്കുപോലും ഒരു ആത്മീയ അൎത്ഥവും ഒരു അതിശയത്വവുമുണ്ടു്. ദൈവത്തിന്റെ സൃഷ്ടിക്രിയയിൽ ദൈവത്തോടുകൂടി 'ജ്ഞാനിയായ'വളുടെ സഹകരണം ഉണ്ടെന്ന സദൃശ്യവാക്യങ്ങളിലെ ആശയം ഇതിനു് ഉപോൽബലകമാണു്. ജ്ഞാനിയായവൾ വിളിച്ചുപറയുന്നതു്: യഹോവ പണ്ടു പണ്ടേ തന്റെ വഴിയുടെ ആരംഭമായി, തന്റെ പ്രവൃത്തിയുടെ ആദ്യമായി, എന്നെ ഉളവാക്കി....ഞാൻ അവന്റെ അടുക്കൽ ശിൽപി ആയിരുന്നു. ഇടവിടാതെ അവന്റെ മുമ്പിൽ വിനോദിച്ചുകൊണ്ടു, ദിനമ്പ്രതി അവന്റെ പ്രമോദമായിരുന്നു.'—എന്നെ കണ്ടെത്തുന്നവൻ ജീവനെ കണ്ടെത്തുന്നു' (സദൃശ. 8. 22, 30, 35).

**1, 26. അനന്തരം ദൈവം, നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രാകാരം മനുഷ്യനെ ഉണ്ടാക്കുക. അവർ സമുദ്രത്തിലുള്ള മത്സ്യത്തിന്മേലും ആകാശത്തിലുള്ള പറവജാതിയിയിന്മേലും മൃഗങ്ങളിന്മേലും സർവ്വഭൂമിയിന്മേലും ഭൂമിയിൽ ഇഴയുന്ന എല്ല ഇഴജാതിയിന്മേലും വാഴട്ടെ എന്നു കല്പിച്ചു.**

1. മനുഷ്യനിലെ ദൈവസ്വരൂപത്തിനു പല വശങ്ങൾ ഉണ്ടെങ്കിലും ഒന്നാമതായി വേദപുസ്തകം എടുത്തുപറയുന്നതു് പ്രകൃതിയുടെമേൽ ആധിപത്യം സ്ഥാപിക്കുന്നതിനു് അവനു കൊടുത്തിരിക്കുന്ന സൃഷ്ടി വൈഭവമാണു്. പ്രകൃതിരഹസ്യങ്ങൾ ആരാഞ്ഞറിയുന്നതിനും ഗ്രഹിക്കുന്ന രഹസ്യങ്ങൾ പ്രയോഗിക്കുന്നതിനുമുള്ള വൈഭവമാണു് ഇവിടെ വിവക്ഷ. മനുഷ്യൻ മനുഷ്യനായിത്തീരുന്നതു പ്രകൃതിയിൽനിന്നു വേറിട്ടുനിന്നു പ്രകൃതിയെ നിരീക്ഷിച്ചു കീഴടക്കുന്ന പ്രക്രിയയിലാണു്. അതിനു പിന്നിൽ ദൈവകല്പനയുടെ ആത്മപ്രേരണയുണ്ടു്. അതിനാൽ മതത്തിൻെറയോ രാഷ്ട്രത്തിൻെറയോ നാമത്തിൽ 'വസ്തുതകൾ' അന്വേഷിച്ചു പുറപ്പെടുന്ന മനുഷ്യൻെറ സ്വാതന്ത്ര്യം ഹനിക്കാൻ പാടില്ലതന്നെ.

2. 'നീ അവനെ ദൈവത്തെക്കാൾ അല്പം മാത്രം താഴ്ത്തി തേജസ്സും ബഹുമാനവും അവനെ അണിയിച്ചിരിക്കുന്നു. നിൻെറ കൈകളുടെ പ്രവൃത്തികൾക്കു നീ അവനെ അധിപതിയാക്കി. സകലത്തെയും അവൻെറ കാല്ക്കീഴാക്കിയിരിക്കുന്നു' (സങ്കീ. 8. 5–6). ഇവിടെ മനുഷ്യൻെറ തേജസ്സും ബഹുമാനവും സ്പഷ്ടമാകുന്നതു പ്രകൃതിമേൽ അവൻ സ്ഥാപിക്കുന്ന മേധാവിത്വത്തിലാണു്. ഈ മേധാവിത്വം ആധുനിക മനുഷ്യൻ പ്രകൃതിശാസ്ത്രവും സങ്കേതങ്ങളും മുഖാന്തരം സാധിച്ചിരിക്കുന്നു. പക്ഷെ അതു പ്രകൃതിയുടെ മേൽ പരിധിയില്ലാത്ത ആക്രമണമായിട്ടത്രെ കലാശിച്ചിരിക്കുന്നതു്. ആകാശം ഭൂമി, ജലാശയങ്ങൾ ഇവ മനുഷ്യജീവിതത്തിനു ഹാനികരമാംവണ്ണം മലിനമാക്കപ്പെടുന്നു. ഭാവി തലമുറകളുടെ ആവശ്യങ്ങൾ പരിഗണിക്കാതെ എണ്ണയും മററു് ഇന്ധനങ്ങളും ഖനികളും നാം ചെലവാക്കുന്നു. ഗുണകരമായ മനുഷ്യജീവിതത്തിൻെറ പശ്ചാത്തലമായി നില്ക്കുന്ന സസ്യലതാദികളും മൃഗസമ്പത്തും നാം നശിപ്പിക്കുന്നു. ഈ അവസരത്തിൽ ദൈവം നൽകിയിരിക്കുന്ന ആധിപത്യവും

ആധുനിക മനുഷ്യൻ സമ്പാദിച്ചിരിക്കുന്ന ആധിപത്യ വും ഒന്നുതന്നെയാണോ എന്നു പരിശോധിക്കേണ്ടതാവശ്യമത്രെ. ഉത്പ.2 ൽ യഹോവ മനുഷ്യനെ സൃഷ്ടിച്ചു,ഏദനിൽ ഒരു തോട്ടവും ഉണ്ടാക്കി, 'താൻ സൃഷ്ടിച്ച മനുഷ്യനെ അവിടെ ആക്കി' (2:8). 'യഹോവയായ ദൈവം മനുഷ്യനെ കൂട്ടികൊണ്ടുപോയി ഏദൻ തോട്ടത്തിൽ വേല ചെയ്‌വാനും അതിനെ കാപ്പാനും അവിടെ ആക്കി'(2:15) എന്നു വായിക്കുന്നു. ഇവിടെ പ്രകൃതിയുടെ സംരക്ഷണം മനുഷ്യനു ദൈവം നല്കിയിരിക്കുന്ന ചുമതലയത്രെ. പ്രജയുടെ ക്ഷേമം രാജധർമ്മമായിരിക്കുന്നതുപോലെ, പ്രകൃതിമേൽ മനുഷ്യന്റെ രാജത്വത്തിൽ പ്രകൃതിയുടെ സംരക്ഷണവും ഉൾപ്പെടുന്നു എന്നു വേണം വ്യാഖ്യാനിക്കുവാൻ.

3. കൃഷിഭൂമിക്കും ശബ്ബത്തു ദൈവം സ്ഥാപിച്ചിട്ടുണ്ട്. ഭൂമിയുടെ ചൂഷണത്തിനു് അതിരു കല്പിക്കുന്നു. 'ഏഴാം സംവത്സരത്തിലോ ദേശത്തിനു സ്വസ്ഥതയുള്ള ശബ്ബത്തായ യഹോവയുടെ ശബ്ബത്തായിരിക്കണം. നിന്റെ നിലം വിതെക്കയും മുന്തിരിത്തോട്ടം വള്ളിത്തല മുറിക്കയും ചെയ്യരുതു്—അതു ദേശത്തിന്റെ ശബ്ബത്താകുന്നു (ലേവ്യ. 25:4–5). മൃഗസംരക്ഷണവും മനുഷ്യധർമ്മമാണ്. കാള മെതിക്കുമ്പോൾ അതിനു മുഖക്കൊട്ട കെട്ടരുതു്'' (ആവ. 25:4). കാളക്കും കഴുതക്കും വെള്ളം കൊടുക്കണം (ലൂക്കൊ 13: 15). വിതെക്കയോ കൊയ്യുകയോ ചെയ്യാത്ത ആകാശത്തിലെ പറവകളെ ദൈവം പുലർത്തുന്നു. അദ്ധ്വാനിക്കയോ നൂല്ക്കുകയോ ചെയ്യാത്ത വയലിലെ താമരയെയും വയലിലെ പുഷ്പങ്ങളെയും ദൈവം ചമയിക്കുന്നു. നിലത്തുവീഴുന്ന കുരികിലിനെ ദൈവം അറിയുന്നു (മത്താ: 6.26–30,10:29). കാണാതെപോയ ആടിനെ കണ്ടുകിട്ടിയാൽ സന്തോഷിച്ചു ചുമലിലെടുത്തു വീട്ടിൽവന്നു സ്നേഹിതന്മാരെയും അയല്ക്കാരെയും വിളിച്ചുകൂട്ടി അവരെക്കൂടി തന്റെ സന്തോഷത്തിലേക്കു ക്ഷണിക്കുന്നതു മനുഷ്യനു

സ്വാഭാവികമത്രെ (ലൂക്കൊ. 15:4). സ്വകീയത മുൻ നിർത്തി പ്രകൃതിലോകം നശിപ്പിച്ചുകളയുകയല്ല സംരക്ഷിക്കുകയാണു മനുഷ്യന്റെ കടമ.

1. 26–27. അനന്തരം ദൈവം : നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക........ എന്നു കല്പിച്ചു. ഇങ്ങനെ ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു.

1. ഈ വേദഭാഗത്തു മററു സൃഷ്ടികളെ അപേക്ഷിച്ചു മനുഷ്യന്റെ സവിശേഷതയാണ് സ്പഷ്ടമാക്കിയിരിക്കുന്നത്. മനുഷ്യനെ ഉണ്ടാക്കുന്നതിനു മുമ്പു ദൈവം തന്നോടുതന്നെ ആലോചിക്കുന്നു. അങ്ങനെ ദൈവത്തിന്റെ ആളത്തത്തോട് ഏതോ വിധത്തിൽ പ്രത്യേക ബന്ധം മനുഷ്യനുണ്ടെന്നു സമർത്ഥിച്ചിരിക്കയാണിവിടെ. 'നാം', 'നമ്മുടെ' എന്ന പദപ്രയോഗം ദേവലോകത്തെ ആയിരിക്കാം സൂചിപ്പിക്കുന്നത്. ക്രിസ്തീയ ശൈലിയിൽ ത്രിത്വത്തിലുള്ള പരസ്പര സ്നേഹബന്ധത്തിന്റെ ഒരു പ്രതിബിംബമായി മനുഷ്യൻ സൃഷ്ടിക്കപ്പെട്ടു എന്നു വ്യാഖ്യാനിക്കുന്നതു സംഗതമാണ്. പിതാവായ ദൈവം പുത്രനായ ദൈവത്തിന്റെ മുഖതേജസ്സുകൊണ്ട്, അതേ പുത്രത്വം പ്രകാശിപ്പിക്കുന്ന 'അനേകം പുത്രന്മാർക്കായി' അഭിവാഞ്ഛിച്ച്, മനുഷ്യനെ സൃഷ്ടിച്ചു. മററു സൃഷ്ടികൾക്കു പുത്രത്വത്തിന്റെ പദവിയിലേക്കു പ്രവേശിക്കാനോ ദൈവത്തിലെ പുത്രത്വം പ്രാപിപ്പാനോ സാദ്ധ്യമല്ല. മനുഷ്യനു കഴിയും. അതത്രെ മനുഷ്യനെ സംബന്ധിച്ചു ദൈവോദ്ദേശ്യം. അതിലാണു മനുഷ്യൻ മൃഗങ്ങളിൽ നിന്നു വിഭിന്നനായിരിക്കുന്നത്.

2. ദൈവസ്വരൂപത്തിലുള്ള മനുഷ്യത്വം ഒരാളിൽ മാത്രമെ നാം ലോകചരിത്രത്തിൽ ദർശിച്ചിട്ടുള്ളു. യേശുക്രിസ്തുവിൽ. ദൈവസ്വരൂപം പുരസ്കരിച്ചു പുതിയ നിയമത്തിലെ വിചാരങ്ങൾക്കെല്ലാം അടിസ്ഥാനം യേശുക്രിസ്തുതന്നെ. യേശുക്രിസ്തു 'ദൈവ

പ്രതിമ' (2 കൊരി. 4. 4). 'അദൃശ്യനായ ദൈവ ത്തിൻെറ പ്രതിമയും സർവ്വസൃഷ്ടിക്കം ആദ്യജാതനും ആകുന്നു' (കൊലൊ 1: 15). യേശുക്രിസ്തുവിൽ നാം എല്ലാവരും 'അതേപ്രതിമയായി രൂപാന്തരപ്പെടുന്നു' (2 കൊരി. 3. 18). 'തൻെറ പുത്രൻ അനേകം സഹോ ദരന്മാരിൽ ആദ്യജാതൻ ആകേണ്ടതിന്നു അവൻെറ സ്വ രൂപത്തോടു് അനുരൂപരാകുവാൻ മുന്നയിമിച്ചിരി ക്കുന്നു' (റോമ. 8: 29). ഉയിർത്തെഴുന്നേററ ക്രിസ്തുവി നോടു് ഐക്യപ്പെട്ട മനുഷ്യൻ സ്രഷ്ടാവിൻെറ 'പ്രതിമ പ്രകാരം പരിജ്ഞാനത്തിനായി പുതുക്കം പ്രാപിക്കുന്ന പുതിയ മനുഷ്യനെ' ധരിക്കുന്നു (കൊലൊ. 3: 10).ഈ വേദഭാഗങ്ങളിലെല്ലാം ആദിസൃഷ്ടിയുടെയും പുനർ സൃഷ്ടിയുടെയും വൃത്താന്തങ്ങൾ കലർന്നു കിടക്കയാണു്, എന്നുവച്ചാൽ, മനുഷ്യസൃഷ്ടിയിലെ ദൈവോദ്ദേശ്യം യേശുക്രിസ്തുവിലാണു് മനുഷ്യലോകം പ്രാപിക്കു ന്നതു്. ക്രിസ്തുവിൽ മാത്രമെ പ്രസ്തുത ഉദ്ദേശ്യം സ്പഷ്ട മാകുന്നുള്ളു എന്നർത്ഥം.

1. 27–28. ദൈവത്തിൻെറ സ്വരൂപത്തിൽ അവനെ സൃഷ്ടിച്ചു. ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു. ദൈവം അവരെ അനുഗ്രഹിച്ചു. നിങ്ങൾ സന്താനപുഷ്ടിയുള്ള വരായി പെരുകി ഭൂമിയിൽ നിറഞ്ഞു.... വാഴുവിൻ എന്നു് അവരോടു കല്പിച്ചു.

1. ദൈവത്തോടു പുത്രബന്ധവും പ്രകൃതിയുടെ ആധിപത്യവും പോലെ മനുഷ്യൻെറ സാമൂഹ്യബന്ധ ങ്ങളും ദിവ്യസ്വരൂപനായ മനുഷ്യത്വത്തിൻെറ പ്രകാശ നമാണു്. ദൈവവും മനുഷ്യനും തമ്മിൽ നികത്താനാ വാത്ത അന്തരമുള്ളതുപോലെ ദൈവവും മനുഷ്യസ്നേഹ വും തമ്മിൽ അകലമുണ്ടു്. എന്നാൽതന്നെ മനുഷ്യൻെറ കുടുംബജീവിതത്തിനു് അടിത്തറയായിരിക്കുന്ന പ്രേമ വും അതോടനുബന്ധിച്ചു നിലകൊള്ളുന്ന ഭാര്യാഭർത്തൃ ബന്ധം, പുത്രോല്പാദനശക്തികൾ, മക്കളോടു സഹജ മായ മാതൃപിതൃവാത്സല്യഭാഗങ്ങൾ, സഹോദരസ്നേഹം തുടങ്ങി മനുഷ്യ സ്നേഹത്തിൻെറ പ്രതിഭാസങ്ങളെല്ലാം തന്നെ ദൈവസ്വരൂപത്തിൻെറ പ്രതികരണങ്ങളാ

ണെന്നു് അസിന്ദിഗ്ധമായി ഈ വേദഭാഗം ഘോഷി ക്കുന്നു. അങ്ങേയററം ദൂഷിച്ച ദുഷ്കാമത്താൽ വികൃതരൂപം പ്രാപിക്കാൻ സാദ്ധ്യതയുള്ള ലൈംഗിക വേഴ്ചയും കാമാസക്തിയും, കുടുംബജീവിതത്തിൻെറ സ്ഥിരതയ്ക്കും മനുഷ്യവർഗത്തിൻെറ തുടർന്നുള്ള നില നില്പിനും മാത്രമല്ല, ഒരളവിൽ മനുഷ്യലോകത്തിൽ ദൈവസ്നേഹത്തിൻെറ പ്രതിബിംബമായും ദൈവം സൃഷ്ടിച്ചിരിക്കുന്ന യാഥാർത്ഥ്യങ്ങളാണെന്നു സാരം. ശരീരവും ശാരീരികവാസനകളും കാമവും പ്രേമവും തിന്മയുടെ ഉറവിടമായികാണുന്ന മതങ്ങളിൽ നിന്നു ഭിന്നമായി തികച്ചും വിപ്ളവകരമായി നിലകൊള്ളുന്ന ഒരു വിശ്വാസമാണിതു്.

2. യിസ്രായേലിനെ യഹോവയുടെ മണവാട്ടി യായും വിവാഹഭാര്യയായും ചിത്രീകരിക്കുന്ന പല ഭാഗങ്ങളും പ്രവചനത്തിൽ ഉണ്ടു്. 'മണവാളൻ മണവാട്ടിയിൽ സന്തോഷിക്കുന്നതുപോലെ നിൻെറ ദൈവം നിന്നിൽ സന്തോഷിക്കും' (യെശ. 62. 5). ഞാൻ വിശ്വസ്തതയോടെ നിന്നെ എനിക്കു വിവാഹത്തിനു നിശ്ചയിക്കും: നീ യഹോവയെ അറിയുകയും ചെയ്യും' (യെശ. 2: 20). ക്രിസ്തുവിൻെറ മണവാട്ടിയും കാന്തയുമായിട്ടാണല്ലോ ക്രൈസ്തവസഭയെ പൗലൊസും (എഫെ. 5. 26–32) ദർശകനും ചിത്രീകരിച്ചിരിക്കുന്നതു്. 'വരിക, കുഞ്ഞാടിൻെറ കാന്തയായ മണവാട്ടിയെ കാണിച്ചുതരാം' (വെളി. 21:9). അതുപോലെതന്നെ ദൈവസ്നേഹം മുടിയനായപുത്രനെയും സഹോദരസ്നേഹമില്ലാത്ത മൂത്തപുത്രനെയും ഒരുപോലെ ഉൾക്കൊള്ളുന്ന പിതൃവാത്സല്യത്തിനു തുല്യമായിട്ടത്രെ യേശുക്രിസ്തു കാണുന്നതു് (ലൂക്കോ 15: 11–32). ദൈവം 'സ്വർഗത്തിലും ഭൂമിയിലുമുള്ള സകല കുടുംബത്തിനും പേർ വരുവാൻ കാരണമായ പിതാവു്'' ആകുന്നു (എഫെ. 3. 15). ഈ ഉപമകളെല്ലാം വ്യക്തമാക്കുന്നതു കുടുംബബന്ധങ്ങൾ ദൈവസ്വഭാവത്തിൻെറ സാദൃശ്യമായി സൃഷ്ടിക്കപ്പെട്ടു എന്നത്രെ.

3. ഒരാളുടെ ജീവശക്തി മററൊരാളിനു പകന്നു

കൊടുക്കുന്നതാണ് അനുഗ്രഹം. ഇവിടെ ദൈവത്തിൻെറ സൃഷ്ടിശക്തി മനുഷ്യനു ദൈവം പകരുന്നു. സ്ത്രീപുരുഷബന്ധത്തിൽ അന്തർലീനമായ ഉത്പാദനശക്തി, മാതൃപിതൃത്വങ്ങളിൽ അടങ്ങിയിരിക്കുന്ന രക്ഷാശക്തി ഇവയെല്ലാം ദൈവത്തിൻെറ സൃഷ്ടിശക്തിയായ സ്നേഹത്തിൻെറ പ്രതിരൂപങ്ങളാണ്.

1. 28. ദൈവം അവരെ അനുഗ്രഹിച്ചു. നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറഞ്ഞു് അതിനെ അടക്കി സമുദ്രത്തിലെ മത്സ്യത്തിന്മേലും ആകാശത്തിലെ പറവജാതിയിന്മേലും സകല ഭൂചര ജന്തുവിന്മേലും വാഴുവിൻ എന്നു് അവരോടു കല്പിച്ചു.

പ്രകൃതിയുടെമേലുള്ള ആധിപത്യം മനുഷ്യകുലത്തിനു മുഴുവനായിട്ടത്രെ നല്കിയിരിക്കുന്നതു് മനുഷ്യ കുടുംബം ഒന്നായി ഭൂമിഅടക്കി, പ്രകൃതിശക്തികൾ ആർജിച്ചു്, പ്രകൃതിവിഭവങ്ങൾ സഹോദരസ്നേഹത്തിൽ നീതിപൂർവ്വം പങ്കിട്ടു ജീവിക്കുന്നതിനാണു ദൈവകൽപന. അതാണു ദൈവാനുഗ്രഹവും. സ്നേഹവും നീതിയും കേവലം വികാരപരമായ ഭാവങ്ങളല്ല. ഭൗതികസമ്പത്തും ഭൗതിക വിഭവങ്ങളും പങ്കിടുന്ന വിധത്തിലാണ് അവ വെളിപ്പെടേണ്ടതു്. ആധുനിക ലോകത്തിൽ മനുഷ്യൻ പ്രകൃതിശക്തികൾ ആവഹിച്ചു സാമ്പത്തികാഭിവൃദ്ധിക്കാവശ്യമായ ഉപകരണങ്ങൾ സൃഷ്ടിച്ചിട്ടുണ്ടു്. എന്നാൽ ഈ ഉപകരണങ്ങൾ കൂടുതലും മനുഷ്യകുലത്തിൽ ഒരു ചെറിയവിഭാഗം കൈയടക്കിവച്ചു മററുള്ളവരെ ചൂഷണം ചെയ്യാനാണു വിനിയോഗിക്കുന്നതു്. ആഹാരസാധനങ്ങൾ, ഇന്ധങ്ങൾ, അസംസ്കൃതസാധനങ്ങൾ,കാഷികവ്യാവസായികോല്പന്നങ്ങൾ, ശാസ്ത്രജ്ഞാനം, യാന്ത്രികസങ്കേതങ്ങൾ ഇവയെല്ലാം ധനികരാജ്യങ്ങളുടെയും വർഗങ്ങളുടെയും കുത്തകയായി തീർന്നതിൻെറ ഫലമായി ലോകത്തിൽ ഒരു കൂട്ടർ സുഭിക്ഷത അനുഭവിക്കുമ്പോൾ ഇതരർ ദാരിദ്ര്യത്തിൽ അധഃപതിച്ചിരിക്കുന്നു. യാന്ത്രിക വികസനം അനീതിക്കും ചൂഷണത്തിനും വഴിതെളിച്ചിരിക്കുന്ന കാഴ്ചയാണു് ഇന്നു നമ്മുടെ

മുമ്പിൽ. പ്രകൃതിയുടെമേലുള്ള ആധിപത്യവും മനുഷ്യകുടുംബത്തിൻെറ ഏകത്വവും വേർതിരിച്ചു ചിന്തിക്കുന്നതിൻെറ ഫലമത്രെ ഇതു്. അവ രണ്ടും ഒരു അനുഗ്രഹത്തിൻെറ രണ്ടു ഭാഗങ്ങളാണു്. അങ്ങനെ കാണുമ്പോൾ മാത്രമെ പ്രകൃതിശക്തികളുടെ വികസനം സാഹോദര്യത്തിനു് ഉപാധിയായി ഭവിക്കുകയുള്ളു.

1. 28. നിങ്ങൾ സന്താന പുഷ്ടിയുള്ളവരായി....വാഴുവിൻ
29. ഭൂമിയിലെങ്ങും........സകല വൃക്ഷങ്ങളും ഇതാ, ഞാൻ നിങ്ങൾക്കു തന്നിരിക്കുന്നു.

1. പ്രപഞ്ചത്തിൽ മനുഷ്യൻെറ ആവിർഭാവത്തോടെ ദൈവവചനത്തിൻെറ രൂപം വ്യത്യാസപ്പെടുന്നു. അതു് 'ഞാൻ' നിങ്ങൾ' എന്നു നേരിട്ടുള്ള സംഭാഷണരൂപം കൈക്കൊള്ളുന്നതു കാണുക. ഇവിടെ ദൈവവും മനുഷ്യനും പരസ്പര സംസർഗത്തിൽ പ്രവേശിക്കയാണു്. ദൈവം സംസാരിക്കുന്നതു മനുഷ്യനു ശ്രദ്ധിക്കാം, കേൾക്കാം, അതുമൂലം ദൈവഹിതം മനസ്സിലാക്കാം. അങ്ങനെ ദൈവം മനുഷ്യനു് ആളത്തം പ്രദാനം ചെയ്തിരിക്കുന്നു. എന്നാൽ 'നിങ്ങൾ' എന്നാണു മനുഷ്യനെ ദൈവം സംബോധന ചെയ്യുന്നതു്. മനുഷ്യത്വവും അതിൻെറ പ്രകാശനവും വികസനവും സാമൂഹ്യസമ്പർക്കം മുഖാന്തരമാണു സാദ്ധ്യമാകുന്നതു് എന്നു സാരം. അന്യോന്യസംസർഗവും ദൈവസംസർഗവും മനുഷ്യവ്യക്തിത്വത്തിൻെറ മൗലികസ്വഭാവമാണു്.

2. ഇവിടെയാണു മനുഷ്യവ്യക്തിത്വത്തിൻെറ നീക്കുവാനോ നീക്കപ്പെടുത്തുവാനോ പാടില്ലാത്ത മൗലിക സ്വാതന്ത്ര്യങ്ങളുടെ അടിസ്ഥാനം. രാഷ്ട്രമോ സമൂഹമോ മനുഷ്യനു നല്കുന്നതല്ല ആളത്തവും അതിൻെറ അവകാശങ്ങളും. അവ ദൈവദത്തമായതിനാൽ രാഷ്ട്രത്തിനും സമൂഹത്തിനും അതീതമത്രെ. എന്നാൽ അവ അംഗീകരിക്കുന്നതിലാണു രാഷ്ട്രവും സമൂഹവും മനുഷ്യൻെറ മനുഷ്യത്വത്തോടു നീതി ചെയ്യുന്നതു്. മനുഷ്യനു മൗലികാവകാശങ്ങൾ കൊടുത്തതു രാഷ്ട്രമാണെന്നും, അതുകൊണ്ടു് അവ എടുത്തുകളവാൻ രാഷ്ട്ര

ത്തിനു് അവകാശമുണ്ടെന്നും വാദിക്കുമ്പോഠം ദൈവ നിയമത്തിൽനിന്നു പ്രസ്തുത രാഷ്ട്രം വ്യതിചലിച്ചിരിക്കുന്നു എന്നുവേണം നിശ്ചയിക്കുവാൻ. മനുഷ്യവ്യക്തിത്വത്തിൻെറ അടിത്തറ ദൈവവചനമാണു്. 'ദൈവവചനത്തിനോ ബന്ധനമില്ല' താനും (2തിമോ. 2: 9). മനുഷ്യവ്യക്തിത്വത്തിൻെറ മൗലികാവകാശങ്ങഠം ആദരിക്കാത്ത സർവ്വാധിപത്യ ഭരണകൂടങ്ങളെ വെല്ലുവിളിക്കാൻ കടമയും ശക്തിയും ദൈവവചനത്തിൽ ക്രൈസ്തവ സഭയ്ക്കുണ്ടു്. എന്നല്ല എല്ലാ മനുഷ്യർക്കുമുണ്ടു്.

1: 31. താൻ ഉണ്ടാക്കിയതിനെ ഒക്കെയും ദൈവം നോക്കി, അതു് എത്രയും നല്ലതു് എന്നു കണ്ടു.........

2: 1–3 ഇങ്ങനെ ആകാശവും ഭൂമിയും അവയിലുള്ള ചരാചരങ്ങളൊക്കെയും തികഞ്ഞു. താൻ ചെയ്ത പ്രവൃത്തി ഒക്കെയും ദൈവം തീർത്തശേഷം താൻ ചെയ്ത സകല പ്രവൃത്തിയിൽ നിന്നും ഏഴാം ദിവസം നിവൃത്തനായി. താൻ സൃഷ്ടിച്ചുണ്ടാക്കിയ സകല പ്രവൃത്തിയിൽ നിന്നും അന്നു നിവൃത്തനായതുകൊണ്ടു ദൈവം ഏഴാം ദിവസത്തെ അനുഗ്രഹിച്ചു ശുദ്ധീകരിച്ചു.

1. ദൈവം ഉണ്ടാക്കിയ സകലത്തെയും നോക്കി അതിലുഠംക്കൊള്ളുന്ന സത്യം, ശിവം, സൗന്ദര്യം ഇവ ആസ്വദിച്ചു ദൈവം ആനന്ദിക്കുന്നു. സൃഷ്ടിയിൽ ആനന്ദിക്കുന്നതിനാണു ദൈവം ലോകം സൃഷ്ടിച്ചതു്. ദൈവത്തിൻെറ സൃഷ്ടിപ്രവർത്തനം എന്നെങ്കിലും അവസാനിച്ചു, അവസാനിക്കുന്നു എന്നല്ല ലോകമുള്ളിടത്തോളം സൃഷ്ടിപ്പിൻക്രിയ തുടർന്നുകൊണ്ടിരിക്കും. യേശു പറയുന്നു: 'എൻെറ പിതാവു പ്രവർത്തിക്കുന്നു. ഞാനും പ്രവർത്തിക്കുന്നു' (യോഹ 5: 17). എന്നാൽ അഗാധമായ ഒരർത്ഥത്തിൽ വിശ്രമമാണു വേലയുടെ അന്തം. വേലയിൽത്തന്നെ അന്തർലീനമായ അന്തം. ദൈവം മനുഷ്യനോടും ഇതര സൃഷ്ടികളോടും കൂടെ വിശ്രമിച്ചാനന്ദിക്കുന്നതിലാണു ദൈവവും സൃഷ്ടിയും തമ്മിലുള്ള ബന്ധം സഫലമാകുന്നതു്. പരസ്പര കൂട്ടായ്മയിൽ വിശ്രമവും ആനന്ദ

വുമാണ ദൈവത്തിൻെറയും മനുഷ്യൻെറയും അന്തിമ ലക്ഷ്യം.

2. ശബ്ബത്താചരണം യഹോവ യിസ്രായേൽ ജാതിക്കകൊടുത്ത പത്തു കല്പനകളിൽ നാലാമത്തേതാണ്. 'ശബ്ബത്തുനാളിനെ ശുദ്ധീകരിക്കാൻ ഓർക്ക. ആറു ദിവസം അദ്ധ്വാനിച്ചു നിൻെറ വേല ഒക്കെയും ചെയ്ക. ഏഴാം ദിവസം നിൻെറ ദൈവമായ യഹോവയുടെ ശബ്ബത്തു് ആകുന്നു. അന്നു നീയും നിൻെറ പുത്രനും പുത്രിയും നിൻെറ വേലക്കാരനും വേലക്കാരിയും നിൻെറ കന്നുകാലികളും നിൻെറ പടിവാതില്ക്കകത്തുള്ള പരദേശിയും ഒരു വേലയും ചെയ്യരുതു്. ആറുദിവസംകൊണ്ടു് യഹോവ ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ളതൊക്കെയും ഉണ്ടാക്കി. ഏഴാം ദിവസം സ്വസ്ഥമായിരുന്നു. അതുകൊണ്ടു യഹോവ ശബ്ബത്തു നാളിനെ അനുഗ്രഹിച്ചു ശുദ്ധീകരിച്ചിരിക്കുന്നു' (പുറ. 20: 8–11). ആവർത്തനപ്പുസ്തകത്തിൽ ശബ്ബത്തിനു കൊടുത്തിരിക്കുന്ന കാരണം യിസ്രായേലിൻെറ മിസ്രയിമിലെ അടിമത്തത്തിൽ നിന്നുള്ള വിമോചനമാണ്. 'നീ മിസ്രയിം ദേശത്തു അടിമയായിരുന്നു എന്നും അവിടെനിന്നു നിൻെറ ദൈവമായ യഹോവ നിന്നെ ബലമുള്ള കൈകൊണ്ടും നീട്ടിയ ഭുജംകൊണ്ടും പുറപ്പെടുവിച്ചു എന്നും ഓർക്ക; അതുകൊണ്ടു ശബ്ബത്തുനാൾ ആചരിപ്പാൻ നിൻെറ ദൈവമായ യഹോവ നിന്നോടു കല്പിച്ചു' (ആവ. 5. 15). രണ്ടായാലും ദൈവത്തിൻെറ മഹൽപ്രവർത്തനങ്ങൾ ഓർക്കുന്നതിനും അവയ്ക്കുവേണ്ടി സ്തോത്രം ചെയ്യുന്നതിനും ദൈവത്തോടുകൂടി വിശ്രമിക്കുന്നതിനും ഏഴാം ദിവസം വേർതിരിക്കണമെന്നാണ കല്പനയുടെ സാരം. ദൈവം ലോകം പുനർസൃഷ്ടി ചെയ്തു. മനുഷ്യവർഗ്ഗത്തിൻെറ വിമോചനം സാധിച്ച യേശുക്രിസ്തുവിൻെറ ഉയിർത്തെഴുന്നേല്പിൻ ദിനമാണ് ക്രൈസ്തവസഭ ഇതിലേക്കു വേർതിരിച്ചിരിക്കുന്ന ദിവസം.

3. ലോകോത്പത്തി വൃത്താന്തത്തോടു് അനുബന്ധിച്ചുതന്നെ ശബ്ബത്തുസ്ഥാപനം പ്രതിപാദിച്ചിരി

ക്കുന്നതുകൊണ്ടു യിസ്രായേലിനു മാത്രമല്ല ശബ്ബത്തു സകല മനുഷ്യവർഗ്ഗത്തോടുമുള്ള ദൈവകല്പനയാണെന്നു പൗരോഹിത്യ ലേഖകൻ സമർത്ഥിക്കയാണു്. എല്ലാ മനുഷ്യർക്കും വേലയും വിശ്രമവും ദൈവം നിയമിച്ചിരിക്കുന്നു. വേലയുടെ അർത്ഥം സ്പഷ്ടമാകുന്നതു വിശ്രമലീലകളിലാണു്. അതുകൊണ്ടു വേലയും വിശ്രമവും മനുഷ്യത്വത്തിനു ദൈവദത്തമായ മൗലികാവകാശങ്ങളിൽ ഉൾപ്പെടുന്നു. തൊഴിലില്ലായ്മയും വിശ്രമരഹിതമായ തൊഴിലും മനുഷ്യത്വത്തോടുള്ള സമൂഹത്തിന്റെ അനാദരവാണു പ്രത്യക്ഷപ്പെടുത്തുന്നതു്. അതു ദൈവമുമ്പാകെ അനീതിതന്നെ.

2. 4a. ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചതിന്റെ ഉല്പത്തി വിവരം.

ഈ വേദഭാഗം പൗരോഹിത്യ രേഖയായ ആദ്യത്തെ സൃഷ്ടി വൃത്താന്തത്തിന്റെ സമാപനമാണെന്നു പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു. ഒരുപക്ഷെ ഒരു കാലത്തു് ആ കഥയുടെ മുഖവുരയായിരുന്നിരിക്കണം. ഉത്പ. 1– 12 ലെ പൗരോഹിത്യരേഖയിൽ അനേകം വംശാവലികൾ ഉണ്ടു്. അവ താഴെ കൊടുക്കുന്നു.

2. 4: ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചതിന്റെ ഉത്പത്തി വിവരം.

5.1. ആദാമിന്റെ വംശപാരമ്പര്യമാവിതു്. (ശേത്തു മുതൽ നോഹ വരെ)

6. 9 a. നോഹയുടെ വംശപാരമ്പര്യം എന്തെന്നാൽ........

10. 1a. നോഹയുടെപുത്രന്മാരായ ശേം, ഹാം, യാഫെത്തു് എന്നവരുടെ വംശപാരമ്പര്യമാവിതു്........

11. 10 ശേമിന്റെ വംശപാരമ്പര്യമാവിതു്..... (ശേം മുതൽ തേരഹ് വരെ).

11. 27. തേരഹിന്റെ വംശപാരമ്പര്യമാവിതു്.........
തേരഹിന്റെ മകൻ അബ്രാം).

പൗരോഹിത്യ എഴുത്തുകളിൽ വംശാവലികൾക്കുള്ള ഉദ്ദേശ്യം യിസ്രായേൽ ജാതിക്കു് ആകമാനമനു

ഷ്യകുലത്തോടുള്ള ബന്ധവും ദൈവസൃഷ്ടിയുടെ ചരിത്രത്തിൽ ദൈവം അവർക്കു നല്കിയിരിക്കുന്ന പ്രത്യേക സ്ഥാനവും വ്യക്തമാക്കുകയാണ്. അതുകൊണ്ട് യിസ്രായേൽ ജാതിയുടെ പിതാവായ അബ്രാഹാമിനു പുറകിൽ ആദിമനുഷ്യനായ ആദാം വരെ മാത്രമല്ല, ദൈവത്തിൻെറ ആദിസൃഷ്ടിയായ ആകാശവും ഭൂമിയും വരെയുമാണു വംശപാരമ്പര്യം രേഖപ്പെടുത്തിയിരിക്കുന്നത്. അബ്രാഹാം, തേരഹ്, ശേം, നോഹ, ശേത്ത് ആദാം, ആകാശവും ഭൂമിയും—ഇങ്ങനെയാണു വംശാവലിയുടെ ചരട്. ആമുഖ ഉപന്യാസത്തിൽ പ്രസ്താവിച്ചതുപോലെ സകല സൃഷ്ടിയേയും മനുഷ്യവർഗ്ഗത്തെയും കുറിച്ചുള്ള ദൈവോദ്ദേശ്യമാണ് യിസ്രായേൽ ചരിത്രം മുഖാന്തരം ദൈവം വെളിപ്പെടുത്തുന്നത് എന്ന ദൃഢവിശ്വാസമാണ് ഇതിന് അടിസ്ഥാനം. സൃഷ്ടിയുടെ തുടർച്ചയാണു വിമോചനവും രക്ഷയും. മനുഷ്യകുലത്തിൻെറ ആകമാന അനുഗ്രഹമാണ് അബ്രാഹാമിൻെറ വിളിയിൽ അന്തർലീനമായിരിക്കുന്നത്.

മനുഷ്യകുലത്തിൻെറ രക്ഷകനായ യേശു അബ്രാഹാമിനു ദൈവം നല്കിയ വാഗ്ദാനത്തിൻെറയും യിസ്രായേൽ ചരിത്രത്തിൽ ഉടനീളം ദൈവം ചെയ്ത അത്ഭുതപ്രവൃത്തികളുടെയും പിന്തുടർച്ചയും അന്തവുമായിട്ടത്രെ പുതിയനിയമ എഴുത്തുകാർ വ്യാഖ്യാനിക്കുന്നത്. ഇതു സമർത്ഥിക്കുന്നതിനു സുവിശേഷങ്ങളും വംശാവലികൾ ഉപയോഗിക്കുന്നു. 'അബ്രാഹാമിൻെറ പുത്രനായ ദാവീദിൻെറ പുത്രനായ യേശുക്രിസ്തുവിൻെറ വംശാവലി....ഇങ്ങനെ തലമുറകൾ ആകെ അബ്രാഹാം മുതൽ ദാവീദു വരെ പതിന്നാലും ദാവീദു മുതൽ ബാബേൽ പ്രവാസത്തോളം പതിന്നാലും ബാബേൽ പ്രവാസം മുതൽ ക്രിസ്തുവിനോളം പതിന്നാലും ആകുന്നു' (മത്താ.1: 1–17). ഇവിടെ അബ്രാഹാം മുതൽ കന്യാമറിയത്തിൻെറ ഭർത്താവായ യോസേഫിൽകൂടി യേശുക്രിസ്തു വരെയുള്ള വംശാവലിയാണു കൊടുത്തിരിക്കുന്നത്. എന്നാൽ ലൂക്കൊസ് നല്കുന്ന യേശുക്രിസ്തുവിൻെറ വംശാവലി അബ്രാഹാമിനു പിറ

കിൽ തേരഹ്, ശേം, നോഹ, ശേത്ത്, ആദാം എന്നിവരിൽ കൂടി ദൈവം വരെയാണ് പോകുന്നതു്. 'അവൻ യോസേഫിൻെറ മകൻ എന്നു ജനം വിചാരിച്ചു.... അബ്രാഹാം തേരഹിൻെറ മകൻ....ശേത്ത് ആദാമിൻെറ മകൻ, ആദാം ദൈവത്തിൻെറ മകൻ' (ലൂക്കൊ. 3:23–38) ഇതു് ഉത്പത്തിവൃത്താന്തത്തിൽ നല്കിയിരിക്കുന്ന വംശാവലികൾക്കു സമം. ഇങ്ങനെ വിവിധ വേദഭാഗങ്ങളിൽ നല്കിയിരിക്കുന്ന വംശാവലികൾ തമ്മിൽ വളരെ അന്തരങ്ങൾ ഉണ്ടെങ്കിലും, അവയെല്ലാം സ്പഷ്ടമാക്കുന്ന ഒരു സത്യം ലോകചരിത്രം ഒട്ടാകെ നിയന്ത്രിക്കുന്ന ദൈവത്തിൻെറ രക്ഷികപ്രവർത്തനങ്ങളുടെ ചരിത്രത്തിനു് ചരിത്രത്തിൻെറ ആരംഭംമുതൽ മുറിയാത്ത ഒരു തുടർച്ചയുണ്ടെന്നും പ്രസ്തുത ചരിത്രപാരമ്പര്യത്തോടു ബന്ധപ്പെട്ടു മാത്രമെ മനുഷ്യനു ദൈവത്തോടു ബന്ധപ്പെട്ടു ദൈവരാജ്യത്തിൻെറഅവകാശത്തിൽ പ്രവേശിപ്പാൻ സാദ്ധ്യമാകൂ എന്നുംഉള്ളതത്രെ. യിസ്രായേലിൻെറ ദിവ്യ തെരഞ്ഞെടുപ്പുംക്രിസ്തുവിൽ സഭയുടെ ദിവ്യ തെരഞ്ഞെടുപ്പും മാനവചരിത്രത്തെ മാത്രമല്ല സൃഷ്ടിയെ മുഴുവൻ ദിവ്യലക്ഷ്യത്തിലേക്കു നയിക്കുന്ന മുഖാന്തരങ്ങൾ മാത്രം. അങ്ങനെ ദൈവത്തിൻെറ പ്രവർത്തന ചരിത്രം ആദിയിൽ വചനം മുഖാന്തരം ആകാശവും ഭൂമിയും സൃഷ്ടിച്ചതിൽ തുടങ്ങി(ഉത്പ. 1) അന്ത്യത്തിൽ പുതിയ ആകാശവും പുതിയ ഭൂമിയും സൃഷ്ടിക്കുന്നതിൽ പൂർത്തിയാകുന്നു (വെളി.21).

# 2

## മനുഷ്യൻെറ സ്വഭാവവും ഘടനയും

ഉത്പ 2. 46–3. 24. സൃഷ്ടി വൃത്താന്തം 2.

യാഹ്വിസ്റ്റു രേഖയിലുംപ്പെടുന്ന ഉത്പത്തി 2–ലെയും 3–ലെയും സൃഷ്ടികം ഉത്പ. 1–ലെ സൃഷ്ടി വൃത്താന്തത്തെക്കാം പ്രാചീനമാണ്. താത്വികചിന്താരീതിയെക്കാം ഭാവനാചിത്രങ്ങൾക്കു പ്രാധാന്യം നല്കുന്നവയാണ്, അതുകൊണ്ടുതന്നെ കഥകൾക്കു ഒരു തന്മയത്വമുണ്ട്. അവയിൽ ദൈവം ഒരു കുശവനെപ്പോലെ മനുഷ്യനെ മെനഞ്ഞുണ്ടാക്കുന്നു; ഒരു മാന്ത്രികനെപ്പോലെ മനുഷ്യനു ഗാഢനിദ്ര വരുത്തി അവൻെറ വാരിയെല്ലെടുത്തു സ്ത്രീയെ സൃഷ്ടിക്കുന്നു; ഒരു മനുഷ്യനെപ്പോലെ വെയിലാറുമ്പോൾ തോട്ടത്തിൽ നടക്കുന്നു; കഥാലോകത്തിൻെറ പശ്ചാത്തലം അസാധാരണമാണ്. മാസ്മരശക്തി പ്രവഹിക്കുന്ന വൃക്ഷങ്ങളുള്ള തോട്ടം, സംസാരിക്കുന്ന പാമ്പ്, വാളിൻെറ ജ്വാല ആയുധമാക്കിയ കെരുബുകൾ ആദിയായവ അവിടെയുണ്ട്. ജീവശ്വാസവും മരണവും, സ്ത്രീപുരുഷ ആകർഷണശക്തി, നന്മതിന്മകളെക്കുറിച്ചുള്ള മനുഷ്യൻെറ അറിവ്, മനുഷ്യജീവിതത്തിലെ ദുരിതങ്ങൾ ആദിയായവയും. മനുഷ്യസ്വഭാവങ്ങളുടെ ഉദ്ഭവം എന്ത് എന്ന ചോദ്യത്തിനുത്തരം നല്കുന്നതിനായിരിക്കണം ഈ കഥകൾക്കു പിമ്പിലുള്ള വിവിധ പാരമ്പര്യങ്ങൾ ഉളവായത്. എന്നാൽ യാഹ്വിസ്റ്റു ദൈവശാസ്ത്രജ്ഞൻ അവ ഉപയോഗിക്കുന്നതു ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധവും അതിൻെറ വെളിച്ചത്തിൽ മനുഷ്യൻെറ സ്വഭാവവും ഘടനയും വ്യാഖ്യാനിക്കുന്നതിനത്രെ. മനുഷ്യത്വത്തിൻെറ സവിശേഷതയായ ആത്മ

ബോധം സംബന്ധിച്ച അമൂല്യ ദൈവശാസ്ത്രങ്ങളാണ് ഈ വേദഭാഗത്തിലെ ഉള്ളടക്കം.

1. 2. ആഴത്തിന്മീതെ ഇരുട്ട് ഉണ്ടായിരുന്നു. ദൈവത്തിന്റെ ആത്മാവു വെള്ളത്തിൻ മീതെ പരിവർത്തിച്ചുകൊണ്ടിരുന്നു.

2.5 യഹോവയായ ദൈവം ഭൂമിയിൽ മഴ പെയ്യിച്ചിരുന്നില്ല. ഭൂമിയിൽനിന്നു മഞ്ഞു പൊങ്ങി നിലമൊക്കെയും നനെച്ചുവന്നു.

1. 'യഹോവയായ ദൈവം.' 'യഹോവ' എന്ന സംജ്ഞ ഉത്പ.2—ലാണ് ആദ്യമായി വേദപുസ്തകത്തിൽ പ്രത്യക്ഷപ്പെടുന്നതു്. അതുകൊണ്ടാണ് ഇതിന്റെ രചനാകർത്താവിനെ യാഹ്വിസ്ററ് എന്നു പണ്ഡിത ലോകം നാമകരണം ചെയ്തിരിക്കുന്നതു് എന്നു് ആമുഖ ഉപന്യാസത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. 'യഹോവയായ ദൈവം' എന്ന പ്രയോഗം ഉത്പ. 1ഉം 2—ഉം ഘടിപ്പിക്കുന്നതിനുദ്ദേശിച്ചായിരിക്കണം. 1—ലെ സ്രഷ്ടാവായ ദൈവവും 2—ലെ സ്രഷ്ടാവായ യഹോവയും ഏകമെന്നു വ്യക്തമാക്കുന്നതിനു രണ്ടും കൂടി കൂട്ടിച്ചേർത്ത സംവിധായകനായ ദൈവശാസ്ത്രജ്ഞൻ ചെയ്തതായിരിക്കാം. ഏതായാലും യിസ്രായേൽജാതിയുടെ ചരിത്രത്തിൽ അത്ഭുതങ്ങൾ പ്രവർത്തിച്ചു് അവരെ അടിമത്തത്തിൽനിന്നു വിമോചിപ്പിച്ച, 'യാഹ്വേ' എന്ന നാമത്തിൽ തന്നെത്തന്നെ അവർക്കു വെളിപ്പെടുത്തി, മരുഭൂമിയിൽകൂടി അവരെ നടത്തി, വാഗ്ദാനം ചെയ്ത കനാൻദേശത്തു കുടിയേറിപ്പാർപ്പാൻ ഇടയാക്കിയ അതേ ദൈവമാണ്, അതേ ഭുജമാണ്, മനുഷ്യനെ മെനഞ്ഞതെന്നു സ്ഥാപിക്കയാണ് 'യഹോവയായ ദൈവം' എന്ന പ്രയോഗംകൊണ്ടു സാധിക്കുന്നതു്. വീണ്ടെടുക്കുന്ന ദൈവവും സൃഷ്ടിക്കുന്ന ദൈവവും ഒന്നുതന്നെയാണ്.

2. ഉത്പ 1—ലെയും ഉല്പ. 2—ലെയും സൃഷ്ടിവൃത്താന്തങ്ങൾ തമ്മിൽ അന്തരമുണ്ടു്. ഒന്നിൽ വെള്ളത്തിൽ നിന്നു ആകാശവും ആകാശവിതാനവും ഭൂമിയും ഉണങ്ങിയ നിലവും ഉളവാകുന്നു. പിന്നീടു മത്സ്യ

ങ്ങൾ, പറവകൾ, മൃഗങ്ങൾ, അനന്തരം സ്ത്രീപുരുഷഭേദത്തോടെ മനുഷ്യൻ. രണ്ടിൽ മരുഭൂമിയിൽനിന്നു ലോകം ഉളവാകുന്നു. മനുഷ്യൻ ആദ്യം സൃഷ്ടിക്കപ്പെടുന്നു, പിന്നെ തോട്ടം, മൃഗങ്ങൾ, അനന്തരം സ്ത്രീപുരുഷഭേദം. രണ്ടുകഥകളിലും മനുഷ്യനു പ്രഥമസ്ഥാനമുണ്ട്. ഒന്നിൽ പ്രകൃതിയുടെ ആധിപത്യം മനുഷ്യനു ദൈവം നൽകുന്നു. രണ്ടാമത്തേതിൽ തോട്ടത്തിൽ വേലചെയ്തു തോട്ടം സംരക്ഷിക്കുന്ന ചുമതലയാണു മനുഷ്യനു്. കടൽ ക്ഷോഭവും ഭൂമിമേൽ നിരന്തരം കടലാക്രമണങ്ങളും ദിനംപ്രതി കണ്ടുജീവിക്കുന്ന ജനതയുടെ മദ്ധ്യത്തിലായിരിക്കണം ഉത്പ. 1—ലെ കഥാരൂപം കൊണ്ടതു്. വെള്ളമില്ലാത്ത മരുഭൂമിയുമായി നിരന്തരം ഇടപഴകി ജീവിക്കുന്ന മനുഷ്യരുടെ ഇടയിൽ ഉത്പ. 2—ലെ കഥയും, ശൂന്യതയുടെ അക്രമശക്തി മാററി ലോകത്തിനു ക്രമീകൃതസ്വഭാവം നൽകുന്ന സ്രഷ്ടാവിൻെറ പ്രക്രിയയാണു രണ്ടുകഥകളുടെയും സാരാംശം. ദൈവത്തെ സംബന്ധിച്ച സത്യങ്ങൾ മനുഷ്യർ ഗ്രഹിക്കയും പ്രകടമാക്കുകയും ചെയ്യുന്ന രീതികൾ അവരുടെ ജീവിതാനുഭവങ്ങളോടു ബന്ധപ്പെട്ടിരിക്കും. ദൈവം സകല മാനവസംസ്കാരങ്ങൾക്കും അതീതനാണ്. എന്നാൽ ദൈവബോധത്തിൻെറ പ്രകാശനരൂപം എപ്പോഴും ഓരോ ജനതയും അഭിമുഖീകരിക്കുന്ന ജീവൽപ്രശ്നങ്ങളും അനുഭൂതികളും ആശ്രയിച്ചിരിക്കും. രാജത്വത്തിൻെറ മഹിമ ഏററം ഉന്നതമായി കണ്ടിരുന്ന കാലത്തു് യെശയ്യാവു ദൈവത്തെ 'രാജാവാ' യി ദർശിച്ചു (യെശ. 6. 1). സങ്കീർത്തനക്കാരനു 'യഹോവാ ഇടയനാകുന്നു' (സങ്കീ. 23: 1).

2. 7 യഹോവയായ ദൈവം നിലത്തെപൊടികൊണ്ടു മനുഷ്യനെ നിർമ്മിച്ചിട്ടു് അവൻെറ മൂക്കിൽ ജീവശ്വാസം ഊതി.

19. യഹോവയായ ദൈവം ഭൂമിയിലെ സകല മൃഗങ്ങളെയും ആകാശത്തിലെ പറവകളെയും നിലത്തുനിന്നു നിർമ്മിച്ചിട്ടു.........

1. മനുഷ്യനും മൃഗവും പറവയും ഒരുപോലെ നിലത്തുനിന്നാണു് ഉളവായിരിക്കുന്നതു്. അവ

യ്മെല്ലാം 'മൂക്കിൽ ജീവശ്വാസം' ദൈവം പ്രദാനം ചെയ്തിരിക്കുന്നു. 'മൂക്കിൽ ജീവശ്വാസമുള്ളതൊക്കെയും' (7. 23) എന്നു ജലപ്രളയവൃത്താന്തത്തിൽ പ്രസ്താവിക്കുമ്പോൾ മനുഷ്യനും മൃഗങ്ങളും ഇഴജാതിയും ആകാശത്തിലെ പറവകളും' അത്രെ അർത്ഥമാക്കുന്നതു്. മനുഷ്യനും ഇതരജീവജാലങ്ങളും നിലത്തിൽനിന്നുളവായി, മൂക്കിലെ ശ്വാസത്താൽ ജീവൻ പ്രാപിച്ചിരിക്കുന്നു. ഇവിടെ മനുഷ്യനും പ്രകൃതിയും തമ്മിൽ നിലവിലിരിക്കുന്ന അഭേദ്യബന്ധമാണു സമർത്ഥിച്ചിരിക്കുന്നതു്. മനുഷ്യൻ തോട്ടത്തിൽ ജോലിചെയ്തു ജീവിക്കുന്നു (2:15). മനുഷ്യനു മൃഗജാലങ്ങളോടു് ഉററ സമ്പർക്കമുണ്ടു് (2; 20). 'നീ പൊടിയാകുന്നു. പൊടിയിൽ തിരികെ ചേരും' (3: 19). മർത്ത്യതയിലും മനുഷ്യൻ മററു ജീവികൾക്കു സമം. എന്നാൽ ദൈവം ഒരു പ്രത്യേക രീതിയിൽ .മനുഷ്യനെ സ്വന്തം കൈകൊണ്ടു മെനഞ്ഞു മൂക്കിൽ സ്വന്തം ജീവശ്വാസം പകർന്നു കൊടുത്തതിൽ മനുഷ്യൻെറ സവിശേഷതയും വ്യക്തമാക്കിയിട്ടുണ്ടു്. പ്രസ്തുത സവിശേഷത ഏതു വിധത്തിൽ വ്യാഖ്യാനിച്ചാലും അതു മനുഷ്യനെ പ്രകൃതിലോകത്തിൽനിന്നു മുറിച്ചുമാററുന്നില്ല. പ്രകൃതിലോകത്തെ മനുഷ്യൻ കൈകാര്യം ചെയ്യുന്നരീതിയിൽ വിശേഷതയുണ്ടാകുന്നു എന്നുമാത്രം. മനുഷ്യനിലുളവായിരിക്കുന്ന മനസ്സും ബോധവും പ്രകൃതി ലോകത്തിൻെറ മുഴുവൻെറയും ബോധോദയത്തിൻെറ കേന്ദ്രമായിത്തന്നെ ചിന്തിക്കാം. മനുഷ്യൻെറ ആവിർഭാവത്തോടുകൂടി പ്രകൃതി ആത്മബോധം പ്രാപിക്കുന്നു എന്നു സാരം. ദൈവത്തിനു ബന്ധമുള്ളതും ദൈവോദ്ദേശ്യത്തിനു വിധേയമായിരിക്കുന്നതും മനുഷ്യൻ മാത്രമല്ല, മനുഷ്യനിൽക്കൂടി സകലസൃഷ്ടിയുമത്രെ. സകലസൃഷ്ടിയും മനുഷ്യനിൽ ആത്മബോധം പ്രാപിക്കുന്നതുപോലെ സകല സൃഷ്ടിയും മനുഷ്യൻെറ വീഴ്ചയിൽ ദൈവത്തിൻെറ ന്യായവിധിക്കു വിധേയമാകുന്നു. 'ഞാൻ സൃഷ്ടിച്ചിട്ടുള്ള മനുഷ്യനെ ഭൂമിയിൽ നിന്നു നശിപ്പിച്ചുകളയും. മനുഷ്യനെയും മൃഗത്തെയും

ഇഴജാതിയെയും ആകാശത്തിലെ പക്ഷികളെയും തന്നെ' (6: 7). മനുഷ്യനുമായി ദൈവം ചെയ്യുന്ന ഉടമ്പടിയിൽ സകല സൃഷ്ടിയെയും ഉൾപ്പെടുത്തിയിരിക്കുന്നു. 'അപ്പോൾ ഞാനും നിങ്ങളും സർവ്വജഡവുമായുള്ള സകല ജീവജന്തുക്കളും തമ്മിലുള്ള എന്റെ നിയമം ഞാൻ ഓർക്കും (9: 15). സകല സൃഷ്ടിയുടെയും വിമോചനവും മനുഷ്യന്റെ ആത്മ വിമോചനത്തിൽ കൂടി സാധിക്കുന്നു (റോമ. 8. 19–22).

2. ശരീരവും ജീവശ്വാസവും അഭേദ്യമായിച്ചേർന്നാണു മനുഷ്യൻ 'ജീവനുള്ള ദേഹി' യായിത്തീന്നതു്. ശരീരാത്മദേഹികളുടെ ഐക്യമായ മനുഷ്യാളത്തമാണു സൃഷ്ടിക്കപ്പെട്ടിരിക്കുന്നതു്. മനുഷ്യന്റെ ശരീരം നിലത്തെപ്പൊടിയിൽനിന്നുണ്ടാക്കിയശേഷം ദൈവം മനുഷ്യന്റെ ആത്മാവു സൃഷ്ടിച്ചു ശരീരത്തിലാക്കിയതല്ല. അങ്ങനെയുള്ള വ്യാഖ്യാനങ്ങൾ യവനഹൈന്ദവചിന്താരീതികൾക്കനുയോജ്യമായിരിക്കാം. എന്നാൽ വേദപുസ്തകത്തിലെ എബ്രായ ചിന്താഗതിക്കു തികച്ചും വിരുദ്ധമാണു്. ശരീരത്തിൽനിന്നു വേറിട്ടു നില്ക്കുന്നതോ നില്ക്കാൻ കഴിയുന്നതോ ആയ ആത്മാവു് എന്ന ഒരു യാഥാർത്ഥ്യം ഭാവന ചെയ്യാൻതന്നെ എബ്രായ സംസ്കാരത്തിനു് അസാദ്ധ്യമാണു്. ശരീരം ആളത്തത്തിന്റെ ഭാഗമാക്കി രൂപാന്തരപ്പെടുത്തുന്ന ആത്മബോധമാണു മനുഷ്യന്റെ സവിശേഷത. ശരീരം (ജഡം), മനസ്സ്, ഹൃദയം, ആത്മാവ്—ഈ പദങ്ങളിൽ ഏതു് ഉപയോഗിച്ചാലും മനുഷ്യന്റെ മുഴു ആളത്തമാണു വേദപുസ്തകം അർത്ഥമാക്കുന്നതു്. (മനുഷ്യൻ) അവൻ ജഡം തന്നെയല്ലോ....ഭൂമിയിൽ മനുഷ്യന്റെ ദുഷ്ടത വലുതെന്നും അവന്റെ ഹൃദയവിചാരങ്ങളുടെ നിരൂപണമൊക്കെയും ദോഷമുള്ളതെന്നും യഹോവ കണ്ടു, (6: 3, 5). 'നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ....യാഗമായി അർപ്പിപ്പിൻ.... മനസ്സു പുതുക്കി രൂപാന്തരപ്പെടുവിൻ' (റോമ. 12.1). ....'വചനം ജഡമായിത്തീർന്നു....നമ്മുടെ ഇടയിൽ പാർത്തു' (യോഹ. 1. 14). ശരീരാത്മദേഹി

കളുടെ ഐക്യമായ മനുഷ്യനോടാണു ദൈവം സൃഷ്ടിയിൽ ബന്ധപ്പെട്ടിരിക്കുന്നതു്. മനുഷ്യന്റെ വീഴ്ചയിൽ മനുഷ്യന്റെ ശരീരാത്മദേഹികളെല്ലാം ഉൾപ്പെട്ടിരുന്നു. മനുഷ്യന്റെ വീണ്ടെടുപ്പിൽ ശരീരാത്മദേഹികളും ഉൾപ്പെടും. മനുഷ്യത്വത്തോടു് ആമകാനമുള്ള ഈ സമീപനം നിമിത്തമാണു മരണം മനുഷ്യാളത്തത്തിന്റെ ശിഥിലീകരണമായും മരണത്തിന്മേൽ വിജയം ശരീരത്തിന്റെ പുനരുത്ഥാനമായും വേദപുസ്തകം പ്രാപിക്കുന്നതു്. ശരീരം കൂടാതെ മനുഷ്യത്വമില്ല. മനുഷ്യൻ എന്നുമെന്നേക്കും ഒരു ശാരീരിക ജീവിയാണു്. മനുഷ്യനു ദൈവം പ്രദാനം ചെയ്യുന്ന നിത്യത ശരീരമില്ലാത്ത ആത്മാവിന്റെ അനന്തമായ ജീവിതമല്ല, മർത്ത്യശരീരം ഉരിഞ്ഞുകളഞ്ഞ അമർത്ത്യശരീരം ധരിക്കലാണു്. 'ശരീരത്തിന്റെ പുനരുത്ഥാന'മത്രെ അപ്പൊസ്തോലിക വിശ്വാസപ്രമാണത്തിൽ നാം ഏററുപറയുന്നതു്. 'മനുഷ്യൻമൂലം മരണം ഉണ്ടാകയാൽ മരിച്ചവരുടെ പുനരുത്ഥാനവും മനുഷ്യൻമൂലം ഉളവായി.... പ്രാകൃത ശരീരം വിതെക്കപ്പെടുന്നു. ആത്മികശരീരം ഉയിർക്കുന്നു.... ഈ ദ്രവത്വമുള്ളതു് അദ്രവത്വത്തെയും ഈ മർത്ത്യമായതു് അമർത്ത്യത്വത്തെയും ധരിക്കുമ്പോൾ മരണം നീങ്ങി ജയം വന്നിരിക്കുന്നു എന്നു് എഴുതിയിരിക്കുന്ന വചനം നിവൃത്തിയാകും' (1കൊരി. 15. 20, 44, 55). ക്രിസ്തീയ ദൈവശാസ്ത്രത്തിൽ മനുഷ്യനെ മുഴുവൻ ഉൾക്കൊള്ളുന്ന ആളത്തമാണു പ്രതിപാദ്യം.

2.8 അനന്തരം യഹോവയായ ദൈവം കിഴക്കു് ഏദെനിൽ ഒരു തോട്ടം ഉണ്ടാക്കി, താൻ സൃഷ്ടിച്ച മനുഷ്യനെ അവിടെ ആക്കി.

9. കാണ്മാൻ ഭംഗിയുള്ളതും തിന്മാൻ നല്ല ഫലമുള്ളതുമായ ഒരോ വൃക്ഷവും തോട്ടത്തിന്റെ നടുവിൽ ജീവവൃക്ഷവും നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷവും യഹോവയായ ദൈവം നിലത്തുനിന്നു മുളപ്പിച്ചു.

15. യഹോവയായ ദൈവം മനുഷ്യനെ കൂട്ടിക്കൊണ്ടുപോയി ഏദെൻതോട്ടത്തിൽ വേല ചെയ്യുവാനും അതിനെ കാപ്പാനും അവിടെ ആക്കി.

16. യഹോവയായ ദൈവം മനുഷ്യനോടു കല്പിച്ചതു് എന്തെന്നാൽ: തോട്ടത്തിലെ സകല വൃക്ഷങ്ങളുടെയും ഫലം നിനക്കു് ഇഷ്ടം പോലെ തിന്നാം. എന്നാൽ നന്മതിന്മകളെ കുറിച്ചുള്ള അറിവിൻെറ വൃക്ഷത്തിൻ ഫലം തിന്നരുതു്. തിന്നുന്ന നാളിൽ നീ മരിക്കും.

1. ഏദൻതോട്ടത്തിൻെറ 'നടുവിൽ ജീവവൃക്ഷ' മുണ്ടു്. ജീവവൃക്ഷം കഥയിൽ ഒരു ഭാഗവും വഹിക്കുന്നില്ല. നന്മതിന്മകളെക്കുറിച്ചുള്ള അറിവിൻെറ വൃക്ഷത്തിൻ ഫലമാണു മനുഷ്യർക്കു ദൈവം വിലക്കിയതു്. ആ വിലക്കു ലംഘിച്ച സ്ഥിതിക്കു് അവർ 'കൈ നീട്ടി ജീവവൃക്ഷത്തിൻെറ ഫലംകൂടി പറിച്ചുതിന്നു് എന്നേക്കും ജീവിപ്പാൻ സംഗതിവരരുതു് എന്നു കല്പിച്ചു' (2.22) കൊണ്ടാണു് അവരെ ദൈവം ഏദൻതോട്ടത്തിൽനിന്നു പുറത്താക്കുന്നതു്. എന്നാൽ യോഹന്നാൻെറ ദർശനത്തിൻപ്രകാരം ആത്മാവു സഭകളോടു പറയുന്നതു്, രക്ഷാചരിത്രത്തിൻെറ അന്തത്തിൽ 'ജയിക്കുന്നവനു ഞാൻ ദൈവത്തിൻെറ പറുദീസയിലുള്ള ജീവവൃക്ഷത്തിൻെറ ഫലം തിന്മാൻ കൊടുക്കും' (വെളി.2.7). കൂടാതെ 'സ്വർഗത്തിൽനിന്നു, ദൈവസന്നിധിയിൽനിന്നുതന്നെ ഇറങ്ങുന്ന' പുതിയ യെരുശലേം എന്ന വിശുദ്ധ നഗരത്തിൽ ജീവജലനദിക്കു് 'ഇക്കരെയും അക്കരെയും ജീവവൃക്ഷം ഉണ്ടു്. അതു പന്ത്രണ്ടുവിധം ഫലം കായിച്ചു മാസംതോറും അതതു ഫലം കൊടുക്കുന്നു. വൃക്ഷത്തിൻെറ ഇല ജാതികളുടെ രോഗശാന്തിക്കു് ഉതകുന്നു' (വെളി. 22. 2). ഇവിടെയെല്ലാം ജീവവൃക്ഷത്തിനു് ഒരർത്ഥമാണുള്ളതു് എന്നു പറയാൻ പ്രയാസമാണു്. ജീവവൃക്ഷഫലം മനുഷ്യനുള്ളതാണു്. അതുമൂലമാണു ജീവശ്വാസമുള്ള മനുഷ്യൻ 'സാക്ഷാൽ ജീവൻ' പ്രാപിക്കുന്നതു്. തോട്ടത്തിൻെറ മദ്ധ്യത്തിൽ ദൈവത്തിനുമാത്രം കർത്തവ്യമുള്ള ജീവവൃക്ഷത്തിൻെറ ഫലം ദൈവം തന്നെ മനുഷ്യനുകൊടുക്കുകയാണു്. ദാനം സ്വീകരിക്കുന്ന മനുഷ്യനു ദാതാവിൻെറ സാന്നിദ്ധ്യമുണ്ടു്. ദൈവദാനവും ദൈവസാന്നിധ്യവും ഒരുമിച്ചുള്ള അനുഭവമാണു യഥാർത്ഥജീവൻ, അഥവാ സ്വർഗീയജീവൻ. വിശുദ്ധ

നഗരത്തിൽ 'ജാതികളുടെ രോഗശാന്തി' അഥവാ സകല മനുഷ്യവർഗത്തിനും സാക്ഷാൽ ജീവൻ പ്രദാനം ചെയ്യുന്നതു ജീവവൃക്ഷമാണല്ലോ. എന്നാൽ ദൈവം ദാനമായി കൊടുക്കുന്നതു മനുഷ്യൻ ആക്രമിച്ചെടുത്തു ദൈവസാന്നിധ്യം കൂടാതെ അനുഭവിപ്പാൻ തുനിയുന്നതു മനുഷ്യനു് അപകടമാണു്. മനുഷ്യൻെറ 'സാക്ഷാൽ ജീവൻ' ജീവശ്വാസത്തിൻെറ അന്തമില്ലായ്മ അഥവാ അമർത്ത്യത അല്ലതന്നെ. പ്രത്യുത, ജീവവൃക്ഷം കൈവശമാക്കി അമർത്ത്യത പ്രാപിച്ച ദൈവത്തിൽനിന്നകന്നു് അനന്തമായി ജീവിക്കുന്നതു മനുഷ്യൻെറ 'സാക്ഷാൽ മരണം' അഥവാ നരകം ആയിട്ടാണു് (ഉത്പ.2.22) പ്രസ്താവിക്കുന്നതു്.

2. മനോഹരമായ ഒരു തോട്ടം. അതിൽ കാൺമാൻ ഭംഗിയുള്ള ചെടികൾ, തിന്മാൻ രുചിയുള്ള കായ്കനികൾ, സുഗന്ധം പരത്തുന്ന പുഷ്പങ്ങൾ, മധുരഗാനം ആലപിക്കുന്ന കിളികൾ, സ്പർശനസുഖം നല്കുന്ന മുഖാന്തരങ്ങൾ, സംതൃപ്തി നല്കുന്ന വേല. പഞ്ചേന്ദ്രിയങ്ങൾ വഴിയാണല്ലോ മനുഷ്യർ ലോകം ആസ്വാദിക്കുന്നതു്. അതു സ്രഷ്ടാവിൻെറ ഹിതമത്രെ. എന്നാൽ പഞ്ചേന്ദ്രിയങ്ങൾമൂലം ലഭിക്കുന്ന അനുഭൂതികൾ ജീവപ്രദായകമായിരിക്കണമെങ്കിൽ ചില വ്യവസ്ഥകൾ ഉണ്ടു്. അവയിൽ പ്രധാനം ലോകമല്ല ദൈവമാണു ജീവദായകൻ എന്ന സത്യം അംഗീകരിക്കയാണു്. ദൈവത്തിനു മാത്രം കർതൃത്വമുള്ള ജീവവൃക്ഷമാണു ലോകത്തിൻെറ കേന്ദ്രം. ജീവൻെറ ഉറവ, സകല ലോകാസ്വാദനങ്ങളെയും ജീവപ്രദായകമാക്കുന്ന ശക്തി, ലോകമല്ല ദൈവമാണു്. ദൈവത്തെ മാററി ലോകം ആസ്വാദിപ്പാൻ ഉദ്യമിച്ചാൽ ആസ്വാദനം ലഹരിയായി മാറും. മനുഷ്യൻ മതിമറന്നു ലഹരിക്കു വിധേയമാവുമ്പോൾ ജീവനാധാരമായ ലോകം മരണഹേതുവായി ഭവിക്കും.

3. 'സകല വൃക്ഷങ്ങളുടെയും ഫലം നിനക്കു് ഇഷ്ടംപോലെ തിന്നാം. എന്നാൽ നന്മതിന്മകളെക്കു

റിച്ചുള്ള അറിവിൻെറ വൃക്ഷത്തിൻെറ ഫലം തിന്നരുതു്.' എബ്രായ ചിന്തയിലും ഭാഷയിലും അറിവു് കേവലം ബുദ്ധിപരമായ ജ്ഞാനമല്ല; അനുഭവത്തിൽക്കൂടി യാഥാർത്ഥ്യം സ്വായത്തമാക്കുകയാണു്. ഭാര്യയും ഭർത്താവും പരസ്പരം 'അറിയുന്ന'തു് അവരുടെ ലൈംഗികവേഴ്ചയിലാണു്. ദൈവത്തെ 'അറിയു'ന്നതു ദൈവാനുസരണത്തിൽക്കൂടി ദൈവസംസർഗ്ഗം അനുഭവിക്കുക മുഖാന്തരമത്രെ. അറിവു അനുഭവവേദ്യമായ ജ്ഞാനമാണു്. ഈ പശ്ചാത്തലത്തിൽ വേണം നമ്മുടെ വേദഭാഗം ഗ്രഹിക്കുവാൻ. ലോകം ഇഷ്ടംപോലെ ആസ്വദിക്കാം. മുമ്പു പ്രസ്താവിച്ചതുപോലെ ദൈവത്തെ ജീവൻെറ ഉറവായി കാണുന്നെങ്കിൽ മാത്രമേ ലോകാസ്വാദനം ജീവങ്കലേക്കു മനുഷ്യരെ നയിക്കൂ. എന്നാൽ ലോകാസ്വാദനം ജീവപ്രദായകമാകണമെങ്കിൽ രണ്ടാമതൊരു വ്യവസ്ഥയുണ്ടു്. ദൈവം മനുഷ്യസ്വാതന്ത്ര്യത്തിനു വച്ചിരിക്കുന്ന പരിമിതികൾ മനുഷ്യനന്മയ്ക്കു തികച്ചും ഹേതുകമാണെന്നു് അംഗീകരിക്കണം. നന്മതിന്മകളെക്കുറിച്ചുള്ള വിവേചനത്തിനു മാനദണ്ഡം ദൈവഹിതമാണെന്നുള്ള ഉറപ്പാണു്. ഈ ഉറപ്പു ദൈവത്തിൻെറ സ്നേഹത്തിലും വിശ്വസ്തതയിലും മനുഷ്യൻ വിശ്വസിക്കുന്നതിൻെറ ഫലമാണു്. ദൈവത്തെ 'അറിയു'ന്നതിൻെറ ഫലം. അങ്ങനെയൊരു അവസ്ഥയിൽ മനുഷ്യനു തോട്ടത്തിലെ ഒന്നൊഴിച്ചുള്ള എല്ലാ വൃക്ഷങ്ങളുടെയും ഫലംതിന്നാൻ ദൈവം അനുവദിച്ചിട്ടുണ്ടെന്ന നന്മതിന്മ വിവേചനാശക്തി ഉണ്ടു്. ലോകത്തിലെ നന്മതിന്മകൾ എല്ലാം സ്വയം അനുഭവിച്ചാസ്വദിച്ച മനുഷ്യൻെറ സർവ്വജ്ഞതയിലല്ല, ദൈവസ്നേഹത്തിൻെറ അറിവിലാണു പ്രസ്തുത വിവേകം അധിഷ്ഠിതമായിരിക്കുന്നതു്. ദൈവഹിതത്തിനുപകരം സ്വന്തഹിതം നന്മതിന്മവിവേചനത്തിനു മാനദണ്ഡമാക്കുന്നതിലേക്കു സർവ്വജ്ഞത പ്രാപിക്കാനുള്ള വ്യാമോഹം മനുഷ്യനുനാശകാരണമാണെന്നു് ഈ വേദഭാഗം സമർത്ഥിക്കുന്നു. അനുസരണത്തിലേക്കു മനുഷ്യനെ നടത്തുന്ന ദൈവജ്ഞാനവും മനുഷ്യനു വില

ക്കിയിരിക്കുന്ന സർവ്വജ്ഞതയും വിപരീതമാണെന്നു വേദപുസ്തകത്തിൽ പലേടങ്ങളിലും പ്രസ്താവിച്ചിട്ടുണ്ട്. ഉദാഹരണം— മറഞ്ഞിരിക്കുന്ന കാര്യങ്ങൾ നമ്മുടെ ദൈവമായ യഹോവക്കുള്ളവയത്രെ. വെളിപ്പെട്ടിരിക്കുന്നവയോ നാം ഈ ന്യായപ്രമാണത്തിൻെറ സകല വചനങ്ങളും അനുസരിച്ചു നടക്കേണ്ടതിനു് എന്നേക്കും നമുക്കും നമ്മുടെ മക്കൾക്കും ഉള്ളവയാകുന്നു' (ആവ.29:28)

2. 18. അനന്തരം യഹോവയായ ദൈവം: മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല,ഞാൻ അവനു തക്കതായൊരു തുണ ഉണ്ടാക്കികൊടുക്കും എന്നു് അരുളിച്ചെയ്തു.

1. മനുഷ്യത്വത്തിൻെറ സാമൂഹ്യസ്വഭാവം ഇത്രയും ശക്തമായി വ്യക്തമാക്കുന്ന ഭാഗങ്ങൾ വിരളമാണ്. ഏകാകിത്വം, ഏകാന്തത മനുഷ്യനു 'നന്നല്ല.' അവൻെറ ആളത്തത്തിൻെറ വളർച്ചക്കു സമൂഹവും സാമൂഹ്യബന്ധങ്ങളും അത്യന്താപേക്ഷിതമത്രെ. മനുഷ്യജീവിതത്തിൽ വ്യക്തിത്വത്തിനു സ്ഥാനമുണ്ടെങ്കിലും വ്യക്തി മനുഷ്യത്വം പ്രാപിച്ചു വ്യക്തിത്വത്താൽ വികസിക്കുന്നതു സ്നേഹബന്ധങ്ങളിലാണ്. വ്യക്തിയെ സൃഷ്ടിച്ചശേഷം സമൂഹം സൃഷ്ടിച്ചു എന്നല്ല ഈ വേദഭാഗം പ്രഖ്യാപിക്കുന്നതു്. പ്രത്യുത, സമൂഹമില്ലാതെ ജീവിക്കാൻ പാടില്ലാത്തപ്രകാരം മനുഷ്യത്വത്തിൽ സാമൂഹ്യസ്വഭാവം അന്തർലീനമായിരിക്കുന്നു എന്നാണ്. അതിനാൽ വ്യക്തിയുടെ ഏകത്വമല്ല സമൂഹത്തിൻെറ ഐക്യമാണു മനുഷ്യനെ സംബന്ധിച്ചു ദൈവോദ്ദേശ്യം. പരസ്പരാശ്രയത്തിലാണു മനുഷ്യൻ ജീവിക്കുന്നതു്. സമൂഹം കൂടാതെ മനുഷ്യൻ തുണയില്ലാത്ത നിരാശ്രയജീവിതന്നെ. ദൈവശാസ്ത്രത്തിൽ മാത്രമല്ല സാമൂഹ്യശാസ്ത്രങ്ങളിലും അംഗീകരിക്കപ്പെടുന്ന ഒരു സത്യമാണിതു്. മനുഷ്യചരിത്രത്തിൻെറ പ്രകാശത്തിൽ സഭാപ്രസംഗി പ്രസ്താവിക്കുന്നു: ഒരുവനെക്കാൾ ഇരുവർ ഏറെ നല്ലതു്; അവക്കു തങ്ങളുടെ പ്രയത്നത്താൽ നല്ല പ്രതിഫലം കിട്ടുന്നു. വീണാൽ ഒരുവൻ മററവനെ എഴുന്നേല്പിക്കും. ഏകാകി വീണാലോ

അവനെ എഴുന്നേല്പിക്കാൻ ആരുമില്ലായ്കകൊണ്ടു് അവനു് അയ്യോ കഷ്ടം. രണ്ടുപേർ ഒന്നിച്ചു കിടന്നാൽ അവക്കു കുളിർ മാറും. ഒരുത്തൻ തന്നെയായാലോ എങ്ങനെ കുളിർ മാറും. ഒരുത്തനെ ആരെങ്കിലും ആക്രമിച്ചാൽ രണ്ടുപേർക്കും അവനോടു് എതിർത്തുനില്ക്കാം. മുപ്പിരിച്ചരടു വേഗത്തിൽ അററുപോകയില്ല' (സഭാപ്ര. 4. 9–12).

2. ക്രിസ്തുവിൻെറ രക്ഷാചരിത്രത്തിലും സമൂഹത്തിൻെറ സ്ഥാനം പ്രഥമമാണു്. അതുകൊണ്ടാണല്ലോ യെഹൂദനെയും യവനനെയും സ്വതന്ത്രനെയും ദാസനെയും ആണിനെയും പെണ്ണിനെയും എന്നല്ല എല്ലാവരെയും 'ക്രിസ്തുയേശുവിൽ ഒന്നാ'ക്കുന്ന (ഗലാ. 3:28; 1 കൊരി. 12) പുതിയ സമൂഹത്തിൽ, അഥവാ ക്രൈസ്തവസഭയുടെ കൂട്ടായ ജീവിതത്തിൽ, ദൈവം പുതിയ മനുഷ്യത്വം സൃഷ്ടിചെയ്യുന്നതു്. 'തികഞ്ഞ മനുഷ്യത്വവും ക്രിസ്തുവിൻെറ സമ്പൂർണ്ണതയായ പ്രായത്തിൻെറ അളവും പ്രാപിക്കുവോളം വിശുദ്ധന്മാരുടെ യഥാസ്ഥാനത്തിനായുള്ള ശുശ്രൂഷയുടെ വേലയ്ക്കു' (എഫെ. 4. 12–13) ദൈവം നിയോഗിച്ചിരിക്കുന്ന സമൂഹമാണു ക്രൈസ്തവസഭ. പുതിയ മനുഷ്യത്വത്തിൻെറ വളർച്ചയ്ക്കു് ഇന്നു ജീവിച്ചിരിക്കുന്ന വിശ്വാസികളുടെ സമൂഹത്തോടു മാത്രമല്ല മുമ്പുണ്ടായിരുന്നതും ഇനി ഉണ്ടാകാനിരിക്കുന്നതുമായ വിശ്വാസികളുടെ തലമുറകളോടും സാമൂഹ്യചരിത്രബന്ധം ആവശ്യമാണു്. ഒരു തലമുറയും മററു തലമുറകളെ കൂടാതെ 'രക്ഷാപൂർത്തി പ്രാപിക്കാതിരിക്കേണ്ടതിനു' (എബ്രാ. 11. 40) മനുഷ്യവർഗ്ഗവും അതിൻെറ ചരിത്രവും ഏക സമൂഹമായി ദൈവം കാണുന്നു.

3. നിലവിലിരിക്കുന്ന മതസംഘടനകളും സമുദായം, രാഷ്ട്രം തുടങ്ങിയ മതേതരസംഘടനകളും മനുഷ്യാളത്തം വികസിപ്പിക്കുന്ന സാഹോദര്യം പരിപോഷിപ്പിച്ചു പുലർത്താൻ പര്യാപ്തമാണോ എന്ന ചോദ്യം എപ്പോഴും നാം ഉന്നയിച്ചുകൊണ്ടിരിക്കണം.

"മനുഷ്യൻ ശബ്ബത്തു നിമിത്തമല്ല, ശബ്ബത്തു മനുഷ്യൻ നിമിത്തമത്രെ ഉണ്ടായതു്" (മക്കോ. 2. 27) എന്ന പ്രമാണം ഏതു ഘടനയെയും സ്ഥാപനത്തെയും വില യിരുത്താൻ ഉപയുക്തമായ മാനദണ്ഡമത്രെ.

2. 18. അനന്തരം യഹോവയായ ദൈവം: മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല, ഞാൻ അവനു തക്കതായൊരു തുണ ഉണ്ടാക്കിക്കൊടുക്കും എന്നു് അരുളിച്ചെയ്തു.

19. യഹോവയായ ദൈവം ഭൂമിയിലെ സകല മൃഗങ്ങളെയും ആകാശത്തിലെ എല്ലാ പറവകളെയും നിലത്തുനിന്നു നിർമ്മിച്ചിട്ടു മനുഷ്യൻ അവർക്കു് എന്തു പേരിടുമെന്നു കാണ്മാൻ അവൻെറ മുമ്പിൽ വരുത്തി. സകല ജീവജന്തുക്കൾക്കും മനുഷ്യൻ ഇട്ടതു് അവയ്ക്കു പേരായി.

20. മനുഷ്യൻ എല്ലാ കന്നുകാലികൾക്കും ആകാശത്തിലെ പറവകൾക്കും എല്ലാ കാട്ടുമൃഗങ്ങൾക്കും പേരിട്ടു. എങ്കിലും മനുഷ്യനു തക്കതായൊരു തുണ കണ്ടുകിട്ടിയില്ല.

മനുഷ്യനും മററു ജീവജാലങ്ങളും തമ്മിൽ നിലവിലിരിക്കുന്ന ഉററബന്ധവും വലിയ അന്തരവും വ്യക്തമാക്കുന്ന ഒരു വേദഭാഗമാണിതു്. ദൈവം സകല ജീവജാലങ്ങളെയും മനുഷ്യൻ അവയ്ക്കു പേരിടേണ്ടതിനു അവൻെറ മുമ്പിൽ അവതരിപ്പിക്കുന്നു; മനുഷ്യൻ അവയ്ക്കു പേരിടുന്നു. പേരിടുന്നതു് ഒരർത്ഥത്തിൽ അവയുടെമേൽ ആധിപത്യം സ്ഥാപിക്കുകയാണു്. മൃഗങ്ങളെയും ഇതര ജീവജാലങ്ങളെയും തരം തിരിച്ചു് അവയെ ശാസ്ത്രീയമായി മനസ്സിലാക്കി അവയുടെ സ്ഥാനങ്ങൾ തീരുമാനിക്കുന്ന പ്രക്രിയയാണു് ഇവിടെ നടക്കുന്നതു്. മനുഷ്യൻെറ ശാസ്ത്രീയ യുക്തിയും നിരീക്ഷണബുദ്ധിയും സംവിധാനശക്തിയും ഇവിടെ തെളിയുന്നു. വേറൊരർത്ഥത്തിൽ മൃഗങ്ങൾക്കും ഇതര ജീവജാലങ്ങൾക്കും പേരിടുമ്പോൾ അവയുമായി മനുഷ്യൻ സമ്പർക്കത്തിൽ പ്രവേശിക്കുകയാണു്. പേർ വിളിക്കാതെ ആദരവും സ്നേഹവും യഥാർത്ഥമാക്കാൻ സാദ്ധ്യമല്ല. അതുകൊണ്ടാണല്ലോ പുരുഷൻ സ്ത്രീയെ കാണുമ്പോൾ അവൾക്കു നാരി എന്നു നാമകരണം ചെയ്യുന്നതു്. (2. 23). മാതാപിതാക്കൾ മക്കൾക്കു പേരിടുമ്പോഴും ബന്ധവും സമ്പർക്കവും സ്ഥാപിക്കുകയാണു്. ശരി

യാണ്, ജീവജാലങ്ങളോടുള്ള സ്നേഹത്തിൽ മാത്രം മനുഷ്യത്വത്തിൽ അന്തർലീനമായ സ്നേഹത്തിൻെറ പൂർത്തീകരണം സാദ്ധ്യമല്ല. മനുഷ്യനും മനുഷ്യനും തമ്മിൽ സമ്പർക്കവും സംസർഗ്ഗവുമാണതിനാവശ്യം. മൃഗങ്ങരം മനുഷ്യനു് 'തക്കതായ തുണ' (സഹകാരി, സഖി എന്നത്ഥമാണു് ഇതിനിവിടെ) യാവില്ലെങ്കിൽ തന്നെ ഒരളവിൽ മൃഗങ്ങളുടെയും മററു ജീവജാലങ്ങളുടെയും സഹകരണവും സഖിത്വവും മനുഷ്യനു യഥാത്ഥമാകാമെന്നു് ഇവിടെ ധ്വനിയുണ്ടു്. പൂക്കളും കിളികളും ആടുമാടുകളും നായും കുതിരയും എല്ലാം മനുഷ്യൻെറ സഖാക്കളാകാം. പ്രകൃതിയും മനുഷ്യനും ഒരുവിധത്തിൽ സഹകാരികരം തന്നെയാണു്.

2:7. യഹോവയായ ദൈവം നിലത്തെ പൊടികൊണ്ടു മനുഷ്യനെ നിമ്മിച്ചിട്ടു് അവൻെറ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള ദേഹിയായിത്തീർന്നു.

22. യഹോവയായ ദൈവം മനുഷ്യനിൽനിന്നെടുത്ത വാരിയെല്ലിനെ ഒരു സ്ത്രീയാക്കി അവളെ മനുഷ്യൻെറ അടുക്കൽ കൊണ്ടുവന്നു.

23. അപ്പോരം മനുഷ്യൻ, ഇതു് ഇപ്പോരം എൻെറ അസ്ഥിയിൽനിന്നു് അസ്ഥിയും എൻെറ മാംസത്തിൽനിന്നു മാംസവുമാകുന്നു.

24. അവർ ഏകദേഹമായിത്തീരും.

1. ഉല്പ. 1–ലെ സൃഷ്ടികഥയനുസരിച്ചു 'ദൈവം മനുഷ്യനെ സൃഷ്ടിച്ചു, ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു.' (1: 27) സ്ത്രീപുരുഷ ഭേദത്തോടുകൂടി മനുഷ്യവർഗ്ഗത്തിൻെറ സൃഷ്ടി ദൈവത്തിൻെറ ഒരൊററ പ്രവത്തനമാണു്. ഉത്പ. 2_ൽ അതു രണ്ടുപടികളിലാണു ചിത്രീകരിച്ചിരിക്കുന്നതു്. ഈ രണ്ടു സൃഷ്ടി വൃത്താന്തങ്ങളും തമ്മിൽ ഇതിൽ കൂടുതൽ യഥാർത്ഥ അന്തരം ഉണ്ടോ? (ഈ ചോദ്യം ആമുഖ ഉപന്യാസത്തിൽ ഉന്നയിച്ചതാണു്. എങ്കിലും ഉത്തരം വിശദമായി ആരായേണ്ടിയിരിക്കുന്നു.) 'മനുഷ്യൻ' എന്ന പദത്തിനു രണ്ടു വൃത്താന്തങ്ങളിലും കൊടുത്തിരിക്കുന്ന അത്ഥമനുസരിച്ചു മാത്രമേ ഈ ചോദ്യത്തിനു് ഉത്തരം നല്കാൻ സാധിക്കൂ, ആദം എന്ന എബ്രായ പദ

മാണ് 'മനുഷ്യൻ' എന്നും 'പുരുഷൻ' എന്നും പരി ഭാഷപ്പെട്ടത്തിയിരിക്കുന്നതു്. ആദാം എവിടെയാണു്? നപുംസകലിംഗത്തിൽ 'മനുഷ്യൻ' എവിടെയാണു്? പുല്ലിംഗത്തിൽ 'പുരുഷവ്യക്തി' എന്നതിനെ ആശ്രയിച്ചിരിക്കും അർത്ഥവും വ്യാഖ്യാനവും. ഉത്പ. 1–ൽ മനുഷ്യൻ എന്നാൽ നപുംസകമനുഷ്യത്വം, മനുഷ്യവർഗ്ഗം എന്നാണു വിവക്ഷ. ഉത്പ.3–ൽ തികച്ചും 'പുരുഷൻ' എന്നാണർത്ഥം. ഉത്പ. 2–ൻെറ അവസാനത്തോടു കൂടി പുരുഷനും സ്ത്രീയും ഉണ്ടായിക്കഴിഞ്ഞു. സ്ത്രീയെയും പുരുഷനെയും സ്പർശിച്ചു പരാമർശവുമുണ്ടു്. ഉത്പ 2–ൽ മനുഷ്യൻ, എന്ന പദം 'പുരുഷൻ' ആയി മാറുന്നതു് എപ്പോഴാണു്? ഉത്പ.2–ൽ ആദ്യം മുതൽതന്നെ മനുഷ്യൻ എന്നതിനു പുരുഷൻ എന്നർത്ഥമാണെങ്കിൽ ദൈവം പുരുഷനെ ആദ്യം സൃഷ്ടിച്ചുവെന്നും പുരുഷനിൽ നിന്നു സ്ത്രീയെ സൃഷ്ടിച്ചു എന്നും വന്നുചേരും. അതല്ല, ഉത്പ.2 ലും മനുഷ്യൻ എന്ന പദം മനുഷ്യത്വം മനുഷ്യ വർഗ്ഗം എന്ന നപുംസകരൂപത്തിലാണു് ഉപയോഗിച്ചിരിക്കുന്നതെങ്കിൽ ദൈവം ആദ്യം മനുഷ്യത്വത്തിൻെറ അപൂർണ്ണ പ്രതിഭാസം സൃഷ്ടിച്ച ശേഷം ഏകാന്തത മാററാൻ സ്ത്രീപുരുഷഭേദം ഉളവാക്കി മനുഷ്യത്വത്തിനു ദ്വൈതഭാവം നല്കി മനുഷ്യസൃഷ്ടി പൂർത്തീകരിച്ചു എന്നു വ്യാഖ്യാനിക്കാം. ഈ വ്യാഖ്യാനത്തിൽ മനുഷ്യനിൽനിന്നു സ്ത്രീയും പുരുഷനും സൃഷ്ടിക്കപ്പെട്ടു; അതായതു്, ദൈവം നപുംസകമനുഷ്യൻെറ വാരിയെല്ലെടുത്തു സ്ത്രീയെ ഉണ്ടാക്കിയപ്പോഴാണു് പുരുഷത്വവും സ്ത്രീത്വവും ആവിർഭവിച്ചതു് എന്നു്. ഒരൊററ ക്രിയയിൽ ഉത്പ.1–ലെ വൃത്താന്തത്തിൽ ചെയ്ത മനുഷ്യവർഗ്ഗസൃഷ്ടി രണ്ടു പടികളിൽ ഇവിടെ നിവർത്തിച്ചു എന്നേ വരൂ. മററു വ്യത്യാസമില്ല. ഇതല്ലേ ശരി? പൗരോഹിത്യരേഖയുടെ പ്രകാശത്തിൽ യാഹ് വിസ്റ്റ് രേഖ വ്യാഖ്യാനിക്കണമെന്നല്ലേ ഇവ രണ്ടും കൂട്ടിച്ചേർത്ത യിസ്രായേൽ ദൈവശാസ്ത്രജ്ഞൻ ഉദ്ദേശിച്ചതു് എന്നും ആലോചിക്കേണ്ടതാണു്.

2\. ഏക മനുഷ്യത്വത്തിൻെറ രണ്ടു പ്രതിഭാസ

ങ്ങളാണ പുരുഷനും സ്ത്രീയും എന്ന സത്യം ഏററം ശക്തമായ ഭാഷയിലാണ് ഈ വേദഭാഗം ഘോഷിക്കുന്നതു്. ഏക ശരീരത്തിൽ നിന്ന പുരുഷനും സ്ത്രീയും ഉളവായി. അവർ അന്യോന്യം അഭിമുഖീകരിക്കുന്ന പ്രഥമവേളയിൽ പുരുഷൻ മതിമറന്നു സ്ത്രീയെ സഖിയായും സ്വന്ത ആളത്തത്തിൻെറ അവിഭാജ്യ ഘടകമായും സ്വീകരിക്കുന്നു. സ്ത്രീയിൽനിന്നു തത്തുല്യമായ ഒരു പ്രതികരണം ഉണ്ടായിരുന്നു എന്നു് അനുമാനിക്കാം. ഭാര്യാഭർത്തൃ ബന്ധത്തിലെ ലൈംഗികവേളയിൽ സ്ത്രീയും പുരുഷനും പ്രസ്തുത ഏകത്വം തികച്ചും സാക്ഷാത്കരിക്കുന്നതായി ദൈവശാസ്ത്രജ്ഞൻ തത്ത്വചിന്തനം ചെയ്യുന്നു.

2. 18. മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല.

24. അതുകൊണ്ടു പുരുഷൻ അപ്പനെയും അമ്മയെയും വിട്ടു പിരിഞ്ഞു ഭാര്യയോടു പററിച്ചേരും. അവർ ഏക ദേഹമായിത്തീരും.

1. വിവാഹത്തിൻെറ ദൈവോദ്ദേശ്യത്തിൽ രണ്ടു പ്രധാനഘടകങ്ങളുണ്ടു്. ഒന്നു്, ഭാര്യാഭർത്തൃബന്ധത്തിൽ ലഭ്യമാകുന്ന ഉററ സഖിത്വം ഇരുവരുടെയും ആളത്തവികസനത്തിനു മുഖാന്തരമാക്കുക. രണ്ടു്, ഭാര്യാഭർത്തൃവേഴ്ചയുടെ ഫലമായി സന്താനോത്പാദനം സാധിക്കുക. ഈ രണ്ടു് ഉദ്ദേശ്യങ്ങളിൽ ഉത്പ. 2 സഖിത്വത്തിനാണ് ഏററം പ്രാധാന്യം നല്കിയിരിക്കുന്നതു്. ആധുനിക ദൈവശാസ്ത്രജ്ഞന്മാരിൽ ഭൂരിഭാഗവും ഇതു വിവാഹത്തിൽ പ്രഥമമായി കരുതുന്നവരാണ്. ഭാരതത്തിലെ പരമ്പരാഗതമായ കൂട്ടുകുടുംബസമ്പ്രദായം വിവാഹത്തിൻെറ ഈ പ്രഥമലക്ഷ്യത്തിനു വലിയ വില നല്കിയിരുന്നു എന്നു തോന്നുന്നില്ല. കുടുംബ പാരമ്പര്യം നിലനിർത്തുക, സന്താനങ്ങളുല്പാദിപ്പിക്കുക, സാമൂഹ്യസാമ്പത്തിക നിലവാരം സംരക്ഷിക്കുക ഇവയായിരുന്നു പ്രധാന ലക്ഷ്യങ്ങൾ. ഈ ലക്ഷ്യങ്ങൾ പ്രധാനമാണ്. എന്നാൽ ആളത്തപരമായ സ്നേഹബന്ധത്തിനും സഖിത്വത്തിനും മുഖ്യസ്ഥാനം നൽകാതെയിരിക്കുന്നതു വിവാഹത്തിൻെറ ധാർമ്മിക

വ്യവസ്ഥിതിയുടെ ലംഘനമാണ്. വിവാഹജീവിതത്തിൽ സഖിത്വത്തിൻെറ പ്രാധാന്യം ഇക്കാലത്തു ജനങ്ങൾ പൂർവ്വാധികം മനസ്സിലാക്കി വരുന്നുണ്ട്. സന്താനോത്പാദനത്തിൻെറ ധാർമ്മികപ്രാധാന്യം അതുകൊണ്ട കുറയുന്നില്ല. കാരണം 'ഏകദേഹം' എന്ന ഭാര്യാഭർത്താക്കന്മാർ തമ്മിലുള്ള ഐക്യത്തിൻെറ മുഖ്യ പ്രകാശനമാണ സന്താനങ്ങൾ. സന്താനങ്ങളുടെ അനുഗ്രഹമാണ് ഉത്പ. 1—ൽ കാണുന്നതു്. സന്താനങ്ങളെ ഉത്പാദിപ്പിച്ച സ്നേഹത്തിൽ അവരെ ബന്ധിച്ച വളർത്തി സാമൂഹ്യ ജീവിതത്തിനു് അവരെ ഒരുക്കുന്ന മാതാപിതാക്കന്മാരുടെ ചുമതല ഒരുമിച്ച നിർവ്വഹിക്കുമ്പോഴാണ ഭാര്യാഭർത്തൃസഖിത്വം വളർന്ന് ഇരുവരുടെയും ആളത്തങ്ങൾ വികസിക്കുന്നതു്. ഈ ഉത്തരവാദിത്വത്തിൽ നിന്നൊഴിഞ്ഞു മാറി സഖിത്വം മാത്രം വിവാഹത്തിൻെറ ലക്ഷ്യമായി കരുതുന്ന സ്ത്രീപുരുഷ ബന്ധവും നിരുത്തരവാദപരമാണ്. അതു കാലാന്തരത്തിൽ അവരുടെ സഖിത്വംതന്നെ ശിഥിലമാക്കും.

2. കുടുംബസംവിധാനം ഭാര്യാഭർത്തൃബന്ധത്തിൽ ഒരുമിച്ചുവരുന്ന സ്ത്രീപുരുഷന്മാരുടെ ഉത്തരവാദിത്വമത്രെ. എത്ര കുട്ടികൾക്കു് അവരുടെ വളർച്ചക്കാവശ്യമായ ജീവിതസൗകര്യങ്ങൾ, സംസ്കാരസമ്പത്തു്, സാമൂഹ്യപരിശീലനം, ആളത്തസഖിത്വം, മുതലായവ കൊടുക്കാൻ അവർക്കു കഴിയുമെന്നാലോചിക്കാൻ മാതാപിതാക്കൾക്കു കടമയുണ്ട്. കൂടാതെ, നാം ജീവിക്കുന്ന ഭാരതസമൂഹത്തിലെ ഭക്ഷണോത്പാദന പരിധിയും ജനപ്പെരുപ്പവും ജനനനിയന്ത്രണം നിർബന്ധാവശ്യമാക്കിത്തീർത്തിരിക്കുന്നു. രാഷ്ട്രത്തിൻെറ ചില നിർബന്ധങ്ങളും നിയമങ്ങളും ഈ വെളിച്ചത്തിൽ നീതീകരിക്കാം, അവ മനുഷ്യവ്യക്തിയുടെയും കുടുംബത്തിൻെറയും മൗലികങ്ങളായ ആന്തരിക സ്വാതന്ത്ര്യങ്ങളെ ആദരിക്കുന്നതാണെങ്കിൽ. ധാർമ്മികമായി കുടുംബസംവിധാനത്തിനു് ഉത്തരവാദിത്വം മാതാപിതാക്കളിൽത്തന്നെ നിക്ഷിപ്തമാണ്.

3. ജനനനിയന്ത്രണോപാധികൾ ധാർമ്മികമായി വിലയിരുത്തുമ്പോൾ വിവാഹജീവിതത്തിൽ ഏകദേഹഐക്യംമൂലമുളവാകുന്ന സഖിത്വത്തിനാണു പ്രഥമസ്ഥാനം നല്കേണ്ടതു്. അതുകൊണ്ടു സന്താനോല്പാദനം യാന്ത്രികമായി തടഞ്ഞുകൊണ്ടുതന്നെ ലൈംഗികവേഴ്ച തുടരുന്നതു തികച്ചും ധാർമ്മികമാണെന്നു ഭൂരിപക്ഷം ക്രൈസ്തവസഭകളും ദൈവശാസ്ത്രജ്ഞന്മാരും അംഗീകരിക്കുന്നു. ക്രമീകൃതമായ ലൈംഗികവേഴ്ച ഭാര്യാഭർത്തൃ സഖിത്വത്തിന്റെ വളർച്ചയ്ക്കു് ആവശ്യമാണു്.

2: 19. സകല ജീവജന്തുക്കൾക്കും മനുഷ്യൻ ഇട്ടതു് അവയ്ക്കു പേരായി.

23. അപ്പോൾ മനുഷ്യൻ, ഇതു് എന്റെ അസ്ഥിയിൽനിന്നു് അസ്ഥിയും എന്റെ മാംസത്തിൽനിന്നു മാംസവും ആകുന്നു. ഇവളെ നരനിൽനിന്നു് എടുത്തിരിക്കയാൽ ഇവൾക്കു നാരി എന്നു പേരാകും.

1. നാമകരണം മനുഷ്യന്റെ ഗ്രഹണശക്തി, ക്രമീകരണശക്തി ഇവ കുറിക്കുന്നതായി മുമ്പു പ്രസ്താവിച്ചല്ലോ. ഭാഷയുടെ ഉത്ഭവവും അതു മുഖാന്തരമാണു്. ഇതെല്ലാം മനുഷ്യന്റെ ആത്മബോധത്തിന്റെയും സൃഷ്ടിവൈഭവത്തിന്റെയും ഒരു പ്രധാനപടിയാണു്. എന്നാൽ മൃഗങ്ങൾക്കു പേരിടുന്നതും, സഹവാസിയും സഹകാരിയും ആത്മബോധത്തിൽ പങ്കാളിയുമായ ഒരാളിനു പേരിടുന്നതും തമ്മിൽ അജഗജാന്തരമുണ്ടു്. അതു മനുഷ്യന്റെ ആത്മബോധത്തിന്റെ വേറൊരു പടി സൂചിപ്പിക്കുന്നു. മൃഗത്തിനു പേരിടാമെന്നല്ലാതെ മനുഷ്യനും മൃഗവുമായി സംഭാഷണം സാദ്ധ്യമല്ലല്ലോ. പുരുഷനും സ്ത്രീയും ഏക മനുഷ്യത്വത്തിന്റെ ഭിന്നപ്രതിഭാസങ്ങളെന്ന നിലയിൽ അന്യോന്യം അഭിമുഖീകരിക്കുമ്പോൾ ഞാൻ—നീ—നമ്മൾ—ഞങ്ങൾ ബോധവും പരസ്പര സംസർഗ്ഗവും സാദ്ധ്യമാകത്തക്കവണ്ണം അവരുടെ ആത്മബോധനിലവാരം ഒന്നാണു്. ഇതുനിമിത്തം ഭാഷ പരസ്പരസമ്പർക്കത്തിലേർപ്പെടുന്നതിനു മുഖാന്തരമായി മാറുന്നു.

സ്നേഹവും ദ്വേഷവും സമത്വവും മേധാവിത്വവും പ്രകടമാക്കാൻ ഉപകരണം. ഭാഷയുടെ പ്രസ്തുത വളർച്ച സംസ്ക്കാരത്തിൻെറ ആവിർഭാവത്തിനു വഴിതെളിക്കുന്നു.

3:1 യഹോവയായ ദൈവം ഉണ്ടാക്കിയ എല്ലാ കാട്ടുജന്തുക്കളെക്കാളും പാമ്പു കൗശലമേറിയതായിരുന്നു. അതു സ്ത്രീയോട് തോട്ടത്തിലെ യാതൊരു വൃക്ഷത്തിൻെറ ഫലവും നിങ്ങൾ തിന്നരുതെന്നു ദൈവം വാസ്തവമായി കല്പിച്ചിട്ടുണ്ടോ എന്നു ചോദിച്ചു.

2. സ്ത്രീ പാമ്പിനോട് തോട്ടത്തിലെ വൃക്ഷങ്ങളുടെ ഫലം ഞങ്ങൾക്കു തിന്നാം.

3. എന്നാൽ നിങ്ങൾ മരിക്കാതിരിക്കേണ്ടതിനു തോട്ടത്തിൻെറ നടുവിലുള്ള വൃക്ഷത്തിൻെറ ഫലം തിന്നരുത്, തൊടുകയുമരുത് എന്നു ദൈവം കല്പിച്ചിട്ടുണ്ട് എന്നു പറഞ്ഞു.

4. പാമ്പു സ്ത്രീയോട് നിങ്ങൾ മരിക്കയില്ല നിശ്ചയം.

5. അതു തിന്നുന്ന നാളിൽ നിങ്ങളുടെ കണ്ണു തുറക്കയും നിങ്ങൾ നന്മതിന്മകളെ അറിയുന്നവരായി ദൈവത്തെപ്പോലെ ആകയും ചെയ്യും എന്നു ദൈവം അറിയുന്നു എന്നു പറഞ്ഞു.

1. പാമ്പിനു കഥയിൽ വലിയ പ്രാധാന്യം ഇല്ല. പാമ്പും സ്ത്രീയും തമ്മിൽ നടക്കുന്ന സംഭാഷണത്തിലെ ആശയങ്ങളാണു കാര്യം. ഏതു മനുഷ്യൻെറയും അന്തരംഗത്തിൽ നടക്കുന്ന സംവാദത്തിനു സാഹിത്യകാരൻ ബാഹ്യരൂപം കൊടുക്കുന്നതുപോലെയാണു തോന്നുക. 'യാതൊരു വൃക്ഷത്തിൻെറയും ഫലം തിന്നരുതെന്നു വാസ്തവമായി കല്പിച്ചിട്ടുണ്ടോ?' യഥാൎത്ഥ വിവരം ശേഖരിക്കുന്നതിനുവേണ്ടി മാത്രം എന്നു തോന്നത്തക്കവണ്ണം നിർദ്ദോഷരൂപത്തിലാണു ചോദ്യം. സ്ത്രീയെ സംഭാഷണത്തിനു ക്ഷണിക്കയാണ് ഉദ്ദേശ്യം. ഇവിടെയാണു പാമ്പിൻെറ കൗശലം പ്രകടമാകുന്നത്. തികച്ചും വസ്തുനിഷ്ഠമായും ദൈവത്തെ സാധൂകരിച്ചുകൊണ്ടുമാണു സ്ത്രീയുടെ മറുപടി. 'യാതൊരു വൃക്ഷത്തിൻെറയും' ഫലം തിന്നരുതെന്നു 'വാസ്തവമായി' കല്പിച്ചിട്ടുണ്ടോ എന്ന ചോദ്യത്തിന് ഉത്തരം കൊടുക്കാതെ പററുമോ? മദ്ധ്യത്തിലെ ഒരു വൃക്ഷത്തിൻെറ ഫലം ഒഴിച്ചു മററ് 'എല്ലാ' വൃക്ഷങ്ങളുടെയും ഫലം

തിന്നാൻ ദൈവം അനുവദിച്ചിരിക്കുന്ന സ്ഥിതിക്കു പാമ്പിൻെറ തെററിദ്ധാരണ മാറേറണ്ടതാവശ്യംതന്നെ. എന്നാൽ വൃക്ഷത്തിൻെറ ഫലം തിന്നരുതെന്നു മാത്രമല്ല 'തൊടുകയുമരുതു്' എന്നു കൂട്ടിച്ചേർത്തതിൽ ദൈവം മനുഷ്യസ്വാതന്ത്ര്യത്തിനു വച്ചിരിക്കുന്ന പരിമിതി ഉള്ളതിൽ മുഴപ്പിച്ചാണു സ്ത്രീ കാണിക്കുന്നതു്. പ്രസ്തുത പരിമിതിയുടെ പിമ്പിലുള്ള സ്നേഹോദ്ദേശ്യത്തിൽ സംശയം ജനിപ്പിക്കുന്നതിനാണു പാമ്പിൻെറ പിന്നീടുള്ള ഉദ്യമം. മരണമല്ല, പ്രത്യുത ദൈവജീവനു തുല്യമായ ജീവനാണു ദൈവകല്പന നിരസിച്ചാൽ ഉളവാകുന്നതു് എന്നു 'ദൈവം അറിയുന്നു.' മനുഷ്യൻെറ ആത്മബോധം വികസിച്ചു മനുഷ്യത്വം, ദിവ്യത്വം പ്രാപിക്കുന്നതിൽ അസൂയാലുവാണു ദൈവമെന്നു്.

2. ഈ രീതിയിലൊരു പ്രലോഭനം ആത്മബോധമുള്ള മനുഷ്യനു മാത്രമേ ഉണ്ടാകാൻ സാധിക്കു. മൃഗങ്ങൾക്കുണ്ടാവാൻ സാദ്ധ്യമല്ല. മനുഷ്യാളത്തത്തിൻെറ ആത്മീയ ഘടനയിൽ സ്വാതന്ത്ര്യത്തിൻെറയും അതോടൊപ്പം അതിൻെറ പരിധികളുടെയും ബോധം രൂഢമൂലമാണു്. പരിധിയില്ലാത്ത സ്വയം നിർണ്ണയശക്തി ദൈവത്തിനു മാത്രമേ ഉള്ളു. ഒന്നുമില്ലായ്മയിൽനിന്നു സകലവും സൃഷ്ടിക്കാൻ ദൈവത്തിനു കഴിവുണ്ടു്; ഉള്ളതിനു പുതിയ രൂപം കൊടുക്കാൻ മാത്രമുള്ള കഴിവാണു മനുഷ്യൻെറ സൃഷ്ടിവൈഭവം. ദൈവം സ്വയംഭൂവാണു്, സ്വയം പര്യാപ്തനാണു്. മനുഷ്യൻ ദൈവത്താൽ സൃഷ്ടിക്കപ്പെട്ടു ദൈവത്തെ ആശ്രയിച്ചും പ്രകൃതിയോടും സമൂഹത്തോടും കടപ്പെട്ടും ജീവിക്കുന്നവൻ. ദൈവം മരണമില്ലാത്തവൻ, മനുഷ്യൻ മർത്യൻ. മനുഷ്യനു് ആത്മബോധമുള്ളതുകൊണ്ടു് അവൻെറ സ്വാതന്ത്ര്യവും അതിൻെറ അതിരും സംബന്ധിച്ച വസ്തുത അവനറിയാം. ദൈവസ്നേഹത്തിൽ വിശ്വാസമുള്ളിടത്തോളം മനുഷ്യത്വം അതേപടി അംഗീകരിച്ചു ദൈവഹിതമനുസരിക്കുന്നതിനു മനുഷ്യൻ തയ്യാറാകും. എന്നാൽ ദൈവോദ്ദേശ്യത്തിൽ സംശയം

ഉളവാകുന്ന വേളയിൽ നിരാശ്രയബോധവും ആകുല ചിന്തയും അവനെ അലട്ടും. ഇതിൻെറ ഫലമോ, സൃഷ്ടിക്കപ്പെട്ടവൻ എന്ന തൻെറ നില അംഗീകരിക്കാൻ മനസ്സില്ലാതെ പൂർണ്ണ സ്വയം നിർണ്ണയാവകാശം സ്ഥാപിച്ച ദൈവത്തിൻെറ കർത്തൃത്വത്തിൽ നിന്നു സ്വാതന്ത്ര്യം പ്രാപിച്ച സ്രഷ്ടാവിൻെറ സ്ഥാനത്തേക്കു സ്വയം അവരോധിക്കാൻ ഉദ്യമിക്കുന്നു. ഈ ഘട്ടത്തിലാണു ദൈവം വിലക്കിയ കനി ഭക്ഷിച്ചാൽ നിങ്ങൾ 'ദൈവത്തെപ്പോലെ ആകും' എന്ന പാമ്പിൻെറ വാക്കു സത്യമെന്ന ഉൾബോധം ഉളവാകുന്നതു്. ആദിപാപം ആദിസംശയത്തിലാരംഭിക്കുന്നു. സ്ത്രീപുരുഷഭേദമെന്യേ മനുഷ്യൻ, സകല മനുഷ്യരും മനുഷ്യസമൂഹങ്ങളും സാർവ്വത്രികമായിത്തന്നെ, ചരിത്രത്തിൻെറ എല്ലാ ഘട്ടങ്ങളിലും അഭിമുഖീകരിക്കുന്ന ആത്മീയ പ്രലോഭനമത്രെ ഇതു്. പാമ്പും സ്ത്രീയും തമ്മിൽ നടന്ന സംവാദം മനുഷ്യാത്മാവിൽ നിരന്തരം ആവർത്തിക്കപ്പെടുന്ന ഒന്നത്രെ. മുകളിൽ പ്രസ്താവിച്ചതുപോലെ ആത്മനിഷ്ഠമായ ആ സംവാദത്തിനു സൃഷ്ടികഥ ബാഹ്യരൂപം കൊടുത്തിരിക്കയാണു്.

3. സ്രഷ്ടാവിൻെറ ധാർമ്മികനിയമങ്ങളും അതു സൂചിപ്പിക്കുന്ന ദൈവത്തിൻെറ കർത്തൃത്വവും സ്വീകരിക്കുന്നതിനു മനുഷ്യർക്കു തടസ്സമായി നില്ക്കുന്നതു് ദൈവകല്പനകൾ വാസ്തവമായി മനുഷ്യനന്മയ്ക്കു ഹേതുവാണോ എന്ന സംശയമാണു്. യഥാർത്ഥത്തിൽ ദൈവസ്നേഹത്തിലാണു സംശയം. ഈ സംശയം മാററി വിശ്വാസം പുനഃസ്ഥാപിക്കയാണു് യേശുക്രിസ്തുവിൻെറ സുവിശേഷം ചെയ്യുന്നതു്. ദൈവസ്നേഹത്തിൽ വിശ്വസിച്ചു ക്രൂശുമരണംവരെ ദൈവത്തെ അനുസരിച്ച ക്രിസ്തുയേശുവിൻെറ ഉയിർത്തെഴുന്നേൽപ്പു് നമുക്കു ദൈവത്തെ അന്ത്യംവരെ നമ്പാമെന്നു് ഉറപ്പുനല്കുന്നു.

**3.6 ആ വൃക്ഷഫലം തിന്മാൻ നല്ലതും കാണ്മാൻ ഭംഗിയുള്ളതും ജ്ഞാനം പ്രാപിപ്പാൻ കാമ്യവും എന്നു സ്ത്രീ കണ്ടു ഫലം പറിച്ചു തിന്നു, ഭർത്താവിനും കൊടുത്തു. അവനും തിന്നു.**

1. മനുഷ്യൻ പ്രലോഭനത്തിനു വഴങ്ങുന്ന ചിത്രം ഏററം ചുരുങ്ങിയ വാചകത്തിൽ മിഴിവുററ ഭാവനയോടെ ഈ ഭാഗം ചിത്രീകരിക്കുന്നു. യാഹ്‌വിസ്റ്റു് എഴുത്തുകാരൻ ഒരു കലാകാരൻ മാത്രമല്ല' തികഞ്ഞ മനഃശാസ്ത്രജ്ഞനും സാമൂഹ്യശാസ്ത്രജ്ഞനുമാണു്. തിന്നരുതെന്നു ദൈവം കല്പ്പിക്കുകയും തിന്നുകയോ തൊടുകയോ ചെയ്യരുതെന്നു ദൈവം കല്പിച്ചതായി സ്ത്രീ മനസ്സിലാക്കിയിരുന്നതുമായ കഥയുടെ കേന്ദ്രം. സ്വയം ദൈവമാകണമെന്നുള്ള മനുഷ്യൻെറ ആത്മവ്യാമോഹം മനുഷ്യൻെറ പഞ്ചേന്ദ്രിയങ്ങളിൽക്കൂടി മനസ്സിൻെറ വികാരവിചാരഭാവനാമണ്ഡലങ്ങളിൽ ആവേശം ജനിപ്പിച്ചു്, അവസാനം'ഇച്ഛാശക്തി സ്വാധീനപ്പെടുത്തുന്നതെങ്ങനെയെന്നു നോക്കുക. വൃക്ഷത്തിൻെറ കനി ഭുജിക്കാൻ രുചികരവും കാണ്മാൻ ഭംഗിയുള്ളതും ജ്ഞാനം പ്രാപിപ്പാൻ കാമ്യവും എന്നു സ്ത്രീ കാണുന്നു. തോട്ടത്തിലെ മറെറല്ലാ വൃക്ഷഫലങ്ങളും ഇതേമാതിരി രുചിയും ഭംഗിയും ഉള്ളതായിരുന്നു എന്നു 2. 9—ൽ നാം പ്രത്യേകം വായിക്കുന്നു. ദൈവകല്പന ലംഘിക്കാതെ 'ഇഷ്ടംപോലെ' ഭക്ഷിക്കാവുന്നതായിരുന്നു അവയൊക്കെ. എന്നാൽ അവ പറിച്ചു തിന്നുന്നതിൽ ഒരു അസാധാരണത്വമോ ദിവ്യത്വമോ ഇല്ലല്ലോ. വിലക്കപ്പെട്ട കനി പറിച്ചു തിന്നുന്നതിൽ ദൈവത്തിൽനിന്നു സ്വാതന്ത്ര്യം പ്രഖ്യാപനം ചെയ്യുന്ന ഒരു പുതിയ ആന്തരികാനുഭവം ഉണ്ടു്. നന്മതിന്മകളുടെ അറിവിൻെറ വൃക്ഷഫലം ഇതേവരെ ദൈവത്തിനു മാത്രം പ്രാപ്യവും മനുഷ്യനു നിഗൂഢമായ ജ്ഞാനത്തിൻെറ ഉറവിടമായി മനുഷ്യൻ ഭാവനയിൽ ദർശിക്കുന്നു. വൃക്ഷഫലം 'ജ്ഞാനം' പ്രാപിക്കാൻ 'കാമ്യ'മെന്നു സ്ത്രീ കണ്ടു. 'ജഡമോഹം, കൺമോഹം, ജീവനത്തിൻെറ പ്രതാപം ഇങ്ങനെ ലോകത്തിലുള്ളതെല്ലാം പിതാവിൽനിന്നല്ല ലോകത്തിൽനിന്നത്രെ ആകുന്നു' (1യോഹ. 1. 16). അവ ആത്മീയാഹങ്കാരത്തിനു് ഉപാധികളാണു്.

2. വൃക്ഷഫലം സ്ത്രീയും പുരുഷനും ഭക്ഷിക്കുന്നു. മനുഷ്യവർഗ്ഗം സ്ത്രീപുരുഷഭേദമെന്യേ ദൈവവചനത്തോടു ബന്ധപ്പെട്ടിരിക്കുന്നു; ദൈവവചന ലംഘനത്തിലും ഐക്യപ്പെട്ടിരിക്കുന്നു. സൃഷ്ടിയിലും വീഴ്ചയിലും മനുഷ്യജാതിക്കു് ഒരുമയുണ്ടു്. പാപംസാർവ്വത്രികമാണു്. പാപത്തിൽ മനുഷ്യവർഗ്ഗത്തിന്റെ ഐക്യവും സാർവ്വത്രികതയും വെളിപ്പെടുമ്പോഠം ദൈവകൃപ മനുഷ്യവർഗ്ഗത്തിന്റെ ഐക്യത്തിനും സാർവ്വത്രികതയ്ക്കും വഴി തെളിക്കുന്നതായി വി. പൗലൊസ് കാണുന്നു. 'ഒരു വ്യത്യാസവുമില്ല. എല്ലാവരും പാപംചെയ്തു ദൈവ തേജസ്സില്ലാത്തവരായിത്തീർന്നു. അവന്റെ കൃപയാൽ ക്രിസ്തുയേശുവിലെ വീണ്ടെടുപ്പുമൂലം സൗജന്യമായത്രെ നീതീകരിക്കപ്പെടുന്നതു്'' (റോമ. 3. 24). 'വിശ്വസിക്കുന്നവർക്കു വാഗ്ദത്തം യേശുക്രിസ്തുവിലെ വിശ്വാസത്താൽ ലഭിക്കേണ്ടതിനു തിരുവെഴുത്തു് എല്ലാവരെയും പാപത്തിൻകീഴടച്ചുകളഞ്ഞു' (ഗലാ. 3. 22)

3.7 ഉടനേ ഇരുവരുടെയും കണ്ണു തുറന്നു തങ്ങഠം നഗ്നരെന്നറിഞ്ഞു. അത്തിയില കൂട്ടിത്തുന്നി തങ്ങഠംക്കു അരയാട ഉണ്ടാക്കി.

1. വീഴ്ചയ്ക്കു മുമ്പു 'പുരുഷനും ഭാര്യയും ഇരുവരും നഗ്നരായിരുന്നു; അവക്കു നാണം തോന്നിയിരുന്നില്ല' (2. 25). ഇപ്പോഠം അവർ നഗ്നരെന്നു തന്നെത്താൻ അറിയുകയാൽ അവർക്കു ലജ്ജയുണ്ടായി, അവർ നഗ്നത മറയ്ക്കുന്നു. ഈ അന്തരം സ്ത്രീപുരുഷ ബന്ധത്തിലുണ്ടായ ലൈംഗികവേഴ്ചയുടെ ഫലമാണെന്നും അതിനാൽ പ്രസ്തുത വേഴ്ചയാണു പാപമെന്നും ചിലർ വ്യാഖ്യാനിക്കുന്നു. അങ്ങനെ ഒരു വ്യാഖ്യാനവും അതനുസരിച്ച ധാരണകളും കേരളത്തിൽതന്നെ പ്രചരിച്ചിട്ടുണ്ടു്. മലയാളസാഹിത്യത്തിൽതന്നെ ഇതിനു തെളിവുണ്ടു്. പി. കേശവദേവിന്റെ 'സ്വർഗ്ഗരാജ്യം' എന്ന ചെറുകഥയിൽ കേശവദേവു് സ്വപ്നത്തിൽ ത്രിത്വത്തിന്റെ മുമ്പാകെ നിന്നുകൊണ്ടു പിതാവായ ദൈവത്തോടു പറയുന്നു: 'പിതാവേ, ഞാൻ അശ്ലീലത്തിന്റെ സന്തതിയാകുന്നു; ഞാൻ പാപത്തിന്റെ സന്തതിയാ

കുന്നു. സ്ത്രീ പുരുഷ ബന്ധം പാപമാണെന്നാണ് ഇ-
യാറം (ക്രിസ്തീയ സഭയുടെ പുരോഹിതൻ) പറയുന്ന-
തു്.' 'പാപമോ?'—പിതാവു് അത്ഭുതപ്പെട്ടു. 'അതേ
പിതാവേ—സ്ത്രീപുരുഷബന്ധം പാപമാണെന്നു് ഇ-
യാറം പറഞ്ഞുനടക്കുന്നു. പിതാവു് ആദ്യമായി ഏദൻ
തോട്ടത്തിൽ ആദാമിനെയും ഹവ്വായെയും സൃഷ്ടിച്ചു
എന്നും അന്നവർക്കു ലൈംഗിക വികാരങ്ങളൊന്നമു-
ണ്ടായിരുന്നില്ലെന്നും, വിലക്കപ്പെട്ട കനി തിന്നപ്പോ-
ഴാണു് അവർക്കു വികാരമുണ്ടായതെന്നും, അങ്ങനെ
അവർ പാപികളായിത്തീർന്നു എന്നും ഒരു പുസ്തകത്തി-
ലുണ്ടു്.' ദൈവപുത്രൻ ഇടയ്ക്കു കയറിപ്പറഞ്ഞു: 'പിതാ-
വേ, ആ പുസ്തകം ഞാൻ വായിച്ചിട്ടുണ്ടു്. ഞാൻ ഭൂമി-
യിൽ ജനിക്കുന്നതിനു് എത്രയോ വർഷങ്ങൾക്കു മുമ്പ്
ഏതോ ഒരു യഹൂദൻ എഴുതിവച്ച നുണക്കഥയാണ-
തു്....'....പിതാവു് പ്രസ്താവിച്ചു: 'നമ്മുടെ സൃഷ്ടി-
കറം വിശപ്പും കാമവുമാകുന്നു.... വിശപ്പും കാമവും പാ-
പമല്ല, പുണ്യമാകുന്നു.... ഏദൻ തോട്ടത്തിൽ നടന്നു
എന്നു പറയപ്പെടുന്ന കഥ നാം അറിഞ്ഞിട്ടില്ല.' ഇങ്ങ-
നെ പോകുന്നു കഥ. ഈ കഥയിൽ ഉത്പ. 3 തികച്ചും
നിഷേധിച്ചു മാത്രമേ വിശപ്പും കാമവും പാപമല്ല പു-
ണ്യമാണെന്നു സ്ഥാപിക്കാൻ കേശവദേവിനു സാധിക്കു-
ന്നുള്ളു. ലൈംഗിക വികാരവും വേഴ്ചയുമാണു് വീ-
ഴ്ചയായി ഉത്പത്തിവൃത്താന്തം സമർത്ഥിച്ചിരിക്കു-
ന്നതെന്നതിനെപ്പററി അദ്ദേഹത്തിനു് ഒരു സന്ദേഹവു-
മില്ല. എന്നാൽ ഇതു ശരിയല്ല. ഉത്പ. 2 ഭാര്യാഭർത്തൃ-
ബന്ധത്തിൻെറ 'ഏകദേഹ' സ്വഭാവം സ്പഷ്ടമാക്കി-
യ യാഹ്വിസ്റ്റ് ദൈവശാസ്ത്രജ്ഞൻ ലൈംഗികബ-
ന്ധം പാപമായി ഉത്പ. 3 ൽ ചിത്രീകരിക്കുമെന്നു
ചിന്തിക്കുന്നതു തികച്ചും അബദ്ധമത്രെ. സ്വന്ത നഗ്നത-
യെക്കുറിച്ച് അറിവും അതിൽ ലജ്ജയും മനുഷ്യൻ ത-
ന്നിൽ നിന്നുതന്നെ പാപംമൂലം അന്യപ്പെട്ടുപോയി
എന്നതിൻെറ ഭാവനാചിത്രമായാണു് യാഹ്വിസ്റ്റ്
ഇവിടെ കൊടുത്തിരിക്കുന്നതു്.

2. മനുഷ്യൻ സ്വാതന്ത്ര്യ ആത്മീയമണ്ഡലത്തിൽ

ദൈവഹിതം തള്ളി സ്വന്തഹിതം കേന്ദ്രമാക്കി സ്വന്ത ജീവിതവും പ്രപഞ്ചംതന്നെയും കെട്ടിപ്പണിയുന്നതിനു സാഹസപ്പെടുകയാണു്. മനുഷ്യൻ ദൈവഹിതം തള്ളിക്കളഞ്ഞുവെന്നതുകൊണ്ടു ദൈവത്തിൻെറ സൃഷ്ടികർത്തൃത്വമോ മനുഷ്യൻെറ സൃഷ്ടിഘടനയോ ഇല്ലാതെയാകുന്നില്ല. ദൈവവും മനുഷ്യനും തമ്മിൽ സ്രഷ്ടാവു്—സൃഷ്ടി ബന്ധം നീക്കമില്ലാത്ത യാഥാർത്ഥ്യമായിത്തന്നെ നിലകൊള്ളുന്നു. മനുഷ്യൻ യാഥാർത്ഥ്യം അംഗീകരിക്കാതെ അയഥാർത്ഥനിഴലുകരം പിൻപററുക മാത്രമാണു ചെയ്തിരിക്കുന്നതു്. ഫലമോ, യാഥാർത്ഥ്യം അഭിമുഖീകരിക്കാതെ ഭയന്നു് ഒളിച്ചോടാനുള്ള മനുഷ്യൻെറ നിഷ്ഫല ശ്രമവും പരസ്പര വൈരുദ്ധ്യങ്ങളുടെ കൊടുമ്പിരിക്കുള്ളിൽ മനുഷ്യാളത്തത്തിൻെറ ശൈഥില്യവുമത്രെ.

3. പാമ്പു സ്ത്രീയോടു പറഞ്ഞതുപോലെതന്നെ അവരുടെ കണ്ണു തുറന്നു. അവരുടെ നിർദ്ദോഷാവസ്ഥയിൽ ഇല്ലാതിരുന്ന ഒരു പുതിയ ജ്ഞാനം അവരെപ്പററിത്തന്നെ അവർക്കുണ്ടായി. അവരുടെ നഗ്നതയിൽ അവർക്കുതന്നെ ലജ്ജ തോന്നിയതുകൊണ്ടു നഗ്നത അവരിൽനിന്നുതന്നെ മറയ്ക്കാൻ അവർ ഉദ്യമിക്കുന്നു. മനുഷ്യൻെറ അഹംബോധത്തിൽ പാപം കൈവരുത്തിയ വൈരുദ്ധ്യമാണു് ഈ ഭാഗത്തു ദൃശ്യമാകുന്നതു്. മനുഷ്യൻ അഹംസത്തയിൽ നിന്നു് അന്യനാകുന്നു. മനുഷ്യൻ സൃഷ്ടിക്കാൻ സാഹസപ്പെട്ട ആളത്തവും ആത്മബോധവും ദൈവം സൃഷ്ടിച്ച ആളത്തവും ആത്മബോധവുമായി കൂട്ടിമുട്ടി ഉള്ളിൽ സംഘർഷമുളവാകുകയാണു്. ഏകമായിരുന്ന സ്വയം രണ്ടു സ്വയങ്ങളായി മാറിയിരിക്കുന്നു. ഒരു സ്വയം മററതിൽനിന്നു് ഒളിക്കാനാണു് പരിശ്രമം. അഹന്തയുടെ അന്യഥാത്വം മനുഷ്യത്വത്തിൻെറ മുഖ്യപ്രശ്നമായി ആധുനിക ചിന്തകർ അവതരിപ്പിക്കുന്നതിൻെറ വെളിച്ചത്തിൽ ഈ വേദഭാഗം പൂർവ്വാധികം അത്ഥവത്തായിത്തീർന്നിരിക്കയാണു്.

4. ഏതു മനുഷ്യനിലും രണ്ടു സ്വയങ്ങളുണ്ടു്.

യഥാൎത്ഥ സ്വയം അവബോധത്തിലിരുന്നു മനുഷ്യനെ നിയന്ത്രിക്കുന്നു. അതിൻെറ സ്വഭാവം സ്വാൎത്ഥപരമായതുകൊണ്ടു് മനുഷ്യൻ ആ പരമാൎത്ഥം തന്നിൽനിന്നു തന്നെ മറച്ചുവയ്ക്കാനുള്ള ശ്രമത്തിൽ മര്യാദക്കാരനും സ്വാൎത്ഥരഹിതനുമായ ഒരു സ്വയത്തിൻെറ മായാലോകം ബോധമണ്ഡലത്തിൽ സൃഷ്ടിച്ചവതരിപ്പിക്കുന്നു. കാറൽ മാർക്സ്, സിഗ്മണ്ടു് ഫ്രോയിഡ്, ഫ്രെഡറിക്ക് നിട്ട്സി എന്നിവരാണു മനുഷ്യവ്യക്തിയുടെയും സമൂഹത്തിൻെറയും ബോധമണ്ഡലങ്ങൾ വർഗതാൽപര്യങ്ങളും വിഷയമോഹവും അധികാര പ്രവണതയും അക്രമാസക്തിയും അവരിൽത്തന്നെ ഒളിച്ചുവയ്ക്കാൻ അവർ സൃഷ്ടിച്ച പുകമറയാണെന്നുള്ള സിദ്ധാന്തം ഉന്നയിച്ചതു്. ഈ സത്യം ഇന്നു് ഏറെക്കുറെ പൊതുവിൽ ശാസ്ത്രീയലോകം അംഗീകരിച്ചിട്ടുണ്ടെന്നു പ്രസ്താവിക്കാം. ആധുനിക മാനവ്ശാസ്ത്രങ്ങളിൽ മനുഷ്യൻ സ്വന്ത നഗ്നത മറയ്ക്കാൻ ഉപയോഗിക്കുന്ന 'പുകമറ'യ്ക്കു പകരമാണു് ഉത്പ.3–ലെ ചിത്രത്തിൽ 'അരയാട'. മനുഷ്യാളത്തത്തിൻെറ കേന്ദ്രത്തിൽ സ്വയം അന്യഥാത്തത്തിൻെറ പ്രകാശനമായിത്തന്നെ ഇതു വ്യാഖ്യാനിക്കാം.

5. മനുഷ്യസ്വഭാവത്തെക്കുറിച്ചുള്ള വി. പൗലൊസിൻെറ അപഗ്രഥനത്തിലും മനുഷ്യാളത്തം ശിഥിലമാക്കുന്ന ആത്മീയ വൈരുദ്ധ്യപ്രമാണം മുഴച്ചുനില്ക്കുന്നു. 'നന്മ ചെയ്യാനുള്ള താൽപര്യം എനിക്കുണ്ടു് പ്രവർത്തിക്കുന്നതോ ഇല്ല. ഞാൻ ചെയ്വാൻ ഇച്ഛിക്കുന്ന നന്മ ചെയ്യുന്നില്ലല്ലോ. ഇച്ഛിക്കാത്ത തിന്മയത്രെ പ്രവർത്തിക്കുന്നതു്''. നന്മ ഇച്ഛിക്കുന്ന സ്വയവും തിന്മ പ്രവർത്തിക്കുന്ന സ്വയവും തമ്മിലുള്ള മത്സരം മനുഷ്യാളത്തത്തിൻെറ കേന്ദ്രത്തിലുണ്ടെന്നു്. മരണപ്രമാണം എന്നാണു പൗലോസു് ഇതിനു നല്കുന്ന പേരു്. അവിടെയാണു മനുഷ്യൻെറ അരിഷ്ടത. ഈ അരിഷ്ടതയിൽനിന്നുള്ള വിമോചനം യേശുക്രിസ്തുവിലുണ്ടെന്നത്രെ ക്രിസ്തീയ സുവിശേഷം. 'അയ്യോ ഞാൻ അരിഷ്ടമനുഷ്യൻ, ഈ മരണത്തിനു് അധീനമായ ശരീര

ത്തിൽനിന്നു് എന്നെ ആർ വിടുവിക്കും? നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം ഞാൻ ദൈവത്തിനു സ്തോത്രം ചെയ്യുന്നു' (റോമ.7. 18–25).

3.8 വെയിലാറിയപ്പോൾ യഹോവയായ ദൈവം തോട്ടത്തിൽ നടക്കുന്ന ഒച്ച അവർ കേട്ടു. പുരുഷനും ഭാര്യയും യഹോവയായ ദൈവം തങ്ങളെ കാണാതിരിപ്പാൻ തോട്ടത്തിലെ വൃക്ഷങ്ങളുടെ ഇടയിൽ ഒളിച്ചു.

9. യഹോവയായ ദൈവം മനുഷ്യനെ വിളിച്ചു, നീ എവിടെ എന്നു ചോദിച്ചു.

10. തോട്ടത്തിൽ നിൻെറ ഒച്ച കേട്ടിട്ടു ഞാൻ നഗ്നനാകകൊണ്ടു ഭയപ്പെട്ടു് ഒളിച്ചു എന്നു് അവൻ പറഞ്ഞു.

1. ദൈവസംസർഗവും ദൈവസ്നേഹവും നിരന്തരം ആസ്വദിച്ചുകൊണ്ടിരുന്ന മനുഷ്യൻ ദൈവത്തെ 'ഭയപ്പെട്ടു' ദൈവസന്നിധിയിൽനിന്നു് ഒളിച്ചോടുന്നു. മനുഷ്യൻ ദൈവത്തിൻെറ സൃഷ്ടികർത്തൃത്വം നിഷേധിച്ചു ദൈവത്തിന്മേൽ സ്വന്ത കർത്തൃത്വം സ്ഥാപിക്കാനാണു ദൈവകല്പന ലംഘിച്ചതു്. എന്നാൽ കർത്തൃത്വം ഇപ്പോഴും ദൈവത്തിനുതന്നെ. ഒരു വ്യത്യാസമേയുള്ളു. സ്നേഹരൂപനായ കർത്താവു്, ദൈവത്തിൽനിന്നു സ്വയം അന്യപ്പെട്ട മനുഷ്യനു വിധികർത്താവായി രൂപാന്തരപ്പെടുന്നു. സ്നേഹവും ആദരവും ഉണ്ടായിരുന്നിടത്തു 'ഭയം' സ്ഥാനം പിടിച്ചു. ദൈവത്തെ അന്വേഷിക്കുന്ന മനുഷ്യനെക്കാൾ മനുഷ്യനെ അന്വേഷിച്ചുവരുന്ന ദൈവത്തിൽനിന്നു തെററിഒഴിവാൻ ഉദ്യമിക്കുന്ന മനുഷ്യനെയാണു വേദപുസ്തകം നമ്മുടെ മുമ്പാകെ അവതരിപ്പിക്കുന്നതു്.

2. 'വൃക്ഷങ്ങളുടെ ഇടയിൽ ഒളിച്ചു.' ദൈവം ഉണ്ടാക്കിയ വൃക്ഷങ്ങളുടെ ഇടയിലാണു മനുഷ്യൻ ദൈവസന്നിധിയിൽ നിന്നൊളിക്കുന്നതു്. മനുഷ്യരുടെ ശാരീരികാവശ്യങ്ങൾ നിറവേററുന്നതിനു് ഉണ്ടാക്കപ്പെട്ട വൃക്ഷങ്ങൾ ദൈവത്തിൽനിന്നൊഴിഞ്ഞു നില്ക്കാൻ ഉദ്യമിക്കുന്ന മനുഷ്യരുടെ ആത്മീയോപകരണങ്ങളായി ഭവിക്കുന്നു, 'ഒരുവൻ ദേവദാരുക്കളെ വെട്ടുകയും തേക്കും കരിവേലവുംഎടുക്കയുംകാട്ടിലെ വൃക്ഷങ്ങളിൽഅവയെ

കണ്ടുറപ്പിക്കയും ഒരു അശോകം നട്ടുപിടിപ്പിക്കയും മഴ അതിനെ വളർത്തുകയും ചെയ്യുന്നു. പിന്നെ അതു മനുഷ്യനു തീ കത്തിപ്പാൻ ഉതകുന്നു. അവൻ അതിൽ കുറെ എടുത്തു തീ കായുകയും അതു കത്തിച്ചു് അപ്പം ചുടുകയും അതുകൊണ്ടു് ഒരു ദേവനെ ഉണ്ടാക്കി നമസ്കരിക്കയും ഒരു വിഗ്രഹം തീർത്തു് അതിൻെറ മുമ്പിൽ സാഷ്ടാംഗം വീഴുകയും ചെയ്യുന്നു' (യെശ. 44. 14—16). മനുഷ്യനോടുള്ള ദൈവസ്നേഹത്തിൻ മുദ്രമോതിരമായ പ്രപഞ്ചം മനുഷ്യൻ ദൈവത്തിൽ നിന്നു് ഒളിച്ചുകഴിയുന്നതിനു മറയായി മാറുകയാണു്. ദൈവത്തെ ഭയന്നു മനുഷ്യൻ തൻെറ അഹന്തയുടെ ചുററും കോട്ട കെട്ടുമ്പോൾ അതിനു വിനിയോഗിക്കുന്നതു ദൈവത്തിൻെറ സൃഷ്ടികളെത്തന്നെയാണു്. പ്രകൃതിവിഭവങ്ങൾപോലെതന്നെ സുകുമാരകലകൾ, തത്ത്വലോകം, സാംസ്കാരികസമ്പത്തു്, ചരിത്രശക്തികൾ ഇവയെല്ലാം ദൈവത്തിൽനിന്നു് അന്യപ്പെട്ട അഹന്തയുടെ പ്രതിരോധനായുധങ്ങളായി രൂപാന്തരപ്പെടും. അപ്പോഴാണു് അവ സ്വയം ദിവ്യത്വം അവകാശപ്പെട്ടു മനുഷ്യൻെറ ആത്മീയാഹങ്കാരം പുലർത്തുന്ന ആരാധനാവസ്തുക്കളായി മാറുന്നതു്. മനുഷ്യൻെറ ആത്മബോധത്തിനു സ്വയം പര്യാപ്തതയിൽ നില്ക്കക്കെള്ളിയില്ലാതെ വിഗ്രഹാരാധനയിൽ ആത്മരക്ഷ നേടുന്നു. പ്രപഞ്ചത്തിനു ദിവ്യത്വം കല്പിക്കപ്പെടുന്നു. മതങ്ങൾ ഉളവാകുന്നു. മനുഷ്യവീഴ്ചമൂലം പ്രപഞ്ചം മുഴുവനും അധഃപതിക്കുന്നതു് ഇപ്രകാരമത്രെ. അധികാരങ്ങളാകട്ടെ വാഴ്ചകളാകട്ടെ കർത്തൃത്വങ്ങളാകട്ടെ, സകല പ്രപഞ്ചശക്തികളും ദൈവസൃഷ്ടിതന്നെ (കൊലോ. 1. 16). അവയെല്ലാം മനുഷ്യൻെറ പാപാവസ്ഥ മറയ്ക്കാനും മറക്കാനും ഉപാധികളാകുക നിമിത്തം ദോഷശക്തികളായി ഭവിക്കുന്നു.

3. ദൈവത്തിൽനിന്നൊളിക്കാൻ മനുഷ്യൻ ചെയ്യുന്ന ഏതു ശ്രമവും നിഷ്ഫലമാണു്. ദൈവം മനുഷ്യനെ ഏതവസ്ഥയിലും പിന്തുടർന്നുകൊണ്ടിരിക്കും. ദൈവത്തിൻെറ കാലൊച്ച എത്തിച്ചേരാത്ത ഒരു

സ്ഥാനവും മനുഷ്യനില്ല, മനുഷ്യനെവിടെ മറഞ്ഞാലും 'നീ എവിടെ' എന്ന ദൈവത്തിൻെറ ചോദ്യം അവൻെറ അന്തഃകരണത്തിൽ മാറെറാലിക്കൊള്ളും. 'ദൈവത്തിൻെറ വചനം ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏതു വാളിനേക്കാളും മൂർച്ചയേറിയതും പ്രാണനെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേർവിടുവിക്കുംവരെ തുളെച്ചു ചെല്ലുന്നതും ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കുന്നതുമാകുന്നു. അവന്നു മറഞ്ഞിരിക്കുന്ന ഒരു സൃഷ്ടിയുമില്ല. സകലവും അവൻെറ കണ്ണിനു നഗ്നവും മലർന്നതുമായി കിടക്കുന്നു' (എബ്രാ. 4. 12–13). ദൈവശബ്ദത്തിനു ഉത്തരം പറയാതെ നിർവാഹമില്ലതന്നെ. അങ്ങനെയാണു മനുഷ്യൻെറ ആത്മഘടന. ഈ സത്യമാണു സങ്കീർത്തനക്കാരൻെറ ആത്മഗതത്തിൽ നാം കാണുന്നതു്. 'നിൻെറ ആത്മാവിനെ ഒളിച്ചു ഞാൻ എവിടെപോകും? തിരുസന്നിധി വിട്ടു ഞാൻ എവിടേക്കു് ഓടും. ഞാൻ സ്വർഗത്തിൽ കയറിയാൽ നീ അവിടെയുണ്ടു്: പാതാളത്തിൽ എൻെറ കിടക്ക വിരിച്ചാൽ നീ അവിടെയുണ്ടു്. ഞാൻ ഉഷസ്സിൻ ചിറകുധരിച്ചു സമുദ്രത്തിൻെറ അററത്തു ചെന്നു പാർത്താൽ അവിടെയും നിൻെറ കൈ എന്നെ നടത്തും. നിൻെറ വലംകൈ എന്നെ പിടിക്കും. ഇരുട്ടു് എന്നെ മൂടിക്കളയട്ടെ വെളിച്ചം എൻെറ ചുററും രാത്രിയായിത്തീരട്ടെ, എന്നു ഞാൻപറഞ്ഞാൽ, ഇരുട്ടുപോലും നിനക്കു മറവായിരിക്കയില്ല' (സങ്കീ. 139. 7–11).

4. യേശുക്രിസ്തുവിൽ മനുഷ്യനു ദൈവം ദാനം ചെയ്യുന്ന സൗജന്യമായ പാപക്ഷമ ഭയത്തിൽനിന്നു പുത്രത്വത്തിലേക്കു്മനുഷ്യനെ മോചിപ്പിക്കുന്നു. പിന്നെയും ഭയപ്പെടേണ്ടതിനു ദാസ്യത്തിൻെറ ആത്മാവിനെ അല്ല, നാം അബ്ബാ, പിതാവേ എന്നു വിളിക്കുന്ന പുത്രത്വത്തിൻ ആത്മാവിനെ അത്രെ പ്രാപിച്ചതു്, (റോമ. 8. 15). മക്കളെന്ന സ്ഥാനത്തു ദൈവവുമായി നിരക്കുന്നതോടുകൂടി ഇനി ദൈവസന്നിധിയിൽ നിന്നു് ഒളിച്ചോടേണ്ട ആവശ്യമില്ല. ഇനി ഭയത്തിൽ

നിന്നുളവായ മതങ്ങളും ആവശ്യമില്ല; 'സ്വഭാവത്താൽ ദൈവങ്ങളല്ലാത്ത' ശക്തികളുടെ അടിമത്തത്തിൽ നിന്നും ആരാധനയിൽനിന്നും മോചനം പ്രാപിക്കുന്നു (ഗലാ. 4. 8). അതോടൊപ്പം മനുഷ്യലോകവും പ്രപഞ്ചശക്തികളും ദേവാസുരശക്തികളുടെ ആസ്ഥാനങ്ങളായ ദിവ്യവിഗ്രഹങ്ങൾ എന്ന നിലവിട്ട കേവലം സൃഷ്ടികളെന്ന യഥാർത്ഥ സ്വഭാവം കൈക്കൊള്ളുന്നു. 'സിംഹാസനങ്ങളാകട്ടെ കർത്തൃത്വങ്ങളാകട്ടെ വാഴ്ചകളാകട്ടെ അധികാരങ്ങളാകട്ടെ സകലവും' ക്രിസ്തുവിൽ ദൈവോദ്ദേശ്യത്തിനു വിധേയമാവുന്നു. 'അവൻ ക്രൂശിൽ ചൊരിഞ്ഞ രക്തംകൊണ്ടു് അവൻ മുഖാന്തരം സമാധാനം ഉണ്ടാക്കി, ഭൂമിയിലുള്ളതോ സ്വർഗത്തിലുള്ളതോ, സകലത്തെയും അവനെക്കൊണ്ടുതന്നോടു നിരപ്പിപ്പാനും പിതാവിനു പ്രസാദം തോന്നി' (കൊലോ. 1. 16, 20).

3. 11 നീ നഗ്നനെന്നു നിന്നോട്ട് ആർ പറഞ്ഞു? തിന്നരുതെന്നു ഞാൻ നിന്നോടു കല്പിച്ച വൃക്ഷഫലം നീ തിന്നുവോ എന്നു് അവൻ ചോദിച്ചു.

12. അതിനു പുരുഷൻ: എന്നോടുകൂടെ ഇരിപ്പാൻ നീ തന്നിട്ടുള്ള സ്ത്രീ വൃക്ഷഫലം തന്നു; ഞാൻ തിന്നുകയും ചെയ്തു എന്നു പറഞ്ഞു.

13. യഹോവയായ ദൈവം സ്ത്രീയോടു: നീ ഈ ചെയ്തതെന്തു് എന്നു ചോദിച്ചതിനു്, പാമ്പു് എന്നെ വഞ്ചിച്ചു, ഞാൻ തിന്നുപോയി എന്നു സ്ത്രീ പറഞ്ഞു.

1. എപ്പോഴെങ്കിലും ദൈവത്തെ അഭിമുഖീകരിക്കാതെ മനുഷ്യജീവിതം സാദ്ധ്യമല്ല. ദൈവത്തിങ്കൽ നിന്നു ലഭ്യമായ മനുഷ്യജന്മത്തിനു ദൈവമുമ്പാകെ തന്നെ കണക്കുകൊടുക്കണം. അതു മനുഷ്യരുടെ ഈ ലോക ജീവിതത്തിൽത്തന്നെയാണുതാനും. മരണാനന്തരവും കാണുമോ എന്ന ചോദ്യം ഇവിടെ ഉന്നയിക്കപ്പെടുന്നില്ല, പ്രസക്തവുമല്ല. മനുഷ്യമനസ്സാക്ഷി 'കുററം ചുമത്തുകയോ പ്രതിവാദിക്കയോ' ചെയ്യുന്നു എന്നാണു വി. പൗലൊസ് പ്രസ്താവിക്കുന്നതു് (റോമ. 2. 15). കുററം ചുമത്തുന്ന മനസ്സാക്ഷിയാണു പുരുഷനെയും

സ്ത്രീയെയും ദൈവസന്നിധിയിൽനിന്നു് ഓടി ഒളിക്കുന്നതിനു പ്രേരിപ്പിച്ചതു്. എന്നാൽ ഈ വേദഭാഗത്തു മനുഷ്യമനസ്സാക്ഷിയുടെ പ്രതിവാദശക്തിയാണു പ്രകടമാകുന്നതു്. സ്വന്തം നില ദൈവമുമ്പാകെ നീതീകരിക്കുന്നതിനു മനുഷ്യലോകം ശ്രമിക്കുന്നു.

2. 'നീ തന്നിട്ടുള്ള സ്ത്രീ', ദൈവത്തിന്റെ കുററാരോപണത്തിനു് ഉത്തരം പറവാൻ ഉത്തരവാദി ദൈവം തന്നെ എന്നു മനുഷ്യൻ. സൃഷ്ടിയുടെ അന്ത്യ ഉത്തരവാദിത്വം ദൈവത്തിനാണു്. പ്രത്യേകിച്ചു് മനുഷ്യനെ പ്രലോഭനങ്ങൾക്കു വശംവദനാകാവുന്ന സ്വഭാവത്തിൽ ഉണ്ടാക്കിയതിന്റെ ഉത്തരവാദിത്വം തികച്ചും ദൈവത്തിനുതന്നെ. അതുകൊണ്ടു് ദൈവകല്പന ലംഘിച്ചതിനു മനുഷ്യൻ ദൈവമുമ്പാകെയല്ല, ദൈവം മനുഷ്യമുമ്പാകെ സ്വന്തം പ്രവർത്തനങ്ങളെയാണു നീതീകരിക്കാനുള്ളതു് എന്നു് ആദാം. ഈ നിലപാടു് ഒരളവിൽ യുക്തിയുക്തമാണു്. മാനവചരിത്രത്തിൽ നിരന്തരം പൊങ്ങിവരുന്ന ഒരു പ്രശ്നമാണു ദൈവസൃഷ്ടിയെ വിശേഷിച്ചും മനുഷ്യത്വസൃഷ്ടിയെ നീതികരിക്കാമോഎന്നുള്ളതു്. ദൈവം സൃഷ്ടിച്ചലോകം സൃഷ്ടിക്കാമായിരുന്നതിൽ ഏററവുംനല്ലതാണോഎന്നു്. ദൈവവും ആദാമും അന്യോന്യം. അഭിമുഖീകരിക്കുന്നഅവസരത്തിൽ അതിനും ദൈവം മറുപടിനല്കുന്നില്ല. എന്നാൽ ദൈവത്തിനു സംസർഗ്ഗത്തിൽ പ്രവേശിക്കാൻ കഴിവുള്ള മനുഷ്യാളത്വം ഉണ്ടാകണമെങ്കിൽ മനുഷ്യത്വം ഇതരസൃഷ്ടികളെപ്പോലെ തികച്ചും നിയമത്തിനു വിധേയമാക്കാൻ ഒക്കുമോ? ആത്മബോധമില്ലാത്ത കല്ലിനോ മരത്തിനോ മൃഗത്തിനോ ദൈവത്തിന്റെ പുത്രത്വം പ്രാപിക്കാൻ കഴിയുകയില്ലതന്നെ. ദൈവോദ്ദേശ്യം സാധിക്കുന്നതിനു മനുഷ്യത്വത്തിന്റെ ആത്മസ്വഭാവം അത്യന്താപേക്ഷിതമാണു്. ശരിയാണു്, അതിനു് അന്ത്യ ഉത്തരവാദി ദൈവം തന്നെ. പ്രസ്തുത ഉത്തരവാദിത്വം സ്വയം ഏറെറടുത്തുകൊണ്ടാണല്ലോ ദൈവം ക്രിസ്തുവിൽ മനുഷ്യനായി മനുഷ്യത്വത്തോടു പൂർണ താദാത്മ്യം പ്രാപിച്ചു പരീക്ഷിക്കപ്പെട്ടെങ്കിലും

പാപം കൂടാതെ (എബ്രാ. 2. 18; 4. 15) ക്രൂശുവരെ ദൈവത്തിന്ന് അനുസരണം കാട്ടി (ഫിലി. 2.8) മനുഷ്യത്വത്തെ പാപത്തിൽ നിന്നു വിമോചിപ്പിച്ചതു്. ഈ വിമോചന പ്രക്രിയയാണു്, ദൈവത്തിന്റെ ക്രൂശാണു്, തന്റെ സൃഷ്ടി പ്രവൎത്തനം മനുഷ്യമുമ്പാകെ നീതീകരിക്കുന്ന ദൈവത്തിന്റെ മറുപടി. മനുഷ്യത്വത്തിൽ പാപം സ്വാഭാവികമാണെങ്കിലും അനിവാര്യമായിരുന്നില്ലെന്നു ക്രിസ്തു തെളിയിച്ചു. ഏതായാലും സ്രഷ്ടാവിനെ പഴിചാരി, മനുഷ്യസൃഷ്ടിയുടെ സ്വാഭാവികബലഹീനത ചൊല്ലി, പാപത്തിനു സ്വന്ത ഉത്തരവാദിത്വം ഒഴിവാൻ മനുഷ്യനു സാദ്ധ്യമല്ല. ദൈവത്തെക്കുറിച്ചു് അറിയേണ്ടതു് അറിഞ്ഞുകൊണ്ടുതന്നെയാണു മനുഷ്യൻ ദൈവകല്പന ലംഘിച്ചതു്. 'അവൎക്കു പ്രതിവാദമില്ലാതിരിക്കേണ്ടതിനു തന്നെ' (റോമ. 1. 19–20).

8. 'സ്ത്രീ വൃക്ഷഫലം തന്നു, ഞാൻ തിന്നുകയും ചെയ്തു'. ദൈവമുമ്പാകെ മനുഷ്യൻ തന്നെത്താൻ നീതികരിക്കുന്നതിനു മറെറാരു മാൎഗ്ഗം, പാപപ്രവൃത്തിയുടെ ചരിത്രം പരിശോധിച്ചു് മററുള്ളവരുടെ ഉത്തരവാദിത്വം ഘനപ്പെടുത്തി സ്വന്ത ഉത്തരവാദിത്വം ലഘൂകരിക്കയാണു്. ഇതിലും യുക്തിയുണ്ടു്. ഏതു ദുഷിച്ച ചരിത്രഘട്ടവും വസ്തുനിഷ്ഠമായി പരിശോധിച്ചാൽ ചില വ്യക്തികളും സമൂഹങ്ങളും ഷ്ഠരാങ്ങളും വൎഗ്ഗങ്ങളും അക്രമത്തിനും ദുഷ്പ്രഭുത്വത്തിനും ചൂഷണത്തിനും അനീതിയ്ക്കും മററുള്ളവരെക്കാറം കൂടുതൽ ഉത്തരവാദികളാണു്. ചരിത്രവീക്ഷണത്തിൽ സാമ്രാജ്യദുഷ്പ്രഭുത്വം പുലൎത്തുന്ന ജനതയും അവരുടെ കോളനികളിലെ ജനതയും ചരിത്രത്തിലെ ദോഷശക്തികാംക്കു ഉത്തരവാദിത്വത്തിൽ തുല്യരല്ല. മുതലാളികളും തൊഴിലാളികളും തുല്യരല്ല. അക്രമികളും സമാധാനപ്രിയരും തുല്യരല്ല. അങ്ങനെയിരിക്കെ എല്ലാ വ്യക്തികളെയും സമൂഹങ്ങളെയും വൎഗ്ഗങ്ങളെയും ഒന്നടക്കം ഒരുപോലെ പാപത്തിനുത്തരവാദികളായി വിധിയെഴുതുന്നതു നീതിപൂൎവ്വമാണോ? ഈ യുക്തിവാദത്തിൽ വളരെ

സത്യങ്ങളുണ്ടെങ്കിലും 'ദൈവമുമ്പാകെ' അതു വിലപ്പോകുന്നതല്ല. ദൈവം പാപപ്രവൃത്തികളും അവയുടെ പിമ്പിൽ ദൈവത്തോടു മറുതലിച്ചിരിക്കുന്ന പാപസ്വഭാവവും ഒരുപോലെ കണ്ടാണു വിധിക്കുന്നതു്, പാപപ്രവത്തനങ്ങളുടെ സാമൂഹ്യചരിത്രം അപ്രധാനമല്ല. എന്നാൽ അവയ്ക്കു് അടിസ്ഥാനമായിരിക്കുന്ന ആത്മീയ പാപാവസ്ഥയിൽ വ്യക്തികൾ തമ്മിലോ സമൂഹങ്ങൾ തമ്മിലൊ അന്തരമുണ്ടെന്നുവിധിക്കാൻ ന്യായം കാണുന്നില്ല. ചുങ്കക്കാരനും പരീശനും തമ്മിൽ ചരിത്രരീത്യാ വിലയിരുത്തിയാൽ പരീശനാണു കൂടുതൽ സന്മാർഗ്ഗ നിലകാത്തതു്. എന്നാൽ അതു മുൻനിർത്തി ദൈവമുമ്പാകെ തന്നെത്താൻ നീതീകരിപ്പാൻ പരീശൻ തുനിയുന്നു. 'പരീശൻ തന്നോടുതന്നെ: ദൈവമേ, പിടിച്ചുപറിക്കാർ, നീതികെട്ടവർ, വ്യഭിചാരികൾ മുതലായ ശേഷം മനുഷ്യരെപ്പോലെയോ ഈ ചുങ്കക്കാരനെപ്പോലെയോ ഞാൻ അല്ലായ്കയാൽ നിന്നെ വാഴ്ത്തുന്നു' (ലൂക്കൊ. 18. 11). യേശുക്രിസ്തു പ്രസ്താവിക്കുന്നതു് അങ്ങനെ സ്വയം നീതികരിക്കുന്നതിൽ പരീശൻ ദൈവമുമ്പാകെ തന്റെ അഹങ്കാരം കൂടുതൽ വെളിപ്പെടുത്തുക മാത്രമേ ചെയ്യുന്നുള്ളു എന്നാണു്. ധാർമ്മിക ചരിത്രത്തിൽ യെഹൂദനു് യവനനെ അപേക്ഷിച്ചു പല വിശേഷതകളുണ്ടു് എന്നു സമ്മതിച്ചുകൊണ്ടുതന്നെ (റോമ. 3. 1), വി. പൗലൊസ് പറയുന്നു: ദൈവമുമ്പാകെ 'യെഹൂദന്മാരും യവനന്മാരും ഒരുപോലെ പാപത്തിൻ കീഴാകുന്നു' (റോമ. 3.9).

4. 'പാമ്പു് എന്നെ വഞ്ചിച്ചു, ഞാൻ തിന്നുപോയി'. ബാഹ്യപരിതഃസ്ഥിതികളുടെ സമ്മർദ്ദമാണു മനുഷ്യാളത്വം നിയന്ത്രിക്കുന്ന നിർണ്ണായകശക്തിയെന്നും അതുകൊണ്ടു മനുഷ്യന്റെ പാപാവസ്ഥയ്ക്കോ പാപപ്രവൃത്തികൾക്കോ ഉത്തരവാദി മനുഷ്യന്റെ ആത്മസ്വാതന്ത്ര്യമല്ല, അവന്റെ പരിസരമാണെന്നും ഇനി ഒരു വാദമുണ്ടു്. മനുഷ്യാളത്വം കരുപ്പിടി

പ്പിക്കുന്നതിൽ പരിസര സമ്മർദ്ദത്തിൻെറ സ്വാധീനശക്തി വളരെയാണെന്നു സമ്മതിക്കാത്ത ഒരു ശാസ്ത്രവും ഇന്നില്ല. എന്നാൽ അതു നിർണ്ണായകശക്തിയാണെന്നുള്ള സിദ്ധാന്തം മനുഷ്യാളത്തത്തിൽ നിക്ഷിപ്തമായിരിക്കുന്നതും മനുഷ്യൻെറ സവിശേഷതയുമായ സ്വാതന്ത്ര്യബോധം ഇല്ലാതാക്കുന്നതിനു സമമാണ്. പ്രകൃതിനിയമങ്ങൾ, സാമൂഹ്യനിയമങ്ങൾ, ചരിത്രനിയമങ്ങൾ എന്നിങ്ങനെ യാന്ത്രികവും ജൈവപരവുമായ എല്ലാ നിയമങ്ങളും മനുഷ്യനു ബാധകമാണെങ്കിലും ഈ നിയമങ്ങൾക്കതീതമായിത്തന്നെ അവയെ സ്വന്തലക്ഷ്യങ്ങൾക്ക് ഉപകരണമാക്കാനുള്ള കഴിവാണു മനുഷ്യാത്മതത്തിൻെറ പ്രത്യേക സ്വഭാവം. മനുഷ്യവ്യക്തിയും മനുഷ്യസമൂഹവും മനുഷ്യചരിത്രവും എല്ലാം നിയമവും സ്വാതന്ത്ര്യവും തമ്മിലുള്ള ബന്ധത്തിൻെറ പ്രതിഭാസങ്ങളത്രെ. പ്രകൃതിയും ആത്മാവും ഒരുമിച്ചു സമ്മേളിക്കുന്ന സ്ഥാനമാണു മനുഷ്യത്വം. അന്ത്യവിശകലനത്തിൽ മനുഷ്യലോകത്തിൻെറ ഉത്തരവാദിത്വം മനുഷ്യനാണെന്നു വ്യാഖ്യാനിക്കാതെ നിർവാഹമില്ല. മനുഷ്യൻ പരിസരസൃഷ്ടിയാണെന്ന സിദ്ധാന്തത്തെക്കാൾ എത്രയോ കൂടുതൽ മനുഷ്യസ്വാതന്ത്ര്യം ആദരിക്കുന്നതാണ്, മനുഷ്യൻ സ്വന്ത പ്രവർത്തനങ്ങൾക്ക് അന്ത്യ ഉത്തരവാദിയാണെന്ന സിദ്ധാന്തം. ഏതായാലും ദൈവത്തിൻെറ സദുദ്ദേശ്യങ്ങളുടെ പ്രേരണപോലും സ്വന്തം സ്വാതന്ത്ര്യത്തിനു തടസ്സമായി നില്ക്കരുതെന്നു ചിന്തിച്ചു ദൈവത്തെ തിരസ്ക്കരിച്ചശേഷം ആ സ്വാതന്ത്ര്യത്തിനു കഴമ്പില്ല, പരിസരമാണു നിർണ്ണായകമായതു് എന്നു ശഠിക്കുന്നതു വിരോധാഭാസമാണ്. അതിൽ പൂർവ്വാപരവൈരുദ്ധ്യമുണ്ട്. ദൈവസ്നേഹത്തിൽനിന്നു വേർപെടുത്തിയാൽ 'മനുഷ്യസ്വാതന്ത്ര്യം' ഇല്ലാതെയാകുമെന്ന് ഇതു തെളിയിക്കുന്നു.

5. ദൈവത്തേയോ മററുള്ളവരെയോ ചുററുപാടുകളെയോ പഴിചാരി ദൈവമുമ്പാകെ മനുഷ്യനു സ്വയം

നീതികരിക്കാൻ സാദ്ധ്യമല്ല. പാപത്തിനുത്തരവാദി മനുഷ്യനാണ്. പ്രസ്തുത ഉത്തരവാദിത്വം മനുഷ്യന്റെ ദുരിതങ്ങൾക്കു ഹേതുവാണെങ്കിലും അതു മനുഷ്യാളത്വത്തിന്റെ മഹത്വമത്രെ.

2. 17 തിന്നുന്ന നാളിൽ നീ മരിക്കും.

3.3 എന്നാൽ നിങ്ങൾ മരിക്കാതിരിക്കേണ്ടതിനു .... തിന്നരുതെന്നു ദൈവം കല്പിച്ചിട്ടുണ്ട് എന്നു പറഞ്ഞു.

4. പാമ്പു സ്ത്രീയോട്, നിങ്ങൾ മരിക്കയില്ല നിശ്ചയം.

19. നിലത്തുനിന്നു നിന്നെ എടുത്തിരിക്കുന്നു അതിൽ തിരികെ ചേരുവോളം മുഖത്തെ വിയർപ്പോടെ നീ ഉപജീവനം കഴിക്കും. നീ പൊടിയാകുന്നു പൊടിയിൽ തിരികെ ചേരും.

22. മനുഷ്യൻ .... എന്നേക്കും ജീവിപ്പാൻ സംഗതി വരരുതു്.

1. വിലക്കപ്പെട്ട വൃക്ഷഫലം 'തിന്നുന്ന നാളിൽ' മനുഷ്യൻ മരിക്കുമെന്നാണു ദൈവവചനം. മരിക്കയില്ലെന്നു പാമ്പിനു നിശ്ചയമത്രെ. കനി തിന്ന മനുഷ്യരോടു ദൈവം പറയുന്നു, മരണം വരെ അവരുടെ ജീവൻ ദുരിതമായിരിക്കുമെന്നും അവസാനം മരണം ഉണ്ടാകുമെന്നും. ജീവവൃക്ഷഫലം തിന്നു മരണമില്ലായ്മ പ്രാപിക്കാതിരിപ്പാൻ ദൈവം മനുഷ്യരെ പറുദീസായിൽനിന്നു പുറത്താക്കുന്നു. ഇവിടെ പാപത്തിന്റെ ന്യായവിധിയായ മരണത്തിന്റെ സ്വഭാവം വ്യക്തമല്ല. ശാരീരികമരണമാണോ? നിലത്തെ പൊടിയിൽനിന്നെടുത്ത മനുഷ്യൻ മൃഗങ്ങളെപ്പോലെ ജീവശ്വാസം ഇല്ലാതാകുമ്പോൾ തിരികെ പൊടിയിൽ ചേരുന്നതു സ്വഭാവികം മാത്രമാണ്. മനുഷ്യനെ അമർത്ത്യനായിട്ടാണ് ഉണ്ടാക്കിയതു് എന്ന ഒരു സൂചനയും സൃഷ്ടികഥയിലില്ല. പ്രത്യുത, അവൻ സൃഷ്ടിയാലേ മർത്ത്യനാണെന്ന ചിന്തയാണുള്ളതു്. പാപത്തിന്റെ ഫലമാണു മനുഷ്യന്റെ ശാരീരികമരണമെന്നു് ഒരിടത്തും പ്രസ്താവനയില്ല. എന്നാൽ മരിക്കുമെന്നുള്ള അറിവു മനുഷ്യത്വത്തിന്റെ പ്രത്യേകതയാണ്. മനുഷ്യന്റെ ആത്മബോധത്തിൽ അന്തർലീ

നമാണതു്. ദൈവസ്നേഹത്തിൽ പൂർണമായി ആശ്രയിക്കുന്നിടത്തോളം ഈ അറിവു മനുഷ്യനിൽ ആകുലചിന്തയോ ഭീതിയോ ഉളവാക്കുന്നില്ല. സങ്കീർത്തനക്കാരൻ മനുഷ്യൻെറ മർത്യത ഭയമില്ലാതെ അംഗീകരിക്കുന്നതു ദൈവത്തിൻെറ ദയയും നീതിയും ശാശ്വതമാണെന്നുള്ള വിശ്വാസത്തിൻെറ അടിസ്ഥാനത്തിലാണ്. 'നാം പൊടി എന്നവൻ ഓർക്കുന്നു. മനുഷ്യൻെറ ആയുസ്സു പുല്ലുപോലെയാകുന്നു. വയലിലെ പൂപോലെ അവൻ പൂക്കുന്നു. കാററ് അതിന്മേൽ അടിക്കുമ്പോൾ അതു ഇല്ലാതെപോകുന്നു. അതിൻെറ സ്ഥലം പിന്നെ അറിയുകയുമില്ല. യഹോവയുടെ ദയയോ എന്നും എന്നേക്കും അവൻെറ ഭക്തന്മാർക്കും അവൻെറ നീതി മക്കളുടെ മക്കൾക്കും ഉണ്ടാകും' (സങ്കീ. 103. 14–17). ദൈവസ്നേഹത്തിൻെറ അമർത്യതയിലുള്ള വിശ്വാസം മരണഭീതി കൂടാതെ സ്വന്തം ജീവിതം അഭിമുഖീകരിക്കാൻ മനുഷ്യനു പ്രാപ്തി നല്കുന്നു. എന്നാൽ ദൈവസ്നേഹത്തിൻെറ സംരക്ഷണബോധം പാപംമൂലം ഇല്ലാതാകുന്നതോടുകൂടി മരിക്കുമെന്നുള്ള അറിവു മരണഭീതിയായി മാറുന്നു എന്ന് അനുമാനിക്കാം. ദൈവത്തിൽനിന്നു് അന്യപ്പെട്ട മനുഷ്യൻെറ ആത്മബോധത്തിൽ മനുഷ്യാളത്തത്തിൻെറ അരക്ഷിതാവസ്ഥയുടെയും നാശത്തിൻെറയും പ്രതിബിംബമാണു ശാരീരികമരണം. അതുകൊണ്ടു് അവൻ അമർത്യത കൈവശമാക്കാൻ വെമ്പൽകൊള്ളുന്നതു സഹജമാണ്; മനുഷ്യൻ മരണത്തിൽനിന്നു സ്വജീവിതം സുരക്ഷിതമാക്കാൻ പ്രയത്നിച്ചുതുടങ്ങും. എന്നാൽ ഇപ്രകാരം സ്വയരക്ഷാർത്ഥം മനുഷ്യൻ കെട്ടിയുറപ്പിക്കുന്ന പ്രതിരോധക്കോട്ടകളെല്ലാം മനുഷ്യനെ കൂടുതൽ സ്വാർത്ഥതയിലേക്കു തള്ളിനീക്കും. അവൻ ദൈവത്തിൽനിന്നും മററു മനുഷ്യരിൽനിന്നും തന്നിൽനിന്നുതന്നെയും കൂടുതൽ അകലും. അതോടെ ജീവിതത്തിൻെറ അരക്ഷിതാബോധം വർദ്ധിക്കും. ഇതാണു മരണഭീതി സൃഷ്ടിക്കുന്ന ദൂഷ്യവലയം. മരണഭീതി മനുഷ്യത്വം

നശിപ്പിച്ച്, ജീവിതം അർത്ഥശൂന്യമാക്കുന്നു. അങ്ങനെ പാപംമൂലം ശാരീരിക മരണഭയവും അതിൽനിന്നു പാപത്തിൻെറ ശമ്പളമായ ആത്മീയ മരണവും സംഭവിക്കുന്നു എന്നു കാണാം.

2. മരണഭീതി, ആകുലചിന്ത ഇവയാണു മനുഷ്യത്വത്തിൻെറ ആത്മസ്വാതന്ത്ര്യം പ്രഘോഷിക്കുന്ന പ്രതിഭാസമെന്നും മരണം ഭയപ്പെടാതെ ജീവിതതീരുമാനങ്ങൾ സ്വീകരിക്കാനുള്ള ആത്മധൈര്യമാണു മനുഷ്യാളത്തത്തിനു ജീവനും തേജസ്സും പ്രദാനം ചെയ്യുന്നതെന്നും എക്സിസ്റ്റൻഷ്യലിസംപോലെയുള്ള അത്യാധുനികമതങ്ങൾ തത്ത്വചിന്തനം ചെയ്യുന്നു. പല തത്ത്വസംഹിതകളിലും ഈ ആത്മധൈര്യം അന്ത്യനിരാശയിലാണധിഷ്ഠിതമെങ്കിലും മനുഷ്യത്വം സംബന്ധിച്ച അവരുടെ അഭിപ്രായം ഉത്പ.3—ലെ വേദഭാഗത്തിനു മുകളിൽ നല്കിയ വ്യാഖ്യാനത്തോട്ട് യോജിക്കുന്നുണ്ട്.

3. യേശുക്രിസ്തുവിൻെറ പഠിപ്പിക്കലും ക്രൂശുമരണം അഭിമുഖീകരിച്ച വിധവും ഈ വ്യാഖ്യാനത്തിനു് ഉപോൽബലകമാണ്. ശാരീരിക മരണം ഭയപ്പെടാതെ ധൈര്യമായി ദൈവഹിതമനുസരിച്ച ദൈവത്തെ സാക്ഷിക്കുക: 'ദേഹിയെ കൊല്ലുവാൻ കഴിയാതെ ദേഹത്തെ കൊല്ലുന്നവരെ ഭയപ്പെടേണ്ടാ.... നിങ്ങളുടെ തലയിലെ രോമവും എണ്ണപ്പെട്ടിരിക്കുന്നു. ആകയാൽ ഭയപ്പെടേണ്ടാ' (മത്താ. 10. 28—32). 'ദൈവവിഷയമായി സമ്പന്നനാകാതെ തനിക്കുതന്നെ നിക്ഷേപിക്കുന്ന' പ്രവണത മരണം പ്രതിരോധിക്കാനുള്ള മനുഷ്യൻെറ ഉദ്യമമാണ്. എന്നാൽ അതു മരണത്തിൽനിന്ന് അന്ത്യസംരക്ഷണം തരുന്നില്ലെന്നു മാത്രമല്ല ജീവിച്ചിരിക്കുമ്പോൾതന്നെ, ആത്മജീവൻ കെടുത്തിക്കളയുകയും ചെയ്യുന്നു. 'ദൈവമോ അവനോട്ട് മൂഢാ, ഈ രാത്രിയിൽ നിൻെറ പ്രാണനെ നിന്നോടു ചോദിക്കും. പിന്നെ നീ ഒരുക്കിവെച്ചതു് ആർക്കാകും' (ലൂക്കൊ. 12: 20—21). യേശുവിൻെറ ജീവിതപ്രമാ

ണമോ: 'ആമേൻ, ആമേൻ ഞാൻ നിങ്ങളോടു പറയുന്നു....ഗോതമ്പുമണി നിലത്തുവീണു ചാകുന്നില്ല എങ്കിൽ അതു തനിയെ ഇരിക്കുന്നു, ചത്തു എങ്കിലോ വളരെ വിളവുണ്ടാകും. തൻെറ ജീവനെ സ്നേഹിക്കുന്നവൻ അതിനെ കളയും. ഇഹലോകത്തിൽ തൻെറ ജീവനെ പകയ്ക്കുന്നവൻ അതിനെ നിത്യജീവനായി സൂക്ഷിക്കും' (യോഹ. 12. 24–25). 'തൻെറ മുമ്പിൽ വച്ചിരിക്കുന്ന സന്തോഷം ഓർത്തു് അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ സഹിക്കയും ദൈവസിംഹാസനത്തിൻെറ വലത്തുഭാഗത്തു് ഇരിക്കയും ചെയ്തു' (എബ്രാ. 12. 2).

4. 'മരണത്തിൻെറ വിഷമുള്ള പാപം, പാപത്തിൻെറ ശക്തിയോ ന്യായപ്രമാണം' എന്നാണു വി. പൗലൊസ് പ്രസ്താവിക്കുന്നതു് (1 കൊരി. 15. 56). ക്രിസ്തുവിൽ പാപത്തിൽനിന്നു വിടുതൽ പ്രാപിച്ച ക്രിസ്തുവിൻെറ ഉയിർത്തെഴുന്നേല്പിൽ ശക്തമായി പ്രത്യക്ഷമായ ദൈവസ്നേഹത്തിൽ ആശ്രയിക്കുന്നവർക്കു വിഷമുള്ള നീക്കപ്പെട്ടതിനാൽ മരണം ഭീകരമല്ല; അവർ മരണം ധൈര്യമായി അഭിമുഖീകരിക്കുന്നു എന്നു മാത്രമല്ല, മരണഭയം കൂടാതെ ജീവിതപ്രയത്നങ്ങളിൽ ജാഗരൂകരാകയും ചെയ്യും. 'നമ്മുടെ കർത്താവായ യേശുക്രിസ്തു മുഖാന്തരം നമുക്കു ജയം നല്കുന്ന ദൈവത്തിനു സ്തോത്രം. ആകയാൽ എൻെറ പ്രിയ സഹോദരന്മാരേ, നിങ്ങൾ ഉറപ്പുള്ളവരും കുലുങ്ങാത്തവരും നിങ്ങളുടെ പ്രയത്നം കർത്താവിൽ വ്യർത്ഥമല്ലെന്നു് അറിഞ്ഞിരിക്കയാൽ കർത്താവിൻെറ വേലയിൽ എപ്പോഴും വർദ്ധിച്ചുവരുന്നവരും ആകുവിൻ (15. 57–58). യേശുക്രിസ്തു തൻെറ മരണത്താൽ 'ജീവപര്യന്തം മരണഭീതിയിൽ അടിമകളായിരുന്നവരെ ഒക്കെയും വിടുവിച്ചു' (എബ്രാ. 2. 15) എന്നു് എബ്രായ ലേഖനകർത്താവും സാക്ഷിക്കുന്നു. ജീവിച്ചിരിക്കുന്ന കാലത്തോളം നമ്മുടെ ലോകജീവിതം നിയന്ത്രിക്കുന്ന ശക്തി മരണഭയമൊ മരണഭീതിയിൽ

നിന്നും അതോടനുബന്ധിച്ച എല്ലാ ആകുലതകളിൽ നിന്നും വിമോചിപ്പിക്കപ്പെട്ട ദൈവാശ്രയമോ എന്നതാണ് യഥാർത്ഥ ആത്മീയപ്രശ്നം. രണ്ടാമത്തേതെങ്കിൽ ദിനമ്പ്രതി സ്വയം മറന്ന്, സ്വയം ത്യജിച്ച്, സ്നേഹസേവനമാർഗത്തിൽ ചരിച്ച 'ദിവസേന മരിക്കുന്ന' (1 കൊരി. 15. 31) തിനു നാം തയ്യാറാകും. അങ്ങനെയുള്ളവർക്കു ശാരീരിക മരണം അവർ സ്വയം വരിച്ച ദിനംതോറുമുള്ള മരണത്തിന്റെ പൂർത്തീകരണമാണ്, ജീവന്റെ പൂർത്തീകരണംതന്നെ. 'നമ്മിൽ ആരും തനിക്കായിതന്നെ ജീവിക്കുന്നില്ല. ആരും തനിക്കായിതന്നെ മരിക്കുന്നതുമില്ല. ജീവിക്കുന്നുവെങ്കിൽ നാം കർത്താവിനായി ജീവിക്കുന്നു. മരിക്കുന്നു എങ്കിൽ കർത്താവിനായി മരിക്കുന്നു. അതുകൊണ്ടു ജീവിക്കുന്നു എങ്കിലും മരിക്കുന്നു എങ്കിലും നാം കർത്താവിനുള്ളവർതന്നെ. മരിച്ചവർക്കും ജീവിച്ചിരിക്കുന്നവർക്കും കർത്താവ് ആകേണ്ടതിനല്ലോ ക്രിസ്തു മരിക്കയും ഉയിർക്കയും ചെയ്തതു്'' (റോമ. 14. 7–9).

3. 14. 'യഹോവയായ ദൈവം പാമ്പിനോടു കല്പിച്ചതു....'

15. 'ഞാൻ നിനക്കും നിന്റെ സന്തതിക്കും അവളുടെ സന്തതിക്കും തമ്മിൽ ശത്രുത്വം ഉണ്ടാക്കും. അവൻ നിന്റെ തല തകർക്കും നീ അവന്റെ കുതികാൽ തകർക്കും.'

ഈ ഭാഗത്തു പാമ്പിനു് അധർമ്മത്തിന്റെ ബാഹ്യമൂർത്തീകരണം എന്ന അർത്ഥം യാഹ്വിസ്റ്റു കൊടുത്തിരുന്നോ എന്നു സംശയമാണ്. ഉല്പത്തി കഥയിൽ മനുഷ്യനെ പാപത്തിലേക്കു വശീകരിച്ചതു പാമ്പായതിനാൽ അങ്ങനെ ഒരു വ്യാഖ്യാനം വേദപുസ്തകത്തിൽ തന്നെ പല സ്ഥലങ്ങളിലും നല്കപ്പെട്ടിട്ടുണ്ട്. 'ഭൂതലത്തെ മുഴുവൻ തെററിച്ചുകളയുന്ന പിശാചും സാത്താനും എന്ന മഹാസർപ്പമായ പഴയ പാമ്പിനെ'ക്കുറിച്ച വെളി. 12. 9; 20.2 എന്നീ ഭാഗങ്ങൾ പ്രതിപാദിക്കുന്നു. സഭാ പിതാക്കന്മാർക്കും പാമ്പു സാത്താന്റെ പ്രതിരൂപമായിരുന്നു. ഈ കാഴ്ചപ്പാടിൽ മനുഷ്യവർഗത്തിന്റെ ചരിത്രത്തിൽ തുടർന്നുകൊണ്ടിരിക്കുന്ന

ധാർമിക സമരമാണു പാമ്പിന്റെ സന്തതിയും സ്ത്രീയുടെ സന്തതിയും തമ്മിൽ നീണ്ടുനില്ക്കുന്ന ശത്രുത്വം സൂചിപ്പിക്കുന്നതു്. ദൈവത്തിൽനിന്നു മനുഷ്യൻ അന്യപ്പെട്ടതോടെ മനുഷ്യന്റെ ധാർമിക ജീവിതം വൈരുദ്ധ്യങ്ങൾക്കു വിധേയമാകുന്നു. ഇനി ധാർമികരംഗം സമരഭൂമിയാണു്. ഇതു തീരാത്ത സമരം. പാമ്പിനു മനുഷ്യന്റെ 'കുതികാൽ' മാത്രമേ തകർക്കാൻ കഴിയൂ. മനുഷ്യൻ എപ്പോഴും ഒരു പടി മുമ്പിൽ നില്ക്കത്തക്കവണ്ണം അധർമത്തിന്റെ 'തല' ചതയ്ക്കാൻ അവനു സാധിക്കുന്നു. സ്ത്രീസന്തതിയായ ക്രിസ്തുവിൽ സാത്താൻ എന്നെന്നേക്കുമായി തോല്പിക്കപ്പെട്ടുമെന്ന നേരിയ പ്രതീക്ഷ ഈ വാക്യത്തിലുള്ളതായിട്ടാണു പരമ്പരാഗതമായ വ്യാഖ്യാനം.

3. 16. 'സ്ത്രീയോടു കല്പിച്ചതു' ഞാൻ നിനക്കു കഷ്ടവും ഗർഭധാരണവും ഏററവും വർദ്ധിപ്പിക്കും. നീ വേദനയോടെ മക്കളെ പ്രസവിക്കും; നിന്റെ ആഗ്രഹം നിന്റെ ഭർത്താവിനോടാകും. അവൻ നിന്നെ ഭരിക്കും.'

1. ഒന്നാമത്തെ സൃഷ്ടിവൃത്താന്തമനുസരിച്ചു സന്താനഭാഗ്യം സൃഷ്ടിവ്യവസ്ഥയാണു് (1. 28). അതിൽ പ്രസവവേദന ഉൾപ്പെടുമെന്നുവേണം ചിന്തിപ്പാൻ. പ്രസവവേദന സ്വാഭാവികമാണു്. എന്നാൽ പ്രസവം പോലെയുള്ള എല്ലാ ശാരീരിക ദുർഘടഘട്ടങ്ങളിലും അപകടസാദ്ധ്യതകളുണ്ടു്. അതുകൊണ്ടു ദൈവത്തിൽനിന്നു് അകന്ന മനുഷ്യന്റെ മരണഭീതി മനുഷ്യജീവിതത്തിലുളവാകുന്ന എല്ലാ വേദനകളെയും ഭരിക്കും. അപ്പോൾ എല്ലാ വേദനകൾക്കും മൂർച്ച വർദ്ധിക്കുന്നതുമാണു്. ഭയവും ആകുലചിന്തയും സാധാരണയളവിൽ കൂടുതലുള്ളവർക്കു്, അതുകൊണ്ടുതന്നെ ചില ശാരീരിക വേദനകളും മാനസികരോഗങ്ങളും ഉണ്ടാകാറുണ്ടു്.

2. പുരുഷൻ 'ഭാര്യയോടു പററിച്ചേരും. അവർ ഏക ദേഹമായിത്തീരും' (2. 24). ഈ പരസ്പര ആകർഷണത്തിന്റെ മറുവശമാണു് 'നിന്റെ ആഗ്രഹം

നിൻെറ ഭർത്താവിനോടാകും' എന്ന ഭാഗം സൃഷ്ടിവ്യവസ്ഥതന്നെ. എന്നാൽ പാപാവസ്ഥയിൽ പരസ്പരകാമത്തിൻെറ ആത്മലക്ഷ്യത്തിൽ മാററമുണ്ടാകുന്നു. കാമം പ്രേമത്തിൻെറ അഥവാ ആളത്തപരമായ സഖിത്വത്തിൻെറ മുഖാന്തരം എന്നതിനു പകരം ആളത്തം കാമനിവൃത്തിക്കുവേണ്ടി ചൂഷണവസ്തുവായി തീരുന്നു. കാമം പ്രേമത്തിൽനിന്നു് അന്യപ്പെട്ടു്, സ്വയംഭോഗത്തിനുള്ള ഉപകരണമായി മാറുന്നു. ഇതു ഭാര്യാഭർതൃബന്ധം വികലമാക്കുമെന്നുമാത്രമല്ല ഇതരമോഹങ്ങൾക്കു വഴിതെളിക്കുകയും ചെയ്യും. മാനവ സമൂഹങ്ങളിൽ കാമം വിവിധങ്ങളായ അശ്ലീലരൂപങ്ങൾ കൈക്കൊള്ളുന്നതു്, ദൈവത്തെ ത്യജിച്ചു സൃഷ്ടിയെ ഭജിച്ചതിന്മേൽ ദിവ്യ ന്യായവിധിയാണെന്നു വിശുദ്ധ പൗലൊസു് വ്യക്തമാക്കുന്നു. 'അതുകൊണ്ടു ദൈവം അവരെ തങ്ങളുടെ ഹൃദയങ്ങളിലെമോഹങ്ങളിൽ സ്വന്തശരീരങ്ങളെ തമ്മിൽതമ്മിൽ അവമാനിക്കേണ്ടതിനു് അശുദ്ധിയിൽ ഏല്പിച്ചു. ദൈവത്തിൻെറ സത്യം അവർ വ്യാജമാക്കി മാററിക്കളഞ്ഞു, സൃഷ്ടിച്ചവനെക്കാൾ സൃഷ്ടിയെ ഭജിച്ചു് ആരാധിച്ചു. അവൻ എന്നേക്കും വാഴ്ത്തപ്പെട്ടവൻ, ആമേൻ. അതുകൊണ്ടു ദൈവം അവരെ അവമാനരാഗങ്ങളിൽ ഏല്പിച്ചു. അവരുടെ സ്ത്രീകൾ സ്വാഭാവിക ഭോഗത്തെ സ്വാഭാവിക വിരുദ്ധമാക്കിക്കളഞ്ഞു. അവ്വണ്ണം പുരുഷന്മാരുംസ്വാഭാവികഭോഗംവിട്ടു് അന്യോന്യം കാമം ജ്വലിച്ചു് ആണോടാൺ അവലക്ഷണമായതു പ്രവർത്തിച്ചു. ഇങ്ങനെ അവർ തങ്ങളുടെ വിഭ്രമത്തിനു യോഗ്യമായ പ്രതിഫലം തങ്ങളിൽതന്നെ പ്രാപിച്ചു' (റോമ. 1. 24–27).

3. 'അവൻ നിന്നെ ഭരിക്കും.' പാപത്തിൻെറ വേറൊരു ഫലമാണു സ്ത്രീപുരുഷ ബന്ധങ്ങളിൽ ആവിർഭവിക്കുന്ന പുരുഷമേധാവിത്വം. പുരുഷൻ സ്ത്രീയുടെ ആളത്തം ആദരിക്കാതെ സ്ത്രീയെയും സ്ത്രീത്വത്തെയും ചൂഷണം ചെയ്യാനിട നല്കുന്ന ഒരു വ്യവസ്ഥിതി കുടുംബത്തിലും സമൂഹത്തിലും ഉളവാകുന്നു. ഇതു

പാപത്തിൻെറ ശാപമാണെങ്കിൽ പാപവിമോചനത്തിൽ സ്ത്രീവിമോചനവും അടങ്ങിയിട്ടുണ്ട്. ആധുനികകാലത്തു ലോകമെങ്ങും ശക്തമായി കാണുന്ന സ്ത്രീവിമോചന പ്രസ്ഥാനങ്ങൾക്ക് ഈ വേദഭാഗം നീതീകരണം നല്കുന്നു.

4. ഉത്പ. 1 മുതൽ 3വരെയുള്ള അദ്ധ്യായങ്ങളിൽ സ്ത്രീ പുരുഷബന്ധം മനുഷ്യവർഗത്തിലെ എല്ലാ ബന്ധങ്ങളുടെയും പ്രതീകമാണ്. അതിനാൽ സ്ത്രീകളുടെ മേൽ പുരുഷൻെറ ദുഷ്പ്രഭുത്വങ്ങളെയും ചൂഷണങ്ങളെയും പ്രതിനിധാനം ചെയ്യുന്നതായി നമുക്കു വ്യാഖ്യാനിക്കാം. പ്രാചീന ഭാരതത്തിൽ ജാതിക്കെട്ടിലടങ്ങിയിരുന്ന ഉച്ചനീചത്വങ്ങൾ, യജമാനൻ അടിയാൻ സമ്പ്രദായം, ആധുനിക ഭാരതത്തിലെ മുതലാളിമേധാവിത്വം, അന്താരാഷ്ട്ര രംഗത്തു നിലവിലിരിക്കുന്ന സാമ്രാജ്യദുഷ്പ്രഭുത്വം, വർണമേധാവിത്വം ഇവയെല്ലാം കേവലം സാമൂഹ്യ ചരിത്ര നിയമങ്ങളുടെ പ്രവർത്തനഫലങ്ങൾ മാത്രമല്ല, ദൈവത്തിൽനിന്ന് അന്യപ്പെട്ടുപോയ സമൂഹങ്ങളുടെ വികലാത്മബോധത്തിൻെറ പ്രതിബിംബവും കൂടിയാണ്. അവയുടെ യാഥാത്ഥ്യം ഗ്രഹിക്കുന്നതിനു സാമൂഹ്യപഠനം പോരാ, ദൈവശാസ്ത്രപഠനവും ആവശ്യമാണ്. മാനവസമുദായത്തിൽ നടമാടുന്ന സാമൂഹ്യദോഷങ്ങളെ വസ്തുനിഷ്ഠമായും ആത്മനിഷ്ഠമായും സമീപിക്കുമ്പോൾ മാത്രമേ അവയ്ക്കെതിരായ സമരം വിജയിക്കു.

3. 17 മനുഷ്യനോടു കല്പിച്ചതോ;........ നിൻെറ നിമിത്തം ഭൂമി ശപിക്കപ്പെട്ടിരിക്കുന്നു. നിൻെറ ആയുഷ്കാലമൊക്കെയും നീ കഷ്ടതയോടെ അതിൽനിന്ന് അഹോവൃത്തി കഴിക്കും.

18. മുള്ളും പറക്കാരയും നിനക്ക് അതിൽനിന്നു മുളയ്ക്കും....

19. മുഖത്തെ വിയർപ്പോടെ നീ ഉപജീവനം കഴിക്കും.

1. തോട്ടത്തിൽ വേല ചെയ്വാനും തോട്ടം കാത്തുസൂക്ഷിപ്പാനുമായി ദൈവം മനുഷ്യനെ നിയോഗിച്ചതിനാൽ സൃഷ്ടിവ്യവസ്ഥിതിയിൽ അദ്ധ്വാനം മനുഷ്യധർമ്മമാണ്. മനുഷ്യൻ ഭൂമിയിൽ വേല

ചെയ്ത ഫലം എടുത്തു് അഹോവൃത്തി കഴിക്കണമെന്നു ദൈവം ഉദ്ദേശിക്കുന്നു. മനുഷ്യാളത്തത്തിൻെറ അവിഭാജ്യഘടകമാണു് അദ്ധ്വാനശക്തി. അതിൽകൂടിയാണു മനുഷ്യൻ പ്രകൃതി രൂപാന്തരപ്പെടുത്തി വികസിപ്പിക്കുന്നതു്. അതുമുഖാന്തരമാണു മനുഷ്യൻ മററു മനുഷ്യരുമായി ബന്ധപ്പെട്ടു സാമൂഹ്യഘടനകഠം ഉണ്ടാക്കുന്നതു്. അർത്ഥനിർഭരമായ അദ്ധ്വാനം മനുഷ്യാളത്തത്തിലന്തർലീനമായ സൃഷ്ടിശക്തികഠം പ്രകാശിപ്പിക്കുന്നു. പാപം മനുഷ്യാദ്ധ്വാനശക്തിയെ മനുഷ്യാളത്തത്തിൽനിന്നു് അന്യപ്പെടുത്തി ആളത്തവളർച്ചയ്ക്കു വിപരീതമായ ചൂഷണങ്ങഠംക്കു വിധേയമാക്കുന്നു. സമൂഹത്തിൽ ഉത്പാദനോപാധികളുടെ ഉടമസ്ഥർ തൊഴിലാളികളെ അടിമകളാക്കിവച്ചോ, അവരുടെ അദ്ധ്വാനശക്തി വിലപേശി വാങ്ങിയോ, അവരുടെ അദ്ധ്വാനഫലം സ്വന്തമാക്കി തൊഴിലാളികളെ ദാരിദ്ര്യത്തിൽ താഴ്ത്തി സ്വയം ധനികരായിത്തീരുന്ന വർഗ്ഗസമരമാണു് സാമൂഹ്യചരിത്രമെന്നു മാർക്സ് പ്രസ്താവിക്കുമ്പോഠം, പ്രസ്തുത ചരിത്രത്തിനു പിമ്പിൽ ദൈവത്തിൽനിന്നു സ്വാതന്ത്ര്യം പ്രഖ്യാപിച്ച മനുഷ്യത്വത്തിൻെറ ആത്മവൈരുദ്ധ്യംകൂടി നാം ദർശിക്കണം. ഉപജീവനത്തിനുവേണ്ടി മനുഷ്യൻ സ്വന്തം മനസ്സാക്ഷിക്കു വിരോധമായി മനുഷ്യസമൂഹത്തിനു ഹാനികരമായ സമരായുധങ്ങളോ ധനികരുടെ രോഗനിവൃത്തിക്കു മാത്രമുതകുന്ന വിഭവങ്ങളോ നിമ്മിക്കാൻ നിർബ്ബന്ധിക്കപ്പെടുമ്പോഠം അദ്ധ്വാനവും മനുഷ്യത്വവും തമ്മിലുളവായിരിക്കുന്ന ഭിന്നത പ്രകടമാക്കുകയത്രെ. നിരർത്ഥകമായ അദ്ധ്വാനം, കഠിനാദ്ധ്വാനം ചെയ്തിട്ടും അഹോവൃത്തിക്കു വകയില്ലാത്ത അവസ്ഥ, ആളത്തത്തിൻെറ സൃഷ്ടിവൈഭവം പ്രകാശിപ്പിപ്പാൻ നിർവ്വാഹമില്ലാത്ത വിഭവങ്ങഠം ഉത്പാദിപ്പിക്കുന്ന ജോലി ഇവയെല്ലാം ആത്മജീവൻ കെടുത്തുന്നു. പാപാവസ്ഥയിൽ അടിസ്ഥാനപ്പെട്ടു്, മനുഷ്യത്വത്തോടു് ആദരവില്ലാത്ത സാമ്പത്തിക ഘടനയുടെ ഫലങ്ങളാണവയെല്ലാം.

2. ഏതു സമൂഹത്തിലും ദാരിദ്ര്യം പാപശാപമാണ്. ദരിദ്രർ പാപികളും ധനികർ ദൈവാനുഗ്രഹമുള്ളവരുമെന്നല്ല ഇതിനൎത്ഥം. അനേകമാളുകളെ ദാരിദ്ര്യത്തിലാഴ്ത്തി ചുരുക്കംചിലരുടെ ലാഭേച്ഛ മുൻനിൎത്തി അനീതിപരമായി സംഘടിക്കപ്പെട്ടിരിക്കുന്ന സമൂഹം ശപിക്കപ്പെട്ടതായി കാണണം. അതു പുലർത്തിക്കൊണ്ടുപോകുന്ന അധികാരവർഗത്തോടാണ്, 'നീതിമാനെ ക്ലേശിപ്പിച്ചു കൈക്കൂലി വാങ്ങുകയും ഗോപുരത്തിൽ ദരിദ്രരുടെ ന്യായം മറിച്ചുകളകയും ചെയ്യുന്നവരേ, നിങ്ങളുടെ അതിക്രമങ്ങൾ അനവധിയും നിങ്ങളുടെ പാപങ്ങൾ കഠിനവും എന്നു ഞാനറിയുന്നു' (ആമോ. 5. 12) എന്ന് ആമോസ് പ്രവചിക്കുന്നതു്. ശാസ്ത്രസങ്കേതങ്ങൾ ഉപയോഗിച്ച് ഉത്പാദനം വർദ്ധിപ്പിക്കാവുന്നതും വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നതുമായ ആധുനികസമൂഹത്തിൽ 'ധനസമൃദ്ധിയുടെ മദ്ധ്യത്തിൽ കഠിനദാരിദ്ര്യ'വും സമൂഹത്തിൻെറ അനീതിയും സാഹോദര്യമില്ലായ്മയും പ്രകടമാകുന്നു. സാഹോദര്യം ഉണ്ടെങ്കിൽ ഉപജീവനമാൎഗ്ഗം സംബന്ധിച്ച് ആർക്കും ആകുലചിന്ത കൂടാതെ കഴിയാൻ സാദ്ധ്യതയുണ്ടു് ഇന്നു്. എന്നാൽ അതിനായി ഉള്ളവർ അവരുടെ സ്ഥാപിതതാത്പര്യങ്ങൾ വച്ചുപുലർത്തുന്നതിൽ അവരുടെ ജീവിതസുരക്ഷിതത്വം കാണുന്നതാണു തടസ്സം. ദരിദ്രരോടും ധനികരോടും യേശുക്രിസ്തു പ്രസ്താവിക്കുന്നതു്: 'നാം എന്തു തിന്നും, എന്തു് ഉടുക്കും എന്നിങ്ങനെ നിങ്ങൾ വിചാരപ്പെടരുതു്.... മുമ്പെ അവൻെറ രാജ്യവും നീതിയും അന്വേഷിപ്പിൻ, അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും' (മത്താ. 6. 31, 32). ദൈവാശ്രയത്തിൽ ദൈവരാജ്യത്തിൻെറ നീതിയായ സാഹോദര്യം സമൂഹത്തിൽ പ്രകടമാകുമ്പോൾ ആർക്കും 'നാളെയ്ക്കായി വിചാരപ്പെടേണ്ട' (6.34) ആവശ്യമില്ലാതാകും.

2. 23. 'അപ്പോൾ പുരുഷൻ.... ഇവളെ നരനിൽനിന്നെടുത്തിരിക്കയാൽ ഇവൾക്കു നാരി എന്നു പേരാകും എന്നുപറഞ്ഞു.

3. 20. 'പുരുഷൻ തൻെറ ഭാര്യക്കു ഹവ്വാ എന്നു പേരിട്ടു. അവൾ ജീവനുള്ളവർക്കെല്ലാം മാതാവല്ലോ.

1. പേരു സൂചിപ്പിക്കുന്നതു പ്രപഞ്ചത്തിൽ ഒരു വർഗ്ഗത്തിനോ വ്യക്തിക്കോ ലഭിച്ചിരിക്കുന്ന സ്ഥാനവും സ്വധർമവുമാണ്. പുരുഷൻസ്ത്രീക്കുപേരിട്ടുമ്പോഴം സ്ത്രീയോടു പുരുഷൻെറ ബന്ധവും പുരുഷൻ തനിക്കുതന്നെ പേരിട്ട് അവൻെറ സ്വധർമവും സ്പഷ്ടമാക്കുന്നു. നാരി—നരൻ എന്ന നാമങ്ങൾ സ്ത്രീപുരുഷന്മാർക്കു സഹധർമത്തിലുള്ള ഐക്യം പ്രകാശിപ്പിക്കുന്നു. സഹകാരികൾ എന്ന സൃഷ്ടിവ്യവസ്ഥിതിയിലെ സ്ത്രീപുരുഷ സ്വഭാവത്തെ പാപം ഉലച്ചുവെങ്കിലും മനുഷ്യവർഗ്ഗത്തിൻെറ മാതൃധർമ്മം സ്ത്രീകൾ നിലനില്ക്കുന്നു. അതൊടൊപ്പം പുരുഷൻെറ പിതൃധർമവും. 'മാതാവു്',—'അമ്മ' എന്ന സകല മനുഷ്യജാതിക്കും പ്രിയംകരമായ വാക്കു് ആദ്യമായിട്ടാണു് വേദപുസ്തകം ഇവിടെ ഉപയോഗിക്കുന്നതു്.

2. 'അവൾ ജീവനുള്ളവർക്കെല്ലാം മാതാവല്ലോ' എന്ന പ്രസ്താവനയിൽ മനുഷ്യവർഗത്തിൻെറ മരണഭീതിക്കു് ഒരു മറുപടി ഉള്ളടക്കം ചെയ്തിരിക്കുന്നു. മനുഷ്യവ്യക്തികൾ മരിക്കുമെങ്കിലും മനുഷ്യജാതിയുടെ ചരിത്രത്തിൽ അവരുടെ ജീവാംശം മൃതമാകാതെ തുടർന്നു ജീവിക്കുന്നതിനു ചെയ്തിരിക്കുന്ന വ്യവസ്ഥ അവർക്കു ആശ്വാസം നല്കുന്നു. മനുഷ്യരുടെ പാപാവസ്ഥയിൽ അവർ മരണഭീതിയിൽ തികച്ചും നൈരാശ്യത്തിനു വശംവദരാകാതെ മനുഷ്യവർഗ്ഗത്തിൻെറ ഭാവിക്കുവേണ്ടി പ്രവർത്തിക്കുന്നതിൽ അവരുടെ ജീവിതലക്ഷ്യം ദർശിക്കത്തക്കവണ്ണം പ്രത്യാശയുടെ വചനങ്ങളാണിതു്. മനുഷ്യൻ ദൈവത്തെ വെല്ലുവിളിക്കുകയാണോ, അതോ പാപാവസ്ഥയിലും ദൈവം മനുഷ്യനു പ്രത്യാശ നല്കുകയാണോ, ഈ ഭാഗത്തു് എന്നു നിശ്ചയിക്ക വയ്യാ.

**6. 21 'യഹോവയായ ദൈവം ആദാമിനും അവൻെറ ഭാര്യയ്ക്കും തോൽകൊണ്ടു് ഉടുപ്പുണ്ടാക്കി അവരെ ഉടുപ്പിച്ചു.'**

ദൈവത്തിൽനിന്നു് അന്യപ്പെട്ടു ന്യായവിധിക്കു വിധേയമായ മനുഷ്യവർഗത്തെ കൈവെടിയാതെ ദൈവം തുടർന്നു പരിപാലിക്കുന്നു. സ്വന്തം നഗ്നതയെ

ക്കറിച്ചു ലജ്ജിച്ചു്, മനുഷ്യർ തന്നെത്താൻ മറയ്ക്കാൻ അത്തിയില തുന്നി അരയാട ഉണ്ടാക്കി. ഇവിടെ ദൈവം തന്നെ തോൽകൊണ്ടു് ഉടുപ്പുണ്ടാക്കി അവരെ ധരിപ്പിക്കുന്നു. പാപം അന്തരംഗത്തിലുളവാക്കുന്ന വൈരുദ്ധ്യംമൂലം മനുഷ്യൻ ആത്മഹത്യ ചെയ്യാതിരിപ്പാൻ ദൈവംതന്നെ മുൻകൈയെടുത്തു പ്രവർത്തിക്കുകയാണു്. പാപംമൂലം ഉളവാകുന്ന പരസ്പരചൂഷണവും സമരവും മനുഷ്യലോകം നശിപ്പിക്കാതെ സംരക്ഷിപ്പാൻ ദൈവം വ്യവസ്ഥചെയ്യുന്നുവെന്ന തത്ത്വം ക്രൈസ്തവസഭ പരമ്പരാഗതമായി അംഗീകരിച്ചിട്ടുള്ളതാണു. ധാർമികനിയമങ്ങൾ, പരമ്പരാഗതമായസാമൂഹ്യമര്യാദകൾ, അധികാരഘടനകൾ, ഭരണനിയമങ്ങൾ തുടങ്ങിയ വ്യവസ്ഥകൾ മനുഷ്യന്റെ സംഹാരശക്തികൾ തടഞ്ഞുനിർത്തുന്നതിനു ദൈവം മനുഷ്യവർഗ്ഗത്തിനു നല്കിയിരിക്കുന്ന ഉപാധികളാണു്. അവയെല്ലാം തന്നെ സംഹാരശക്തികൾക്കു വിധേയമായി മനുഷ്യത്വം നശിപ്പിപ്പാൻ സാദ്ധ്യതയുണ്ടെങ്കിലും സ്നേഹം ആന്തരികമായി ഇല്ലാത്തിടത്തു് അവ അക്രമാസക്തികൾ സീമാതീതമായി വർദ്ധിക്കാതെ ഒരളവിൽ മനുഷ്യത്വം സംരക്ഷിക്കുന്നു; ദൈവത്തിന്റെ രക്ഷാകർമ്മങ്ങൾക്കു കളം ഒരുക്കുന്നു.

3. 23. യഹോവയായ ദൈവം അവരെ ഏദെൻ തോട്ടത്തിൽ നിന്നു പുറത്താക്കി.

24 ഇങ്ങനെ അവൻ മനുഷ്യനെ ഇറക്കിക്കളഞ്ഞു. ജീവന്റെ വൃക്ഷത്തിങ്കലേക്കുള്ള വഴി കാപ്പാൻ അവൻ ഏദെൻ തോട്ടത്തിനു കിഴക്കു കെരൂബുകളെ തിരിഞ്ഞു കൊണ്ടിരിക്കുന്ന വാളിന്റെ ജ്വാലയുമായി നിർത്തി.

1. മനുഷ്യന്റെ ആത്മചരിത്രം ദുരന്തപര്യവസായിയായ ഒരു നാടകമാണു്. നാടകത്തിന്റെ മറ വീഴുമ്പോൾ തിരിഞ്ഞു നോക്കാൻപോലും സാദ്ധ്യമല്ലാത്ത രീതിയിൽ മനുഷ്യൻ ഏദെൻതോട്ടത്തിൽനിന്നു പുറത്താക്കപ്പെട്ടുകയാണു്. ഇവിടെയത്രെ മനുഷ്യരുടേയും സമൂഹങ്ങളുടെയും നാഗരികതകളുടെയും അടിസ്ഥാനസ്വഭാവം സ്പഷ്ടമാകുന്നതു്. ദൈവകൃപ നിഷേധിച്ചു

സ്വാതന്ത്ര്യത്തിലെ നന്മതിന്മകളും വൈരുദ്ധ്യങ്ങളും ആഴത്തിലനുഭവിച്ചറിഞ്ഞു ദൈവത്തിൻെറ സ്ഥാനം കരസ്ഥമാക്കാൻ ഇറങ്ങിതിരിച്ച മനുഷ്യാളത്തം ആത്മസാക്ഷാത്കാരം പ്രാപിപ്പാൻ നിർവ്വാഹമില്ലാത്ത അവസ്ഥയിൽ നിപതിച്ചിരിക്കയാണു്.

8. മനുഷ്യജീവിതത്തിനു് ആധാരം ഇപ്പോഴും ദൈവവചനംതന്നെ. എന്നാൽ പാപാവസ്ഥയിൽ അതു ആശ്വാസത്തിൻെറ വചനമല്ല, ന്യായവിധിയുടെ 'തിരിഞ്ഞുകൊണ്ടിരിക്കുന്ന വാളിൻെറ ജ്വാല' യാണു്. ദൈവസ്നേഹം ദൈവകോപമായി മനുഷ്യൻ അഭിമുഖീകരിക്കുന്നു. 'നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നിയല്ലോ' (എബ്രാ. 12. 29). ദിവ്യദാനമായി മനുഷ്യനു ലഭിച്ചുകൊണ്ടിരുന്ന ജീവവൃക്ഷഫലം നിഷേധിച്ചു് അതു സ്വയം ആക്രമിച്ചു കൈവശമാക്കി അനുഭവിപ്പാൻ സാഹസപ്പെടുന്ന മനുഷ്യൻെറ സ്വയം നിർണയബോധം ജീവൻെറ ഉറവയിൽനിന്നു് അവനെ എന്നെന്നേക്കുമായി അകററുന്നു. എന്നാൽ അതു കൊണ്ടു ജീവൻ പ്രാപിക്കണമെന്ന ആശ നശിക്കുകയല്ല, ശതഗുണീഭവിക്കയാണു്. ഇതുനിമിത്തം മനുഷ്യൻെറ ആത്മീയ പോരാട്ടങ്ങളും ബാഹ്യമത്സരങ്ങളും വർദ്ധിക്കയും ചെയ്യും. ഇതത്രെ ഭൂമിയിലെ നരകാനുഭവം. ബന്ധനമില്ലാത്ത ദൈവവചനമാണു മനുഷ്യൻെറ നിർണായകവാദത്തിനു് അടിസ്ഥാനമായിരുന്നതു്. ദൈവവചനത്തിൽനിന്നു വേർപെട്ടു സ്വയം നിർണയാവകാശം മനുഷ്യനു ബന്ധനമായി ഭവിക്കുന്നു. ഈ നിലപോലും മനുഷ്യൻെറ ആത്മമാഹാത്മ്യം ശ്ലാഘിക്കുകയാണു ചെയ്യുന്നതു്.

3. സോർ രാജാവിനെക്കുറിച്ചു യെഹസ്ക്കിയേലിൻെറ വിലാപവിഷയം 'ദൈവത്തിൻെറ തോട്ടമായ ഏദെനിൽ' നിന്നു ജ്ഞാനവും സൗന്ദര്യവും നിഷ്കളങ്കതയും ജീവിതത്തിൽ ഒരിക്കൽ പ്രകടമാക്കിയ രാജാവു തള്ളപ്പെട്ടതാണു്. കാരണം, രാജാവു ഗർവ്വിനു വശംവദനായി; നിൻെറ സൗന്ദര്യംനിമിത്തം നിൻെറ ഹൃദയം ഗർവ്വിച്ചു നിൻെറ പ്രഭ നിമിത്തം

നിൻെറ ജ്ഞാനത്തെ വഷളാക്കി. ഞാൻ നിന്നെ നിലത്തുതള്ളിയിട്ടു' (യെഹ. 28. 17). ഇതു മനുഷ്യൻെറ തുടൎന്നുകൊണ്ടിരിക്കുന്ന ചരിത്രം; എല്ലാ കാലങ്ങളും എല്ലാ രാഷ്ട്രങ്ങളും എല്ലാ വ്യക്തികളും സ്പഷ്ടമാക്കുന്ന മനുഷ്യൻെറ ആത്മകഥ. പോഞ്ഞിക്കര റാഫിയും സെബിനാ റാഫിയും കൂടിച്ചേൎന്നു രചിച്ച 'കലിയുഗം' എന്ന ഗ്രന്ഥം ആധുനിക മനുഷ്യൻെറ ആത്മചരിത്രമാണു്. പ്രസ്തുത ഗ്രന്ഥത്തിൻെറ ആദ്യ അദ്ധ്യായത്തിനു പറുദീസാ നഷ്ടപ്പെട്ട ആദാം ഹവ്വാമാർ എന്ന തലവാചകമാണു നൽകിയിരിക്കുന്നതു്. 'പറുദീസാ നഷ്ടപ്പെട്ട ആദാം ഹവ്വാമാരെപ്പോലെ അവർ അലഞ്ഞുനടന്നു' എന്ന വാചകം ആധുനികമനുഷ്യരെ ചിത്രീകരിക്കുന്നതിനു് എത്രയോ പ്രാവശ്യമാണു ഗ്രന്ഥകർത്താക്കൾ ഉപയോഗിച്ചിരിക്കുന്നതു്. കൃതയുഗമെന്ന 'കാലവും' പറുദീസാ എന്ന 'സ്ഥലവും' നഷ്ടപ്പെട്ട മനുഷ്യർ നിരന്തരം അലയുന്നു എന്നാണു് അവർ സമർത്ഥിക്കുന്നതു്. സ്ഥലകാലങ്ങളുടെ ഭാഷയിലാണെങ്കിലും വിഷയം മനുഷ്യസ്വഭാവമത്രെ.

# 3

# സംഘടിത സമൂഹങ്ങളുടെ സ്വഭാവം

കയീൻ ഹാബേൽ കഥയും കയീൻ വംശപാരമ്പര്യങ്ങളും ഉത്പത്തി രണ്ടും മൂന്നും അദ്ധ്യായങ്ങളെപ്പോലെ യാഹ്വിസ്റ്റ് എഴുത്തുകാരൻ പല സമൂഹങ്ങളിൽ പ്രചരിച്ചുകൊണ്ടിരുന്ന കഥകൾ കൂട്ടിയിണക്കിയതാണ്. ദൈവത്തെ 'യഹോവ' എന്ന നാമത്തിൽ ആരാധിച്ചു പോന്ന കേന്യ (ന്യായ. 4. 11, 17) രുമായി യിസ്രായേൽ ജനതയ്ക്കു ബന്ധമുണ്ടായിരുന്നു. ഈ കഥയിലെ ചില ഘടകങ്ങൾ അവരുടെ ഇടയിലെ പാരമ്പര്യങ്ങളായിരുന്നിരിക്കണം. ഏതായാലും ആദാം ഹവ്വായുടെ ലോകത്തിൽനിന്നു വ്യത്യസ്തമായി കയീന്റെ ലോകം ജനനിബിഡമാണ്. സംഘടിതസമൂഹങ്ങളുടെ ലോകമാണ്. ഹാബേലിനെ കൊന്നതിനു പകരം വീട്ടാൻ കടപ്പെട്ടവർ തന്നെ കൊല്ലുമെന്ന കയീന്റെ ഭയവും കയീൻ നോദ് ദേശത്തുനിന്ന് ഒരു ഭാര്യയെ വിവാഹം ചെയ്യുന്നതും ഇതു തെളിയിക്കുന്നു. ഈ കഥകൾ ഉണ്ടായതും പ്രചരിച്ചതും ഏതു ലക്ഷ്യങ്ങൾ മുൻനിർത്തിയായിരുന്നാലും യിസ്രായേലിലെ ദൈവശാസ്ത്രജ്ഞന്റെ കൈകളിൽ അവ മനുഷ്യൻ സൃഷ്ടിക്കുന്ന സംഘടിത സാമൂഹ്യജീവിതത്തിന്റെ ആത്മീയസ്വഭാവം വ്യക്തമാക്കുന്നതിന് ഉപകരണമാണ്.

**4.2. ഹാബേൽ ആട്ടിടയനും കയീൻ കൃഷിക്കാരനും ആയിത്തീർന്നു.**

**3. കുറെക്കാലം കഴിഞ്ഞിട്ടു കയീൻ നിലത്തെ അനുഭവത്തിൽനിന്നു യഹോവയ്ക്കു് ഒരു വഴിപാടു കൊണ്ടുവന്നു.**

**4. ഹാബേലും ആട്ടിൻകൂട്ടത്തിലെ കടിഞ്ഞൂലുകളിൽ, അവയുടെ മേദസ്സിൽനിന്നുതന്നെ, ഒരു വഴിപാടു കൊണ്ടുവന്നു. യഹോവ ഹാബേലിലും അവന്റെ വഴിപാടിലും പ്രസാദിച്ചു.**

5. കയീനിലും അവൻെറ വഴിപാടിലും പ്രസാദിച്ചില്ല. കയീനു് ഏററവും കോപമുണ്ടായി.

6. അവൻെറ മുഖം വാടി, എന്നാറെ യഹോവ കയീനോടു, നീ കോപിക്കുന്നതെന്തിനു് ?

7. നിൻെറ മുഖം വാടുന്നതും എന്തു് ? നീ നന്മ ചെയ്യുന്നില്ലെങ്കിലോ പാപം വാതില്ക്കൽ കിടക്കുന്നു, അതിൻെറ ആഗ്രഹം നിങ്കലേക്കാകുന്നു. നീയോ അതിനെ കീഴടക്കേണം.

ആട്ടിടയസമൂഹവും ഭൂകർഷക സമൂഹവുമാണു പ്രതിപാദനവിഷയം. കയീനും ഹാബേലും ഏകോദര സഹോദരങ്ങളാം എങ്കിലും അവരുടെ അദ്ധ്വാന രീതിയിലുളവായ അന്തരം അവരെ വ്യത്യസ്ത സമൂഹങ്ങളുടെ ഘടകങ്ങളാക്കി മാററുന്നു. മനുഷ്യൻ സാമൂഹ്യ ജീവിയാണെന്നും, സമൂഹങ്ങളുടെ സ്വഭാവം തീരുമാനിക്കുന്നതു മനുഷ്യൻെറ അദ്ധ്വാനഘടനയാണെന്നും ഈ ഭാഗം അംഗീകരിക്കുന്നു. മനുഷ്യവ്യക്തികളെ പ്രകൃതിയോടും പരസ്പരവും ഇണക്കി സമൂഹത്തിനു രൂപം കൊടുക്കുന്ന ഉപാധിയാണു് അദ്ധ്വാനം. എന്നാൽ ഈ വേദഭാഗത്തു പ്രകടമാകുന്ന ആത്മീയ സത്യങ്ങളാം പ്രധാനമായി രണ്ടാണു്.

ഒന്നു്, സമൂഹവും മതവും തമ്മിലുള്ള അഭേദ്യ ബന്ധം. ആട്ടിടയസമൂഹത്തിനും ഭൂകർഷക സമൂഹത്തിനും സ്ഥാപിത മതാനുഷ്ഠാനങ്ങളുണ്ടു്. ഇന്നേവരെ മതാനുഷ്ഠാനങ്ങളില്ലാത്ത ഒരു സമൂഹവും ചരിത്രത്തിൽ കണ്ടിട്ടില്ല തന്നെ. ഏതു സാമൂഹ്യവ്യവസ്ഥിതിയുടെയും കെട്ടുറപ്പിനും വ്യവസ്ഥാമൂല്യങ്ങളുടെ സ്ഥിരതയ്ക്കും മതം പ്രകടമാക്കുന്ന ആത്മീയതയുടെ പിന്തുണ ആവശ്യമുള്ളതുപോലെ തോന്നുന്നു. ഒരുവശത്തു്, ആകമാന സമൂഹഘടന പ്രകാശിപ്പാൻ ഉദ്ദേശിച്ചിരിക്കുന്ന അർത്ഥലക്ഷ്യങ്ങളുടെ പ്രഖ്യാപനമാണു മതം. മറുവശത്തു പ്രസ്തുത അർത്ഥലക്ഷ്യങ്ങളും സാമൂഹ്യഘടനയും തമ്മിൽ നിലനില്ക്കുന്ന വൈരുദ്ധ്യം സാമൂഹ്യബോധത്തെ അലട്ടാതെ സംരക്ഷിക്കുന്ന മറയാണു മതകർമ്മങ്ങളാം. സാമൂഹ്യഘടനയും മതവും തമ്മിലുള്ള ബന്ധ

ത്തിൽ ഈ രണ്ടു വശങ്ങളും ഒരുമിച്ചുകാണുമ്പോഠം മാത്രമേ സാമൂഹ്യവ്യവസ്ഥിതിയെയൊ മതത്തെയൊ യഥാത്ഥത്തിൽ ഗ്രഹിക്കാൻ സാദ്ധ്യമാകൂ.

രണ്ടു്, മനുഷ്യൻെറ പാപാവസ്ഥയിൽ ഉളവാകുന്ന മതബോധവും മതാനുഷ്ഠാനങ്ങളും തികച്ചും നന്മയോ തികച്ചും തിന്മയോ അല്ല. മനുഷ്യൻെറ ദൈവവാഞ്ചയും ദൈവവിരോധവും പ്രകാശിപ്പിക്കുന്ന രംഗമാണു മതം. മതത്തിൻെറ നേരെ ദൈവപ്രസാദവും ദൈവകോപവും വെളിപ്പെടുത്തുന്ന രംഗമാണു മതം. ദൈവത്തെ തിരസ്കരിച്ച മനുഷ്യസമൂഹം സ്വാശ്രയം പ്രകാശിപ്പിക്കുന്നതു് സ്വന്തസ്വരൂപത്തിൽ ദൈവങ്ങളെ സൃഷ്ടിച്ചാണു്. ഈ നിലയിൽ, പാപമാണു മതത്തിൻെറ ഉത്ഭവസ്ഥാനം. ദൈവവചനം സമൂഹത്തിന്മേൽ സമ്മർദ്ദം ചെലുത്തുന്നതിൻെറ ഫലമാണു മനുഷ്യനതീതമായി നില്ക്കുന്ന ദൈവിക യാഥാത്ഥ്യത്തിനു് ഏതെങ്കിലും രൂപത്തിൽ അംഗീകാരം കൊടുപ്പാൻ മനുഷ്യസമൂഹം നിർബ്ബന്ധിതമായിത്തീരുന്നതു്. ഇവിടെ വിധികർത്താവായ ദൈവമാണു മതത്തിൻെറ ഉത്ഭവസ്ഥാനം. ഏതായാലും ദൈവത്തോടു നിരപ്പു പൂർണ്ണമാകുന്ന ദൈവരാജ്യത്തിൽ ദേവാലയമില്ലതന്നെ. 'മന്ദിരം അതിൽ കണ്ടില്ല; സർവ്വശക്തിയുള്ള ദൈവമായ കർത്താവും കുഞ്ഞാടും അതിൻെറ മന്ദിരമാകുന്നു' (വെളി. 21.22). എന്നാൽ പാപം ഉള്ളിടത്തോളം മനുഷ്യനു ദൈവത്തെ പൂർണമായി വിസ്മരിക്കുവാനോ പൂർണമായി സ്വീകരിക്കുവാനോ കഴിവില്ല. അതുകൊണ്ടു മനുഷ്യൻെറ സാമൂഹ്യചരിത്രത്തിൽ മതം മനുഷ്യസമൂഹത്തിൻെറ ദൈവവിരോധത്തിനും ദൈവാന്വേഷണത്തിനും ഉപകരണമായി വത്തിക്കും. കയീൻെറ വഴിപാടും ഹാബേലിൻെറ വഴിപാടും, മതത്തിൻെറ ഈ വിരുദ്ധ സ്വഭാവങ്ങഠംക്കു ദൃഷ്ടാന്തമാണു്.

2. ഹാബേലിൻെറ വഴിപാടിൽ ദൈവം പ്രസാദിച്ചു, കയീൻെറ വഴിപാടിൽ ദൈവം പ്രസാദിച്ചില്ല. കാരണം അവ്യക്തമാണു്. ഹാബേൽ ആട്ടിൻകൂട്ടിലെ കടിഞ്ഞൂലുകളിൽനിന്നു് അവയുടെ മേദസ്സിൽനിന്നു

തന്നെ' ദൈവത്തിനു വഴിപാടുകൊണ്ടുവന്നു എന്നു പ്ര സ്താവിക്കുന്നതിൽ, കയീൻ നിലത്തിലെ ഫലങ്ങളിൽ കൊള്ളരുതാത്തതു വഴിപാടു സമപ്പിച്ചു എന്നു ധ്വനിയു ണ്ടോ? നിശ്ചയമില്ല. അതിനെക്കാൾ പ്രധാനം കയീൻ ആക്കു വഴിപാടുകഴിച്ചു എന്നതാണു്. വഴിപാടിൽ ദൈ വപ്രസാദമില്ലാതായപ്പോൾ കയീൻ കോപപരവശനാ കുന്നു. ആ സന്ദർഭത്തിൽ ദൈവം കയീനോടു പറയുന്ന വാക്കുകൾ ആത്മികതയുടെ ഏകദേശരൂപം നല്കുന്നതിനു പര്യാപ്തമാണു്. മനുഷ്യസമൂഹത്തിന്റെ സ്വകീ യതയും സ്വയംനീതിയും ബാഹ്യരൂപം പ്രാപിക്കുന്ന താണു് പൈശാചിക മൂർത്തീകരണം. പൈശാചിക മൂർത്തികൾ മനുഷ്യനെയും സമൂഹത്തെയും കീഴടക്കാൻ കാത്തുകിടക്കുന്നതായി ഇവിടെ ചിത്രീകരിച്ചിരിക്കു ന്നു. നിലത്തിന്റെ ഫലഭൂയിഷ്ഠത, ജാതിയുടെ അധി കാരതൃഷ്ണ, വർഗ്ഗതാത്പര്യം തുടങ്ങിയവയ്ക്കു് ആ ത്മീയരൂപം കൊടുക്കുന്ന ഈ മൂർത്തികൾ മതങ്ങളിൽ ദൈവസ്വരൂപം കൈക്കൊള്ളുന്നതു സാധാരണ സംഭവ ങ്ങളാണു്. ഈ പൈശാചികമൂർത്തികളുടെ ആരാധനയ്ക്കു് ഒരു സമൂഹം കീഴ്പ്പെട്ടാൽ മതം സമൂഹത്തെ തിന്മയി ലേക്കു നയിക്കുന്ന ആത്മീയ പ്രേരകശക്തിയായി ഭവി ക്കുന്നു. പ്രത്യുത സൃഷ്ടികൾക്കും സമൂഹങ്ങൾക്കും അതീത നായി സ്രഷ്ടാവും വിധികർത്താവുമായ ദൈവത്തി ന്റെ നാമത്തിൽ ഈവക പൈശാചികമൂർത്തികളോ ടു പൊരുതുന്ന സമൂഹം ദൈവപ്രസാദം ലഭിച്ചു നന്മയി ലേക്കു പുരോഗമിക്കുന്നു. ഇവിടെ മതരംഗത്തു ദൈവ ത്തെയോ പൈശാചികമൂർത്തിയെയോ ആരെ സേവി ക്കും എന്നു സമൂഹം തെരഞ്ഞെടുക്കേണ്ടിയിരിക്കുന്നു. ക യീൻ വഴിപാടു കഴിച്ചതു് ദൈവത്തിന്റെ പേരിൽ സാമൂഹ്യസ്വകീയതയുടെയും സ്വയംനീതിയുടെയും മൂർ ത്തീകരണങ്ങൾക്കായിരുന്നു എന്നുവേണം അനുമാനി ക്കാൻ. മനുഷ്യൻ ഏതാത്മാവിൽ ഏതു മൂർത്തിക്കു് ആ രാധന കഴിക്കുന്നു എന്ന ചോദ്യം സാമൂഹ്യ ചരിത്ര ത്തിനു നിർണായകമാണു്.

4.8. എന്നാറെ കയീൻ തന്റെ അനുജനായ ഹാബേലി നോടു നാം വയലിലേക്കു പോക എന്നു പറഞ്ഞു. അവർ വയ

ലിൽ ഇരിക്കുമ്പോൾ കയീൻ തൻെറ അനുജനായ ഹാബേലി നോട്ട് കയർത്തു് അവനെ കൊന്നു.

1. കയീൻ തൻെറ സഹോദരനായ ഹാബേലിനെ കൊല്ലുന്നു. കൊല്ലണമെന്നു കയീൻ മുൻകൂട്ടി തീരുമാനി ച്ചാണു ഹാബേലിനെ വയലിലേക്കു കൊണ്ടുപോയതു് എന്നു തോന്നുന്നില്ല. 'അവർ വയലിലിരിക്കുമ്പോൾ' അങ്ങനെ സംഭവിക്കത്തക്കവണ്ണമായിരുന്നു കയീൻെറ സ്വഭാവവും മനഃസ്ഥിതിയും. ദൈവം തൻെറ വഴിപാ ടിൽ പ്രസാദിക്കാതെ ഹാബേലിൻെറ വഴിപാടിൽ പ്ര സാദിച്ചതുകൊണ്ടു ദൈവത്തോടുകോപവും സ്വന്തജീവി തത്തെപ്പററി നിരാശയും ഹാബേലിനോട്ട് അസൂയയും കയീനിൽ നിറഞ്ഞിരുന്നു. കോപവും അസൂയയും നി രാശയും ഒരു മനുഷ്യനിൽ ഒരുമിച്ചുചേർന്നാൽ എന്തു തിന്മചെയ്യാനാണു് അവൻ മടിക്കുന്നതു്? അവൻെറ സ്വഭാവം കൊലയാളിയുടേതായിത്തീരുകയാണു്.

2. കയീനും ഹാബേലും സഹോദരന്മാരായ രണ്ടു വ്യക്തികൾ മാത്രമല്ല. അവർ രണ്ടു സമൂഹങ്ങളുടെ, രണ്ടു മതങ്ങളുടെ, പ്രതിനിധികളാണു്. ആ രണ്ടു സമൂഹ ങ്ങൾ തമ്മിലും സാമൂഹ്യമതങ്ങൾ തമ്മിലും മത്സരമാ ണെതാനും രണ്ടു സമൂഹങ്ങൾ തമ്മിൽ യുദ്ധമാണെങ്കിൽ അവയിലെ രണ്ടു വ്യക്തികൾ തമ്മിൽ സാഹോദര്യം പുലർത്താൻ സാധിക്കുമോ? വ്യക്തിപരമായ ബന്ധം സാമൂഹ്യമതധർമ്മങ്ങൾക്കു അതീതമായി അവരിരുവരും കണ്ടാൽമാത്രമെസാധിക്കുകയുള്ളു. ഒരുപക്ഷെ ഹാബേൽ അങ്ങനെ കയീനെ കണ്ടുകാണും. എന്നാൽ കയീനു് അ വൻ പ്രതിനിധാനംചെയ്യുന്ന സമൂഹവും മതവും അത്രെ കൂടുതൽ പ്രധാനം. സാമൂഹ്യധർമ്മവും മതധർമ്മവും മുൻനി ത്തി ശത്രുസമൂഹത്തെ പ്രതിനിധാനംചെയ്യുന്ന സ്വന്തം സഹോദരനെപ്പോലും കൊല്ലാൻ അവൻ തയ്യാറാണു്. സംഘടിതസമൂഹങ്ങൾക്കുംസംഘടിതമതങ്ങൾക്കും വ്യ ക്തിളുടെ മേലുള്ള സ്വാധീനശക്തിയാണിവിടെ സ്പഷ്ട മാകുന്നതു്. ധാർമികനായ വ്യക്തിപോലും സമൂഹത്തി ൻെറയും മതത്തിൻെറയും പേരിൽ അങ്ങേയററത്തെ

അധർമംചെയ്യാൻ മടിക്കുന്നില്ല. കാരണം, മനുഷ്യൻെറ ആത്മീയബോധത്തിൽ സമൂഹമോ മതമോ ദൈവത്തിൻെറ സ്ഥാനം കൈവശപ്പെടുത്തിയിരിക്കുന്നു. ചരിത്രത്തിലുടനീളം ഉണ്ടായിട്ടുള്ള സാമൂഹ്യകിടമത്സരങ്ങളും അന്താരാഷ്ട്രീയ യുദ്ധങ്ങളും ഈ സത്യത്തിനു തെളിവാണ്. മതംകൂടെ കലർന്നാൽ ശത്രുത ശതഗുണീഭവിക്കും. ഇന്നും ഐർലണ്ടിൽ നിലവിലിരിക്കുന്ന പ്രോട്ടസ്റ്റൻറ്—കാതലിക്ക വൈരവും ഇന്ത്യയിൽ തുടരെ ഉണ്ടായിക്കൊണ്ടിരുന്ന ഹിന്ദു മുസ്ലീം കലാപങ്ങളും ഈ വാദഗതിക്കു ഉപോൽബലകമാണ്. അതുകൊണ്ടുതന്നെയത്രെ ചക്രവർത്തിയാരാധന രാഷ്ട്രങ്ങൾ പുലർത്തിപ്പോന്നതു്. അക്കാരണത്താൽതന്നെയാണു ചക്രവത്തിയാരാധനയ്ക്കെതിരായ നില ആദിമ ക്രൈസ്തവസഭ സ്വീകരിച്ചതും.

3. ഹാബേലിനെ കയീൻ കൃഷിനിലത്തിൽ കൊണ്ടുപോയി കൊന്നതു നിലത്തിൻെറഫലഭൂയിഷ്ഠത കൈവരുത്തുന്നതിനു നരബലിനടത്തിപ്പോന്നസാമൂഹ്യമതമനുസരിച്ചായിരുന്നിരിക്കാമെന്നു വേദപണ്ഡിതർ അഭിപ്രായപ്പെട്ടിട്ടുണ്ട്. മനുഷ്യരെ കുരുതി കഴിക്കത്തക്കവണ്ണം നിലത്തിലെഫലഭൂയിഷ്ഠത ദൈവത്തിൻെറ സ്ഥാനത്തു് അവരോധിച്ചു് ആരാധിക്കുന്ന മനുഷ്യസമൂഹങ്ങൾ പൈശാചികമൂത്തിക്കു തികച്ചുംവിധേയമത്രെ. ദൈവവിരോധവും വിഗ്രഹാരാധനയും നരബലിയും മതത്തിൽ സമ്മേളിക്കുമ്പോൾ മതബോധം എത്രമാത്രം അധഃപതിക്കാമെന്നു വിശേഷിച്ചു പറയേണ്ട ആവശ്യമില്ലല്ലോ. സമൂഹത്തിനതീതമായ ആത്മീയശക്തി തപസ്സു ചെയ്തു് ഉപാസിച്ചു സ്വകീയ സാമൂഹ്യ താല്പര്യങ്ങളുടെ പുരോഗതിക്കും ശത്രുസമൂഹങ്ങളുടെ നാശത്തിനും വിനിയോഗിക്കാൻ ഉദ്യമിക്കുന്ന മതം പോലെ മനുഷ്യൻെറ പാപാവസ്ഥ വ്യക്തമാക്കുന്ന മററൊരു ജീവിത മേഖലയുമില്ല തന്നെ. എന്നാൽ തികച്ചും മതേതര സമീപനത്തിൽ അധർമമൂർത്തീകരണത്തിനു് ഒരതിരുള്ളതുപോലെ തോന്നുന്നു.

4.9. പിന്നെ യഹോവ കയീനോടു നിൻെറ അനുജനായ ഹാബേൽ എവിടെ എന്നു ചോദിച്ചതിനു: ഞാൻ അറിയുന്നില്ല. ഞാൻ എൻെറ അനുജൻെറ കാവല്ക്കാരനോ എന്നു പറഞ്ഞു.

10. അതിനു് അവൻ അരുളിച്ചെയ്തതു്: നീ എന്തു ചെയ്തു? നിൻെറ അനുജൻെറ രക്തത്തിൻെറ ശബ്ദം ഭൂമിയിൽനിന്നു് എന്നോടു നിലവിളിക്കുന്നു.

1. പാപം ചെയ്ത ആദാമും ഹവ്വയും കുററബോധം നിമിത്തം യഹോവയുടെ സന്നിധിയിൽനിന്നു് ഓടി ഒളിച്ചു. ഒരു സംഘടിതസമുദായത്തിൻെറ പ്രതിനിധി എന്ന നിലയ്ക്കു കയീൻെറ ഹൃദയം കൂടുതൽ കഠിനമാണു്. ദൈവത്തെ അഭിമുഖീകരിച്ചു്, 'സഹോദരൻ എവിടെയെന്നു ഞാനറിയുന്നില്ല; സഹോദരനോടു് ഒരുത്തരവാദിത്വവും എനിക്കില്ല' എന്നു പ്രസ്താവിക്കാൻ കയീനു പ്രയാസമില്ല. 'നിൻെറ സഹോദരൻ എവിടെ?' എന്ന ചോദ്യം സമൂഹത്തിൽ ദൈവം നിരന്തരം ചോദിച്ചുകൊണ്ടിരിക്കുന്നു. സകല മനുഷ്യവർഗത്തിൻെറയും ഏകത്വവും മനുഷ്യർക്കു പരസ്പരമുള്ള ഉത്തരവാദിത്വവും ദൈവഹിതത്തിൽ അധിഷ്ഠിതമാണു്. മനുഷ്യസമൂഹത്തിൻെറ അടിസ്ഥാനം മനുഷ്യർ അന്യോന്യം 'കാവല്ക്കാർ' ആണെന്ന സത്യമാണു്. അതു നിഷേധിക്കുന്നതത്രെ പാപം. പ്രസ്തുത ഉത്തരവാദിത്വം ഏതെങ്കിലും വിഭാജിതസമുദായത്തിനുള്ളിൽ ഒതുങ്ങിനില്ക്കുന്നതല്ല, പ്രത്യുത മാനവരാശിയെ ആകമാനം ഉൾക്കൊള്ളുന്നതത്രെ. ഇതു ശക്തമായ രീതിയിൽ ക്രിസ്തുവിൻെറ സുവിശേഷം വ്യക്തമാക്കുന്നു. 'യവനന്മാർക്കും ബർബ്ബരന്മാർക്കും ജ്ഞാനികൾക്കും ബുദ്ധിഹീനർക്കും ഞാൻ കടക്കാരൻ ആകുന്നു' (റോമ. 1. 14). 'നിങ്ങൾ....പുതുക്കം പ്രാപിക്കുന്ന പുതിയ മനുഷ്യനെ ധരിച്ചിരിക്കുന്നുവല്ലോ. അതിൽ യവനനും യെഹൂദനും എന്നില്ല. ബർബ്ബരൻ, ശകൻ, ദാസൻ, സ്വതന്ത്രൻ എന്നുമില്ല' (കൊലോ. 3. 10...11).

2. സഹോദരനോടു ചെയ്യുന്ന സകല അനീതിയും ദൈവം പ്രപഞ്ചത്തിൽ വച്ചിരിക്കുന്ന ധാർമിക

വ്യവസ്ഥിതിയോടുതന്നെ ചെയ്യുന്ന അപരാധമാണു്. അതുകൊണ്ടു പീഡിപ്പിച്ചോ കൊന്നോ സഹോദരനെ നിശ്ശബ്ദനാക്കിയാൽപോലും പ്രപഞ്ചത്തിൽനിന്നുതന്നെ അവൻെറ രോദനം ദൈവസന്നിധിയിലെത്തും. കഠിനഹൃദയനായ മനുഷ്യൻെറ അന്തഃകരണത്തിൽപോലും അതു ചോദ്യരൂപം പ്രാപിച്ചു ശബ്ദിച്ചുകൊണ്ടിരിക്കും. അനീതി ചെയ്യുന്ന കയീനോടു മാത്രമല്ല പ്രസ്തുത അനീതിയുടെ പാരമ്പര്യത്തിൽ വളരുന്ന പിൻതലമുറയോടും ചരിത്രം അതിനു പ്രതികാരം ആവശ്യപ്പെടും. യാഥാർത്ഥ്യത്തിനു പുറംകാട്ടി വ്യക്തികൾക്കോ സമൂഹങ്ങൾക്കോ രക്ഷപ്പെടാനാവില്ല തന്നെ. യേശു പറയുന്നതു: 'നീതിമാനായ ഹാബേലിൻെറ രക്തം മുതൽ....ഭൂമിയിൽ ചൊരിഞ്ഞ നീതിയുള്ള രക്തം നിങ്ങളുടെമേൽ വരേണ്ടതാകുന്നു' (മത്താ. 23. 35).

3. മർദ്ദിതജനങ്ങളുടെ രോദനം ദൈവം ശ്രവിച്ചു ചരിത്രത്തിൽ മർദ്ദകരുടെ മേൽ ന്യായവിധിയും മർദ്ദിതർക്കു വിമോചനവും നല്കുന്നു. ഇതു വേദപുസ്തകത്തിൽ ഉടനീളം കാണുന്ന ഒരു സത്യമത്രെ. 'എളിയവരുടെ നിലവിളി അവൻെറ അടുക്കൽ എത്തുവാനും പീഡിതരുടെ നിലവിളി അവൻ കേൾപ്പാനും തക്കവണ്ണം' (ഇയ്യോബ്. 34. 27). 'രക്തപാതകത്തിനു പ്രതികാരം ചെയ്യുന്നവൻ അവരെ ഓർക്കുന്നു. എളിയവരുടെ നിലവിളിയെ അവൻ മറക്കുന്നുമില്ല' (സങ്കീ. 9. 12). 'യിസ്രായേൽ മക്കളുടെ നിലവിളി എൻെറ അടുക്കൽ എത്തിയിരിക്കുന്നു; മിസ്രയീമ്യർ അവരെ ഞെരുക്കുന്ന ഞെരുക്കവും ഞാൻ കണ്ടിരിക്കുന്നു. ആകയാൽ വരിക, നീ എൻെറ ജനമായ യിസ്രായേൽമക്കളെ മിസ്രയീമിൽനിന്നു പുറപ്പെടുവിക്കേണ്ടതിനു ഞാൻ നിന്നെ ഫറവോൻെറ അടുക്കൽ അയക്കും' (പുറ. 3. 9–10). 'ഈ ചെറിയവരിൽ ഒരുത്തനെ തുച്ഛീകരിക്കാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ. സ്വർഗത്തിൽ അവരുടെ ദൂതന്മാർ സ്വർഗസ്ഥ

നായ പിതാവിൻെറ മുഖം എപ്പോഴും കാണുന്നു എന്നു ഞാൻ നിങ്ങളോടു പറയുന്നു' (മത്താ. 18. 10–11). അന്ത്യന്യായവിധിയിങ്കൽ 'ഈ ഏററവും ചെറിയവരിൽ ഒരുത്തനു നിങ്ങൾ ചെയ്യാഞ്ഞേടത്തോളമെല്ലാം എനിക്കാകുന്നു ചെയ്യാഞ്ഞതു് എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു് ഉത്തരം അരുളും' (മത്താ. 25. 45).

4. 11. ഇപ്പോൾ നിൻെറ അനുജൻെറ രക്തം നിൻെറ കൈയിൽ നിന്നു് ഏററു കൊൾവാൻ വായ്തുറന്ന ദേശം നീ വിട്ടു ശാപഗ്രസ്തനായി പോകേണം.

12. നീ കൃഷി ചെയ്യുമ്പോൾ നിലം ഇനി മേലാൽ തൻെറ വീര്യം നിനക്കു തരികയില്ല. നീ ഭൂമിയിൽ ഉഴലുന്നവനാകും.

13. കയീൻ യഹോവയോടു: എൻെറ കുററം പൊറുപ്പാൻ കഴിയുന്നതിനേക്കാൾ വലിയതാകുന്നു.

14. ഇതാ നീ എന്നെ ആട്ടിക്കളയുന്നു. ഞാൻ തിരുസന്നിധിവിട്ടു് ഒളിച്ചു ഭൂമിയിൽ ഉഴന്നലയുന്നവൻ ആകും. ആരെങ്കിലും എന്നെ കണ്ടാൽ എന്നെ കൊല്ലും എന്നു പറഞ്ഞു.

15. യഹോവ അവനോടു്: അതുകൊണ്ടു് ആരെങ്കിലും കയീനെ കൊന്നാൽ അവനു ഏഴിരട്ടി പകരം കിട്ടും എന്നു് അരുളി ചെയ്തു. കയീനെ കാണുന്നവർ ആരും കൊല്ലാതിരിക്കേണ്ടതിനു യഹോവ അവന്നു് ഒരു അടയാളം വച്ചു.

1. മനുഷ്യത്വത്തോടു മനുഷ്യൻ ചെയ്യുന്ന അനീതി ദൈവത്തോടും പ്രപഞ്ചവ്യവസ്ഥിതിയോടും തന്നോടുതന്നെയും ചെയ്യുന്ന അക്രമമാണു്. അതിനാൽ അതിൻെറ സ്വാഭാവികഫലം ദൈവത്തിൽനിന്നു് അഹന്തസ്സത്തയിൽനിന്നു തന്നെയുള്ള മനുഷ്യൻെറ അന്യധാത്വമത്രെ, സ്വന്തം ജീവനു് ആധാരമായിരുന്ന കൃഷിനിലം, മാതൃഭൂമി, അദ്ധ്വാനം ഇവയിൽ നിന്നെല്ലാം അന്യപ്പെട്ടു്, വിശ്രമരഹിതനായി ഭൂമിയിൽ ഉഴന്നലയുക; ദൈവത്തെ ഒളിച്ചും മനുഷ്യരെ ഭയന്നും ഒററപ്പെട്ടു ജീവിക്കേണ്ടതായി വരിക–ഇവ രണ്ടും സൃഷ്ടിവ്യവസ്ഥിതിയിൽ വേരററുപോയ മനുഷ്യത്വത്തിൻെറ ശൈഥില്യമാണു കാണിക്കുന്നതു്. കയീൻ കുററബോധത്തോടെ അനുതപിച്ചതായി തോന്നുന്നില്ല.

പൊറുക്കാൻ വയ്യാത്ത ഭാരമായി കയീൻ പ്രസ്താവിക്കുന്നതു തൻെറ കുററംമൂലം തനിക്കുണ്ടായ ശിക്ഷാവിധിയാണു്.

2. കൊലപാതകിയെ സമൂഹത്തിൽ നിന്നൊഴിച്ചു നിർത്തുന്ന ശിക്ഷ വേറൊരു വീക്ഷണത്തിൽ സമൂഹത്തെ കൊലയാളിയുടെ സാമൂഹ്യവിരുദ്ധതയിൽ നിന്നു രക്ഷിക്കമാത്രമാണു്. മററു മനുഷ്യരെ കയീനിൽനിന്നു പരിപാലിക്കുന്നതിനു് ഈ നാടുകടത്തൽ ആവശ്യമായിത്തീരുന്നു. അതുപോലെതന്നെ സമൂഹത്തിൻെറ പ്രതികാരബുദ്ധി വികസിച്ചു്, കൊലപാതകമനസ്ഥിതി സമൂഹത്തെ ആകമാനം നശിപ്പിക്കാതെ സംരക്ഷിക്കേണ്ട ആവശ്യമുണ്ടു്. കൂടാതെ, കൊലയാളിയുടെ തന്നെയും ഒരു അഭയസ്ഥാനം ദൈവത്തിൻെറ ലോകത്തിൽ ഉണ്ടായിരിക്കണം. ഇതെല്ലാം മുൻനിർത്തി കയീനു ദൈവം സംരക്ഷണം നൽകുന്നു. സൃഷ്ടിവ്യവസ്ഥിതിയിൽനിന്നു് അന്യപ്പെട്ട മനുഷ്യരുടെയും സമൂഹങ്ങളുടെയും മേൽ ദൈവം നടത്തുന്ന വിധിയിൽ അവരുടെ പരിപാലനവും അടങ്ങിയിട്ടുണ്ടു്. സാമൂഹ്യജീവിതത്തിൽ ഇന്നു നിലവിലിരിക്കുന്ന പല സ്ഥാപനങ്ങളും നിയമങ്ങളും പാപത്തിന്മേലുള്ള ദിവ്യന്യായവിധിയും പാപികളുടെ ദിവ്യപരിപാലനവും സമ്മേളിക്കുന്ന ദൈവത്തിൻെറ പ്രകാശനങ്ങളാണു്.

4. ഈ വീക്ഷണത്തിലാണു വി. പൗലോസു് ഭരണകൂടത്തിൻെറ ദിവ്യസ്ഥാപനം വ്യാഖ്യാനിക്കുന്നതു്. ഉള്ള അധികാരങ്ങളോ ദൈവത്താൽ നിയമിക്കപ്പെട്ടിരിക്കുന്നു.... നീ തിന്മ ചെയ്താലോ ഭയപ്പെടുക; വെറുതെ അല്ല അവൻ വാറം വഹിക്കുന്നതു്; അവൻ ദോഷം പ്രവർത്തിക്കുന്നവൻെറ ശിക്ഷക്കായി പ്രതികാരിയായ ദൈവശുശ്രൂഷക്കാരൻതന്നെ '(റോമ. 13. 1–4). കൊലയാളിക്കുതന്നെ സമൂഹത്തിൽ നീതിലഭിക്കണമെന്നുള്ളതു ദൈവത്തിൻെറ പരിപാലനനീതിക്കനുസരണമാണു്. യിസ്രായേൽജാതിയുടെ നീതിന്യായ

വ്യവസ്ഥിതിയിൽ 'സങ്കേതനഗരങ്ങൾ' ഉണ്ടായിരിക്കണമെന്നു യഹോവ കല്പിക്കുന്നതായി കാണുന്നു. 'ചില പട്ടണങ്ങൾ സങ്കേതനഗരങ്ങളായി വേർതിരിക്കേണം. അബദ്ധവശാൽ ഒരുത്തനെ കൊന്നു പോയാൽ അവിടേയ്ക്കു് ഓടിപ്പോകണം. കൊല ചെയ്യവൻ സഭയുടെ മുമ്പാകെ വിസ്താരത്തിനു നില്ക്കുംവരെ അവൻ പ്രതികാരകന്റെ കൈയാൽ മരിക്കാതിരിക്കേണ്ടതിനു് അവ സങ്കേതനഗരങ്ങൾ ആയിരിക്കേണം' (സംഖ്യ. 35. 11–12).

4. 17. അവൻ ഒരു പട്ടണം പണിതു ........

19. ലാമേക്കു രണ്ടു ഭാര്യമാരെ എടുത്തു. ഒരുത്തിക്കു് ആദാ എന്നും മററവൾക്കു സില്ലാ എന്നും പേർ.

20. ആദാ യാബാലിനെ പ്രസവിച്ചു; അവൻ കൂടാരവാസികൾക്കും പശുപാലകന്മാർക്കും പിതാവായിത്തീർന്നു.

21. അവന്റെ സഹോദരനു യൂബാൽ എന്നു പേർ. ഇവൻ കിന്നരവും വേണുവും പ്രയോഗിക്കുന്ന എല്ലാവർക്കും പിതാവായിത്തീർന്നു.

22. സില്ലാ തൂബൽകയീനെ പ്രസവിച്ചു. അവൻ ചെമ്പുകൊണ്ടും ഇരുമ്പുകൊണ്ടുമുള്ള ആയുധങ്ങളെ തീർക്കുന്നവനായിത്തീർന്നു.

1. കയീനും കുടുംബവും സൃഷ്ടിവൈഭവം അങ്ങേയററം പ്രകാശിപ്പിക്കുന്നതു നോക്കുക. കയീൻ ഒരു പട്ടണം പണിതു. അവൻ മാനവനാഗരികതാങ്ങളുടെ പാരമ്പര്യം ചരിത്രത്തിൽ സൃഷ്ടിച്ചു. കയീന്റെ പൗത്രന്മാർ കേമന്മാരായ ആളുകൾ. ഒരാൾ മരുഭൂമികളിലും കാട്ടുപ്രദേശങ്ങളിലും കൂടാരവാസംചെയ്തു പശുപാലനംമൂലം ഉപജീവനം കഴിച്ചുപോന്ന സമുദായങ്ങളുടെ പിതാവു്. വേറൊരാൾ സംഗീതത്തിൽ വൈഭവം നേടിയെടുത്തു. സംഗീതം, ചിത്രമെഴുത്തു്, കൊത്തുപണി തുടങ്ങിയ സുകുമാരകലകളുടെ പാരമ്പര്യം ഉണ്ടാക്കി. ഇനിയുമൊരുത്തൻ മനുഷ്യവർഗത്തിന്റെ സാമ്പത്തിക പുരോഗതിക്കാവശ്യമായ പണിയായുധങ്ങളുടെ ശില്പിയായിത്തീർന്നു; ഇന്നത്തെ ഖനികളുടെയും യന്ത്രവൽക്കരണത്തിന്റെയും അടി

സ്ഥാനം ഇട്ടു. ഇങ്ങനെ നാഗരികത്വം, സംസ്കാരം, സമ്പത്തു സമ്പ്രദായം ഇവയുടെ സ്രഷ്ടിതാക്കളായി ത്തീരുന്നതു കയീൻെറ കുടുംബമാണ്.

2. 'കയീൻ യഹോവയുടെ സന്നിധിയിൽ നിന്നു പുറപ്പെട്ടു് ഏദെന്നുകിഴക്കു നോദ് ദേശത്തു ചെന്നു പാർത്തു' (4: 16) എന്ന മുഖവുരയോടുകൂടിയാണ് ഈ വേദഭാഗം തുടങ്ങുന്നതു്. ഇതു ശ്രദ്ധേയമത്രെ. സഹോദരനെ കൊലപ്പെടുത്തിയ അതേ മനുഷ്യൻ; ശാപഗ്രസ്തനായി ഭീതി നിമിത്തം സമൂഹത്തിൽ നിന്നും ദൈവസന്നിധിയിൽനിന്നും ഒററപ്പെട്ടു് ഓടി പ്പോകേണ്ടി വന്ന കയീൻ തന്നെ നാഗരികത്വത്തിൻെറ ജനയിതാവായിത്തീരുന്നു. അവൻെറ വംശം സാംസ്കാ രികവും സാമ്പത്തികവുമായ സകല പാരമ്പര്യ ങ്ങൾക്കും ആരംഭം കുറിക്കുന്നു. എന്താണിതിനർത്ഥം? ദൈവത്തിൽനിന്നു് അകന്നതുകൊണ്ടു മനുഷ്യർക്കു ദൈ വദത്തമായി ലഭിച്ചിരിക്കുന്ന സൃഷ്ടിശക്തികൾക്ക് ഒരു കുറവും വരുന്നില്ലതന്നെ. ഉത്പ. 1—ൽ പ്രകൃതി രൂപാ ന്തരപ്പെടുത്തി അതിന്മേൽ ആധിപത്യം സ്ഥാപിക്കുന്ന തിനും സന്താനപുഷ്ടിയുള്ളവരായി സമൂഹങ്ങൾ സൃഷ്ടി ക്കുന്നതിനുമുള്ള അവകാശം മനുഷ്യനു കൊടുക്കുന്നു. ഈ അവകാശം ദൈവം തിരികെ എടുക്കുന്നില്ല. പാപാവ സ്ഥയിൽ തന്നെ മനുഷ്യവർഗം പ്രസ്തുത അവകാശം സ്വായത്തമാക്കുന്നതാണു നാം ഇവിടെ കാണുന്നതു്. പക്ഷേ ഇപ്രകാരം ഉളവാകുന്ന സകല പാരമ്പര്യങ്ങളും സഹോദരനെ കൊല്ലുന്ന പൈശാചികത്വത്തിനു വിധേയമാണെന്ന സത്യം മറന്നുകൂടാ. നാഗരികത്വം, സംസ്കാരം, ഉല്പാദനസമ്പ്രദായം എന്നുവേണ്ടാ മനുഷ്യൻ കൈവരുത്തുന്ന എല്ലാ സാമൂഹ്യപുരോഗതിയും ധാർമി കമായി വൈരുദ്ധ്യാധിഷ്ഠിതമാണ്, സമരാത്മാവി ലാണ് അടിസ്ഥാനപ്പെട്ടിരിക്കുന്നതു് എന്നു കാണാം.

3. ആധുനിക ലോകത്തിലുളവായിരിക്കുന്ന മാനവ പുരോഗതിയുടെ സ്വഭാവം വ്യാഖ്യാനിക്കുന്ന തിനു് ഈ ഉൾക്കാഴ്ച വളരെ സഹായകരമാണ്. പ്രകൃതി

ശാസ്ത്രം, സാമൂഹ്യശാസ്ത്രം, സാംസ്കാരിക നവോത്ഥാനം ഇവമൂലം മനുഷ്യരാശിക്ക് ആധുനികകാലത്തുണ്ടായ നേട്ടങ്ങൾ വിലതീരാത്തവയാണ്. എന്നാൽ സൂക്ഷ്മപരിശോധനയിൽ ഇവയെല്ലാം മനുഷ്യവർഗത്തിൻെറ ആകമാനമുള്ള വളർച്ചയ്ക്ക് ഉപാധികളാകാതെ സാമ്രാജ്യ ദുഷ്പ്രഭുത്വത്തിനും വർഗചൂഷണങ്ങൾക്കും വർണമേധാവിത്വത്തിനും അടിമത്തം പുലർത്തുന്നതിനും ലോകയുദ്ധങ്ങൾക്കും ആയുധങ്ങളായിട്ടാണ് ഭവിച്ചത്. സംഘടിതസമൂഹങ്ങളുടെയും വർഗങ്ങളുടെയും അക്രമാസക്തിയാണ് ഇവയ്ക്കു പ്രേരണ നല്കി അവയെ സൃഷ്ടിച്ച് നിയന്ത്രിച്ചത് എന്നതു തന്നെ കാരണം.

4. 23. ലാമെക്ക് തൻെറ ഭാര്യമാരോടു പറഞ്ഞതു .... എൻെറ മുറിവിനു പകരം ഞാൻ ഒരു പുരുഷനെയും എൻെറ പരിക്കിനുപകരം ഒരു യുവാവിനെയും കൊല്ലും.

24. കയീനുവേണ്ടി ഏഴിരട്ടി പകരം ചെയ്യുമെങ്കിൽ ലാമെക്കിനു വേണ്ടി എഴുപത്തേഴിരട്ടി പകരം ചെയ്യും.

1. മനുഷ്യവർഗ്ഗത്തിൻെറ മഹത്തായ സാമൂഹ്യനേട്ടങ്ങൾ കയീൻെറ സഹോദരവിദ്വേഷത്തിനും ലാമെക്കിൻെറ വർദ്ധിച്ച പ്രതികാരബുദ്ധിക്കും ഇടയ്ക്കാണ് യാഹ്വിസ്റ്റ് വിവരിക്കുന്നത്. സംഘടിത സമൂഹങ്ങളുടെ പുരോഗതിയും നാഗരികതകളുടെ വളർച്ചയും ഒരുവശത്ത് മനുഷ്യൻെറ അഹന്തസത്തയിൽ അന്തർലീനമായ കഴിവുകളുടെ വികസനമാണ്. ആ വിധത്തിൽ അവ നല്ലതത്രെ, സ്വാഗതം ചെയ്യേണ്ടതാണ്. എന്നാൽ മറുവശത്ത്, അങ്ങനെ വിവിധ തലങ്ങളിലുണ്ടാവുന്ന വികസനം മനുഷ്യധർമ്മത്തിൽ മാനവ പുരോഗതിയാവുകയില്ല, പ്രത്യുത, മനുഷ്യരാശി ദൈവോദ്ദേശ്യത്തിൽനിന്നു തെററി സ്വകീയത കേന്ദ്രമാക്കി ജീവിക്കുന്ന അവസ്ഥയിൽ, അവ മനുഷ്യരാശിയെ പൂർവ്വാധികം പൈശാചിക ശക്തികൾക്ക് അടിപ്പെടുത്താൻ ഇടയാക്കുകയാണ്. ലാമെക്കിൻെറ അഹങ്കാരവും പ്രതികാരബുദ്ധിയും കയീനെ കൊല്ലുന്ന

വർക്കു ദൈവം ചെയ്യുമെന്നു പ്രസ്താവിച്ച പ്രതികാരത്തെക്കാഠം എഴുപതുമടങ്ങു വർദ്ധിച്ചിരിക്കയാണു്. എന്നു മാത്രമല്ല, ഇപ്രകാരം ശതഗുണീഭവിച്ച പ്രതികാരബുദ്ധി നടപ്പിലാക്കുന്നതു ദൈവത്തിൻെറ അവകാശമല്ല, മനുഷ്യൻെറ മാത്രം അവകാശമായി മാററിയിരിക്കയുമാണു്. ശാസ്ത്രപരിജ്ഞാനവും സാമ്പത്തികശേഷിയും വർദ്ധിക്കുന്നതോടൊപ്പം മനുഷ്യൻെറ ധാർമികജീവിതത്തിൽ അനിവാര്യമായി പുരോഗതി ഉണ്ടാകുമെന്നു വിശ്വസിച്ച ലിബറൽ സിദ്ധാന്തം എത്രയൊ അബദ്ധമാണെന്നു് ഇന്നു തെളിഞ്ഞിരിക്കുന്നു. സംഘടിതസമൂഹങ്ങളുടെ സൃഷ്ടിപരമായ ശക്തികഠം ആ സമൂഹങ്ങളുടെ സംഹാരശക്തികളും വളർത്തിയെടുക്കുന്നു എന്ന സത്യത്തിനു് ആധുനിക ചരിത്രം സാക്ഷ്യം വഹിക്കുന്നു.

2. ലാമെക്കിൻെറ അഹങ്കാരം കയീൻ വംശത്തിൻെറ അഹങ്കാരമാണു്. സംഘടിതസമൂഹങ്ങഠം അവരുടെ സ്ഥാപിത താൽപര്യങ്ങഠം, അഭിമാനം, ഭദ്രത ഇവയ്ക്കു ക്ഷയവും കോട്ടവും വരാതെ സംരക്ഷിക്കുന്നതിനുവേണ്ടി ശക്തിപ്രകടനങ്ങഠംക്കും, യുദ്ധത്തിനുതന്നെയും എപ്പോഴും തയ്യാററാണു്. ദേശഭക്തി, കുടുംബഭക്തി, വർഗ്ഗനന്മ ആദിയായ മൂല്യങ്ങഠംക്കു വേണ്ടി വ്യക്തികഠം സ്വയം ബലികഴിക്കാനും മററുള്ളവരെ ബലികഴിക്കാനും ഒരുക്കമായതിനാൽ ഇപ്രകാരമുണ്ടാവുന്ന ശക്തിപ്രകടനങ്ങഠംക്കും സമരങ്ങഠംക്കും മൂർച്ച കൂടിയിരിക്കും. മനുഷ്യൻ അവരുഠംപ്പെടുന്ന രാഷ്ട്രങ്ങളെയും സമൂഹങ്ങളെയും ദൈവത്തിൻെറ സ്ഥാനത്തു് അവരോധിച്ചു് ആരാധിക്കുന്നതിൻെറ ആത്മീയഫലങ്ങളാണിവ. അങ്ങനെ രാഷ്ട്രങ്ങളും സാമൂഹ്യസ്ഥാപനങ്ങളും സ്വയം നീതിയുടെയും സ്വാർത്ഥതയുടെയും മൂർത്തീകരണമായി ഭവിക്കുന്നു. ഈ പരിതസ്ഥിതി ലോകത്തിൽ തീരാത്ത സംഘട്ടനങ്ങഠംക്കും യുദ്ധങ്ങഠംക്കും വഴിതെളിക്കുന്നു.

3. 'അപ്പോഠം പത്രോസ് അവൻെറ അടുക്കൽ വന്നു: കർത്താവേ; സഹോദരൻ എത്രവട്ടം എന്നോടു

പിഴച്ചാൽ ഞാൻ ക്ഷമിക്കണം, ഏഴുവട്ടം മതിയോ എന്നു ചോദിച്ചു. യേശു അവനോടു് ഏഴുവട്ടമല്ല, ഏഴു് എഴുപതു വട്ടം എന്നു ഞാൻ നിന്നോടു പറയുന്നു എന്നു പറഞ്ഞു (മത്താ. 18. 21–22). ലാമെക്കു് പ്രതിനിധാനം ചെയ്യുന്ന സമൂഹങ്ങളിൽ പ്രതികാരബുദ്ധി എപ്പോഴും പത്തിരട്ടി വർദ്ധിച്ചതിനു തുല്യമായി പാപക്ഷമലഭിച്ച സമൂഹങ്ങളിലും സമൂഹങ്ങൾ തമ്മിലും ക്ഷമയുടെ ആത്മാവു് എഴുപതിരട്ടിയായി വർദ്ധിക്കണമെന്നത്രെ യേശു ഇവിടെ പ്രസ്താവിക്കുന്നതു്. ദൈവരാജ്യത്തിൻെറ സ്വഭാവമാണിവിടെ സ്പഷ്ടമാക്കിയിരിക്കുന്നതു്. പ്രതികാരബുദ്ധിക്കു നേരെ വിപരീതമാണല്ലോ ക്ഷമ. പ്രതികാരബുദ്ധി ദൈവത്തിൽനിന്നു് അകന്ന ലോകത്തിൻെറ പ്രമാണമായിരിക്കുന്നതുപോലെ ദൈവത്തോടു നിരപ്പാകുമ്പോൾ പരസ്പരക്ഷമ പുതിയ വ്യവസ്ഥിതിയുടെ പ്രമാണമായിരിക്കും. 'കർത്താവു നിങ്ങളോടു ക്ഷമിച്ചതുപോലെ നിങ്ങളും ചെയ്‌വിൻ' (കൊലോ 3. 13).

4. 25. ആദാം തൻെറ ഭാര്യയെ പിന്നെയും പരിഗ്രഹിച്ചു. അവൾ ഒരു മകനെ പ്രസവിച്ചു. കയീൻ കൊന്ന ഹാബേലിനു പകരം ദൈവം എനിക്കു മറെറാരു സന്തതിയെ തന്നു എന്നു പറഞ്ഞു് അവനു ശേത്തു് എന്നു പേരിട്ടു.

26. ശേത്തിനും ഒരു മകൻ ജനിച്ചു. അവനു ഏനോശ് എന്നു പേരിട്ടു. ആ കാലത്തു യഹോവയുടെ നാമത്തിലുള്ള ആരാധന തുടങ്ങി.

1. അങ്ങേയററം പൈശാചികമായിപ്പോയ ലോകത്തിൽ പ്രത്യാശയുടെ കിരണമാണു ശേത്തിൻെറ ജനനവും അവൻെറ പാരമ്പര്യത്തിൽ തുടങ്ങുന്ന യഹോവാരാധനയും. 'ആദാം' എന്ന പദംപോലെ തന്നെ 'ഏനോശ്' എന്ന പദത്തിനും 'മനുഷ്യൻ എന്നർത്ഥമാണു്. വ്യക്തികൾക്കായാലും സമൂഹങ്ങൾക്കായാലും നവീകരണസാദ്ധ്യത എപ്പോഴും ഉണ്ടു്. മനുഷ്യത്വം പുതുക്കാൻ മാർഗ്ഗം. ദോഷശക്തികൾക്കു പൂർണ്ണമായി അടിപ്പെട്ടുകിടക്കുന്നു എന്നു തോന്നുന്ന ലോകത്തിൽതന്നെ ദൈവത്തിൻെറ ആത്മാവു നിരന്തരം

പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു എന്ന വസ്തുത വിസ്മരിക്കരുതു്.

2. യഹോവയുടെ നാമത്തിൽ ആരാധന തുടങ്ങിയതെന്നാണു്? ഇതു സംബന്ധിച്ചു വിവിധ പാരമ്പര്യങ്ങൾ യിസ്രായേൽ ചരിത്രത്തിൽ നിലനിന്നുപോന്നു. ചിലരേഖകളിൽ ദൈവം യഹോവ എന്ന നാമം ആദ്യമായി വെളിപ്പെടുത്തിയതു മോശെയ്ക്കാണു്. 'ദൈവം പിന്നെയും മോശയോടു അരുളിച്ചെയ്തതെന്തെന്നാൽ, നീ യിസ്രായേൽ മക്കളോടു ഇപ്രകാരം പറയണം. അബ്രാഹാമിന്റെ ദൈവവും യിസ്ഹാക്കിന്റെ ദൈവവും യാക്കോബിന്റെ ദൈവവുമായി നിങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ യഹോവ എന്നെ നിങ്ങളുടെ അടുക്കൽ അയച്ചിരിക്കുന്നു. ഇതു് എന്നേക്കും എന്റെ നാമവും തലമുറതലമുറയായി എന്റെ ജ്ഞാപകവും ആകുന്നു' (പുറ. 3. 15). 'ഞാൻ യഹോവയാകുന്നു. ഞാൻ അബ്രാഹാമിനും യിസ്ഹാക്കിനും യാക്കോബിനും സർവ്വശക്തിയുള്ള ദൈവമായിട്ടു പ്രത്യക്ഷനായി. എന്നാൽ യഹോവ എന്ന നാമത്തിൽ ഞാൻ അവർക്കു പ്രത്യക്ഷപ്പെട്ടില്ല' (പുറ. 6. 3). ഇതത്രെ പൗരോഹിത്യരേഖയനുസരിച്ചു യഹോവാനാമത്തിന്റെ വെളിപ്പാടു്. എന്നാൽ യാഹ്വിസ്റ്റ് എഴുത്തുകാരന്റെ ദൈവശാസ്ത്രമനുസരിച്ചു് യിസ്രായേൽ ജാതിക്കു യഹോവ സ്വയം വെളിപ്പെടുത്തുന്നതിനുമുമ്പു തന്നെ യഹോവാരാധന മനുഷ്യവർഗ്ഗത്തിന്റെ മതചരിത്രത്തിൽ ഒരു പാരമ്പര്യമായിരുന്നു. ദൈവത്തെ സത്യമായി അന്വേഷിക്കുന്ന ഒരു ജാതിക്കും ദൈവം തന്റെ യഥാർത്ഥനാമം അഥവാ സ്വഭാവം വെളിപ്പെടുത്താതിരിക്കുന്നില്ലതന്നെ. മനുഷ്യജാതി ദൈവവുമായി നിരന്തരം തുടർന്നുകൊണ്ടിരിക്കുന്ന സംവാദത്തിന്റെയും അതിൽ ലീനമായിരിക്കുന്ന ദിവ്യപ്രകാശത്തിന്റെയും പശ്ചാത്തലത്തിൽ മാത്രമേ യിസ്രായേലിൽ കൂടിയുണ്ടായിരിക്കുന്ന ദൈവത്തിന്റെ പ്രവർത്തനചരിതം വ്യാഖ്യാനിക്കാവൂ എന്നിവിടെ സമർത്ഥിച്ചിരിക്കുന്നു. മറിച്ചു യിസ്രായേലിലെ ദൈവചരിത്രത്തി

ൻെറ പ്രകാശത്തിൽ മനുഷ്യരാശിയുടെ മതബോധങ്ങളും വ്യാഖ്യാനിക്കണം.

3. കയീൻ പ്രതിനിധാനം ചെയ്ത മതബോധത്തിൻെറയും മതാനുഷ്ഠാനങ്ങളുടെയും സ്വഭാവം എന്തെന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. സ്വയംനീതിയുടെയും താല്പര്യങ്ങളുടെയും സംരക്ഷണായുധമായിരുന്നു കയീൻെറ മതം. ഹാബേലും ശേത്തിൻെറ കുടുംബവും പ്രതിനിധാനം ചെയ്യുന്ന യഹോവാരാധനയുടെ സ്വഭാവം വ്യത്യസ്തമാണ്. യഹോവ പ്രകൃതിശക്തികളുടെയോ മാനവസംസ്ക്കാരങ്ങളുടെയോ പര്യായമോ ഭാഗമോ അല്ല; യഹോവ സകല സൃഷ്ടിക്കും അതീതനാണ്. സൃഷ്ടികർത്താവ്, വിധികർത്താവ്, രക്ഷാകർത്താവ് എന്നീ നിലകളിൽ. അതുകൊണ്ടു് മനുഷ്യൻെറ അഭിലാഷങ്ങളുടെയും താൽപര്യങ്ങളുടെയും കേവലം പ്രതിബിംബമല്ല, പ്രത്യുത അവയെ വിധിക്കയും വിലമതിക്കയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്ന അന്ത്യയാഥാർത്ഥ്യമാണ്. മനുഷ്യൻെറ അഹങ്കാരാവസ്ഥയിൽ അവൻ ഉണ്ടാക്കിയ ദൈവങ്ങളിലൊരുവനല്ല യഹോവ. യഹോവ മനുഷ്യനുണ്ടാക്കുന്ന ദൈവങ്ങളെയെല്ലാം സ്വയാരാധനയായി വിധിച്ചു തിരസ്കരിക്കുന്ന അതിശായിയായ പരമപുരുഷനാണ്. അതിനാൽ യഹോവാരാധന മനുഷ്യാത്മബോധത്തിൻെറ യാഥാർത്ഥ്യത്തിലേക്കുള്ള പാതയാണു സൂചിപ്പിക്കുന്നതു്. സത്യാന്വേഷണത്തിൻെറ മാർഗ്ഗം. സ്രഷ്ടാവായ ദൈവവും സൃഷ്ടിയായ മനുഷ്യനും തമ്മിൽ നിലവിലിരിക്കുന്ന ബന്ധത്തിൻെറ വികലത മാററി മനുഷ്യനെ ദൈവത്തോടു നിരപ്പിക്കുന്ന മാർഗ്ഗം തുറക്കപ്പെടുന്നു. ശേത്തു് ആരംഭിച്ച യഹോവാരാധനയുടെ പാരമ്പര്യം യിസ്രായേൽ ചരിത്രത്തിൽക്കൂടി യേശുക്രിസ്തുവിൻെറ പരമമാർഗ്ഗത്തിലും യേശുക്രിസ്തുവിൽ 'ദൈവത്തിനു പ്രസാദമുള്ള ആത്മീയയാഗം കഴിപ്പാനുള്ള വിശുദ്ധ പുരോഹിതവർഗ്ഗ' (1പത്രൊ. 2. 5) ത്തിലുമാണു പൂർത്തിയാകുന്നതു്.

# 4

# മാനവചരിത്രത്തിൻെറ ദൈവിക വ്യാഖ്യാനം

5. 1 ആദാമിൻെറ വംശപാരമ്പര്യമാവിതു ....

3. ആദാമിനു നൂററിമുപ്പതു വയസ്സായപ്പോഠം അവൻ തൻെറ സാദൃശ്യത്തിൽ തൻെറ സ്വരൂപപ്രകാരം ഒരുമകനെ ജനിപ്പിച്ചു. അവനു ശേത്ത് എന്നു പേരിട്ടു.

4. ശേത്തിനെ ജനിപ്പിച്ച ശേഷം ആദാം എണ്ണൂറു സംവത്സരം ജീവിച്ചിരുന്നു. പുത്രന്മാരെയും പുത്രിമാരെയും ജനിപ്പിച്ചു.

5. ആദാമിൻെറ ആയുഷ്ക്കാലം ആകെ തൊള്ളായിരത്തിമുപ്പതു സംവത്സരമായിരുന്നു. പിന്നെ അവൻ മരിച്ചു.

6. (ശേത്ത്) ഏനോശിനെ ജനിപ്പിച്ചു.

7. പിന്നെ അവൻ മരിച്ചു.

9. (ഏനോശ്) കേനോനെ ജനിപ്പിച്ചു.

11. പിന്നെ അവൻ മരിച്ചു.

13. (കേനോൻ) മഹലലേലിനെ ജനിപ്പിച്ചു.

14. പിന്നെ അവൻ മരിച്ചു.

15. (മഹലലേൽ) യാരെദിനെ ജനിപ്പിച്ചു.

17. പിന്നെ അവൻ മരിച്ചു.

18. (യാരെദ്) ഹാനോക്കിനെ ജനിപ്പിച്ചു.

20. പിന്നെ അവൻ മരിച്ചു.

21. (ഹാനോക്ക്) മെഥൂശലഹിനെ ജനിപ്പിച്ചു.

25. (മെഥൂശലഹ്) ലാമെക്കിനെ ജനിപ്പിച്ചു.

27. പിന്നെ അവൻ മരിച്ചു.

28. ലാമെക്ക് .... ഒരു മകനെ ജനിപ്പിച്ചു.

31. പിന്നെ അവൻ മരിച്ചു.

32. നോഹ ശേമിനെയും ഹാമിനെയും യാഫെത്തിനെയും ജനിപ്പിച്ചു.

1. ഈ വേദഭാഗത്തു വിവരിച്ചിരിക്കുന്ന ജനനമരണപട്ടിക മനുഷ്യചരിത്രമാണു കുറിക്കുന്നതു്.

ചരിത്രത്തിലൊരു പാരമ്പര്യം. മാനവചരിത്രത്തിൻെറ സ്വഭാവവും അർത്ഥവും ലക്ഷ്യവും എന്തു് എന്ന പ്രശ്നം ഈ പട്ടിക ഉന്നയിക്കുന്നു. മനുഷ്യവ്യക്തികൾ ജനിക്കുന്നു, ജനിപ്പിക്കുന്നു, മരിക്കുന്നു. ഇതു കേവലം നിരന്തരം കറങ്ങിക്കൊണ്ടിരിക്കുന്ന ഒരുചക്രമെന്നേ ഉള്ളോ? ജനനമരണചക്രം. അതോ, ചാക്രികമായി ചലിച്ചുകൊണ്ടിരിക്കുന്നു എന്നു നമുക്കു തോന്നുന്ന ഈ പ്രതിഭാസത്തിനു് എന്തെങ്കിലും അന്തിമലക്ഷ്യമുണ്ടോ?ഉണ്ടെങ്കിൽ എന്തു്?അതിൻെറ നിയന്ത്രണശക്തി എവിടെ, എങ്ങനെ പ്രകടമാകുന്നു? ഇപ്രകാരം ജീവൽപ്രശ്നങ്ങളോടു ബന്ധപ്പെട്ട പല താത്ത്വികപ്രശ്നങ്ങളാണു് ഈ വേദഭാഗം നിരത്തിവയ്ക്കുന്നതു്.

2. സ്ഥലകാലങ്ങളുടെ പരിധിയിൽ ഉണ്ടായി ഇല്ലാതാകുന്നതാണു മനുഷ്യവ്യക്തിത്വവും അതിൻെറ നാമരൂപങ്ങളും. മനുഷ്യവ്യക്തി സദാ ഒഴുകിക്കൊണ്ടിരിക്കുന്ന ചരിത്രത്തിൻെറ ഭാഗമാണു്. താൽക്കാലികചരിത്രമുള്ള ഒരു പ്രതിഭാസം. ഇക്കാര്യത്തിൽ പഴയനിയമ ദൈവശാസ്ത്രജ്ഞനു സന്ദേഹമില്ല. എന്നാൽ അതു മനുഷ്യത്വം നിരർത്ഥകമാക്കുന്നില്ല. മനുഷ്യചരിത്രം ശാശ്വതമായ ദൈവോദ്ദേശ്യത്തോടു ബന്ധിക്കപ്പെട്ടിരിക്കുന്നതിനാൽ, അതിനു ദൈവദർശനത്തിൽ സ്ഥായിയായ അർത്ഥവും ലക്ഷ്യവുമുണ്ടു്. മനുഷ്യതലമുറകൾ ഒന്നൊന്നായി വന്നു മറയുന്നുവെങ്കിലും മാനവചരിത്രത്തിൻെറ ആരംഭവും അന്തവും മദ്ധ്യഘട്ടങ്ങളും ദൈവോദ്ദേശ്യത്തിൽ അടിസ്ഥാനപ്പെട്ടിരിക്കുന്നു. ദൈവം സൃഷ്ടിക്കുന്നു, വിധിക്കുന്നു, പരിപാലിക്കുന്നു, രക്ഷിക്കുന്നു, ചരിത്രത്തിൻെറ ദിവ്യ ലക്ഷ്യപ്രാപ്തി മുൻനിർത്തി ദൈവം വ്യക്തികളെയും സമൂഹങ്ങളെയും പ്രത്യേക പ്രവർത്തനങ്ങൾക്കു വിളിക്കുന്നു, അവരുമായി ഉടമ്പടിയിൽ പ്രവേശിക്കുന്നു. ഇപ്രകാരം ഒരു വശത്തു ദൈവവാഗ്ദാനങ്ങളുടെയും വാഗ്ദാന നിവൃത്തിയുടെയും വൃത്താന്തമാണു

മാനവചരിത്രം. അതു ദൈവചരിതമാണ്. മറുവശത്തു ദൈവത്തോടു സഹകരിച്ചു പ്രവർത്തിപ്പാൻ വിളിക്കപ്പെട്ട മനുഷ്യവ്യക്തികളുടെയും തലമുറകളുടെയും ജാതികളുടെയും പ്രത്യുത്തരചരിതമാണു മാവനചരിത്രം. വിശ്വാസാവിശ്വാസങ്ങളുടെ ചരിത്രം. ചരിത്രത്തിൽ ജന്മമെടുക്കുന്ന ഓരോ വ്യക്തിയും ഓരോ തലമുറയും ഓരോ സമൂഹവും ദൈവോദ്ദേശ്യനിവൃത്തിക്കായി ദൈവത്തിന്റെ ആനുകാലിക പ്രവർത്തനങ്ങളോടു ബന്ധപ്പെടുന്നതനുസരിച്ച് അവരുടെ ജന്മം സഫലമോ നിഷ്ഫലമോ ആയി ഭവിക്കുന്നു. മാനവചരിത്രം അർത്ഥനിർഭരമാണ്. അതു ലക്ഷ്യം തെററി ചരിച്ചു ദുരന്തനാടകമായി പര്യവസാനിക്കാം. എന്നാൽ അർത്ഥശൂന്യമായി നിത്യം തിരിഞ്ഞുകൊണ്ടിരിക്കുന്ന ചക്രമല്ലതന്നെ.

2. ചരിത്രം നിരർത്ഥകമായ ജനനമരണചക്രമായി വ്യാഖ്യാനിക്കപ്പെടുന്ന താത്ത്വിക ദർശനങ്ങളിൽ ജന്മത്തിൽനിന്നു മോക്ഷമാണ് ആത്മീയമനുഷ്യർ കാംക്ഷിക്കുന്നത്. എന്നാൽ ചരിത്രത്തിന്റെ ദൈവികലക്ഷ്യം ഉറപ്പിച്ചു പ്രഖ്യാപിക്കുന്ന വേദപുസ്തകത്തിൽ ജന്മം ദൈവത്തോടു ബന്ധം സാധിക്കുന്ന അനുഗ്രഹമാണ്. ദൈവത്തിൽനിന്ന് അന്യപ്പെട്ട ജീവിതവും ജന്മസാഫല്യം പ്രാപിക്കാത്ത മരണവുമാണു ദുരന്തയാഥാർത്ഥ്യങ്ങൾ. 'എന്റെ ആയുസ്സു നിന്റെ മുമ്പാകെ ഏതുമില്ലാത്തതുപോലെയിരിക്കുന്നു. ഏതു മനുഷ്യനും ഉറച്ചുനിന്നാലും ഒരു ശ്വാസമത്രെ.... എന്നാൽ കർത്താവേ, ഞാൻ ഏതിനായി കാത്തിരിക്കുന്നു?എന്റെ പ്രത്യാശ നിന്നിൽ വച്ചിരിക്കുന്നു.... എന്നാൽ എന്റെ സകല പിതാക്കന്മാരെയുംപോലെ നിന്റെ സന്നിധിയിൽ അന്യനും പരദേശിയും ആകുന്നുവല്ലോ. ഞാൻ ഇവിടെനിന്നു പോയി ഇല്ലാതെയാകുന്നതിനുമുമ്പെ ഉന്മേഷം പ്രാപിക്കേണ്ടതിനു നിന്റെ നോട്ടം എന്നിൽനിന്നു മാറേറണമേ' (സങ്കീ. 39. 5, 7, 12–13). നിത്യനായ ദൈവത്തിന്റെ

ചരിത്രത്തിലെ പ്രവർത്തനങ്ങളോടു ബന്ധപ്പെടുന്നതിലാണു് അനിത്യനായ മനുഷ്യനു ജന്മസാഫല്യം ഉണ്ടാകുന്നതു്. 'നീ അനാദിയായും ശാശ്വതമായും ദൈവമാകുന്നു. നീ മർത്ത്യനെ പൊടിയിലേക്കു മടങ്ങിച്ചേരുമാറാക്കുന്നു....കാലത്തുതന്നെ ഞങ്ങളെ നിൻെറ ദയകൊണ്ടു തൃപ്തരാക്കേണമേ, എന്നാൽ ഞങ്ങളുടെ ആയുഷ്ക്കാലമൊക്കെയും ഞങ്ങൾ ഘോഷിച്ചാനന്ദിക്കും... നിൻെറ ദാസന്മാർക്കു നിൻെറ പ്രവൃത്തിയും, അവരുടെ മക്കൾക്കു നിൻെറ മഹത്വവും വെളിപ്പെടുമാറാകട്ടെ' (സങ്കീ. 90. 2, 14, 16). ദൈവസാന്നിദ്ധ്യമില്ലാത്ത ജീവിതം നിഷ്ഫലമാണു്. അതിൻെറ അവസാനത്തിലുള്ള മരണം ദുരന്തമാണു്. 'നീ നിൻെറ മുഖത്തെ മറച്ചു, ഞാൻ ഭ്രമിച്ചുപോയി. യഹോവേ, ഞാൻ നിന്നോടു നിലവിളിച്ചു; യഹോവയോടു ഞാൻ യാചിച്ചു. ഞാൻ കുഴിയിൽ ഇറങ്ങിപ്പോയാൽ എൻെറ രക്തംകൊണ്ടു് എന്തു ലാഭമുള്ളു? ധൂളി നിന്നെ സ്തുതിക്കുമോ? അതു നിൻെറ സത്യത്തെ പ്രസ്താവിക്കുമോ?' (സങ്കീ. 39. 7–9).

5. 24. ഹാനോക്കു് ദൈവത്തോടുകൂടെ നടന്നു. ദൈവം അവനെ എടുത്തുകൊണ്ടതിനാൽ കാണാതെയായി.

27. മെഥൂശലഹിൻെറ ആയുഷ്ക്കാലം ആകെ തൊള്ളായിരത്തറുപത്തൊമ്പതു സംവത്സരമായിരുന്നു. പിന്നെ അവൻ മരിച്ചു.

1. ആദാം മുതൽ ഏഴാമനായ ഹാനോക്കിൻെറ ഒരു പ്രവചനം യൂദായുടെ ലേഖനത്തിൽ (യൂദാ. 14–15) ഉദ്ധരിച്ചിട്ടുള്ളതിനാൽ ഇവിടെ നല്കിയിരിക്കുന്ന ഹാനോക്കു് പാരമ്പര്യം അപൂർണ്ണമാണെന്നു വേണം വിചാരിക്കുവാൻ.

2. ലോകചരിത്രം ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധമായിട്ടാണു പഴയനിയമം വ്യാഖ്യാനിക്കുന്നതു്. തുടരുന്ന ഈ ചരിത്രത്തിൻെറ അനുബന്ധങ്ങളാണു വ്യക്തികളുടെയും സമൂഹങ്ങളുടെയും ചരിത്രങ്ങൾ. ചരിത്രത്തിലാണു ദൈവത്തോടു ബന്ധം അവസ്ഥയുള്ളതു്

മരണം ലോകത്തിൽനിന്നെന്നതുപോലെ ദൈവസന്നിധിയിൽനിന്നും മനുഷ്യവ്യക്തിയുടെ വേർപാടായിരിക്കുന്നതു് അതുകൊണ്ടത്രെ. മനുഷ്യവ്യക്തികളുടെ ഇഹലോകജീവിതത്തിനും അവർ ലോകചരിത്രത്തിൽ നല്കുന്ന സംഭാവനകൾക്കും ഈ സമീപനം അങ്ങേയററം വില കല്പിക്കുന്നു. മനുഷ്യരുടെ ആളത്തം മരണത്തോടുകൂടി അവസാനിക്കുന്നുവെങ്കിലും അവരുടെ ജീവിതംമൂലം അവർ പിൻതലമുറകൾക്കു നല്കിയ സംഭാവനകൾ ചരിത്രപാരമ്പര്യമായി നിലനില്ക്കും. അവ ലോകത്തിൽ ദൈവചരിത്രത്തിൻെറ ഒരു ഭാഗമായിത്തീരുന്നു എന്ന ചരിതാർത്ഥതയോടെ മനുഷ്യക്കു മരണം അഭിമുഖീകരിക്കാം. ഇപ്രകാരമാണു പഴയനിയമത്തിൻെറ പൊതുചിന്ത. എന്നാൽ ലോകചരിത്രത്തോടു ബന്ധിക്കപ്പെട്ടിരിക്കുമ്പോൾ മാത്രമേ മനുഷ്യനു ദൈവവുമായി ബന്ധം സാദ്ധ്യമാവൂ എന്ന പൊതുതത്ത്വം ചോദ്യം ചെയ്യുന്ന രീതിയിലാണു ഹാനോക്കിൻെറ അന്തം ചിത്രീകരിച്ചിരിക്കുന്നതു്. ഹാനോക്കു് ഈ ലോകത്തിൽ ജീവിച്ചിരുന്നപ്പോൾ ദൈവത്തോടുകൂടെ നടന്നു. ഹാനോക്കിനു് ഈ ലോകത്തിൽ ലഭിച്ച ദൈവസാന്നിദ്ധ്യം തുടർന്നു ലഭിക്കത്തക്കവെണ്ണം അവനെ മരണത്തിനു വിധേയനാക്കാതെ ദൈവസാന്നിദ്ധ്യമുള്ള വേറൊരു തലത്തിലേക്കു ചേർത്തുകൊള്ളുന്നു. ഏലിയാപ്രവാചകനും ഏകദേശം ഈ രൂപത്തിൽതന്നെ, ഒരു അനുഭവമാണുണ്ടായതു് (2 രാജാ. 2. 11).

2. ചരിത്രം ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിൻെറ ഏകരംഗമാണെങ്കിൽ വേറൊരു പ്രശ്നവും ഉദിക്കുന്നു. ലോകചരിത്രത്തിൽ ദൈവരാജ്യത്തിൻെറ പുരോഗതിക്കു സംഭാവന നല്കുന്നതിൽ മനുഷ്യവ്യക്തികൾ അവരുടെ ജീവിതലക്ഷ്യം ഈ ജന്മത്തിൽതന്നെ പ്രാപിക്കുന്നു എന്ന സത്യം അംഗീകരിക്കാം. എന്നാൽ കാലാന്ത്യത്തിൽ ദൈവരാജ്യം ലോകത്തിൽ സ്ഥാപിക്കപ്പെടുമ്പോൾ ദൈവഹിതം

ചെയ്തു ജീവിച്ചു മരിച്ചുപോയ മനുഷ്യർക്കും സമൂഹങ്ങൾക്കും അതിൽ എന്തെങ്കിലും പങ്കുണ്ടാവുമോ? ചരിത്രമനുഷ്യനെ സംബന്ധിച്ച ഈ പ്രശ്നം പഴയ നിയമം ചിലേടങ്ങളിൽ ഉന്നയിക്കുന്നു എങ്കിലും ഉത്തരം നല്കുന്നില്ല. യേശുക്രിസ്തുവിന്റെ അന്ത്യപ്രത്യക്ഷതയിൽ വിശ്വാസികൾക്കു് ഉയിർത്തെഴുന്നേല്പുണ്ടു് എന്നു പുതിയനിയമം വ്യക്തമാക്കുന്നു. മരണത്തിനപ്പുറത്തും മനുഷ്യാളത്തം ദൈവത്തോടും ലോകചരിത്രത്തോടുതന്നെയും ബന്ധം തുടരുന്നു എന്നു്. എന്നാൽ ഇതു മാനവജീവിതത്തിൽ ഈലോകജീവിതം നിർണായകശക്തിയാണെന്നുള്ള സത്യത്തിനു കോട്ടം വരുത്താൻ പാടില്ല. നിത്യജീവൻ എല്ലാ മനുഷ്യർക്കും ഈ ജന്മത്തിലാണാരംഭിക്കുന്നതു് എന്ന സത്യം വേദപുസ്തകം ശക്തമായ ഭാഷയിൽ തുടർന്നു പ്രഘോഷിക്കുന്നു.

3. അതിദീർഘായുസ്സുണ്ടായിരുന്ന ആദാമിന്റെ ആദിസന്തതികളിൽ ഏററം ദീർഘായുസ്സു് മെഥൂശലഹിനായിരുന്നു. ദീർഘായുസ്സു് ദൈവാനുഗ്രഹമായിട്ടാണു് യിസ്രായേൽ പരിഗണിച്ചതു്. എന്നാൽ ദീർഘായുസ്സുണ്ടായതുകൊണ്ടുതന്നെ ജീവിതം അത്ഥവത്താകണമെന്നില്ല. മെഥൂശലേഹിന്റെ ജീവിതം കൊണ്ടു ചരിത്രത്തിനു ലഭിച്ച ഏതെങ്കിലും മുതൽക്കൂട്ടോ, ജീവിതത്തിൽ അവനും ദൈവവുമായി ഉണ്ടായിരുന്ന ബന്ധമോ സംബന്ധിച്ചു് എഴുത്തുകാരനു് ഒന്നും പറയാനില്ല. മെഥൂശലഹ് 969 സംവത്സരം ജീവിച്ചു മരിച്ചു എന്നു മാത്രം. ആയുസ്സിന്റെ ദൈർഘ്യമല്ല ആഴമാണു പ്രധാനം. എല്ലാ മനുഷ്യർക്കും ചരിത്രത്തിൽ ഏതെങ്കിലും അംഗീകൃത നായകസ്ഥാനത്തു വന്നുചേരാമെന്നോ വന്നുചേരണമെന്നോ അല്ല. ദൈവം നമ്മെ നിയോഗിച്ചിരിക്കുന്ന ചെറുതോ വലുതോ ആയ സ്ഥാനങ്ങളിൽ, ദൈവത്തോടുകൂടെ നടന്നു്, ദൈവനീതിക്കു സാക്ഷികളായിരിക്കാൻ എല്ലാ മനുഷ്യരും വിളിക്കപ്പെട്ടിരിക്കുന്നു. അതനുസ

രിക്കുന്നതത്രെ വിശുദ്ധിയുടെ ലക്ഷണം. ഹാനോക്കിൽ കാണുന്നതു് അതത്രെ. നോഹയുടെ ജീവിതമാഹാത്മ്യവും അതുതന്നെ. 'നോഹ നീതിമാനും തൻെറ തലമുറയിൽ നിഷ്കളങ്കനുമായിരുന്നു. നോഹ ദൈവത്തോടു കൂടെ നടന്നു' (ഉത്പ. 6.9). യഹോവ അബ്രഹാമിനോടു പറയുന്നു, 'നീ എൻെറ മുമ്പാകെ നടന്നു നിഷ്കളങ്കനായിരിക്ക' (17.1). എല്ലാ മനുഷ്യരോടുമുള്ള പ്രവാചകവചനവും ഇതുതന്നെ: 'മനുഷ്യാ നല്ലതു എന്തെന്നു് അവൻ നിനക്കു കാണിച്ചുതന്നിരിക്കുന്നു. ന്യായം പ്രവർത്തിപ്പാനും ദയാതത്പരനായിരിപ്പാനും നിൻെറ ദൈവത്തിൻെറ സന്നിധിയിൽ താഴ്മയോടെ നടപ്പാനുമല്ലാതെ എന്താകുന്നു യഹോവ നിന്നോടു ചോദിക്കുന്നതു്?' (മീഖാ 6. 8).

4. യേശുക്രിസ്തു മുപ്പത്തിമൂന്നരകൊല്ലങ്ങളേ ജീവിച്ചുള്ളു. ചുരുങ്ങിയ ആയുസ്സ്. മൂന്നരവർഷങ്ങൾ മാത്രം പരസ്യശുശ്രൂഷയിൽ. പക്ഷെ ദൈവസാന്നിദ്ധ്യവും സ്വയം ത്യാഗവുംകൊണ്ടു ദിവ്യതേജസ്സുററ ജീവിതം. 'കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു' (യോഹ. 1. 14). മെഥൂശലഹല്ല, യേശുക്രിസ്തുവത്രെ നമ്മുടെ ദൃഷ്ടാന്തം, നമ്മുടെ വിശ്വാസനായകൻ.

6. 1. മനുഷ്യൻ ഭൂമിയിൽ പെരുകിത്തുടങ്ങി. അവർക്കു പുത്രിമാർ ജനിച്ചപ്പോൾ ദൈവത്തിൻെറ പുത്രന്മാർ മനുഷ്യരുടെ പുത്രിമാരെ സൗന്ദര്യമുള്ളവരെന്നു കണ്ടിട്ടു തങ്ങൾക്കു ബോധിച്ച ഏവരെയും ഭാര്യമാരായി എടുത്തു.

3. അപ്പോൾ യഹോവ: മനുഷ്യനിൽ എൻെറ ആത്മാവു സദാകാലവും വാദിച്ചുകൊണ്ടിരിക്കയില്ല. അവർ ജഡം തന്നെയല്ലോ. എങ്കിലും അവൻെറ കാലം നൂററിരുപതു സംവത്സരമാകും എന്നു് അരുളിച്ചെയ്തു.

4. അക്കാലത്തു ഭൂമിയിൽ മല്ലന്മാർ ഉണ്ടായിരുന്നു. അതിൻെറ ശേഷവും ദൈവത്തിൻെറ പുത്രന്മാർ മനുഷ്യപുത്രിമാരുടെ അടുക്കൽ ചെന്നിട്ടു് അവർ മക്കളെ പ്രസവിച്ചു. ഇവരാകുന്നു പുരാതനകാലത്തെ വീരന്മാർ, കീർത്തിപ്പെട്ട പുരുഷന്മാർതന്നെ.

1. ദേവലോകത്തെ അസുരാത്മാക്കളും ഭൂമിയിലെ മനുഷ്യരും ചേർന്നു് ഒരു സങ്കരവർഗ്ഗം ഭൂമിയിൽ ഉടലെ

ടുക്കുന്ന ഒരു പുരാണകഥയാണു് ഈ വേദഭാഗത്തെ ഭാഷാശൈലി. ഒരുപക്ഷെ കഥയുടെ പരാമർശം ഭൂമിയിൽ മല്ലന്മാരുടെ വർഗ്ഗത്തിൻെറ ഉത്ഭവമായിരുന്നിരിക്കാം. എന്നാൽ യാഹ്‌വിസ്റ്റ് അതുപയോഗിക്കുന്നതു് മനുഷ്യസമുദായത്തിൻെറ ക്രമാനുഗതമായ ധാർമ്മികാധഃപതനം വ്യക്തമാക്കാനാണു്. പഴയനിയമത്തിലും പുതിയനിയമത്തിലും സ്വർഗ്ഗീയ ദൈവദൂതന്മാരെപ്പററി പ്രസ്താവനകാംകാണാം(ഉത്പ. 28. 12; സങ്കീ. 29. 1; മത്താ. 22. 30). ദൈവത്തോടു മത്സരിച്ച അസുരാത്മാക്കളിലുള്ള വിശ്വാസവും പരമ്പരാഗതമാണു്. 'നമുക്കു പോരാട്ടമുള്ളതു് ജഡരക്തങ്ങളോടല്ല, വാഴ്ചകളോടും അധികാരങ്ങളോടും സ്വർലോകങ്ങളിലെ ദുഷ്ടാത്മസേനയോടുമത്രെ' (എഫെ. 6.12). 'തങ്ങളുടെ വാഴ്ച കാത്തുകൊള്ളാതെ സ്വന്തവാസസ്ഥലം വിട്ടുപോയ ദൂതന്മാരെ' സംബന്ധിച്ച യൂദായുടെ ലേഖനം പ്രതിപാദിക്കുന്നു (യൂദാ 6). ഈ ദുഷ്ടാത്മസേനയ്ക്കു ലോകത്തിൽ വാസസ്ഥാനം നല്കുന്നതു ദൈവത്തോടു മത്സരിച്ച മനുഷ്യവർഗമാണെന്നു വിവക്ഷ. ദൈവത്തിങ്കൽ നിന്നും സഹോദരനിൽനിന്നും അഹന്തസത്തയിൽ നിന്നും അന്യപ്പെട്ട മനുഷ്യനു് അവൻ നിഷേധിക്കുന്ന യാഥാർത്ഥ്യങ്ങളെല്ലാം പൈശാചിക ബാഹ്യരൂപം പ്രാപിക്കുന്നതു തികച്ചും സ്വാഭാവികമാണു്. അന്യഥാത്വം നിലനില്ക്കുന്നിടത്തോളം അസുരാത്മമായാലോകം തികച്ചും യഥാർത്ഥമാണു്. വി. പൗലൊസ് പറയുന്നു: 'ലോകത്തിൽ വിഗ്രഹം ഏതുമില്ല എന്നും ഏക ദൈവമല്ലാതെ ദൈവമില്ല എന്നും നാം അറിയുന്നു, പല ദേവന്മാരും പല കർത്താക്കന്മാരും ഉണ്ടു് എന്നു പറയുന്നുവല്ലോ. എന്നാൽ ആകാശത്തിലോ ഭൂമിയിലോ ദേവന്മാർ എന്നു പേരുള്ളവർ ഉണ്ടെന്നു വരികിലും പിതാവായ ദൈവമേ നമുക്കുള്ളു. അവൻ സകലത്തിനും കാരണഭൂതനും നാം അവനായി ജീവിക്കേണ്ടതുമാകുന്നു' (1കൊരി. 8. 4–6). വിഗ്രഹസേവ വിട്ടു ദൈവവേലയിൽ സ്വയം സമർപ്പിക്കു-

വരെ ദേവന്മാരും കർത്താക്കളും അസുരാത്മസേനയും എല്ലാം മനുഷ്യചരിത്രം സ്വാധീനിക്കുന്ന യാഥാർത്ഥ്യങ്ങാംതന്നെ.

2. യാഹ്വിസ്റ്റ് ദൈവശാസ്ത്രജ്ഞൻ മനുഷ്യചരിത്രത്തിൽ സൃഷ്ടിശക്തികളോടൊപ്പം പൈശാചികശക്തികളും പുരോഗമിക്കുന്ന ചിത്രം വരച്ചുകാട്ടുകയാണു്. മനുഷ്യർ മൃഗതുല്യരാവുകയല്ല മാനവസമുദായങ്ങളുടെ അധഃപതനം. മൃഗത്തിൻെറ ലൈംഗികദാഹം പ്രകൃതിനിയമമനുസരിച്ച് ഉളവായി നിർവൃതി പ്രാപിക്കുന്നു. ദുഷ്ക്കാമാസക്തി മൃഗത്തിനില്ലതന്നെ. ലൈംഗികാസക്തി വികലമായ ആത്മബോധത്തോടു ചേരുമ്പോഴാണു് ദുഷ്ക്കാമമായി അപഥസഞ്ചാരം ചെയ്യുന്നതു്. ദൈവത്തിൻെറ സൃഷ്ടികർത്തവ്യത്തോടു മത്സരിച്ചു ദിവ്യത്വംതേടി നടക്കുന്ന മനുഷ്യൻെറ അഹന്തയാണു ജഡികസൗന്ദര്യവും കാമശക്തിയും മനുഷ്യാളത്തത്തിൽനിന്നന്യപ്പെടുത്തി അനുഭവിപ്പാൻ വെമ്പൽകൊള്ളുന്നതു്. അതു് അമാനുഷമായ ഏതോ ആത്മശക്തികാംക്ക അഹന്ത അടിപ്പെടുന്ന അനുഭൂതി ഉളവാക്കുന്നു. അതോടെ മനുഷ്യരുടെ ഭാവനയിൽ ലോകം മനുഷ്യരുടെ, അന്യോന്യം ഉത്തരവാദിത്വത്തിൽ ജീവിക്കാനുദ്ദേശിക്കപ്പെട്ടിരിക്കുന്ന ആളുകളുടെ, വാസസ്ഥലമല്ല; ലോകം സുന്ദരികളായ സ്ത്രീകളുടെയും മല്ലന്മാരുടെയും പുരുഷന്മാരുടെയും ആസ്ഥാനമാണു്. മനുഷ്യത്വത്തിൻെറ ഏകതയിൽനിന്നു ജഡം വെട്ടിമുറിച്ചു മാററി ജഡമോഹം, കൺമോഹം ഇവ ദൈവത്തിൻെറ സ്ഥാനത്തു നിർത്തി ആരാധിക്കുന്ന അനുഭൂതിയിൽ മനുഷ്യർ ആത്മനിർവൃതി പ്രാപിക്കുന്നു. സൗന്ദര്യം സത്യത്തിൽനിന്നും നന്മയിൽനിന്നും ഒററപ്പെട്ടാൽ മനുഷ്യത്വം നശിക്കും. കായശക്തി സത്യത്തിൽനിന്നും നന്മയിൽനിന്നും ഒററപ്പെട്ടാൽ അക്രമാസക്തമായ രാക്ഷസീയത ആവിർഭവിക്കും. ഒരുപക്ഷെ മനുഷ്യൻ അഹങ്കാരലഹരി പിടിച്ച് അങ്ങനെയുണ്ടാകുന്ന വ്യവസ്ഥിതി ദേവ

ലോകമെന്നു് കരുതും. എന്നാൽ യഥാർത്ഥത്തിൽ ആ ലോകം അസുരശക്തികളുടെ വിളയാട്ടസ്ഥാനമാണു്. മനുഷ്യായുസ്സിൻെറ ദൈർഘ്യം, ഉത്പ. 5—ൽ മുന്നൂറിനും ആയിരത്തിനും ഇടയ്ക്കായിരുന്നതു നൂററിയിരുപതായി കുറയുന്നതു കാണുക. അതീവ കായബലമുള്ള മല്ലന്മാരും അതീവ സൗന്ദര്യമുള്ള സ്ത്രീകളും അവരുടെ ക്രമരഹിതജീവിതം നിമിത്തം ഹ്രസ്വായുസ്സുള്ളവരായി പരിണമിക്കുന്നു. അതോ ദോഷശക്തികൾക്കടിമയായിത്തീർന്ന മനുഷ്യർക്കു ദീർഘായുസ്സിനെക്കാൾ ഹ്രസ്വായുസ്സ് കൂടുതൽ അനുഗ്രഹമായി ദൈവം കണ്ടതാണോ? ജീവിതനരകത്തിനു ദൈർഘ്യമില്ലാത്തതുതന്നെ അനുഗ്രഹം:

3. മനുഷ്യരുടെ അന്തഃകരണത്തിൽ ദൈവാത്മാവു സദാ സംവാദം ചെയ്തു കൊണ്ടിരിക്കുന്നു. ദൈവോദ്ദേശ്യം ലോകത്തിൽ പ്രാവർത്തികമാക്കുന്നതിനുള്ള മനുഷ്യരുടെ കടമ, സമൂഹത്തിൽ സാഹോദര്യം വളർത്തുന്നതിനുള്ള മനുഷ്യരുടെ ഉത്തരവാദിത്വം, ജീവനെ കളയുന്നവൻ കണ്ടെത്തുമെന്ന നിത്യജീവൻെറ സത്യം—ഇവയാണു സംവാദവിഷയങ്ങൾ. എന്നാൽ ദൈവശബ്ദം സദാ തിരസ്കരിക്കുന്ന ആത്മബോധത്തിൽ ദൈവശബ്ദം നിലച്ചു, മനസാക്ഷി നിർജ്ജീവമായി, ഹൃദയം കഠിനമാകുന്ന ഒരവസ്ഥയുണ്ടു്. ആത്മനാശം സംഭവിച്ച അവസ്ഥ. ഒരു സമൂഹം അങ്ങനെയൊരു അവസ്ഥയിൽ ഛിന്നഭിന്നമാകും. ആ അവസ്ഥയിൽ മനുഷ്യചരിത്രം ഉന്നം തെററി നാശത്തിൽ നിപതിക്കും.

5. ഭൂമിയിൽ മനുഷ്യൻെറ ദുഷ്ടത വലിയതെന്നും അവരുടെ ഹൃദയവിചാരങ്ങളുടെ നിരൂപണം എല്ലായ്പോഴും ദോഷമുള്ളതത്രെ എന്നും യഹോവ കണ്ടു.

6. താൻ ഭൂമിയിൽ മനുഷ്യനെ ഉണ്ടാക്കുകകൊണ്ടു യഹോവ അനുതപിച്ചു. അതു് അവൻെറ ഹൃദയത്തിനു ദുഃഖമായി.

11. എന്നാൽ ഭൂമി ദൈവത്തിൻെറ മുമ്പാകെ വഷളായി. ഭൂമി അതിക്രമംകൊണ്ടു നിറഞ്ഞിരുന്നു.

12. ദൈവം ഭൂമിയെ നോക്കി. അതു വഷളായി എന്നു കണ്ടു. സകല ജഡവും ഭൂമിയിൽ തൻെറ വഴി വഷളാക്കിയിരുന്നു.

1. കൊല, പ്രതികാരബുദ്ധി, ദിവ്യത്വകാംക്ഷ ഇവ മൂലം മനുഷ്യരുടെ നാഗരികത്വം, കലാസമ്പത്ത്, സാമ്പത്തികശേഷി, ദീർഘായുസ്, സൗന്ദര്യം, കായബലം, ആദിയായ എല്ലാ ദൈവാനുഗ്രഹങ്ങളും ശാപഹേതുവായി ഭവിക്കുന്നു. ലോകചരിത്രം ദൈവവ്യവസ്ഥിതിയിൽനിന്നു തികച്ചും അന്യപ്പെട്ട്, മനുഷ്യത്വം ആദരിക്കപ്പെടുന്ന ദൈവരാജ്യത്തിനു പകരം മനുഷ്യത്വം ചവിട്ടിമെതിക്കപ്പെടുന്ന രാക്ഷസരാജ്യത്തിലേക്ക് ത്വരിതഗമനം ചെയ്യുന്നു. ചരിത്രത്തിന്റെ തദ്ദവസ്ഥ ദൈവത്തിനു മോഹഭംഗം ഉണ്ടാക്കിയിരിക്കുന്നതായിട്ടാണ് ഈ വേദഭാഗം വ്യാഖ്യാനിക്കുന്നത്. മനുഷ്യർക്കല്ല ദൈവത്തിനാണ് പ്രഥമമായി മോഹഭംഗം. സൃഷ്ടിപ്പിന്റെ സംരംഭംതന്നെ ഒരു പരാജയമാണോ എന്നു സന്ദേഹിക്കത്തക്കവണ്ണമാണു ചരിത്രഗതി. 'അതു് അവന്റെ ഹൃദയത്തിനു ദുഃഖമായി. ദുഃഖമാണു കോപമല്ല ദൈവത്തിന്റെ പ്രതികരണം. ലോകചരിത്രത്തിൽ ദൃശ്യമാകുന്ന അനീതിയും അക്രമവും കണ്ടു ഹൃദയവേദന അനുഭവിക്കുന്ന അനേകം നല്ല മനുഷ്യരുണ്ട്. അവരിൽ ചിലർ അവരുടെ വേദനയിൽ ഈ ചരിത്രത്തിന്റെ അടിത്തറപാകിയ ദൈവത്തോടുതന്നെ നീരസം പ്രദർശിപ്പിക്കുന്നവരാണ്. സ്നേഹധനനും നല്ലവനുമായ ഒരു ദൈവമില്ലെന്ന വിശ്വാസത്തിലാണ് അവരിൽ ചിലർ വന്നെത്തിയിട്ടുള്ളതു്. ലോകചരിത്രത്തിലെ അക്രമങ്ങൾകൊണ്ടു തപ്തമായ ദൈവഹൃദയം അവർ കാണാത്തതിന്റെ ഫലമാണ് ഈ വക പ്രതികരണങ്ങൾ. യേശുക്രിസ്തുവിന്റെ ക്രൂശിൽ ദൃശ്യമാകുന്നതു ദൈവഹൃദയത്തിൽ തറച്ചിരിക്കുന്ന നിത്യക്രൂശിന്റെ, മനുഷ്യലോകത്തെച്ചൊല്ലിയുള്ള ദിവ്യദുഃഖത്തിന്റെ, പ്രകാശനമാണെന്നു ധരിക്കണം. മനുഷ്യചരിത്രത്തിന്റെഅടിത്തറയായി 'താൻ ഉണ്ടാക്കിയതിനെ ഒക്കെയും ദൈവം നോക്കി, അതു് എത്രയും നല്ലതു് എന്നു കണ്ടു' (ഉത്പ 1. 31). ആ അടിത്തറമേൽ മനുഷ്യൻ കെട്ടിയുണ്ടാക്കിയതോ? 'ദൈവം ഭൂമിയെ നോക്കി, അതു വഷ

ളായി എന്നു കണ്ടു' എന്നത്രെ നാം വായിക്കുന്നതു്.

2. മനുഷ്യവർഗത്തിൻെറ ആത്മീയ വൈകല്യമാണു ചരിത്രം ദുരന്തയാഥാർഥ്യമാക്കിത്തീർക്കുന്നതു്, പ്രപഞ്ചത്തെ ആകമാനം വഴിതെററിക്കുന്നതു്. മനുഷ്യൻെറ 'ഹൃദയവിചാരങ്ങളുടെ നിരൂപണമൊക്കെയും എല്ലായ്പോഴും ദോഷമുള്ളതത്രെ എന്നു യഹോവ് കണ്ടു', വേദപുസ്തക ഭാഷാശൈലിപ്രകാരം ഹൃദയം ആളത്തത്തിൻെറ കേന്ദ്രം കുറിക്കുന്നു. മനുഷ്യാളത്തത്തിൻെറ കേന്ദ്രമായ ആത്മാവാണു മലിനമായിരിക്കുന്നതു്. മനുഷ്യസ്വഭാവമാണു പാപപങ്കിലമായതു്. അതു മനുഷ്യൻെറ ചിന്തകളെയും ഭാവങ്ങളെയും മലിനപ്പെടുത്തും 'ഒക്കെയും എല്ലായ്പോഴും'—മനുഷ്യാളത്തം മുഴുവനും, മനുഷ്യൻ ജീവിക്കുന്ന കാലമത്രയും മനുഷ്യത്വം പാപത്താൽ വികലമാണെന്നു്. അതിൻെറ ഫലമോ 'സർവ്വജഡവും ഭൂമിയിൽ തൻെറ വഴി വഷളാക്കിയിരിക്കുന്നു.' സർവ്വമനുഷ്യജാതിയും മാത്രമല്ല, പ്രപഞ്ചവും ബോധപൂർവ്വം സ്വയം ദോഷവഴിയിൽ ചരിക്കും.

3. 'ഭൂമി അതിക്രമംകൊണ്ടു നിറഞ്ഞിരിക്കുന്നു.' അതിക്രമം, അക്രമം ഇവ പ്രഥമമായി ദൈവം മനുഷ്യത്വത്തിനു വച്ചിരിക്കുന്ന അതിരുകളുടെ ലംഘനമാണു്, ക്രമരാഹിത്യമാണു്. സൃഷ്ടിവ്യവസ്ഥിതിയിലെ അടിസ്ഥാനക്രമം സൃഷ്ടിക്കുന്ന സ്രഷ്ടാവിനോടുള്ള ഉത്തരവാദിത്വമത്രെ. പ്രസ്തുത ക്രമീകരണമാണു് മനുഷ്യവർഗ്ഗത്തിനു സഹിച്ചുകൂടാത്തതു്. സ്രഷ്ടാവിൻെറ അവകാശങ്ങൾ സ്വായത്തമാക്കാൻ ഉദ്യമിക്കുന്ന അതിക്രമത്തിൽനിന്നു് എല്ലാ ബാഹ്യലോക അതിക്രമങ്ങളും ഉടലെടുക്കുന്നു. സഹോദരനോടു് അക്രമം പ്രകൃതിയോടു് അക്രമം ഇവയെല്ലാം.

**6.7 ഞാൻ സൃഷ്ടിച്ചിട്ടുള്ള മനുഷ്യനെ ഭൂമിയിൽനിന്നു നശിപ്പിച്ചുകളയും. മനുഷ്യനെയും മൃഗത്തെയും ഇഴജാതിയെയും ആകാശത്തിലെ പക്ഷികളെയും തന്നെ..................................**

**8. എന്നാൽ നോഹയ്ക്കു യഹോവയുടെ കൃപലഭിച്ചു.**

**13 ദൈവം നോഹയോടു കല്പിച്ചതെന്തെന്നാൽ, സകല ജഡത്തിൻെറയും അവസാനം എൻെറ മുമ്പിൽ വന്നിരിക്കുന്നു. ഭൂമി അവരാൽ അതിക്രമം കൊണ്ടു നിറഞ്ഞിരിക്കുന്നു. ഞാൻ അ വരെ ഭൂമിയോടുകൂടെ നശിപ്പിക്കും.**

1. ദൈവം ലോകത്തെ വിധിക്കുന്നു. 'മനുഷ്യനെ ഭൂമിയിൽനിന്നു നശിപ്പിച്ചുകളയും' മനുഷ്യനെ മാത്രമല്ല ജീവനുള്ള സകലത്തെയും. 'മനുഷ്യനെയും മൃഗത്തെയും ഇഴജാതിയെയും ആകാശത്തിലെ പക്ഷികളെയും തന്നെ.' അതുമല്ല ഭൂമിയെ തന്നെയും. 'ഞാൻ അവരെ ഭൂമിയോടുകൂടെ നശിപ്പിക്കും.' ദൈവത്തിന്റെ ന്യായവിധി ഒരു വിശേഷപ്രവർത്തനമല്ല, സൃഷ്ടിയുടെ ഒരുവശം മാത്രമാണ്. സൃഷ്ടിവ്യവസ്ഥിതിയുടെ മാററപ്പെടാത്ത യാഥാർത്ഥ്യങ്ങളുമായി കൂട്ടിമുട്ടി സ്വയം നശിക്കയാണ്. പാപാവസ്ഥയിൽ ദൈവസ്നേഹംതന്നെയാണ് ദൈവകോപമായി, ദഹിപ്പിക്കുന്ന അഗ്നിയായി മനുഷ്യർക്ക് അനുഭവപ്പെടുന്നത്. ദൈവോദ്ദേശ്യത്തിൽനിന്നു വ്യതിചലിച്ചു ഗമിക്കുന്ന ലോകചരിത്രത്തിന്റെ അന്തം സ്വാഭാവികമായിത്തന്നെ നാശമാണ്. ദൈവം ആളത്തമായതുകൊണ്ടു സൃഷ്ടിപോലെതന്നെ ന്യായവിധിയും ദൈവനന്മയുടെ പ്രകാശനമായ ദിവ്യപ്രവർത്തനമത്രെ. അതുകൊണ്ടു പാപംമൂലം മനുഷ്യവർഗ്ഗത്തിനുണ്ടാവുന്ന നാശം ദൈവത്തിന്റെ ന്യായവിധിയായിത്തന്നെ ചിത്രീകരിക്കുന്നതിൽ അർത്ഥമുണ്ട്. മനുഷ്യചരിത്രം ദിവ്യസൃഷ്ടിയുടെ ചരിത്രം എന്നപോലെ ദിവ്യന്യായവിധിയുടെയും ചരിത്രമാണ്.

1. 'നോഹെക്കു യഹോവയുടെ കൃപ ലഭിച്ചു.' നാശത്തിലേക്കു ത്വരിതഗമനം ചെയ്യുന്ന മനുഷ്യചരിത്രത്തിൽ ദൈവശബ്ദം ശ്രവിച്ച് ആ ചരിത്രം നവീകരിച്ച് ദൈവത്തിന്റെ വഴിയിൽ നയിക്കാൻ കഴിയുന്ന ഒരു ചെറിയ സമൂഹം രൂപപ്പെടുത്തുന്നതിനാണ് ദൈവത്തിന്റെ സകല പരിശ്രമവും. മാനവചരിത്രം ദിവ്യന്യായവിധിയുടെ നീണ്ട തുടർക്കഥയായി വ്യാഖ്യാനിക്കാമെങ്കിലും, അതിനു മേലായി പ്രസ്തുത ചരിത്രം ദൈവകൃപയുടെയും ദീർഘക്ഷമയുടെയും ദൃശ്യരൂപമാണ്. ഏതു ചരിത്രഘട്ടത്തിന്റെയും ആഴത്തിലുള്ള വ്യാഖ്യാനം സൃഷ്ടി, ന്യായവിധി, കൃപ എന്നീ ദിവ്യപ്രക്രിയകളിൽ അധിഷ്ഠിതമായിരിക്കണം. ഈ

അടിത്തറയിൽ ഭൗതിക സാമൂഹ്യവൈരുദ്ധ്യം വ്യക്തമാകുന്ന സാമൂഹ്യശാസ്ത്രങ്ങളുടെ ചരിത്രവ്യാഖ്യാനങ്ങൾക്ക സ്ഥാനമുണ്ട്. ചരിത്രത്തിൻെറ ആത്യന്തികയാഥാർത്ഥ്യം ദൈവവും മനുഷ്യനും തമ്മിൽ തുടർന്നുകൊണ്ടിരിരിക്കുന്ന സംവാദമാണ്. അതിൻെറ ചട്ടക്കൂട്ടിലാണ് മനുഷ്യരുടെ പരസ്പരസംവാദവും സംഘട്ടനവും മനുഷ്യരുടെ പ്രകൃതിബന്ധവും നിലകൊള്ളുന്നതു്. ദൈവം, മനുഷ്യവർഗ്ഗം, പ്രകൃതി എന്നീ മൂന്നു ഘടകങ്ങളും ഏതു ചരിത്രവ്യാഖ്യാനത്തിലും ഗൗരവമായി എടുക്കണം. ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിൽ കൃപക്കാണു മുഖ്യസ്ഥാനം. സൃഷ്ടിയുടെയും ന്യായവിധിയുടെയും മദ്ധ്യത്തിൽ വ്യാപരിക്കുന്ന ദൈവകൃപ.

'നോഹ ദൈവത്തോടുകൂടെ നടന്നു.* 'ദൈവം നോഹയോടു്' ദൈവസംസർഗ്ഗത്തിൽ ജീവിക്കുന്ന മനുഷ്യർക്ക ദൈവം തൻെറ ഉദ്ദേശ്യങ്ങൾ വെളിപ്പെടുത്തുന്നു. ദൈവം സൃഷ്ടിയിൽ പ്രവേശിച്ചതുതന്നെ ദൈവത്തോടുള്ള നിരന്തരസംസർഗ്ഗത്തിൽ ദിവ്യോദ്ദേശ്യങ്ങളും പ്രവർത്തനങ്ങളും ഗ്രഹിച്ചു് ദൈവത്തോടു സഹകരിക്കുന്ന മനുഷ്യാളത്തങ്ങൾ കടഞ്ഞെടുക്കുന്നതിനാണ്, അനേകം പുത്രന്മാരേ സൃഷ്ടിപ്പാൻ. സ്വാന്തസാദൃശ്യം മനുഷ്യർക്ക നല്കിയിരിക്കുന്നതിൻെറ രഹസ്യം അതത്രെ. ശ്രദ്ധയോടെ ചെവികൊടുക്കുന്നവർ ദൈവവചനം ശ്രവിക്കുന്നതു് 'ശ്രുതി'. അതിൻെറ ഓർമ്മ സമൂഹം നിലനിർത്തുന്നതാണ്. ലോകചരിത്രത്തിൽ എല്ലാകാലങ്ങളിലും 'ശ്രുതി'യുടെയും 'സ്മൃതി' യുടെയും പാരമ്പര്യമാണ് ദിവ്യരും വിശുദ്ധരും പ്രവാചകരും പുലർത്തിപ്പോന്നതു്. 'യഹോവയായ കർത്താവു പ്രവാചകന്മാരായ തൻെറ ദാസന്മാർക്ക തൻെറ രഹസ്യം വെളിപ്പെടുത്താതെ ഒരുകാര്യവും ചെയ്കയില്ല' (ആമോ. 3. 7).

6. 17. ആകാശത്തിൻ കീഴിൽനിന്നു ജീവശ്വാസമുള്ള സർവ്വജഡത്തെയും നശിപ്പിപ്പാൻ ഞാൻ ഭൂമിയിൽ ഒരു ജലപ്രളയം വരുത്തും. ഭൂമിയിലുള്ളതൊക്കെയും നശിച്ചുപോകും.

7.11. അന്നുതന്നെ ആഴിയുടെ ഉറവകൾ ഒക്കെയും പിളർന്നു. ആകാശത്തിലെ കിളിവാതിലുകളും തുറന്നു.

16. യഹോവ വാതിലടച്ചു.

18. വെള്ളം പൊങ്ങി ഭൂമിയിൽ ഏററവും പെരുകി.

26. ഭൂമിയിൽ മനുഷ്യനും മൃഗങ്ങളും ഇഴജാതിയും ആകാശത്തിലെ പറവകളുമായി ഭൂമിയിൽ ഉണ്ടായിരുന്ന സകല ജീവജാലങ്ങളും നശിച്ചുപോയി. അവ ഭൂമിയിൽനിന്നു നശിച്ചുപോയി.

1. ജലപ്രളയകഥ യാഹ്‌വിസ്റ്റ് പൗരോഹിത്യ രേഖകൾ ഒരുമിച്ചുചേർത്തു പ്രസാധകൻ ഒരു സങ്കരരൂപത്തിലാണ് അവതരിപ്പിക്കുന്നത്. ജലപ്രളയത്തിൽകൂടി മനുഷ്യവർഗ്ഗത്തിന്റെ നാശം വിവരിക്കുന്ന കഥ പരമ്പരാഗതമായി ഇല്ലാത്ത പ്രാചീന സംസ്ക്കാരങ്ങൾചുരുങ്ങും, ഇല്ലെന്നു തന്നെപറയാം. മെസപ്പൊട്ടേമിയ, സുമേറിയ തുടങ്ങിയ പ്രദേശങ്ങളിലെ ജലപ്രളയകഥകളുടെ രൂപഭാവങ്ങളോട് ഉത്പത്തിയിലെ ജലപ്രളയകഥയുടെ രൂപഭാവങ്ങൾക്കു ബന്ധമുണ്ടെന്നു പണ്ഡിതലോകം തെളിയിച്ചിട്ടുണ്ട്. പ്രളയകഥകൾ ഇതരസമൂഹങ്ങളിൽ ഏതു ലക്ഷ്യം മുൻനിർത്തി ഉളവായി എങ്കിലും യിസ്രായേലിലെ ദൈവശാസ്ത്രജ്ഞനു ജലപ്രളയം പാപമാർഗത്തിൽ ചരിക്കുന്ന മനുഷ്യവർഗ്ഗത്തിന്മേലുള്ള ന്യായവിധിയത്രെ. അനിയന്ത്രിതശക്തികളുടെ ആസ്ഥാനമായ ആഴിയിൽനിന്നു്, ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. പെരുവെള്ളത്തിൽനിന്നു ദൈവാത്മാവു പ്രപഞ്ചം ഉളവാക്കി (ഉത്പ. 1.2) ജലപ്രളയത്തിൽ 'ആഴിയുടെ ഉറവകൾ ഒക്കെയും പിളർന്നു', 'വെള്ളം പൊങ്ങി ഭൂമിയിൽ ഏററവും പെരുകി'—ഇവിടെ സൃഷ്ടിയെ ആഴിയും പെരുവെള്ളവും തിരിച്ചു കീഴടക്കുന്ന വൃത്താന്തമാണു നമുക്കു ലഭിക്കുന്നത്. പ്രളയം ശൂന്യതയുടെയും ക്രമരാഹിത്യത്തിന്റെയും പ്രതീകമാണ്. ദൈവം പ്രളയം നിയന്ത്രിച്ച് പ്രപഞ്ചം വ്യവസ്ഥ ചെയ്യുന്നു. മനുഷ്യവർഗ്ഗം പ്രസ്തുത വ്യവസ്ഥ ലംഘിച്ചതിനാൽ പ്രപഞ്ചം മുഴുവനും പ്രളയത്തിൽ നശിക്കുന്നു, ശൂന്യതയിലേക്കു മടങ്ങിപ്പോകുന്നു. ഇതത്രെ

ന്യായവിധി. തഴച്ചു വളർന്നുവരുന്ന നാഗരികത്വങ്ങളും ഉദിച്ചുയർന്നു ജീവിക്കുന്ന സംസ്കാരങ്ങളും അന്തഃഛിദ്രത്തിൻെറയും യുദ്ധത്തിൻെറയും ജലപ്രളയത്തിൽ നശിക്കുന്ന വൃത്താന്തങ്ങളുടെ തുടർക്കഥയാണു് ലോകചരിത്രം. അതതുകാലങ്ങളിൽ ഉണ്ടാകുന്ന പ്രളയങ്ങളുടെ, നാശങ്ങളുടെ, ചരിത്രം വിധിചക്രത്തിൻെറ നിരന്തര ഭ്രമണമായിട്ടല്ല, മനുഷ്യവർഗത്തിൻെറ പാപമാർഗത്തിന്മേലുള്ള ദിവ്യന്യായവിധിയായിട്ടത്രെ വേദപുസ്തകം വ്യാഖ്യാനിക്കുന്നതു്. മനുഷ്യവർഗമാണതിനുത്തരവാദി.

3. ദൈവം ലോകത്തെ പെരുവെള്ളത്തിൽ നിന്നുണ്ടാക്കിയതിനാൽ സൃഷ്ടിയെ തിരികെ 'പാഴും ശൂന്യവും' ആക്കി മാററാൻ ആഴിയുടെ തിരകൾ നിരന്തരം ലോകത്തിൻെറ അടിസ്ഥാനങ്ങളുടെമേൽ അലതല്ലിക്കൊണ്ടിരിക്കയാണു്. ദൈവവചനവ്യവസ്ഥിതിയിൽ നില്ക്കുന്നിടത്തോളം സൃഷ്ടിക്കു ശൂന്യതയുടെ ശക്തികൾ തടഞ്ഞുനിർത്താം. സങ്കീർത്തനക്കാരൻ പാടുന്നു: 'പെരുവെള്ളം കവിഞ്ഞുവരുമ്പോൾ അതു് അവൻെറ അടുക്കലോളം എത്തുകയില്ല. നീ എനിക്കു മറവിടമാകുന്നു' (സങ്കീ. 32.6–7). യേശുവും പറയുന്നതു്, ദൈവവചനമനുസരിക്കുന്ന ജീവിതത്തിൻെറ അടിസ്ഥാനം ഇളക്കാൻ പെരുവെള്ളത്തിനു സാദ്ധ്യമല്ലെന്നത്രെ. 'ആകയാൽ എൻെറ ഈ വചനങ്ങളെ കേട്ടു ചെയ്യുന്നവൻ ഒക്കെയും പാറമേൽ വീടു പണിത ബുദ്ധിയുള്ള മനുഷ്യനോടു തുല്യനാകുന്നു. വന്മഴ ചൊരിഞ്ഞു, നദികൾ പൊങ്ങി, കാററടിച്ചു ആ വീട്ടിന്മേൽ അലച്ചു. അതു പാറമേൽ അടിസ്ഥാനമുള്ളതാകയാൽ വീണില്ല' (മത്താ. 7. 24–25).

4. ശൂന്യതയും ദൈവവചനവും തമ്മിൽ തെരഞ്ഞെടുക്കാൻ ചരിത്രം, ചരിത്രത്തിൻെറ കർത്താവായ ദൈവം, ഓരോ കാലഘട്ടത്തിലും മനുഷ്യരോടു് ആവശ്യപ്പെടുന്നു. മനുഷ്യരുടെ തെരഞ്ഞെടുപ്പു് മനുഷ്യചരിത്രഗതിക്കു നിർണായകമാണു്. ദൈവവചനം തിരസ്കരിച്ചു ശൂന്യതയുടെ ശക്തികൾക്കു വശംവദമാകുന്ന

സ്വഭാവമാണ മാനവചരിത്രം പ്രകടമാക്കുന്നതു്. അതുകൊണ്ടു് സ്വാഭാവികമായി ചരിത്രം ശോകപര്യവസായിയാണു്. ദൈവമാർഗ്ഗത്തിൽനിന്നു് അന്യപ്പെട്ട മാൎഗ്ഗം അവസാനിക്കുന്നതു് നാശത്തിലാണു്. ജലപ്രളയകഥ എത്ര ശക്തമായിട്ടാണു് ഈ സത്യം നമ്മെ ഗ്രഹിപ്പിക്കുന്നതു്.

5. 'യഹോവ വാതിലടച്ചു.' നാശവും രക്ഷയും വേർതിരിക്കുന്ന വാതിൽ മനുഷ്യനു തുറക്കാൻ പാടില്ലാത്തവണ്ണം അടയ്ക്കപ്പെടുന്ന ദിവ്യന്യായവിധിയുടെ ഘട്ടങ്ങൾ ചരിത്രത്തിൽതന്നെയുണ്ടു്. മനുഷ്യർ സ്വന്തമോഹങ്ങളിൽനിന്നു തിരിഞ്ഞു്, ദൈവത്തിന്റെ രാജത്വം തെരഞ്ഞെടുക്കേണ്ടതിനു ദീർഘക്ഷമയുള്ള ദൈവം ആ കവാടം ദീർഘകാലം തുറന്നിടുന്നു. എന്നാൽ മാനസാന്തരത്തിനുള്ള അവസരം അവസാനിക്കുന്ന ദിവസമുണ്ടു്. വ്യക്തികളുടെയും സമൂഹങ്ങളുടെയും ജീവിതത്തിലുണ്ടു്. ന്യായവിധിദിവസം അഥവാ പ്രളയകാലം. രക്ഷയും നാശവും തമ്മിൽ തെരഞ്ഞെടുത്തു ചരിത്രത്തിന്റെ ഗതി അന്ത്യമായിത്തന്നെ നിശ്ചയിക്കാൻ മനുഷ്യവർഗത്തിനു സ്വയംനിർണയാവകാശം ദൈവം പ്രദാനം ചെയ്തിരിക്കുന്നതാണു്. എന്നാൽ അതു ദൈവത്തിന്റെ ആത്യന്തിക നിർണായകശക്തിക്കു വിധേയമാണു്. അന്ത്യവിധികർത്താവു ദൈവം തന്നെ. 'യെരൂശലേമേ, യെരൂശലേമേ....കോഴി തന്റെ കുഞ്ഞുങ്ങളെ ചിറകിൻകീഴിൽ ചേർക്കും പോലെ നിന്റെ മക്കളെ ചേർത്തുകൊൾവാൻ എനിക്കു് എത്ര വട്ടം മനസ്സായിരുന്നു. നിങ്ങൾക്കോ മനസ്സായില്ല, നിങ്ങളുടെ ഭവനം ശൂന്യമായിത്തീരും' (മത്താ.23. 37–38.

6. 18. നീയും നിന്റെ പുത്രന്മാരും ഭാര്യയും പുത്രന്മാരുടെ ഭാര്യമാരും പെട്ടകത്തിൻ കടക്കേണം.

19. സകല ജീവികളിൽനിന്നും, സർവ്വ ജഡത്തിൽനിന്നും തന്നെ ഈരണ്ടീരണ്ടിനെ നിന്നോടുകൂടെ ജീവരക്ഷക്കായിട്ടു പെട്ടകത്തിൽ കയറേറണം.

7. 3. ..ഭൂമിയിലെയും സന്തതി ശേഷിച്ചിരിക്കേണ്ടതിനു നീ ചേർത്തുകൊള്ളേണം.

23. നോഹയും അവനോടുകൂടെ പെട്ടകത്തിൽ ഉണ്ടായിരുന്നവരും മാത്രം ശേഷിച്ചു.

8. 1. ദൈവം നോഹയെയും അവനോടുകൂടെ പെട്ടകത്തിൽ ഉള്ള സകല ജീവികളെയും സകല മൃഗങ്ങളെയും ഓർത്തു. ദൈവം ഭൂമിയിൽ ഒരു കാററ് അടിപ്പിച്ചു, വെള്ളം നിലച്ചു.

2. ആഴിയുടെ ഉറവുകളും ആകാശത്തിന്റെ കിളിവാതിലുകളും അടഞ്ഞു. ആകാശത്തു നിന്നു മഴയും നിന്നു.

1. 'ജീവരക്ഷയ്ക്കായിട്ട്' പ്രളയത്തിൽ സകല സൃഷ്ടിയും നശിക്കാതെ ദൈവം മുൻകരുതൽ നടപടികൾ ആവിഷ്കരിക്കുന്നു. പെട്ടകം പണിയുന്നതിനു കല്പന. ഭൂമിയിൽ ചരിത്രം പുനരാരംഭിക്കത്തക്ക വണ്ണം മനുഷ്യരിലും ജീവജാലങ്ങളിലും ഒരു ശേഷിപ്പിന്റെ ജീവരക്ഷ. അവരെ ഓർത്തു ദൈവം ആഴിയുടെ ഉറവുകൾ അടച്ചു. ഭൂമി പിന്നെയും അവർക്ക് അവകാശമായി നല്കുന്നു. മനുഷ്യരുടെ വഷളത്വം മൂലം ചരിത്രത്തിലുണ്ടാകുന്നഏതു ശൂന്യതയുടെ മദ്ധ്യത്തിലുംപ്രപഞ്ചവും മനുഷ്യചരിത്രവും നാമാവശേഷമാകാതെ ദൈവം സൂക്ഷിക്കുന്നു.

2. 'നോഹയും അവനോടുകൂടെ പെട്ടകത്തിലുണ്ടായിരുന്നവരും മാത്രം ശേഷിച്ചു.' യിസ്രായേൽ ജാതിയുടെ ചരിത്രത്തിൽ എപ്പോഴും ദൈവവചനത്തിനു ശ്രദ്ധ കൊടുക്കുന്ന ഒരു ന്യൂനപക്ഷം മുഖാന്തരമാണു ദൈവം രക്ഷാചരിത്രം തുടർന്നുപോകുന്നത്. ശേഷിപ്പിന്റെ ഒരു ദൈവശാസ്ത്രം തന്നെ പ്രവാചകന്മാർ രൂപപ്പെടുത്തിയിട്ടുണ്ട്. 'അത്യല്പമായൊരു ശേഷിപ്പു' മുഖാന്തരം യിസ്രായേൽ സോദോമിനു തുല്യമായ നാശത്തിൽനിന്നു രക്ഷ പ്രാപിച്ചിരിക്കുന്നു എന്നാണു യെശയ്യാവു പ്രസ്താവിക്കുന്നത് (യെശ. 1. 9). ദൈവം ചിതറിച്ചുകളഞ്ഞ യിസ്രായേൽജനതയിൽ ശേഷിച്ചിരിക്കുന്ന ഒരു ശേഷിപ്പിനെ' വിവിധ ദേശങ്ങളിൽനിന്നു 'വീണ്ടുകൊൾവാൻ രണ്ടാം പ്രാവശ്യം (ദൈവം) കൈ നീട്ടും'(യെശ.11.11). ദൈവത്തിന്റെ

ശേഷിപ്പ് 'അത്യല്പവും അഗണ്യവും ആയിരിക്കും' (16. 14). എന്നാൽ അവരിൽ കൂടിയാണ ചരിത്രത്തിൽ ദൈവോദ്ദേശ്യം നിറവേറുന്നതു്. ഉത്പത്തിയിലെ ഈ വേദഭാഗത്തു് മനുഷ്യവർഗത്തിൻെറ ചരിത്രത്തിലാകമാനം ഈ പ്രമാണം അനുസരിച്ചു ദൈവം പ്രവർത്തിക്കുന്നു എന്ന സിദ്ധാന്തമാണു് ഉന്നയിച്ചിരിക്കുന്നതു്. രക്ഷാചരിത്രത്തിൻെറ തുടർച്ചപോലെ ദൈവം പ്രപഞ്ചത്തിൽ സൃഷ്ടിചരിത്രത്തിൻെറ ഇടമുറിയാത്ത തുടർച്ചയും ശേഷിപ്പു മുഖാന്തരം സംരക്ഷിക്കുന്നു എന്നു്. ഒരു നാഗരികത്വം പ്രളയത്തിൽ നശിക്കുമ്പോൾ അതിൻെറ മദ്ധ്യത്തിൽ പെട്ടകത്തിലെന്നപോലെ രക്ഷ പ്രാപിക്കുന്ന ഒരു ചെറുസമൂഹം പ്രസ്തുത നാഗരികത്വത്തിൻെറ നല്ല സാംസ്കാരികപാരമ്പര്യങ്ങൾ വേറൊരു പുതിയ നാഗരികത്വത്തിൻെറ മുതൽക്കൂട്ടാക്കിത്തീർക്കുന്നു.

7. 2. ശുദ്ധിയുള്ള സകല മൃഗങ്ങളിൽനിന്നു് ആണും പെണ്ണുമായി ഏഴേഴും ശുദ്ധിയില്ലാത്ത മൃഗങ്ങളിൽനിന്നു് ആണും പെണ്ണുമായി ഈരണ്ടും.....

3. നീ ചേർത്തുകൊള്ളേണം.

8.20. നോഹ യഹോവെക്കു് ഒരു യാഗപീഠം പണിതു, ശുദ്ധിയുള്ള സകല മൃഗങ്ങളിലും ശുദ്ധിയുള്ള എല്ലാ പറവകളിലും ചിലതു് എടുത്തു യാഗപീഠത്തിന്മേൽ ഹോമയാഗം അർപ്പിച്ചു.

2. യഹോവ സൗരഭ്യവാസന മണത്തപ്പോൾ യഹോവ തൻെറ ഹൃദയത്തിലരുളിച്ചെയ്തതു്, ഞാൻ മനുഷ്യൻെറ നിമിത്തം ഇനി ഭൂമിയെ ശപിക്കയില്ല. മനുഷ്യൻെറ മനോനിരൂപണം ബാല്യം മുതൽ ദോഷമുള്ളതാകുന്നു. ഞാൻ ചെയ്തതുപോലെ സകല ജീവികളെയും ഇനി നശിപ്പിക്കയില്ല.

1. കനാന്യജാതികൾ അവരുടെ യാഗങ്ങളിൽ അർപ്പിക്കുന്നതിനു് ഉപയോഗിച്ചുവന്ന മൃഗങ്ങളും പറവകളും യിസ്രായേൽ ജാതി അശുദ്ധമായി തള്ളിയിരുന്നു. യഹോവെക്കു കഴിക്കുന്ന യാഗങ്ങളിൽ മററു മൃഗങ്ങളെയും പക്ഷികളെയും മാത്രമെ ഉപയോഗിക്കുന്നുള്ളു. യഹോവാരാധനയുടെയും യിസ്രായേൽ ജാതിയുടെയും പ്രത്യേക വ്യക്തിത്വം അങ്ങനെയാണ പുലർത്തിയിരു-

ന്നതു്. എന്നാൽ ശുദ്ധിയില്ലാത്ത ജീവജാലങ്ങളും ദൈവസൃഷ്ടികൾ, ദിവ്യപരിപാലനത്തിൻകീഴിൽ വളരുന്നവതന്നെ. തന്നെ മാത്രം ആരാധിക്കുന്നതിനു മനുഷ്യവർഗത്തിൽനിന്നു യഹോവ തെരഞ്ഞെടുത്ത ജനമെന്ന നിലയ്ക്കു യിസ്രായേലിൻെറ പ്രത്യേകവ്യക്തിത്വവും യഹോവ സകല മനുഷ്യവർഗത്തെയും സൃഷ്ടിച്ചു പരിപാലിച്ചു നയിക്കുന്നു എന്ന ബോധത്തിൽനിന്നുദിക്കുന്ന സാർവ്വത്രികതയും തമ്മിലുള്ള ബന്ധം യിസ്രായേലിലെ ദൈവശാസ്ത്രചരിത്രത്തിൻെറ ഒരു മുഖ്യപ്രശ്നമായിരുന്നു. ശുദ്ധിയുള്ളതും ശുദ്ധിയില്ലാത്തതുമായ മൃഗങ്ങളും പക്ഷികളും പെട്ടകത്തിൽക്കൂടി ജലപ്രളയത്തിൽനിന്നു ജീവരക്ഷ പ്രാപിക്കുന്നു. എന്നാൽ യഹോവയ്ക്കുള്ള യാഗത്തിൽ അവ തമ്മിൽ വേർതിരിക്കപ്പെടുന്നു.

2. പ്രളയം കഴിഞ്ഞു ചരിത്രം പിന്നെയും പുതുതായി ആരംഭിക്കുമ്പോൾ മനുഷ്യരുടെ ആദ്യത്തെ പ്രവൎത്തനം യാഗം അർപ്പിക്കലാണു്. ആർണോൾഡ് ടോയൻബിയുടെ 'ചരിത്രപഠനം' അനുസരിച്ചു മാനവനാഗരികതകൾ നശിക്കുമ്പോൾ അവയുടെ മികച്ച സിദ്ധികളും സംഭാവനകളും ഭാവിതലമുറകൾക്കുവേണ്ടി സംരക്ഷിക്കപ്പെടുന്നതു മതപാരമ്പര്യങ്ങളിലൂടെയാണു്. നാഗരികതകൾ ഉദിച്ചസ്തമിക്കുന്നു. എങ്കിലും അവ മതത്തിൻെറ നവീകരണത്തിനും പുരോഗതിക്കും വഴിതെളിക്കുന്നു എന്നത്രെ. ഈ വ്യാഖ്യാനത്തിൻെറ സത്യത്തിനു നോഹയുടെ യാഗം ഉപോൽബലകമാണു്. സൃഷ്ടിയെ ദൈവമായി ആരാധിക്കുന്നവരുടെ മദ്ധ്യത്തിൽ ദൈവം സൃഷ്ടിക്കു് അതീതനാണെന്നു യിസ്രായേൽ ദൈവശാസ്ത്രം പ്രഖ്യാപിച്ചു. പ്രളയം ഭയപ്പെട്ടു ചരിത്രത്തിൽനിന്നു ഓടി ഒളിക്കാൻ ശ്രമിക്കുന്ന മതങ്ങളുടെ മദ്ധ്യത്തിൽ ദൈവം പ്രളയത്തിനു് അതീതനാണെന്നും ദൈവത്തിൻെറ ആത്യന്തികലക്ഷ്യം നശിപ്പിക്കലല്ല, പരിപാലിക്കലാണെന്നും വ്യക്തമാക്കുന്ന ഒരു പുതിയ മതബോധ

ത്തിൻെറ പ്രതീകമാണ നോഹയുടെ യാഗവും അതേ തുടർന്ന ദൈവത്തിൻെറ തീരുമാനവും. 'യഹോവ ശപിച്ച ഭൂമിയിൽ നമ്മുടെ പ്രവൃത്തിയിലും നമ്മുടെ കൈകളുടെ പ്രയത്നത്തിലും ഇവൻ നമ്മെ ആശ്വസിപ്പിക്കമെന്നു പറഞ്ഞു് അവനു നോഹ എന്ന പേരിട്ടു' (ഉത്പ. 5.29). നോഹ ശാപത്തിനുമീതെ ആശ്വാസത്തിൻെറ ദൂതനാണ മനുഷ്യലോകത്തിനു്. കാരണം അവൻ ദൈവത്തെ ജലപ്രളയത്തിനതീതനായി കണ്ടു. ദൈവത്തെ സംബന്ധിച്ച ഈ ചിന്താഗതി മററു വേദഭാഗങ്ങളിലും കാണുന്നു. 'യഹോവ ജലപ്രളയത്തിനു മീതെ ഇരുന്നു. യഹോവ എന്നേക്കും രാജാവായി ഇരിക്കുന്നു' (സങ്കീ. 29. 10). 'ഇതു് എനിക്കു നോഹയുടെ വെള്ളങ്ങൾപോലെയാകുന്നു. നോഹയുടെ വെള്ളങ്ങൾ ഇനി ഭൂമിയെ മുക്കിക്കളകയില്ല എന്നു ഞാൻ സത്യം ചെയ്തതുപോലെ ഞാൻ നിന്നോടു കോപിക്കുകയോ നിന്നെ ഭർത്സിക്കുകയോ ഇല്ല എന്നു ഞാൻ സത്യം ചെയ്തിരിക്കുന്നു' (യെശ. 54. 9). ജലപ്രളയത്തിനപ്പുറത്തു ദൈവം ലോകത്തെ തന്നോടുതന്നെ നിരപ്പിക്കുന്ന പ്രക്രിയയിലേക്കു വിരൽചൂണ്ടുന്ന വേദഭാഗമാണിതു്.

3. ജലപ്രളയത്തിനു മുമ്പു ദൈവത്തിൻെറ സ്വയംഗതം ഇപ്രകാരമായിരുന്നു. 'ഭൂമിയിൽ മനുഷ്യൻെറ ദുഷ്ടത വലിയതെന്നും അവൻെറ ഹൃദയവിചാരങ്ങളുടെ നിരൂപണമൊക്കെയും എല്ലായ്പോഴും ദോഷമുള്ളതത്രെ എന്നും യഹോവ കണ്ടു.......ഞാൻ സൃഷ്ടിച്ചിട്ടുള്ള മനുഷ്യനെ ഭൂമിയിൽനിന്നു നശിപ്പിച്ചുകളയും' (6. 5, 7). പ്രളയം കഴിഞ്ഞു ദൈവത്തിൻെറ സ്വയംഗതം ശ്രദ്ധിക്കുക. 'മനുഷ്യൻെറ മനോനിരൂപണം ബാല്യം മുതൽ ദോഷമുള്ളതാകുന്നു. ഞാൻ ചെയ്തതുപോലെ സകല ജീവികളെയും ഇനി നശിപ്പിക്കയില്ല' (8. 21). മനുഷ്യസ്വഭാവദൂഷ്യം അതേപടി നിലനില്ക്കുന്നു എങ്കിലും ദൈവത്തിൻെറ പ്രതികരണങ്ങൾ ഭിന്നമാണു്. 'നശിപ്പിക്കും', 'നശിപ്പിക്കയില്ല.'

ഈ ഭിന്ന പ്രതികരണങ്ങളും മാനവചരിത്രത്തിൽ യഥാർത്ഥമാണെന്നല്ലേ യിസ്രായേൽ ദൈവ ശാസ്ത്രജ്ഞൻ സമർത്ഥിക്കുന്നതു്? പ്രവാചകന്മാർ യിസ്രായേൽ ചരിത്രത്തിനു നല്കിയ അതേ വ്യാഖ്യാനം ഒരു അളവിൽ മനുഷ്യചരിത്രത്തിനാകമാനം സാധകമാക്കിയിരിക്കയാണു്. സ്വാഭാവികമായി ശോകപര്യവസായിയായ ചരിത്രത്തിൽതന്നെ നാശത്തിനൊരു പ്രതിവിധി ഉണ്ടാക്കുമെന്നു ദൈവം തീരുമാനിക്കുന്നു.

8. 22. ഭൂമിയുള്ള കാലത്തോളം വിതയും കൊയ്ത്തും ശീതവും ഉഷ്ണവും വേനലും വർഷവും രാവും പകലും നിന്നു പോകയുമില്ല.

9.1. ദൈവം നോഹയെയും അവൻെറ പുത്രന്മാരെയും അനുഗ്രഹിച്ചു് അവരോട്ട് അരുളിച്ചെയ്തതെന്തെന്നാൽ, നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറവിൻ.

2. നിങ്ങളെയുള്ള പേടിയും നടുക്കവും ഭൂമിയിലെ സകല മൃഗങ്ങൾക്കും ആകാശത്തിലെ എല്ലാ പറവകൾക്കും സകലഭൂചരങ്ങൾക്കും സകല മത്സ്യങ്ങൾക്കും ഉണ്ടാകും. അവയെ നിങ്ങളുടെ കൈയിൽ എല്പിച്ചിരിക്കുന്നു.

3. ഭൂചരജന്തുക്കളൊക്കെയും നിങ്ങൾക്കു് ആഹാരമായിരിക്കട്ടെ. പച്ച സസ്യം പോലെ ഞാൻ സകലവും നിങ്ങൾക്കു തന്നിരിക്കുന്നു. പ്രാണനായിരിക്കുന്ന രക്തത്തോടുകൂടെമാത്രം നിങ്ങൾ മാംസം തിന്നരുതു്.

6. ആരെങ്കിലും മനുഷ്യൻെറ രക്തം ചൊരിയിച്ചാൽ അവൻെറ രക്തം മനുഷ്യൻ ചൊരിയിക്കും. ദൈവത്തിൻെറ സ്വരൂപത്തിലല്ലോ, മനുഷ്യനെ ഉണ്ടാക്കിയതു്.

1. ഉത്പ. 1, 2 എന്നീ അദ്ധ്യായങ്ങളിൽ ദൈവം സൃഷ്ടിച്ച വ്യവസ്ഥിതി ജലപ്രളയം കഴിഞ്ഞശേഷം ദൈവം പുനഃസ്ഥാപിക്കയാണു്. പ്രകൃതിചലനങ്ങളുടെ നിശ്ചിതത്വം, പ്രകൃതിയുടെമേൽ മനുഷ്യവർഗത്തിൻെറ ആധിപത്യം, മനുഷ്യൻെറ ജീവസന്ധാരണത്തിനാവശ്യമായ പ്രകൃതിവിഭവങ്ങളുടെ ഉത്പാദനം, വർഗനാശമുണ്ടാകാതിരിക്കുന്നതിനു സന്താനോത്പാദനം ദൈവസ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യത്ത

ത്തോടു് ആദരം സാക്ഷാത്കരിക്കുന്ന സാമൂഹ്യബന്ധങ്ങൾ ഇവയെല്ലാം പുതുതായി വ്യവസ്ഥ ചെയ്യപ്പെടുന്നു. ചരിത്രത്തിൽ ആവിർഭവിക്കുന്ന ഏതു നാഗരികതത്വത്തിന്റെയും സ്വാഭാവിക അടിത്തറയാണിവയെല്ലാം. അവയ്ക്കു ദൈവവചനത്തോടു ബന്ധമുണ്ടെന്നു് ആവർത്തിച്ചു സമർത്ഥിക്കയാണു് ദൈവശാസ്ത്രം.

2. പ്രളയാനന്തരം പുനഃസ്ഥാപിക്കപ്പെടുന്ന സൃഷ്ടിവ്യവസ്ഥിതിക്കു ചില പ്രത്യേകതകളുണ്ടു്. കാരണം, അതിൽ പാപമാർഗ്ഗത്തിൽ ചരിക്കുന്ന മനുഷ്യവർഗ്ഗത്തിന്റെ പരിപാലനത്തിനുവേണ്ട വ്യവസ്ഥകളാണു ഉൾക്കൊള്ളിച്ചിരിക്കുന്നതു്. അവ ദൈവത്തിന്റെ ദീർഘക്ഷമയുടെ ('പൊറുമയുടെ'—റോമ. 3. 25) വ്യവസ്ഥകൾ ആണു്. പാപത്തിൽനിന്നു വിമോചനം എന്ന സുവിശേഷം ഇനിയും ഇവിടെ ഉണ്ടായിട്ടില്ല. അതിനാവശ്യമായ പശ്ചാത്തലം ഒരുക്കുകമാത്രമാണു്. അതുകൊണ്ടു് ഇവിടെ പ്രകൃതിയും മനുഷ്യനും തമ്മിൽ വിടവു വർദ്ധിച്ചിരിക്കും. ഭൂമിയിലെ സകല ജീവജാലങ്ങൾക്കും മനുഷ്യരെ 'പേടിയും നടുക്കവും' ആണു്. ഉത്പ.2-ലെ മൃഗങ്ങളോടു സഖിത്വമെന്ന ആദർശമേയില്ല. മനുഷ്യർ ഇനി മാംസഭക്ഷകരാണു്; ഉത്പ. 1-ലെ സസ്യഭക്ഷകരല്ല. എന്നാൽ 'പ്രാണനായിരിക്കുന്ന രക്തത്തോടുകൂടി മാത്രം നിങ്ങൾ മാംസം തിന്നരുതു്'' എന്നൊരു പരിമിതി ഭക്ഷണത്തിനു വച്ചിട്ടുണ്ടു്. രക്തം പ്രതിനിധാനംചെയ്യുന്നതു പ്രാണനാണു്. ഏതു പ്രാണനോടും ആദരം കാട്ടണമെന്ന പ്രമാണം നിലനില്ക്കുന്നു. കാരണം, പ്രാണന്റെ (ജീവന്റെ) മേൽ അവകാശമുള്ളതു ദൈവത്തിനു മാത്രമാണു്. ദൈവത്തെ ആരാധിക്കുന്നവർ ജീവനെയും ആദരിക്കണം. മനുഷ്യർ തമ്മിലുള്ള ബന്ധത്തിൽ ഉത്പ.1-ലും 2-ലും കാണുന്ന തികവുററ സ്നേഹബന്ധവും ഒരുമയുമല്ല ഇപ്പോൾ ദൈവം വ്യവസ്ഥചെയ്യുന്നതു്. സാമൂഹ്യപ്രതികാരം ഭയന്നു മനുഷ്യൻ അന്യോന്യം രക്തം ചൊരിയാതിരിക്കത്തവണ്ണം ഹേമത്തിന്റെ പിന്തുണയോടെ നിയമവാഴ്ചയും

ക്രമസമാധാനവും പാലിക്കയൊണ്. 'ആരെങ്കിലും മനു ഷ്യൻെറ രക്തം ചൊരിഞ്ഞാൽ അവൻെറ രക്തം മനു ഷ്യൻ ചൊരിയിക്കും'. മനുഷ്യൻ ദൈവസ്വരൂപത്തിൽ ഉണ്ടാക്കപ്പെട്ടവനായതുകൊണ്ടു മനുഷ്യജീവനു കൂടുതൽ വിലയുണ്ട്. അതോടൊപ്പം ദൈവത്തിനു മാത്രം അവ കാശമായ ജീവൻെറ മേലുള്ള അധികാരത്തിൽ ഒരു പങ്കു മനുഷ്യനെ ഏല്പിക്കയും ചെയ്യുന്നു. നീതി ധർമ്മ പരിപാലനത്തിൽ ദൈവത്തോടു സഹരിക്കുന്ന തിനുള്ള അവകാശം പാപികളായ മനുഷ്യർക്കു ദൈവം നല്കുന്നു. അങ്ങനെ പാപപങ്കിലമായ ലോകത്തിൽ മനുഷ്യർ പരസ്പരം കൊന്നൊടുക്കാതെയും അമിത ചൂഷണം ചെയ്യാതെയും ഒരളവിലെങ്കിലും സാമൂഹ്യ ക്ഷേമവും നീതിയും എല്ലാ മനുഷ്യർക്കും ലഭിക്കമെ ങ്കിൽ മനുഷ്യരുടെ സ്വകീയതക്കും അധികാരതൃഷ്ണ യ്ക്കും കടിഞ്ഞാണിടുന്ന സാമൂഹ്യ രാഷ്ട്രീയ ഹേമത്തിന് എല്ലാ കാലത്തും സ്ഥാനമുണ്ട്. ഭരണകൂടത്തിൻെറ സ്ഥാനം, ഭരണകൂടംതന്നെ അക്രമവഴിയിൽ ചരിക്കാ തെ തടയുന്നതിനുതകുന്ന ജനാധിപത്യരാഷ്ട്രീയ രൂപ ങ്ങൾ, സാമ്പത്തികചൂഷണം കുറയ്ക്കുന്നതിന് ഉത്പാദന മാദ്ധ്യമങ്ങൾ സമൂഹത്തിൻെറ പൊതുനിയന്ത്രണത്തി ലാക്കിത്തീർക്കുന്ന സോഷ്യലിസം, ഏതു രാഷ്ട്രീയ സാമൂഹ്യസംവിധാനത്തിലും ജനങ്ങളുടെ പങ്കാളിത്തം ഇവയെല്ലാം പാപലോകത്തിൽ മനുഷ്യത്വം പരിപാ ലിക്കുന്നതിന് ആവശ്യമാണെന്നു ചരിത്രം വ്യക്തമാക്കു ന്നു. ദൈവം മനുഷ്യത്വത്തിൻെറ പരിപാലനചുമതല മനുഷ്യരെത്തന്നെയാണ് ഏല്പിച്ചിരിക്കുന്നതു് എന്ന് ഈ വേദഭാഗം തെളിവായി പ്രസ്താവിച്ചിരിക്ക യാണ്.

6. 18. നിന്നോടോ ഞാൻ ഒരു നിമയം ചെയ്യും.

9. 9. ഇതാ നിങ്ങളോടും നിങ്ങളുടെ സന്തതിയോടും.

10. ഭൂമിയിൽ നിങ്ങളോടുകൂടെയുള്ള പക്ഷികളും കാട്ടുമൃഗ ങ്ങളുമായ സകല ജീവജന്തുക്കളോടും പെട്ടകത്തിൽനിന്നു പുറ

പ്പെട്ട സകലവുമായി ഭൂമിയിലെ സകല മൃഗങ്ങളോടും ഒരു നിമയം ചെയ്യുന്നു.

11. ഇനി സകല ജഡവും ജലപ്രളയത്താൽ നശിക്കയില്ല; ഭൂമിയെ നശിപ്പിപ്പാൻ ഇനി ജലപ്രളയം ഉണ്ടാകയുമില്ല എന്നു ഞാൻ നിങ്ങളോടു ഒരു നിമയം ചെയ്യുന്നു.

13. ഞാൻ എൻെറ വില്ലു മേഘത്തിൽ വയ്ക്കുന്നു. അതു ഞാനും ഭൂമിയും തമ്മിലുള്ള നിയമത്തിനു അടയാളമായിരിക്കും.

1. നോഹയോടു ദൈവം ചെയ്യുന്ന ഉടമ്പടി മനുഷ്യവർഗ്ഗത്തിൻെറ മാത്രമല്ല, പ്രപഞ്ചത്തിൻെറ മുഴുവനും സംരക്ഷണം എല്ലാക്കാലത്തേക്കും വ്യവസ്ഥ ചെയ്യുന്ന ജീവൻെറ ഉടമ്പടിയത്രെ. വിശ്വവീക്ഷണത്തിൻെറ മകുടമായ ഈ തത്ത്വം മതചരിത്രത്തിൽ ആവിർഭവിച്ചിട്ടുള്ള എല്ലാ സങ്കുചിത മനോഭാവങ്ങൾക്കും കിടമത്സരങ്ങൾക്കും പ്രതിവിധിയാണു്. യിസ്രായേൽ ദൈവശാസ്ത്രം സംബന്ധിച്ചിടത്തോളം പ്രവാചകന്മാരിലാണു് സാർവ്വത്രികമായ കാഴ്ചപ്പാടു പ്രത്യക്ഷപ്പെട്ടു ശക്തിപ്രാപിച്ചതു്. ദൈവത്തിൻെറ ഏകത്വവും ദൈവോദ്ദേശ്യത്തിൻെറ സാർവ്വത്രികതയും ഒരുകാലത്തും മായിച്ചുകളയാൻ നിർവാഹമില്ലാത്തവണ്ണം നോഹയിൽ കൂടി ദൈവം സകലപ്രപഞ്ചത്തോടും മനുഷ്യവർഗത്തോടും ചെയ്യുന്ന നിമയം നിലകൊള്ളുന്നു. പ്രസ്തുത നിമയം അബ്രഹാമിൽകൂടി ദൈവം യിസ്രായേൽ ജാതിയോടു പ്രത്യേകം ചെയ്യുന്ന നിമയത്തിൻെറ പൊരുൾ സാർവത്രികമാക്കി രൂപാന്തരപ്പെടുത്തുന്നു. (ഈ വിഷയത്തിൻെറ വിശദീകരണത്തിനു് ഒന്നാം ഭാഗം കാണുക.)

2. ദൈവ—മനുഷ്യ ബന്ധത്തിൽ 'അടയാള'ങ്ങൾക്കു വലിയ സ്ഥാനമുണ്ടു്. അടയാളം, പ്രതിമ, നാമം, രൂപം, ചിഹ്നം, അനുഷ്ഠാനം, കൂദാശ ഇവയൊക്കെ ആത്മബന്ധങ്ങളും ബോധങ്ങളും ചരിത്രത്തിൽ തെളിവാക്കാനുതകുന്ന മാദ്ധ്യമങ്ങൾ. മനുഷ്യർ തമ്മിലുള്ള ആത്മബന്ധങ്ങളുടെ പ്രകാശനവും ഈ മാദ്ധ്യമങ്ങളിൽ തന്നെയാണു്, ആത്മസ്നേഹം ശാരീരിക വാക്കുകളിലും പ്രവർത്തനങ്ങളിലും പ്രതിബിംബിക്കുമ്പോൾ മാത്രമെ ചരിത്രയാഥാർത്ഥ്യമാകുന്നുള്ളു. ആത്മാവായ

ദൈവത്തിൻെറ ഉദ്ദേശ്യങ്ങളും നിയമങ്ങളും എല്ലാം ചരിത്രത്തിൽ ദൃശ്യമാകുന്നതു് അടയാളങ്ങളിലാണു്. അതുകൊണ്ടത്രെ മനുഷ്യജീവിതത്തിൻെറ അത്ഥവും ലക്ഷ്യവും പ്രകടമാക്കുന്ന മതം അടയാളങ്ങളുടെയും ചിഹ്നങ്ങളുടെയും രംഗമായി ഭവിച്ചിരിക്കുന്നതു്. ആത്മീയസത്യങ്ങൾക്ക ദൃശ്യത നല്കുന്ന അടയാളങ്ങൾ എല്ലാം വേർതിരിച്ചു നിൎത്തിയാൽ പ്രകൃതിയുടെ കേവലം അംശങ്ങൾ മാത്രമാണു്. എന്നാൽ അതിശായിയായ ആത്മയാഥാൎത്ഥ്യങ്ങളുമായി ബന്ധിക്കപ്പെട്ടമ്പോൾ അവ മനുഷ്യജീവിതത്തിൽ ആത്മസത്യങ്ങൾ ഓൎമ്മിപ്പിക്കുന്നതിനും പ്രാപിക്കുന്നതിനും ഉപാധികളായിത്തീരുന്നു.

3. മഴവില്ലു് യഹോവ മനുഷ്യവർഗ്ഗവുമായി ചെയ്ത സംരക്ഷണ ഉടമ്പടിബന്ധത്തിൻെറ അടയാളമായി ഈ വേദഭാഗം വ്യാഖ്യാനിക്കുന്നു. മഴവില്ല ദൈവമഹത്വത്തോടു ബന്ധിക്കുന്ന വേദഭാഗങ്ങൾ മററുമുണ്ടു്. യെഹസ്കിയേൽ 'ദൈവമഹത്വത്തിൻെറ പ്രത്യക്ഷത' കണ്ടപ്പോൾ 'അതിൻെറ ചുററുമുള്ള പ്രകാശം മഴയുള്ള ദിവസത്തിൽ മേഘത്തിൽ കാണുന്ന വില്ലിൻെറ കാഴ്ചപോലെ ആയിരുന്നു' (യെഹ. 1. 28). ദർശകൻെറ സ്വർഗ്ഗത്തിൽ ദൈവ'സിംഹാസനത്തിൻെറ ചുററും കാഴ്ചയ്ക്കു് മരതകത്തോടു സദൃശ്യമായൊരു പച്ചവില്ലു്' (വെളി. 4. 3) ഉണ്ടായിരുന്നു. സ്വർഗത്തിൽനിന്നിറങ്ങിയ ദൂതൻ 'തലയിൽ ആകാശവില്ലു്' (വെളി. 10. 1) ധരിച്ചിരുന്നു. ന്യായവിധിയുടെ പ്രതീകമായ പ്രളയം ഉണ്ടാക്കിയ മഴയോടു ബന്ധിച്ചിരിക്കുന്ന മഴവില്ലു് ദൈവത്തിൻെറ ന്യായവിധിയെ കവച്ചുവെയ്ക്കുന്ന പരിപാലനകൃപയുടെ അടയാളമായി ഇവിടെ വ്യാഖ്യാനിക്കപ്പെടുന്നതു തികച്ചും അത്ഥനിർഭരമാണു്.

9. 20. നോഹ കൃഷിചെയ്യാൻ തുടങ്ങി. ഒരു മുന്തിരിത്തോട്ടം നട്ടുണ്ടാക്കി.

21. അവൻ അതിലെ വീഞ്ഞു കുടിച്ചു ലഹരി പിടിച്ചു തൻെറ കൂടാരത്തിൽ വസ്ത്രം നീങ്ങി കിടന്നു.

22. കനാൻെറ പിതാവായ ഹാം പിതാവിൻെറ നഗ്നത കണ്ടു വെളിയിൽചെന്നു തൻെറ രണ്ടു സഹോദരന്മാരെയും അറിയിച്ചു.

23. ശേമും യാഫെത്തും.....പിതാവിൻെറ നഗ്നത മറച്ചു.

24. നോഹ ലഹരിവിട്ടുണർന്നപ്പോൾ തൻെറ ഇളയ മകൻ ചെയ്തതറിഞ്ഞു. അപ്പോൾ അവൻ, കനാൻ ശപിക്കപ്പെട്ടവൻ അവൻ തൻെറ സഹോദരന്മാർക്കു് അധമദാസനായിരിക്കും എന്നു പറഞ്ഞു.

25. ശേമിൻെറ ദൈവമായ യഹോവ സ്തുതിക്കപ്പെട്ടവൻ. കനാൻ അവരുടെ ദാസനാകും.

26. ദൈവം യാഫെത്തിനെ വർദ്ധിപ്പിക്കട്ടെ. അവൻ ശേമിൻെറ കൂടാരങ്ങളിൽ വസിക്കും. കനാൻ അവരുടെ ദാസനാകും എന്നവൻ പറഞ്ഞു.

1. മുന്തിരികൃഷിയുടെ ഉത്ഭവം സംബന്ധിച്ചു ഒരു ഐതിഹ്യമാണു് ഈ വേദഭാഗത്തിൻെറ അടിസ്ഥാനം. കനാൻദേശത്തെ കാർഷിക ജീവിതത്തിൻെറ കേന്ദ്രം മുന്തിരിത്തോട്ടമായിരുന്നു. 'ഓരോരുത്തൻ താന്താൻെറ മുന്തിരിവള്ളിയുടെ കീഴിലും അത്തിവൃക്ഷത്തിൻകീഴിലും നിർഭയം വസിക്കും' (1 രാജാ. 4. 25). അതു ദൈവദത്തമായ ഐശ്വര്യത്തിൻെറയും സമാധാനത്തിൻെറയും അടയാളമായിട്ടത്രെ യിസ്രായേൽ ജനത പരിഗണിച്ചതു് (2 രാജാ. 18. 31; യെശ. 36. 16; മീഖാ. 4. 4—ഉം കാണുക). 'മനുഷ്യൻെറ ഹൃദയത്തെ സന്തോഷിപ്പിക്കുന്ന വീഞ്ഞു്' എന്നു സങ്കീർത്തനക്കാരൻ മുന്തിരിഫലം ചിത്രീകരിക്കുന്നു (സങ്കീ. 104. 15). നീതിമാനായ നോഹ, ദൈവാനുഗ്രഹമായ മുന്തിരികൃഷിയുടെ ജനയിതാവായ നോഹതന്നെ, അമിതമായി വീഞ്ഞു കുടിച്ചു മത്തനായി അബോധാവസ്ഥയിൽ ആയിത്തീരുന്നു. തൻെറ തോട്ടത്തിൽ നിന്നു് ആദ്യഫലമായി ലഭിച്ച വീഞ്ഞിൻെറ ലഹരി നോഹ പരിശോധിക്കയായിരുന്നുവോ? അതോ ഏതു രംഗത്തും സൃഷ്ടിപരമായ മാർഗം തുറന്നുകാട്ടുന്ന സിദ്ധരെ അടിപ്പെടുത്തുന്ന ദോഷശക്തി വെളിവാക്കുകയാണോ ഇവിടെ? ഏതു നീതിമാനും ഏതു് അനുഗ്ര

ഹ്വും ദോഷശക്തികൾക്ക് വശംവദമാകാൻ എളുപ്പമാണെന്ന സത്യം ആവർത്തിക്കയാണോ ദൈവശാസ്ത്രജ്ഞൻെറ ഉദ്ദേശ്യം?

2. കനാൻ ദേശത്തു യിസ്രായേൽ സമ്പർക്കത്തിൽ വന്ന ജാതികളുടെ ചരിത്രത്തിൻെറ ദൈവശാസ്ത്രവ്യാഖ്യാനമായി ഈ വേദഭാഗം മനസ്സിലാക്കാവുന്നതാണു്. ലൈംഗികശക്തി ആരാധിക്കയും ദുഷ്ക്കാമങ്ങൾക്ക തങ്ങളെത്തന്നെ ഏല്പിക്കയും ചെയ്തുപോന്ന കനാന്യ ജാതികളെ പ്രതിനിധാനം ചെയ്യുകയാണു ഹാം. കനാന്യജാതികളുടെ സാമൂഹ്യതകർച്ചകൾക്കും അടിമത്തത്തിനും ഹേതു അവരുടെ ദുഷ്ക്കാമപ്രവൃത്തികളാണെന്നു് എഴുത്തുകാരൻ സൂചിപ്പിക്കുന്നതുപോലെ തോന്നുന്നു. ധാർമ്മികാധഃപതനവും നാഗരികതങ്ങളുടെ ശൈഥില്യവും തമ്മിലുള്ള ബന്ധമായിരിക്കാം പ്രതിപാദനവിഷയം. ശേം യിസ്രായേൽ ജാതിയെ പ്രതിനിധാനംചെയ്യുന്നു. ശേമിനെയല്ല, ശേമിൻെറ ദൈവത്തെയാണു നോഹ സ്തുതിക്കുന്നതു്. കനാൻദേശം കനാന്യരിൽനിന്നെടുത്തു യിസ്രായേലിനു നല്കാമെന്നു ദിവ്യ വാഗ്ദാനമുണ്ടു്. എന്നാൽ കനാൻദേശം മുഴുവനായി അവർക്കു ലഭിച്ചില്ല. വിവിധ ജാതികൾ അവരോടുകൂടെ കനാൻ ദേശത്തു പാർത്തു. ദൈവവാഗ്ദാനം പൂർണമായി നിറവേറാത്തതു് എന്തുകൊണ്ടു് എന്ന യിസ്രായേൽ ജനതയുടെ ചോദ്യത്തിനു് ഉത്തരമായിരിക്കണം യാഫെത്ത് ശേമിൻെറ കൂടാരത്തിൽ വസിക്കുമെന്ന നോഹയുടെ പ്രവചനം. ഇതരജാതികളുടെ നാശമല്ല, അവർ ദൈവജനത്തോടുകൂടെ സഹവർത്തിത്വത്തിൽ ജീവിച്ചു് അനുഗ്രഹിക്കപ്പെടുന്നതാണു ചരിത്രത്തിൽ ദൈവഹിതമെന്നു്. യിസ്രായേലിനെയോ ക്രൈസ്തവസഭയെയോ ഇതര സമൂഹങ്ങളിൽനിന്നു് ഒററതിരിച്ചു രക്ഷയിലേക്കു നടത്തുകയല്ല, ലോകസമൂഹങ്ങളുടെ നടുവിൽ അവരെ ലോകസമൂഹങ്ങൾക്കെല്ലാം ഒരു അനുഗ്രഹമാക്കിത്തീർക്കുന്ന ദൈവഹിതത്തിൻെറ പ്രകാശനമാണു ലോകചരിത്രമെന്നു് ഇവിടെ സമർത്ഥിച്ചിരിക്കുന്നു.

10. 1. നോഹയുടെ പുത്രന്മാരായ ശേം, ഹാം യാഫെത്ത് എന്നിവരുടെ വംശപാരമ്പര്യമാവിതു. ജലപ്രളയത്തിനുശേഷം അവർക്കു പുത്രന്മാർ ജനിച്ചു.

32. ഇവർ തന്നെ ജാതി ജാതിയായും കുലം കുലമായും നോഹയുടെ പുത്രന്മാരുടെ വംശങ്ങൾ. അവരിൽ നിന്നാകുന്നു ജലപ്രളയത്തിൻെറ ശേഷം ഭൂമിയിൽ ജാതികൾ പിരിഞ്ഞു പോയതു്.

1. ലോകചരിത്രം ഒരു ജാതിയുടെ കഥയല്ല, വിവിധ ദേശങ്ങളിൽ ചിതറിപ്പാർക്കുന്ന വിവിധ ജാതികളുടെയും കുലങ്ങളുടെയും കഥകളുടെ ആകത്തുകയാണതു്. ബഹുവചനത്തിൽ ജാതീയചരിത്രങ്ങളല്ലാതെ ഏകവചനത്തിൽ മനുഷ്യചരിത്രം എന്നൊന്നുണ്ടോ? വസ്തുനിഷ്ഠമായി പരിശോധിച്ചാൽ ആധുനികകാലത്തു മാത്രമാണു് ഏകലോക ചരിത്രം ആവിർഭവിക്കുന്നതു്. ഇന്നും അതേതാണ്ടു് ശൈശവദശയിലിരിക്കുന്നേതാനും. എന്നാൽ ആത്മനിഷ്ഠമായ വീക്ഷണത്തിൽ അതായതു ദൈവശാസ്ത്രകാഴ്ചയിൽ, ചിതറിക്കിടക്കുന്ന ജാതീയ ചരിത്രങ്ങളെല്ലാം ആദിമുതൽ കൂട്ടിയിണക്കുന്ന ഏക മനുഷ്യചരിത്രം ഏക ദൈവോദ്ദേശ്യത്തിലുണ്ടു്. ഇതു പ്രകാശിപ്പിക്കയാണു് ഉത്പ. 10—ാം അദ്ധ്യായം.

2. ഈ വേദഭാഗത്തു രണ്ടു കര്യങ്ങൾ ശ്രദ്ധേയമാണു്. ഒന്നാമതു്, ഇവിടെ കൊടുത്തിരിക്കുന്നതു ബി. സി. ഏഴാം നൂററാണ്ടിലെ ചരിത്രഘട്ടത്തിൽ യിസ്രായേൽ ജനതയുടെ സമ്പർക്കത്തിലോ കേൾവിയിലോ വന്ന ജാതികളുടെ ഒരു പട്ടികയാണു് എന്നത്രെ പണ്ഡിതാഭിപ്രായം. 'ഞാൻ എൻെറ പരിചയക്കാരുടെ കൂട്ടത്തിൽ രഹബിനെയും ബാബേലിനെയും ഫെലിസ്ത്യർ, സോർ, കൂശ് എന്നിവരെയും പ്രസ്താവിക്കും' (സങ്കീ. 87. 4). രണ്ടാമതു്, യിസ്രായേൽ ജാതിയെ കേന്ദ്രീകരിച്ചല്ല ജാതികളുടെ പട്ടിക കൊടുത്തിരിക്കുന്നതു്. യിസ്രായേൽ എന്ന നാമം പോലും അതിലില്ല. 'അർപ്പക്ഷാദ്' യിസ്രായേലിനെ കുറിക്കുന്നു. യിസ്രായേലിലെ ദൈവശാസ്ത്രത്തിൻെറ യാഥാർത്ഥ്യ

ബോധമാണിതിനു കാരണം. ഒരു മാനവചരിത്രാവലോകനത്തിൽ രാഷ്ട്രീയമായി തികച്ചും ദുർബ്ബലമായിരുന്ന യിസ്രായേൽ ജനതയുടെ ചരിത്രത്തിനു് എന്തു പ്രാധാന്യമാണുള്ളതു്? പണ്ഡിത നെഹ്റു മകൾക്കെഴുതിയ ലോകചരിത്രാവലോകനക്കത്തുകളിൽ ഇക്കാര്യം സൂചിപ്പിച്ചിട്ടുണ്ടു്. തികച്ചും യഥാതഥബോധത്തോടുകൂടി ആനുകാലിക ചരിത്രം അവലോകനം ചെയ്ത പ്രവാചകൻ ദൈവം രൂപപ്പെടുത്തുന്ന ഭാവിയിൽ പോലും യിസ്രായേലിനു മൂന്നാം സ്ഥാനമേ കാണുന്നുള്ളു. 'അന്നാളിൽ യിസ്രായേൽ ഭൂമിയുടെ മദ്ധ്യേ ഒരു അനുഗ്രഹമായി മിസ്രയീമിനോടും അശ്ശൂരിനോടും കൂടെ മൂന്നാമതായിരിക്കും. സൈന്യങ്ങളുടെ യഹോവ അവരെ അനുഗ്രഹിച്ചു. എന്റെ ജനമായ മിസ്രയീമും എന്റെ കൈകളുടെപ്രവൃത്തിയായ അശ്ശൂരും എന്റെ അവകാശമായ യിസ്രായേലും അനുഗ്രഹിക്കപ്പെട്ടമാറാകട്ടെ എന്നരുളിച്ചെയ്യും' (യെശ. 19. 24–25). ക്രൈസ്തവസഭയ്ക്കും ശാസ്ത്രരീത്യാ നിർണ്ണായകമായ ഒരു സ്ഥാനം രാഷ്ട്രീയചരിത്രത്തിലുണ്ടെന്നു വരുത്താൻ ഉദ്യമിക്കുന്നതു് അബദ്ധമാണു്. 'ബലമുള്ളതിനെ ലജ്ജിപ്പിപ്പാൻ ദൈവം ബലഹീനമായതു തെരഞ്ഞെടുത്തു' (1 കൊരി. 1. 27) എന്ന വിശ്വാസവീക്ഷണത്തിൽ ചരിത്രത്തിന്റെ ലക്ഷ്യമായ ദൈവരാജ്യത്തിന്റെ അടയാളമെന്ന നിലയ്ക്കാണു യിസ്രായേലിന്റെയും ക്രൈസ്തവ സഭയുടെയും സ്ഥാനം.

# 5

## മനുഷ്യനഗരവും ദൈവനഗരവും

11. 1. ഭൂമിയിൽ, ഒക്കെയും ഒരേ ഭാഷയും ഒരേ വാക്കും ആയിരുന്നു.

4. വരുവിൻ, നാം ഭൂതലത്തിൽ ഒക്കെയും ചിതറി പോകാതിരിപ്പാൻ ഒരു പട്ടണവും ആകാശത്തോളം എത്തുന്ന ഒരു ഗോപുരവും പണിക. നമുക്കു് ഒരു പേരുമുണ്ടാക്കുക എന്നു് അവർ പറഞ്ഞു.

5. മനുഷ്യർ പണിത പട്ടണവും ഗോപുരവും കാണേണ്ടതിനു യഹോവ ഇറങ്ങിവന്നു.

6, അപ്പോൾ യഹോവ, ഇതാ ജനം ഒന്നു് അവർക്കെല്ലാവർക്കും ഭാഷയും ഒന്നു്. ഇതും അവർ ചെയ്തുതുടങ്ങുന്നു. അവർ ചെയ്വാൻ നിരൂപിക്കുന്നതൊന്നും അവർക്കു് അസാദ്ധ്യമാകയില്ല.

7. വരുവിൻ, നാം ഇറങ്ങിച്ചെന്നു്, അവർ തമ്മിൽ ഭാഷതിരിച്ചറിയാതിരിപ്പാൻ അവരുടെ ഭാഷ കലക്കിക്കളക എന്നു് അരുളിച്ചെയ്തു.

8. അങ്ങനെ യഹോവ അവരെ ഭൂതലത്തിലെങ്ങും ചിന്നിച്ചു. അവർ പട്ടണം പണിയുന്നതു വിട്ടുകളഞ്ഞു.

9. സർവ ഭൂമിയിലെയും ഭാഷ യഹോവ അവിടെവച്ചു കലക്കിക്കളകയാൽ അതിനു ബാബേൽ എന്നു പേരായി. യഹോവ അവരെ അവിടെനിന്നു ഭൂതലത്തിലെങ്ങും ചിന്നിച്ചുകളഞ്ഞു.

1. വിവിധ ഭാഷകൾ എങ്ങനെ ഭൂതലത്തിൽ ഉണ്ടായി എന്ന ചോദ്യത്തിനുത്തരമായി പ്രചാരത്തിലിരുന്ന പട്ടണഗോപുരങ്ങളുടെ ഒരു കഥയോ പട്ടണത്തിൻെറയും ഗോപുരത്തിൻെറയും രണ്ടു കഥകളോ ആണു് ഈ വേദഭാഗത്തിനു് അടിത്തറ. മെസപ്പൊട്ടമിയയിലും മററും ഡൽഹിയിലെ കുട്ടബ്്മൈനാർ പോലെ ഗോപുരങ്ങൾ ഉണ്ടായിരുന്നു. അവ വിവിധ ദേവന്മാർക്കു പ്രതിഷ്ഠിക്കപ്പെട്ട ദേവാലയങ്ങളോടു

ബന്ധപ്പെട്ടുമിരുന്നു. ആകാശത്തോളം ഉയർന്ന മതിലുള്ള വലിയ പട്ടണങ്ങൾ (ആവ. 1. 28; 9. 1). യിസ്രായേൽ ജനത അഭിമുഖീകരിക്കേണ്ടിവന്നു. അവയുടെയെല്ലാം തകർച്ചയാണു കഥാതന്തു. എന്നാൽ യിസ്രായേൽ ദൈവശാസ്ത്രജ്ഞർ അതു് ഉപയോഗിച്ചു മനുഷ്യരുടെ സാമൂഹ്യാദർശങ്ങളിൽ അന്തർലീനമായിരിക്കുന്ന വൈരുദ്ധ്യങ്ങളും അതുമൂലം പ്രസ്തുത ആദർശങ്ങൾ പ്രാവർത്തികമാക്കാൻ നിവ്വാഹമില്ലാതായി ഭവിക്കുന്നതും എങ്ങനെയെന്നു കാണിക്കുന്നു.

2. പട്ടണവും ഗോപുരവും പണിയുന്നതിനാവശ്യമായ ഭൗതിക വിഭവങ്ങളും സാങ്കേതിക ജ്ഞാനവും അവർക്കുണ്ടു്. സമഭ്രമിയും ഇഷ്ടിക ചുടാനാവശ്യമായ മണ്ണും പശമണ്ണും ഉണ്ടു്. ഇഷ്ടികചുടാനറിയാം. ചുട്ട ഇഷ്ടികയും പശമണ്ണും വിനിയോഗിച്ചു ഗോപുരം കെട്ടിപ്പൊക്കാനുമറിയാം. സൃഷ്ടിപരമായ കഴിവുകളോടൊപ്പം ആദർശദാർഢ്യവും ലക്ഷ്യബോധവും അവർക്കുണ്ടു്. ഇതേവരെ അങ്ങുമിങ്ങും യാത്രചെയ്തു ജീവിതം നയിച്ച മനുഷ്യർക്കു് ഒരുമിച്ചു് ഒരിടത്തു ജീവിക്കാൻ ഒരു പട്ടണം കെട്ടിപ്പണിയണം. ഐക്യമാണാദർശം. എന്നുമാത്രമല്ല, അവരുടെ സൃഷ്ടിപരമായ ശക്തികൾ പ്രകാശിപ്പിക്കുവാനുതകുന്ന ഒരു ഗോപുരവും ഉണ്ടാക്കണം. അവരുടെ യശസ്സ് എന്നെന്നേക്കും നിലനിർത്താൻ അതു സഹായിക്കും. ചരിത്രമുള്ളിടത്തോളം കാലം മനുഷ്യത്വം മഹിമപ്പെട്ടിരിക്കും. മനുഷ്യമാഹാത്മ്യത്തിലടിയുറച്ച ആദർശംതന്നെ. പരസ്പരധാരണയും സഹകരണവും സാദ്ധ്യമാകത്തക്കവണ്ണം ഒരു ഭാഷയുണ്ടു്. കൊലപാതകിയായ കയീൻ പണിത പട്ടണം നശിക്കുന്നതു മനസ്സിലാക്കാം. ഇവിടെ സഹകരണാത്മാവാണു വ്യാപരിക്കുന്നതു്. പിന്നെന്തേ കുഴപ്പം? ഒരൊററ കുഴപ്പമേ ഉള്ളു. ദൈവത്തിന്റെ രാജത്വവും ദൈവം സൗജന്യമായി പ്രദാനം ചെയ്ത സൃഷ്ടിവ്യവസ്ഥതിയിലെ ഐക്യവും തികച്ചും വിസ്മരിച്ചു്, ചരിത്രത്തിൽ സ്വന്തം ജന്മം നീതീക-

രിക്കുന്നതിനു് അഭിലഷിച്ചാണു മനുഷ്യകുലത്തിന്റെ ഈ പുറപ്പാടു്. ദൈവവിരോധം ഒരിടത്തും ഉത്പ.3–ലെ പ്പോലെ പ്രകാശിപ്പിച്ചിട്ടില്ലെങ്കിലും ദൈവത്തെ പൂർണമായി ത്യജിച്ചു കൊണ്ടാണു നഗരത്തിന്റെയും ഗോപുരത്തിന്റെയും പ്ലാൻ ആവിഷ്കരിച്ചിരിക്കുന്നതു്. സ്വയം നീതീകരണത്തിലാണു കയീനും ആരംഭിച്ചതു്. അതു മതകർമ്മങ്ങളിൽകൂടി പ്രതിബിംബിച്ചുവെങ്കിൽ ഇവിടെ സാമൂഹ്യാദർശങ്ങളിൽ കൂടെയാണു പ്രതിബിംബിക്കുന്നതു്. രണ്ടിന്റെയും അന്തം ഒന്നുതന്നെ. ആത്മീയമായ അന്യഥാത്വത്തിൽനിന്നുദിക്കുന്ന വൈരുദ്ധ്യം സാമൂഹ്യ മത്സരങ്ങൾ ഉളവാക്കി ആദർശങ്ങൾ അപ്രാപ്യമാക്കിത്തീർക്കുന്നു.

3. ദൈവത്തെ മാററി നിർത്തി ദൈവരാജ്യം അഥവാ സൽഗ്ഗുണപൂർണമായ ഒരു സ്നേഹവ്യവസ്ഥിതി ചരിത്രത്തിൽ കെട്ടിപ്പണിയാനുള്ള മനുഷ്യരുടെ ഉദ്യമം പ്രസ്തുത പ്രയത്നത്തിന്റെ ഉള്ളിൽ വ്യാപരിക്കുന്ന സ്വകീയതമൂലം അന്തഃഛിദ്രത്തിൽകലാശിക്കുന്നതാണു് ഇവിടെ കാണുന്നതു്. ദൈവസൃഷ്ടിയിൽ ദാനം ചെയ്യപ്പെട്ടിരിക്കുന്ന സ്നേഹ വ്യവസ്ഥിതി തള്ളിക്കളഞ്ഞതിനാൽമനുഷ്യ വർഗ്ഗത്തിന്റെ ആത്മബോധത്തിൽ സ്നേഹം ഒരുബാഹ്യകല്പനയായിരൂപാന്തരപ്പെട്ടു മനസ്സാക്ഷിയെഹേമിച്ചുകൊണ്ടിരിക്കും.ദൈവദത്തമായസ്നേഹരാജ്യം പ്രാപിപ്പാനുള്ളഒരു ആദർശമായി മനുഷ്യരെ അഭിമുഖീകരിക്കും. ഈ സ്ഥിതിയിൽനിന്നാണു മനുഷ്യർ പലപ്പോഴും ആദശ്വാദികളാകുന്നതു്. അതായതു്,ദൈവത്തിൽനിന്നും അഹന്തസത്തയിൽനിന്നും മനുഷ്യരുടെ അന്യഥാത്വമാണു് ആദർശലോകത്തിന്റെ ആത്മീയാടിസ്ഥാനം. ഈ സ്ഥിതിയിൽ മനുഷ്യാദർശങ്ങൾ തികച്ചും അപ്രാപ്യമാണുതാനും. മനുഷ്യരുടെ സ്നേഹാദർശങ്ങൾ ദൈവരാജത്വം മറികടന്നു തികച്ചും സ്വയം പര്യാപ്താബോധത്തിൽ പ്രാവർത്തികമാക്കാൻ ശ്രമിക്കുമ്പോൾ ചരിത്രത്തിലുളവാകുന്നതു മത്സരം മാത്രമാണു്. 'മനുഷ്യൻ പ്രണിത പട്ടണം കാണേണ്ടതിനു

യഹോവ ഇറങ്ങിവന്നു.' മഹോന്നതനായ ദൈവത്തി ന്റെ കാഴ്ചയിൽ മനുഷ്യന്റെ സ്വയംപര്യാപ്തത യുടെ അടിസ്ഥാനത്തിൽ ഉയരുന്ന സമൂഹ്യസൗധ ങ്ങൾ നിസ്സാരങ്ങളാണ്. അവനോക്കി, 'സ്വർഗ ത്തിൽ വസിക്കുന്നവൻ ചിരിക്കുന്നു' (സങ്കീ.2.4). ന ഷ്ടപ്പെട്ട പറുദീസാ സ്വയം വീണ്ടെടുക്കാൻ മനുഷ്യൻ ചെയ്യുന്ന പ്രയത്നങ്ങൾ വൃഥാ അദ്ധ്വാനമാണ്. പറുദീ സായും ജീവവൃക്ഷവും ദൈവത്തിൽനിന്നകന്നു നില് ക്കുന്ന മനുഷ്യവർഗത്തിന് എക്കാലവും അപ്രാപ്യമാ ണ്. കാരണം, സ്വയം നീതിയുടെ മാർഗത്തിൽ മനു ഷ്യനു സ്വയത്തിന്റെമേൽ വിജയം സാദ്ധ്യമല്ല; സ്വ യം വിസ്മരിക്കുന്ന സ്നേഹം അസാദ്ധ്യമാണ്. സ്വ യംനീതീകരണത്തിനുവേണ്ടി 'എനിക്കുള്ളതെല്ലാം അ ന്നദാനം ചെയ്താലും എന്റെ ശരീരം ചുടുവാൻ ഏല്പി ച്ചാലും' (1 കൊരി. 15.3) സ്നേഹത്തിൽ നിന്നായിരി ക്കയില്ല. സ്വയം നീതികേന്ദ്രമായ സ്നേഹാദർശങ്ങൾ കാലാന്തരത്തിൽ സ്നേഹവിരുദ്ധതയായി മാറി പുതിയ സാമൂഹ്യവൈരുദ്ധ്യങ്ങൾക്കും മത്സരങ്ങൾക്കും വഴി തെളിക്കും. പരസ്പരം തെററിദ്ധാരണകളും കലഹ ങ്ങളുമാണു ഭാഷയുടെ കലക്കം സൂചിപ്പിക്കുന്നത്. അ വസാനം, 'അവർ പട്ടണം പണിയുന്നതു വിട്ടുകളഞ്ഞു'. മനുഷ്യവർഗത്തിന്റെ ഏകീകരണത്തിനുവേണ്ടി ചെ യ്യുന്ന പരിശ്രമങ്ങൾ മനുഷ്യവർഗത്തെ ചിന്നിച്ചി തറിക്കുന്നതിനു മുഖാന്തരങ്ങളായി ഭവിക്കുന്നു. ആധു നിക കാലത്തുണ്ടായ പല സാമൂഹ്യ വിപ്ലവങ്ങളുടെയും ചരിത്രമാണു ബാബേൽ ഗോപുരചരിത്രം. വിപ്ലവങ്ങ ളുടെ ബാഹ്യവിജയത്തോടുകൂടി അവയുടെ ഉന്നതാദർ ശങ്ങൾ ഉള്ളിൽനിന്നു വഞ്ചിക്കപ്പെടുകയാണ്. മനു ഷ്യാദർശങ്ങളുടെ വേലിയേററത്തിൽ ഉളവായ അനേ കം പ്രത്യാശകളും ചരിത്രയാഥാർത്ഥ്യങ്ങളുമായി കൂട്ടി മുട്ടി തകർന്നു നിരാശയായി പരിണമിച്ചിരിക്കുന്നു.

4. കൂട്ടിച്ചേർക്കുകയും ചിതറിക്കയും— ഏകീകര ണവും ശിഥിലീകരണവും ഇവ രണ്ടും വേദപുസ്തകത്തി

ൻെറ പ്രധാന ചിന്താവിഷയങ്ങളാണ്. യിസ്രായേൽ ജാതിയുടെ കൂട്ടിച്ചേർക്കലും ചിതറിക്കലും, മനുഷ്യവർഗ്ഗത്തിൻെറ ഏകീകരണവും ശൈഥില്യവും. യേശുക്രിസ്തു പറഞ്ഞു: 'എന്നോടുകൂടെ ചേർക്കാത്തവൻ ചിതറിക്കുന്നു' (മത്താ. 12. 30; ലൂക്കോ 11. 23). ഭാഷകലങ്ങി പട്ടണംപണി വിട്ടുകളഞ്ഞു. ചിന്നിച്ചിതറി പോകേണ്ടിവന്ന മനുഷ്യവർഗ്ഗം തിരികെ ക്രിസ്തുമൂലം ദൈവാത്മവ്യാപാരത്താൽ പെന്തെക്കൊസ്തനാളിൽ ഏകീകരിക്കപ്പെടുന്നതു അപ്പൊസ്തലപ്രവൃത്തി രണ്ടാം അദ്ധ്യായത്തിൽ നാം വായിക്കുന്നു. പരിശുദ്ധാത്മാവു ശക്തിയോടെ ക്രിസ്തുവിൻെറ ശിഷ്യഗണത്തിൻെറമേൽ വന്നപ്പോൾ വിവിധഭാഷക്കാർ അവരവരുടെ ഭാഷയിൽ 'ദൈവത്തിൻെറ വൻകാര്യങ്ങളെ പ്രസ്താവിക്കുന്നതു കേൾക്കുന്നു' (അപ്പൊ. 2.8—11). ക്രിസ്തുമൂലം ഉണ്ടാകുന്ന ഈ ഏകീകരണം ബാബേലിലെ ശിഥിലീകരണത്തിനു ദൈവത്തിൻെറ മറുപടിയത്രെ. ഇതിനു മനുഷ്യൻെറ ആദർശങ്ങളും പ്രവൃത്തികളുമല്ല കാരണം. ദൈവത്തിൻെറ കൃപാപ്രവൃത്തി മാത്രം. എന്നാൽ മനുഷ്യരെ ക്രിസ്തു തന്നോടും ചരിത്രത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പരിശുദ്ധത്മാവിനോടും സഹകരിച്ചു പ്രവർത്തിപ്പാൻവിളിക്കുന്നു. 'എന്നോടുകൂടെ'എന്നവചനം സുപ്രധാനമാണ് ക്രിസ്തുവിൽ പ്രത്യക്ഷപ്പെട്ട പുതിയ മനുഷ്യത്വം കേന്ദ്രമാകുമ്പോൾ മനുഷ്യാദർശങ്ങൾക്കും പ്രയത്നങ്ങൾക്കും ഒരു നവശക്തി ലഭിക്കയാണ്. കാരണം, സ്വയം നീതിയിലല്ല വിശ്വാസത്താൽ ക്രിസ്തുവിൽകൂടി സൗജന്യമായി നല്കപ്പെട്ടിരിക്കുന്ന നീതീകരണത്തിലാണ് അതിൻെറ അടിസ്ഥാനം. 'ദൈവം ശില്പിയായി നിർമ്മിച്ചതും അടിസ്ഥാനങ്ങളുള്ളതുമായ നഗരം' (എബ്രാ. 11. 10) അത്രെ അതിൻെറ കേന്ദ്രം.

**12. 1. യഹോവ അബ്രാമിനോടു അരുളിച്ചെയ്തതെന്തെന്നാൽ: നീ നിൻെറ ദേശത്തെയും ചാർച്ചക്കാരെയും പിതൃഭവനത്തെയും വിട്ടുപുറപ്പെട്ടു ഞാൻ നിന്നെ കാണിപ്പാനിരിക്കുന്ന ദേശത്തേക്കു പോക.**

2. ഞാൻ നിന്നെ വലിയൊരു ജാതിയാക്കും. നിന്നെ അനുഗ്രഹിച്ചു നിൻെറ പേർ വലുതാക്കും. നീ ഒരു അനുഗ്രഹമായിരിക്കും.

3. നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അനുഗ്രഹിക്കും. നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും. നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും.

4. യഹോവ തന്നോടു കല്പിച്ചതുപോലെ അബ്രാം പുറപ്പെട്ടു........

1. മനുഷ്യാളത്തത്തിൻെറ സ്വഭാവം, സംഘടിതസമൂഹങ്ങളുടെ ഘടന, ചരിത്രത്തിൻെറ ഗതി, മനുഷ്യാദർശങ്ങളുടെ പൊരുളം ഇവ സംബന്ധിച്ച് ഉത്പ. 1 മുതൽ11വരെ അദ്ധ്യായങ്ങളിൽ വിവരിക്കുന്ന മുഖ്യ മാനുഷ്യകപ്രശ്നത്തിനു ദൈവത്തിൻെറ പ്രതിവിധിയാണ് ഉത്പ. 12—ൽ തുടങ്ങുന്ന ദൈവത്തിൻെറ രക്ഷകപ്രവർത്തനങ്ങളുടെ ചരിത്രം. പ്രസ്തുതചരിത്രം അബ്രാഹാമിനോടു ദൈവം ചെയ്യുന്ന വാഗ്ദാനത്തോടുകൂടി ആരംഭിക്കുന്നു. നിന്നെ അനുഗ്രഹിക്കും എന്നു മാത്രമല്ല 'നിന്നിൽ ഭൂമിയിലെ സകല വംശങ്ങളും അനുഗ്രഹിക്കപ്പെടും' എന്നാണു ദൈവം ചെയ്യുന്ന ഉടമ്പടി. വൈരുദ്ധ്യങ്ങളും അന്യഥാത്വവും നിറഞ്ഞ സ്വയംനീതീകരണോദ്യമങ്ങളുടെ സ്ഥാനത്ത് ദൈവസ്നേഹം സൗജന്യമായി 'വിശ്വാസംമൂലം ജാതികളെ നീതീകരിക്കുന്നു എന്ന തിരുവെഴുത്തു മുൻകണ്ടിട്ട്, നിന്നിൽ സകലജാതികളും അനുഗ്രഹിക്കപ്പെടും എന്നുള്ള സുവിശേഷം അബ്രാഹാമിനോടു മുൻകൂട്ടി അറിയിച്ചു'; 'അബ്രഹാമിൻെറ അനുഗ്രഹം ക്രിസ്തുയേശുവിൽ ജാതികൾക്കു' വന്നിരിക്കുന്നു എന്നത്രെ വി. പൗലൊസ് പ്രസ്താവിക്കുന്നതു് (ഗലാ. 3.8, 14).

2. ആദ്യമായി ദൈവം അബ്രാഹാമിൽ അവൻ ജീവിക്കുന്ന സാമൂഹ്യസാംസ്കാരിക ഐക്യത്തിൻെറ അപൂർണ്ണതയെപ്പററി അതൃപ്തി അങ്കുരിപ്പിക്കുന്നു. ദേശീയഐക്യം, ചാർച്ചക്കാരുടെ ഐക്യം ഇവയല്ല മനുഷ്യൻെറ ആത്യന്തിക ലക്ഷ്യം എന്ന ബോധം ഉള

വാക്കുന്നു. ജീവിതത്തിനു പുതിയ അർത്ഥം അന്വേഷിച്ച് അബ്രഹാം സ്വന്തദേശം വിട്ട് ഇറങ്ങുന്നു. ഭാവിയിൽ ദൈവം വാഗ്ദാനം ചെയ്യുന്ന നഗരത്തിൻെറ രൂപം ദൃശ്യമല്ലെങ്കിലും ദൈവത്തിൽ വിശ്വസിച്ച് അബ്രാഹാം പുറപ്പെടുകയാണ്. 'വിശ്വാസത്താൽ അബ്രഹാം തനിക്ക് അവകാശമായി കിട്ടാനിരുന്ന ദേശത്തേക്കു യാത്രയാവാൻ വിളിക്കപ്പെട്ടാറെ അനുസരിച്ച് എവിടേക്കു പോകുന്നു എന്നറിയാതെ പുറപ്പെട്ടു....കൂടാരങ്ങളിൽ പാർത്തുകൊണ്ടു ദൈവം ശില്പിയായിനിർമ്മിച്ചതും അടിസ്ഥാനങ്ങളുള്ളതുമായ നഗരത്തിനായി കാത്തിരുന്നു' (എബ്രാ. 11. 8, 10). അബ്രാഹാമിൽ തുടങ്ങിയ രക്ഷികപ്രവർത്തനത്തിൻെറമകുടമായിട്ടത്രെ എബ്രായലേഖകൻ യേശുക്രിസ്തുവിനെ കാണുന്നതു്. 'വിശ്വാസത്തിൻെറ നായകനും പൂർത്തി വരുത്തുന്നവനുമായ യേശുവിനെ നോക്കുക. തൻെറ മുമ്പിൽ വച്ചിരുന്ന സന്തോഷം ഓർത്തു് അവൻ അപമാനം അലക്ഷ്യമാക്കി ക്രൂശിനെ വഹിക്കയും ദൈവസിംഹാസനത്തിൻെറ വലത്തുഭാഗത്തു് ഇരിക്കയും ചെയ്തു' (12. 2). മനുഷ്യവർഗ്ഗത്തിൻെറ പ്രതിനിധിയായി യേശു ദൈവത്തോടുകൂടെവാഴുന്നതിനാൽ മനുഷ്യത്വം ചരിത്രത്തിൽ പൂർണത പ്രാപിച്ചു സകല പ്രപഞ്ചത്തിന്മേലും വാഴുമെന്നു നമുക്കു പ്രത്യാശിക്കാമെന്നു് എബ്രായലേഖകനു് ഉറപ്പുണ്ടു് (2. 5–10). വി. പൗലോസിൻെറ ദർശനവും ഇതിനു തുല്യമത്രെ. ദൈവരാജ്യത്തിൻെറ ആദിഫലമായി ഉയിർത്തെഴുന്നേററു ദൈവത്തിൻെറ വലത്തുഭാഗത്തിരിക്കുന്ന ക്രിസ്തു മനുഷ്യചരിത്രത്തിൽ പരിശുദ്ധാത്മാവിൻ ശക്തിയോടെ പ്രവർത്തിക്കുന്നു. ഇതിൻെറ അന്തമോ: 'അവൻ എല്ലാ വാഴ്ചയ്ക്കും അധികാരത്തിനും ശക്തിക്കും നീക്കം വരുത്തിയിട്ടു രാജ്യം പിതാവായ ദൈവത്തെ ഏല്പിക്കും'. ദൈവം 'സകലത്തിലും സകലവുമാകേണ്ടതിനു' തന്നെ (1. കൊരി 15. 20, 24, 28). മാനവചരിത്രത്തിൽ ഇന്നും, നാളെയും, ഭാഗികമായും, കാലാന്ത്യത്തിൽ പൂർണ്ണമായും സാക്ഷാത്കരിക്കുന്ന ദൈവ

ദത്തമായ ദൈവരാജ്യത്തിലുള്ള വിശ്വാസം മനുഷ്യരെ പ്രവർത്തനരഹിതരാക്കുകയല്ല, ദൈവരാജ്യത്തിന്റെ നീതിക്കു സാക്ഷികളായി നിരന്തരം പ്രവർത്തിപ്പാൻ പൂർവ്വാധികം ഉത്സുകരാക്കുകയത്രെ. സുവിശേഷീകരണവും മർദ്ദിതർക്കു നീതി മുൻനിർത്തി സാമൂഹ്യജാഗ്രതയും ഇതിൽ അടങ്ങിയിരിക്കുന്നു. ദൈവരാജ്യത്തിൽ പ്രത്യാശയുള്ളവരോടു് അപ്പൊസ്തലൻ പറയുന്നതു്: 'നിങ്ങളുടെ പ്രയത്നം കർത്താവിൽ വ്യർത്ഥമല്ല എന്നറിഞ്ഞിരിക്കയാൽ കർത്താവിന്റെ വേലയിൽ എപ്പോഴും വർദ്ധിച്ചുവരുന്നവരും ആകുവിൻ' (15. 58).

# ഉപസംഹാരം

ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധമാണു ദൈവശാസ്ത്രത്തിൻെറ കാതൽ. സ്രഷ്ടാവ്, ന്യായാധിപതി, പരിപാലകൻ, വീണ്ടെടുപ്പുകാരൻ എന്നീ നിലകളിൽ ദൈവം മനുഷ്യരാശിയുമായി ബന്ധിക്കപ്പെട്ടിരിക്കുന്നു. പ്രസ്തുത ബന്ധത്തിൻെറ പ്രകാശത്തിൽ മനുഷ്യ വ്യക്തിത്വവും സമൂഹങ്ങളും നാഗരികത്വങ്ങളും സൃഷ്ടിസംഹാരശക്തികളുടെയും പ്രത്യാശാ നിരാശകളുടെയും സംഘട്ടനരംഗങ്ങളായി ഭവിക്കുന്നു. വസ്തുനിഷ്ഠമായും ആത്മനിഷ്ഠമായും ഈ സത്യങ്ങൾ തന്മയത്വത്തോടും ഭാവനാസമ്പത്തോടും ചിത്രീകരിക്കുന്ന വേദഭാഗമാണു് ഈ ലഘുഗ്രന്ഥത്തിൽ നമ്മുടെ പഠനത്തിനു വിഷയമാക്കിയതു്. ഈ ഭാഗത്തു വ്യക്തമാകുന്ന ദൈവസ്വഭാവവും യേശുക്രിസ്തുവിലേക്കാണു വിരൽ ചൂണ്ടുന്നതു്; യേശുക്രിസ്തു ദൈവത്തിൻെറ പരമോദ്ദേശ്യവും മനുഷ്യൻെറ അത്യന്തികലക്ഷ്യവും വെളിപ്പെടുത്തുന്നു; ക്രിസ്തുവിൽക്കൂടി ലഭ്യമാകുന്ന ദൈവകൃപ മനുഷ്യരാശിയുടെയും പ്രപഞ്ചത്തിൻെറയും ഭാവി നിർണ്ണയിക്കുന്നു; അതിൻെറ ചട്ടക്കൂട്ടിൽ മനുഷ്യവ്യക്തികൾ അവരുടെ ജന്മസാഫല്യം ദൈവസ്നേഹത്തിലും മനുഷ്യസേവനത്തിലും കണ്ടെത്തുന്നു. ഈ സത്യങ്ങൾ ലോകചരിത്രത്തിൽ പ്രഖ്യാപിക്കുന്നതിനും ദൈവരാജ്യത്തിൻെറ ആദ്യഫലമായി വർത്തിക്കുന്നതിനും ദൈവം ക്രൈസ്തവസഭയെ നിയോഗിച്ചിരിക്കുന്നു—എന്നും മററുമുള്ള കാര്യങ്ങളാണു നാം ചർച്ചചെയ്തതു്. ഭാരതത്തിൽ ക്രൈസ്തവസഭയുടെ ജീവനും ദൗത്യവും എന്താണെന്നു വ്യക്തമാകുന്നതിനു് ഈ ചർച്ചകൾ സഹായകരമായിരുന്നു എന്നു വിശ്വസിക്കട്ടെ. അങ്ങനെ ഉത്പ. 1–12 ആധാരമാക്കിയുള്ള ദൈവശാസ്ത്രചർച്ച ഇവിടെ സമാപിച്ചു.

 8520

# ആശ്രയിച്ച വേദവ്യാഖ്യാന ഗ്രന്ഥങ്ങൾ

Interpreter's, Peake's (Revised), Jerome തുടങ്ങിയ പ്രസിദ്ധ ഏകവാല്യ വേദപുസ്തകവ്യാഖ്യാന ഗ്രന്ഥങ്ങൾ കൂടാതെ ഉത്പത്തിപുസ്തകത്തിനു VonRad എഴുതിയ വിശദ വ്യാഖ്യാനം, ഉത്പ, 1–11 അദ്ധ്യായങ്ങൾ പ്രത്യേകം എടുത്തു വ്യാഖ്യാനിക്കുന്ന ചില ലഘു ഗ്രന്ഥങ്ങൾ—ഇവയെയാണ് ചരിത്രപശ്ചാത്തലം, പാഠം, അർത്ഥം ഇവ സംബന്ധിച്ച കാര്യങ്ങൾക്കു ഞാൻ ആശ്രയിച്ചതു്. താഴെ പേർ പറയുന്ന പുസ്തകങ്ങൾ പ്രത്യേകം പ്രസ്താവ്യമാണു്.

Davidson, R. *Genesis I–II Commentary*
Cambridge Bible Commentary on New English Bible

Entwistle *The Bible Guide Book*
S. C. M Press, London.

Frazer Sir James Georga
*Folklore in the O. T.* Vol: I.
Macmillan & Co. London.

Lapple, Alfred. *The Bible in the Changing World.*
Mercer Press, 1967.

Swelzer, Alexa S. P. *The Pentateuch*
Hudson & Hudson. N. Y. 1964.

Thielecke. Helmut. *How the World Began–*
Muhlenburg Press, Philadelphia, Penn.

Westermann, Claus. *Creation*,
S P C K London. 1974.

വി വില്യം: 'പഞ്ചഗ്രന്ഥങ്ങൾ' മലയാളം ദൈവശാസ്ത്രസമിതി പ്രസിദ്ധപ്പെടുത്തിയതു് ഉത്പത്തി പഠനത്തിനു വളരെ സഹായകരമാണു്. ഭാരത സാംസ്കാരിക താത്ത്വിക പശ്ചാത്തലത്തിനു പ്രസ്തുത സമിതി പ്രസിദ്ധപ്പെടുത്തിയ ആഞ്ഞിലിവേലിൽ മാത്യു: '**ഉപനിഷത്തുകൾ**' വളരെ പ്രയോജനപ്പെട്ടു.

PG Library & Research Center

# ആദിയിൽ ദൈവം

ഡോ. എം. എം. തോമസ്

ഉത്പത്തി 1–12 വരെ അദ്ധ്യായങ്ങളെ ആസ്പദമാക്കി തയ്യാറാക്കിയ ദൈവശാസ്ത്രവിചിന്തനമാണ് ഈ ഗ്രന്ഥത്തിന്റെ ഉള്ളടക്കം. ഉൾക്കാഴ്ചയോടുകൂടിയ ബൈബിൾ പഠനത്തെ പ്രോത്സാഹിപ്പിക്കുകയാണ് ഇതിന്റെ ഉദ്ദേശ്യം. ദൈവവും, മനുഷ്യനും അവന്റെ സാമൂഹിക സാഹചര്യങ്ങളുമായുള്ള സംവാദത്തിന്റെ വെളിച്ചത്തിൽ ജീവിതയാഥാർത്ഥ്യങ്ങളെ വിലയിരുത്താനുള്ള ദർശനം ഈ ഗ്രന്ഥം കാഴ്ചവയ്ക്കുന്നു.

ലോകപ്രശസ്തിയാർജിച്ച ഭാരതീയ ക്രൈസ്തവചിന്തകനായ ഡോ. എം. എം. തോമസാണു ഗ്രന്ഥകർത്താവ്. അദ്ദേഹം ഇപ്പോൾ ബാംഗ്ളൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന മതസമൂഹപഠന ഇൻസ്റ്റിറ്റ്യൂട്ടിന്റെ (സി. ഐ. എസ്. ആർ. എസ്സ്.) ഡയറക്ടർ എമിറിട്ടസ് ആണ്. അഖിലലോക സഭാകൗൺസിലിന്റെ കേന്ദ്രകമ്മററി അദ്ധ്യക്ഷനായി പ്രശസ്തസേവനം അനുഷ്ഠിച്ച അദ്ദേഹം ഇംഗ്ലീഷിൽ അനവധി ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ആധുനിക ഭാരതത്തിലെ രാഷ്ട്രീയ ചിന്താഗതികൾ, ലൗകിക ജീവിത വ്യാപാരങ്ങളിൽ ക്രൈസ്തവധർമ്മം, ക്രൈസ്തവസാമൂഹ്യധർമ്മം, എക്യുമെനിക്കൽ പ്രാർത്ഥനകൾ എന്നിവയാണു മലയാളത്തിലുള്ള അദ്ദേഹത്തിന്റെ പ്രധാന ഗ്രന്ഥങ്ങൾ.

---

CLS

AADIYIL DAIVAM

(In the beginning God)

Malayalam—Theological Exposition

Dr. M. M. Thomas

Price: Rs. 5.00

1 ദൈവശാസ്ത്രദർശനം

# ആദിയിൽ ദൈവം

(ഉല്പത്തി. 1_12)

230

ഡോ. എം. എം. തോമസ്

Indic Digital Archive Foundation
gpura.org